# മരിച്ചവർ എവിടെ?

**ടി.എസ്.ബാലൻ**

---


*Author's Address*

T.S.Balan

**Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam.**
**Kerala - Pin. 683542**
**Phone: 0484-3232356; Mob: 09447414608**
**Email: tsbalan@yahoo.com**
**Websites:**
**www.tsbalan.com www.thebibleradio.com**

(Malayalam)

**Marichavar Evide?**

(Where are the dead?)

Author: **T.S. Balan**

***Address:***

Anand Bhavan, Near: KSRTC,
Perumbavoor P.O., Ernakulam Dist.
Kerala - Pin. 683542. INDIA.
Phone: 0484-3232356, Mob: 09447414608.
Email: tsbalan@yahoo.com

**Websites:**

www.tsbalan.com
www.thebibleradio.com

First Edition: 1995
Second Edition: 1997
Third Edition: 2001
**Revised Edition: 2008**

***Printed at:***

M/s. Perumbavoor Printers,
Best Complex, Perumbavoor,
Ernakulam, Kerala.

Published by the Author

**Price: Rs. 30/-**
(Postage Extra)

All rights Reserved

For more copies: Contact the Author.

For Free Ebook (PDF Format): www.tsbalan.com

# മുഖവുര

ഈ പുസ്തകം ഞാനെഴുതിയത് 1995-ൽ ആയിരുന്നു. ആ വർഷം തന്നെ ആദ്യപതിപ്പ് പ്രസിദ്ധീകരിക്കാനും കഴിഞ്ഞു. ഏതാനും മാസങ്ങൾക്കകം ആദ്യപതിപ്പിലെ മുഴുവൻ കോപ്പികളും വിറ്റുതീർന്നു. അതുകൊണ്ട് 1997-ൽ രണ്ടാം പതിപ്പു പ്രസിദ്ധീകരിച്ചു. ഏറെ താമസിയാതെ അതും വിറ്റുതീർന്നു. എന്നിട്ടും ഈ പുസ്തകത്തിന് നിരവധി ആവശ്യക്കാരുണ്ടായി. അതുകൊണ്ട് മൂന്നാം പതിപ്പു പ്രസിദ്ധീകരിക്കുന്ന ചുമതല തിരുവല്ലയിലെ റീഡേഴ്സ് പബ്ലിക്കേഷൻസ് ഏറ്റെടുത്തു. ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത് നാലാം പതിപ്പാണ്. ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്, കർണ്ണാടകം എന്നീ ഭാഷകളിൽക്കൂടി ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു. അതിനു നിങ്ങളുടെ പ്രാർത്ഥനയും സഹായവും അഭ്യർത്ഥിക്കുന്നു.

ഞാൻ നിരവധി പുസ്തകങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പുസ്തകം ഇതാണ്. ഈ പുസ്തകം വായിച്ച് നിരവധി ആളുകൾ രക്ഷിക്കപ്പെടാൻ ഇടയായി എന്നതു തന്നെ പ്രധാന കാരണം. അതുകൊണ്ടാണ് ഈ പുസ്തകത്തിനു പല പതിപ്പുകൾ ഉണ്ടായത്. അച്ചടിക്കൂലി മാത്രം വിലയായി ഈടാക്കി ഈ പുസ്തകം വിൽക്കുന്നതും ഈ കാരണത്താലത്രേ. ജനം സത്യമറിഞ്ഞാൽ ആ സത്യം അവരെ സ്വതന്ത്രരാക്കും, നിത്യനാശത്തിൽ നിന്ന് അവർ രക്ഷപ്പെടും.

ദൈവവചനത്തെ സ്നേഹിക്കുന്ന നിരവധി ദൈവമക്കളുടെ സഹായംകൊണ്ടാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്. അവർക്കു ലഭിക്കേണ്ട പ്രതിഫലം നഷ്ടമാക്കാൻ ആഗ്രഹമില്ലാത്തതുകൊണ്ട് ആരുടേയും പേരു പറയുന്നില്ല. എല്ലാം രഹസ്യത്തിൽ കാണുന്ന പിതാവ് അവർക്കു പ്രതിഫലം നൽകട്ടെ. ഈ പുസ്തകം വിറ്റുകിട്ടുന്ന പണം ഈ പുസ്തകത്തിന്റെ കൂടുതൽ കോപ്പികളടിക്കുവാൻ വിനിയോഗിക്കുന്നതാണെന്ന വസ്തുതയും ഈ അവസരത്തിൽ വ്യക്തമാക്കട്ടെ.

സത്യമറിയാതെ നാശത്തിലേക്കു പോകുന്ന ആയിരങ്ങൾ ഈ പുസ്തകത്തിലൂടെ സത്യമറിയുവാനും നിത്യജീവൻ പ്രാപിക്കുവാനും ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

 റ്റി.എസ്. ബാലൻ

# വിഷയവിവരം


| | |
|---|---|
| 1. മരണമെന്ന സമസ്യ | 4 |
| 2. ദേഹം, ദേഹി, ആത്മാവ് | 9 |
| 3. മൂന്നു സ്വർഗ്ഗങ്ങൾ | 20 |
| 4. പാതാളം | 35 |
| 5. നരകം | 47 |
| 6. പ്രേതം - ഒരു വിശദീകരണം | 53 |
| 7. ഭൂതബാധ | 64 |
| 8. പുനർജൻമം | 69 |
| 9. മരിച്ചവരുമായി സംഭാഷണമോ? | 72 |
| 10. മരിച്ചവർക്കായുള്ള പ്രാർത്ഥന | 79 |
| 11. മരിച്ചവരോടുള്ള പ്രാർത്ഥന | 89 |
| 12. മരണാനന്തര അനുഭവങ്ങൾ | 105 |
| 13. ഉയിർപ്പ്, ന്യായവിധി | 120 |
| 14. നിത്യരക്ഷ | 135 |
| 15. രണ്ടു വഴികൾ | 145 |


# 1

# മരണമെന്ന സമസ്യ

മരണം ഒരു സമസ്യയാണ്. ഒരു മനുഷ്യനും അതിനുത്തരം കണ്ടെത്തിയിട്ടില്ല. ലോകമതങ്ങൾ, തത്വചിന്തകൾ, വിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങി എന്തെല്ലാം മരണവുമായി ബന്ധപ്പെട്ടും ഇടകലർന്നും നിലനിന്നുവരുന്നു! മരണം എന്നൊന്നില്ലായിരുന്നെങ്കിൽ മതവും തത്ത്വചിന്തയും മറ്റും ഉത്ഭവിക്കയില്ലായിരുന്നു. ധനവാനും ദരിദ്രനും പണ്ഡിതനും പാമരനും രാജാവും അടിമയും സ്ത്രീയും പുരുഷനും - എല്ലാ മനുഷ്യരും - മരിക്കും; മൺമറയും. എല്ലാ ജീവിയും മരിക്കും. മരണത്തിനു മുഖപക്ഷമില്ല.

മരണത്തോടെ എല്ലാം അവസാനിക്കുന്നുവോ? ഒരു മരണാനന്തര ജീവിതമുണ്ടോ? മരിച്ചവർ കഥ പറയുവാനായി മടങ്ങിവരുന്നില്ല. മരണമെന്നത് ഉത്തരമില്ലാത്ത കടംകഥയാകാൻ കാരണമിതുതന്നെ. മടങ്ങിവരാത്ത യാത്ര, അതാണു മരണം. എത്രയോ കോടി മനുഷ്യരും മറ്റു ജീവജാലങ്ങളും ഈ കറുത്ത തിരശ്ശീലയ്ക്കപ്പുറത്തേക്കു പോയി! അനുനിമിഷം എത്രയെത്ര ജീവികൾ ഇനിയൊരിക്കലും മടങ്ങിവരാത്തവിധം കാലയവനികയ്ക്കു പിന്നിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. ഈ ഭൂമി മാത്രം എല്ലാറ്റിനും സാക്ഷിയായി, യുഗങ്ങളായി, നിലനിൽക്കുന്നു.

ഇരുളിൽനിന്നും വെളിച്ചത്തിലേക്കും മരണത്തിൽനിന്നും അമർത്യതയിലേക്കും അസത്യത്തിൽനിന്നും സത്യത്തിലേക്കും വഴിതേടുന്ന ലോകമതങ്ങൾ! മരണത്തോടെ എല്ലാം അവസാനിക്കുന്നു എന്നു വാദിക്കുന്ന നാസ്തികർ. ജനനമരണ ചക്രത്തിൽ കിടന്നു വലയുന്ന ജീവാത്മാവിന്റെ മോചനത്തിനു മാർഗ്ഗമുപദേശിക്കുന്ന ഭാരതീയ തത്ത്വചിന്ത, ദ്വൈതാദ്വൈത വാദങ്ങൾ, തർക്കങ്ങൾ, അന്തമില്ലാത്ത ജനിമൃതിവലയം.

മനുഷ്യനിർമ്മിതമായ മതങ്ങൾ ഭാവനാലോകത്തേക്കാണ് മനുഷ്യരെ കൊണ്ടുപോകുന്നത്. പരസ്പര വിരുദ്ധങ്ങളായ വിശ്വാസാചാരങ്ങളാണ് അവയുടെ കൈമുതൽ. സമ്പൂർണ്ണ വ്യക്തിനാശം വാഗ്ദത്തം ചെയ്യുന്ന ഭാരതീയ തത്ത്വചിന്തയും കൂദാശകളിലൂടെ രക്ഷ വാഗ്ദത്തം ചെയ്യുന്ന പള്ളിമതവും മനുഷ്യരെ അന്ധതയിൽ തളച്ചിടുന്നു. മരിച്ചു മൺമറഞ്ഞാലും വിടാതെ പറ്റിക്കൂടുന്ന കർമ്മാചാരങ്ങൾ-ബസ്പൂർക്കാന-കുർബ്ബാന-പ്രാർത്ഥന-അടിയന്തിരം, ഇവയ്ക്കിടയിൽ കിടന്ന് ചുറ്റുകയാണ് സാധാരണക്കാർ. മരിച്ചവർ എവിടെ? ഉത്തരമില്ലാത്ത ചോദ്യമായി ഇത് ഇന്നും അവശേഷിക്കയാണ്. ദൈവം എല്ലാം വ്യക്തമായി വെളിപ്പെടുത്തുന്നതുവരെ ഈ സ്ഥിതി തുടരുകയും ചെയ്യും.

മരണത്തെക്കുറിച്ചും മരണാനന്തര അനുഭവങ്ങളെക്കുറിച്ചും പൂർണ്ണമായി അറിയുക അസാദ്ധ്യമാണെന്നതിനു രണ്ടു പക്ഷമില്ല. ഇതൊക്കെ ദൈവം നമുക്ക് മറച്ചുവച്ചിരിക്കയാണ്. “മറഞ്ഞിരിക്കുന്ന കാര്യങ്ങൾ യഹോവക്കുള്ളത്” എന്നു ബൈബിൾ പറയുന്നു. അങ്ങനെയെങ്കിൽ ‘മരിച്ചവർ എവിടെ’ എന്ന അന്വേഷണം വെറുതെയാകില്ലേ? മരണാനന്തര ജീവിതത്തെക്കുറിച്ച് പൂർണ്ണമായ അറിവുനേടുകയാണ് നമ്മുടെ ലക്ഷ്യമെങ്കിൽ അത് തല്ക്കാലം നടക്കില്ല എന്ന് പ്രാരംഭത്തിൽത്തന്നെ പറയട്ടെ. എന്നാൽ, ‘യേശു ദൈവപുത്രനായ ക്രിസ്തു എന്ന് നാം വിശ്വസിക്കുവാനും അത് വിശ്വസിച്ചിട്ട് നിത്യജീവൻ ഉണ്ടാകുവാനും’ ആവശ്യമായതെല്ലാം ദൈവവചനത്തിലുണ്ട് (യോഹ. 20:30,31; ആവ. 29:28). അതുകൊണ്ട് നമ്മുടെ അന്വേഷണം ഒരളവുവരെ ഫലപ്രദമാകും.

മരണാനന്തരജീവിതത്തെക്കുറിച്ച് ബൈബിളിൽ പറയുന്നതൊക്കെ സത്യമാണെന്നതിനു തെളിവെന്ത്? നാലും മൂന്നും കൂടി ചേർന്നാൽ ഏഴാകുമെന്നു തെളിയിക്കുന്നതുപോലുള്ള തെളിവാണ് ആവശ്യമെങ്കിൽ അതു ലഭ്യമല്ല. ഇത് വിശ്വാസത്തിൽ അധിഷ്ഠിതമാണ്. “വിശ്വാസമെന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു” (എബ്രാ. 11:1). പക്ഷേ കേൾക്കുന്നതെന്തും ചോദ്യംചെയ്യാതെ, ഒരന്വേഷണവും നടത്താതെ, വിശ്വസിക്കുന്നവർ വിശ്വാസികളല്ല, അന്ധവിശ്വാസികളാണ്. അങ്ങനെയെങ്കിൽ ഏതാണ് ശരിയായ വിശ്വാസം? പറയാം.

ഞാൻ അമേരിക്ക, ആഫ്രിക്ക തുടങ്ങിയ ഭൂഖണ്ഡങ്ങളിൽ പോയിട്ടില്ല. എങ്കിലും ഇവയൊക്കെയുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അത് വെറും അന്ധവിശ്വാസമാണെന്നു പറയാനാവുമോ? ഞാൻ നേരിൽ കണ്ടിട്ടില്ലെങ്കിലും ഈ ഭൂഖണ്ഡങ്ങളുണ്ടെന്ന് ഉറച്ചു വിശ്വസിക്കുവാൻ തക്ക തെളിവുകൾ എന്റെ പക്കലുണ്ട്. നാം നേരിൽ കണ്ടിട്ടില്ലാത്ത എത്രയോ കാര്യങ്ങൾ ഇതുപോലെ നാം വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ വിശ്വസിക്കുന്നു. മരണാനന്തര ജീവിതത്തെക്കുറിച്ചും എനിക്ക് ഇത്തരത്തിലുള്ള ബോദ്ധ്യമാണുള്ളത്. എന്റെ വീക്ഷണങ്ങളുമായി നിങ്ങൾക്കു യോജിക്കയോ വിയോജിക്കയോ ചെയ്യാം. എങ്കിലും ഈ വിഷയത്തിൽ എനിക്ക് എന്താണ് പറയാനുള്ളതെന്നു മുൻവിധിയൊന്നും കൂടാതെ കേൾക്കണമെന്ന് അപേക്ഷിക്കുന്നു.



മരണാനന്തര ജീവിതം, നിത്യരക്ഷ തുടങ്ങിയ സുപ്രധാന വിഷയങ്ങളിലെല്ലാം എന്റെ വിശ്വാസം ബൈബിളിലധിഷ്ഠിതമാണ്. ബൈബിൾ പൂർണ്ണമായും ദൈവവചനമാണെന്നും മനുഷ്യരക്ഷക്കാവശ്യമുള്ളതെല്ലാം അതിലുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു. ഇതേ വിശ്വാസം വച്ചുപുലർത്തുന്നവർ നിരവധിയാണ്. അച്ചടി, തർജ്ജമ തുടങ്ങിയവയിലുള്ള തെറ്റുകളൊഴികെ ഒരുവിധ തെറ്റും ബൈബിളിലില്ല - ഉള്ളതായി ഇതുവരെ തെളിയിക്കപ്പെട്ടിട്ടുമില്ല. ബൈബിളിലെ തെറ്റുകളായി പലരും ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങളൊക്കെ പിൽക്കാലത്തു പിൻവലിക്കേണ്ടി വന്നിട്ടുമുണ്ട്. ശാസ്ത്രം, ചരിത്രം, പുരാവസ്തുവിജ്ഞാനം തുടങ്ങിയവ കൂടുതൽ വികസിച്ചപ്പോൾ ബൈബിളിന്റെ നിലപാടാണു ശരിയെന്നു തെളിഞ്ഞു. പക്ഷേ ഇക്കാലത്തും നിരവധി ആളുകൾ ബൈബിളിലെ തെറ്റുകൾ തേടി അലയുന്നുണ്ട്.

കാൽനൂറ്റാണ്ടു മുൻപ് ഞാനും ബൈബിളിലെ തെറ്റുകളുടെ ഒരു വലിയ ലിസ്റ്റുമായാണ് നടന്നിരുന്നത്. ബൈബിൾ ദൈവവചനമാണെന്നു വിശ്വസിക്കുന്നവരൊക്കെ എന്റെ കാഴ്ചപ്പാടിൽ പമ്പരവിഡ്ഢികളുമായിരുന്നു. എന്നാൽ ദൈവം എന്റെ കണ്ണു തുറന്നപ്പോൾ ഞാൻ സത്യം ഗ്രഹിച്ചു. ബൈബിളിനല്ല എനിക്കാണ് തെറ്റിയതെന്നു ബോദ്ധ്യമായി. രാവും പകലും മരണഭീതി നിറഞ്ഞ്, സ്വസ്ഥതയും സമാധാനവുമില്ലാതെ, ലക്ഷ്യമില്ലാതെ, ഒരു ഭ്രാന്തനെപ്പോലെ അലഞ്ഞു നടന്നിരുന്ന ഞാൻ അതോടെ ഒരു പുതിയ മനുഷ്യനായി. ബൈബിൾ ഇന്നും മനുഷ്യനെ രൂപാന്തരപ്പെടുത്തുന്നു! ദൈവവചനമായ ബൈബിളിനു മാത്രം അവകാശപ്പെടാനാവുന്ന ഒരു സവിശേഷതയാണിത്.

ബൈബിളിനെക്കുറിച്ചുള്ള ചില തെറ്റിദ്ധാരണകൾ ഒഴിവാക്കിക്കൊണ്ടുവേണം ബൈബിൾ പഠിക്കേണ്ടത്. ശാസ്ത്രീയ സത്യങ്ങൾക്കു വിരുദ്ധമായതൊന്നും ബൈബിളിലില്ലെങ്കിലും ബൈബിൾ ശാസ്ത്രം പഠിക്കാനോ പഠിപ്പിക്കാനോ ഉള്ള ഗ്രന്ഥമല്ല. ചരിത്രം ബൈബിളുമായി പൂർണ്ണമായി യോജിക്കുമെങ്കിലും ബൈബിളൊരു ചരിത്രഗ്രന്ഥവുമല്ല. യേശുവിലൂടെ മാത്രം ലഭ്യമാകുന്ന നിത്യരക്ഷയെക്കുറിച്ച് മനുഷ്യനെ പഠിപ്പിക്കയാണ് ബൈബിളിന്റെ ലക്ഷ്യം. മനുഷ്യരക്ഷക്ക് ആവശ്യമായതെല്ലാം ബൈബിളിലുണ്ട്. ബൈബിൾ ദൈവവചനമാണ്, ബൈബിൾ മാത്രമാണ് ദൈവവചനം. ബൈബിളിനു വെളിയിൽ ദൈവീക വെളിപ്പാടില്ല. (സങ്കീർത്തനക്കാരൻ പറയുന്നു: അവൻ യാക്കോബിനു തന്റെ വചനവും യിസ്രായേലിനു തന്റെ ചട്ടങ്ങളും വിധികളും വെളിപ്പെടുത്തുന്നു. അങ്ങനെ യാതൊരു ജാതിക്കും അവൻ ചെയ്തിട്ടില്ല; അവന്റെ വിധികളെ അവർ അറിഞ്ഞിട്ടുമില്ല. സങ്കീ. 147: 19–20).

മരണാനന്തര ജീവിതത്തിന്റെ സകല രഹസ്യങ്ങളും അറിഞ്ഞശേഷം മാത്രമേ രക്ഷക്കായി സമർപ്പിക്കയുള്ളൂ എന്നു ശഠിക്കുന്നവർ നിരാശരാകേണ്ടിവരും. കാരണം, മരണാനന്തര ജീവിതത്തേക്കുറിച്ചുള്ള പൂർണ്ണമായ വെളിപ്പാട് ദൈവം മനുഷ്യനു നൽകിയിട്ടില്ല. എങ്കിലും നാം അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ വ്യക്തമായി ബൈബിളിലുണ്ട്. സ്വർഗ്ഗം, നരകം, പാതാളം, നിത്യരക്ഷ, നിത്യശിക്ഷാവിധി തുടങ്ങിയവയെക്കുറിച്ച് രക്ഷക്കായി കാംക്ഷിക്കുന്നവർ അറിഞ്ഞിരിക്കേണ്ട വിവരങ്ങളെല്ലാം ദൈവം തന്റെ വചനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നാം വിശ്വാസക്കണ്ണാൽ കാണുകയേ നിവൃത്തിയുള്ളൂ.

ബൈബിൾ ദൈവവചനമാണെന്നു വിശ്വസിക്കുന്നവർക്കു വേണ്ടിയാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. അതുകൊണ്ട് 'ബൈബിൾ വിശ്വസനീയമോ' എന്ന വിഷയം ഇതിലധികമായി ചർച്ചചെയ്യുന്നില്ല. 'ബൈബിളിന്റെ വിശ്വാസ്യത' എന്ന വിഷയത്തെക്കുറിച്ച് എന്തെങ്കിലും സംശയമുള്ളവർ ആ വിഷയത്തേക്കുറിച്ച് വിവരിക്കുന്ന ഗ്രന്ഥങ്ങൾ വായിച്ചശേഷം ഈ പുസ്തകം വായിക്കുക.



# 2
# ദേഹം, ദേഹി, ആത്മാവ്

മനുഷ്യന് ആത്മാവില്ലെന്നു വിശ്വസിക്കുന്നവർ മുതൽ കല്ലിനും മരത്തിനും ആത്മാവുണ്ടെന്നു വിശ്വസിക്കുന്നവർ വരെയുള്ള വിവിധ തരക്കാരാണ് മനുഷ്യർ. ഇവരിൽ യുക്തിവാദികൾ ഒരു ധ്രുവത്തിലും ജൈനമതക്കാർ മറ്റൊരു ധ്രുവത്തിലും നിൽക്കുന്നു. യുക്തിവാദികളുടെ അഭിപ്രായമനുസരിച്ച് മനുഷ്യർക്ക് ഇതര ജീവികൾക്കുള്ളതുപോലെ ജീവൻ മാത്രമേയുള്ളൂ. മനുഷ്യന്റെ മരണവും മറ്റു ജീവികളുടെ മരണവും തമ്മിൽ വ്യത്യാസമില്ല. മനുഷ്യൻ യഥാർത്ഥത്തിൽ ഏറ്റവും വികാസം പ്രാപിച്ച ഒരു മൃഗം മാത്രമാണ്, പരിണാമത്തിന്റെ അവസാന കണ്ണി. മരിക്കുന്നതോടെ അവൻ ഇല്ലാതെയാകുന്നു. അത്രതന്നെ.

എന്നാൽ ജൈനമത വിശ്വാസമനുസരിച്ച് എല്ലാ ജീവികൾക്കും ആത്മാവുണ്ട്. കല്ലിനും മരത്തിനും ആത്മാവുണ്ട്. മരിക്കുന്നതോടെ ഒരു ജീവി ഇല്ലാതാകുന്നില്ല. അതിന്റെ ആത്മാവ് മറ്റൊരു ജീവിയായി ജനിക്കുന്നു. ഈ ജനനമരണ പ്രക്രിയ അന്തമില്ലാതെ തുടരുന്നു. ഒടുവിൽ ആത്മാവ് സ്വതന്ത്രമാകുന്നതോടെ നിത്യശാന്തിയുണ്ടാകുന്നു. ഈ വിശ്വാസത്തോട് ഒട്ടൊക്കെ സാമ്യമുള്ള ആശയങ്ങളാണ് ബുദ്ധമതം, ഹിന്ദുമതം എന്നിവയിലുള്ളത്.

എന്നാൽ ബൈബിൾ ദൈവവചനമായി അംഗീകരിക്കുന്ന ക്രൈസ്തവ സഭാവിഭാഗങ്ങളിൽ നല്ലൊരു പങ്ക്, ഇക്കാര്യത്തിൽ ബൈബിൾ എന്തു പഠിപ്പിക്കുന്നു എന്ന് ശ്രദ്ധിക്കാറില്ലെന്നത് അത്ഭുതകരം തന്നെ. യഹോവ സാക്ഷികൾ, ശാബതുകാർ തുടങ്ങിയവരുടെ വിശ്വാസമനുസരിച്ച് മനുഷ്യനു മരണശേഷം നിലനിൽക്കുന്ന ആത്മാവില്ല. മരിക്കുന്നതോടെ മനുഷ്യൻ ഇല്ലാതാകുന്നു. ജഡം മണ്ണോടുമണ്ണാകുകയും ചെയ്യുന്നു. മനുഷ്യൻ ഉയിർക്കുമ്പോൾ ദൈവം പുതിയ ഒരു ശരീരവും ജീവനും നൽകി ഉയിർപ്പിക്കുന്നു.

എന്നാൽ പട്ടത്വ സഭകൾ മനുഷ്യന് ആത്മാവുണ്ടെന്ന വസ്തുത അംഗീകരിക്കുന്നു. മരണശേഷവും ആത്മാവ് ജീവിതം തുടരുന്നു. ഭൂമിയിലായിരിക്കുന്ന ബന്ധുമിത്രാദികൾ അവർക്കുവേണ്ടി നടത്തുന്ന പ്രാർത്ഥന, കുർബ്ബാന തുടങ്ങിയവയിൽ പ്രസാദിച്ച് ദൈവം ഒരിക്കൽ അവരെ സ്വർഗ്ഗത്തിൽ കൈക്കൊള്ളുമത്രേ. ഇതിനിടയിലുള്ള കാലത്ത് ഈ ആത്മാക്കൾ ഒരു കുട്ടിനരകത്തിൽ ആയിരിക്കുമെന്നും ഇവർ വിശ്വസിക്കുന്നു.

മനുഷ്യനു മരണശേഷം നിലനിൽക്കുന്ന ഒരാത്മാവുണ്ടോ എന്ന വിഷയത്തെക്കുറിച്ച് ദൈവവചനം എന്തുപറയുന്നു എന്നു നോക്കാം. മനുഷ്യരിൽ ഒരാത്മാവുണ്ടെന്നതിന് മനുഷ്യസൃഷ്ടിയെ സംബന്ധിച്ച വിവരണംതന്നെ തെളിവാണ്. ബൈബിൾ പറയുന്നു: "അനന്തരം ദൈവം (ഏലോഹിം) നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക....." (ഉല്പ. 1:26) എന്നു തീരുമാനിച്ചു. മനുഷ്യൻ ദൈവസാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ടവനാണ്. ദൈവസാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു എന്ന വിഷയം വളരെ വിശദീകരിക്കേണ്ടതുണ്ടെങ്കിലും മരണാനന്തരജീവിതവുമായി ബന്ധപ്പെട്ടുള്ള പഠനത്തിന് അത്തരം വിശദാംശങ്ങൾ ആവശ്യമില്ല. അതുകൊണ്ട് നമ്മൾ ചിന്തിച്ചുവരുന്ന വിഷയത്തോടുള്ള ബന്ധത്തിൽ ആവശ്യമായ സംഗതികൾ മാത്രം ചുരുക്കിപ്പറയാം.

എന്താണ് ദൈവസ്വരൂപം? ദൈവം ഒരുവനേയുള്ളൂ എങ്കിലും ആ ഒരുവൻ മൂന്ന് ആളത്ത്വങ്ങളുള്ളവനാണ്. ഏലോഹിം എന്ന പേരുതന്നെ ബഹുവചനമാണ്. മാത്രമല്ല, ദൈവസൃഷ്ടിയിൽ ത്രിത്വം ആദിയോടന്തം വെളിപ്പെടുന്നുണ്ടുതാനും. യഹോവയെന്നാൽ പിതാവായ ദൈവമെന്നാണർത്ഥമെന്ന് ഒരു തെറ്റിദ്ധാരണയുണ്ട്. എന്നാൽ അതു ശരിയല്ല. പുത്രനും പരിശുദ്ധാത്മാവിനും യഹോവയെന്നപേര് തികച്ചും അനുയോജ്യം തന്നെ. ഉദാഹരണമായി യെശ. 6-ാം അദ്ധ്യായം നോക്കുക. ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിലിരിക്കുന്ന യഹോവയുടെ തേജസ്സുകൊണ്ട് സർവ്വഭൂമിയും നിറഞ്ഞിരിക്കുന്നു. യഹോവയുടെ തേജസ്സാണ് യെശയ്യാവു കണ്ടത്. എന്നാൽ ആ യഹോവ യേശുവായിരുന്നു എന്ന് യോഹ. 12:39-43 വ്യക്തമാക്കുന്നു. പക്ഷേ യെശ. 6-ൽ സംസാരിച്ചത് പരിശുദ്ധാത്മാവാണെന്ന് പ്രവൃ. 28:26,27ൽ പറയുന്നുമുണ്ട്. അങ്ങനെയെങ്കിൽ യെശ. 6-ലെ യഹോവ, പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ്. അതുകൊണ്ടത്രെ സാറാഫുകൾ "സൈന്യങ്ങളുടെ ദൈവമായ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്നിങ്ങനെ ആർത്തുകൊണ്ടിരുന്നത്.



മനുഷ്യസൃഷ്ടി നടത്തിയതും പരിശുദ്ധ ത്രിത്വമാണ്. ഭൂമിക്കടിസ്ഥാനമിട്ട കർത്താവ് പുത്രനാണെന്ന് എബ്രാ. 1:10-14 പറയുമ്പോൾ മനുഷ്യനെ സൃഷ്ടിച്ചത് പരിശുദ്ധാത്മാവാണെന്ന് ഇയ്യോ. 33:4-ൽ ഉണ്ട്. യഹോവയായ ദൈവം എന്നത് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ആളത്വങ്ങളടങ്ങിയ ത്രിയേക ദൈവമാണെന്ന സത്യം ഓർമ്മിപ്പിക്കുവാൻ ഇത്രയും പറഞ്ഞുവെന്നേയുള്ളൂ. ഇനി നമുക്ക് വിഷയത്തിലേക്കു മടങ്ങിവരാം.

"നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക" എന്നു പറയുന്നതിൽ നിന്നും 'മനുഷ്യൻ' എന്നത് 'നാം' എന്നതിന്റെ സാദൃശ്യത്തിലായിരിക്കുമെന്നു വ്യക്തം. മൂന്നാളത്വങ്ങളുണ്ടെങ്കിലും ഒരു ദൈവമേയുള്ളൂ. അതുപോലെ മനുഷ്യനിൽ ദേഹം, ദേഹി, ആത്മാവ് എന്നീ ഘടകങ്ങളുണ്ടെങ്കിലും ഒരു മനുഷ്യനേയുള്ളൂ. ഈ വിഷയം അല്പം കൂടി വിശദീകരിക്കേണ്ടതുണ്ട്. "യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹി ആയിത്തീർന്നു." (ഉല്പ. 2:7). മനുഷ്യനിലെ ത്രിത്വം എങ്ങനെയുണ്ടായി എന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. ശരീരം നിലത്തെ പൊടിയിൽ നിന്നുണ്ടാക്കി. ഇവിടെ ജീവശ്വാസം എന്നത് ആത്മാവാണ്. അതുകൊണ്ട്, ആത്മാവിനെ ദൈവം മൂക്കിൽ ഊതി. ശരീരം ആത്മാവുമായി ചേർന്നപ്പോൾ ദേഹിയായിത്തീർന്നു. മനുഷ്യൻ എന്നത് ദേഹവും ആത്മാവും മാത്രമാണെന്നു ധരിച്ചിരിക്കുന്നവർ ശ്രദ്ധിക്കുക മനുഷ്യനിൽ 'ദേഹി' എന്നൊരു ഘടകം കൂടിയുണ്ട്. ഇവയെപ്പറ്റി അല്പം കൂടി വിശദമായി പഠിക്കാം.

### ദേഹം

യഹോവയായ ദൈവം മനുഷ്യശരീരത്തെ നിലത്തെ പൊടിയിൽ നിന്നുരുവാക്കി. മനുഷ്യൻ മരിക്കുമ്പോൾ വീണ്ടും പൊടിയിലേയ്ക്കു മടങ്ങുന്നു (ഉല്പ. 3:19; സഭാ. 12:6). വെള്ളിച്ചരട് അറ്റുപോകും എന്ന് ഈ ഭാഗത്തു സഭാപ്രസംഗി പറയുന്നത് ശരീരത്തെ ആത്മാവുമായി ബന്ധിച്ചുനിർത്തുന്ന ചരട് എന്ന അർത്ഥത്തിലാണെന്ന് ചില വേദപണ്ഡിതന്മാർക്ക് അഭിപ്രായമുണ്ടെന്നും സാന്ദർഭികമായി പറയട്ടെ. ഈ വ്യാഖ്യാനം ശരിയായാലും തെറ്റാ

യാലും മനുഷ്യനു ദേഹമുണ്ടെന്നതിന് ആരും തെളിവു ചോദിക്കുമെന്നു തോന്നുന്നില്ല.

ബാഹ്യലോകത്തിൽനിന്നുള്ള വിവരങ്ങൾ ദേഹം സ്വീകരിക്കുന്നതു കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക്ക് എന്നീ ഇന്ദ്രിയങ്ങളിലൂടെയാണ്. അതുപോലെ ബാഹ്യലോകവുമായി ശരീരം പ്രതികരിക്കുന്നത് കൈകൾ, കാലുകൾ, ശബ്ദം എന്നിവയിലൂടെയുമാണ്. ആത്മാവുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ മാത്രമേ ശരീരത്തിനു പ്രവർത്തിക്കുവാൻ കഴിയൂ. ആത്മാവ് വിട്ടുപിരിയുമ്പോൾ ശരീരം നിർജ്ജീവമാകുന്നു (യാക്കോ. 2:26). മനുഷ്യശരീരത്തെക്കുറിച്ചും അതിന്റെ പ്രവർത്തനത്തെക്കുറിച്ചും സാമാന്യമായ അറിവ് മിക്കവർക്കും ഉള്ളതുകൊണ്ട് ഈ വിവരണം ഇനി നീട്ടുന്നില്ല.

## ദേഹി

ഏറ്റവുമധികം തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഒന്നാണ് ദേഹി അഥവാ സോൾ. ആത്മാവും ദേഹിയും ഒന്നാണെന്നത്രേ മിക്കവരുടേയും ധാരണ. എന്നാൽ അതു ശരിയല്ല. തർജ്ജമ ചെയ്തവർ സോൾ, സ്പിരിറ്റ് എന്നീ വാക്കുകൾ ദേഹിയെന്നോ ആത്മാവെന്നോ സൗകര്യംപോലെ മാറ്റിമറിച്ചു തർജ്ജമ ചെയ്തതും വളരെ ദോഷം ചെയ്തിട്ടുണ്ട്. ആദ്യമായി ഇവ രണ്ടും ഒന്നല്ല എന്നതിന് ചില സൂചനകൾ തരാം.

പൗലോസ് എഴുതുന്നു: “നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുവാൻ തക്കവണ്ണം കാക്കപ്പെടുമാറാകട്ടെ” (1 തെസ്സ. 5:23). ആത്മാവും പ്രാണനും (ദേഹി) ഒന്നല്ലെന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. ഇനി മറ്റൊരു വാക്യം: “ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു” (എബ്രാ. 4:12). പ്രാണനും ആത്മാവും ഒന്നല്ലെന്ന് സംശയമില്ലാതെ പറയാമല്ലോ. മനുഷ്യനു ദേഹവും ദേഹിയും ആത്മാവും ഉണ്ടെന്നതിന് തെളിവായി ഇങ്ങനെ നിരവധി വാക്യങ്ങൾ തിരുവചനത്തിലുണ്ട്. എങ്കിലും ഇവയൊക്കെ അവഗണിച്ചുകൊണ്ട് ദേഹിയും ആത്മാവും ഒന്നാണെന്നു ശഠിക്കുന്നവർ കണ്ണടച്ചിരുട്ടാക്കുകയാണ്.



ദേഹി എന്നതിന്റെ എബ്രായ വാക്ക് ‘നെപ്പേഷ്’ എന്നാണ്. ഗ്രീക്കിൽ പ്സൂക്കേ എന്നും ഇംഗ്ലീഷിൽ സോൾ എന്നും പറയുന്ന ഈ വാക്ക് മലയാളത്തിൽ ദേഹി, പ്രാണൻ എന്നൊക്കെയാണ് തർജ്ജമ ചെയ്തിരിക്കുന്നത്. മനുഷ്യപ്രാണനു മാത്രമല്ല മൃഗങ്ങളുടേയും മറ്റു ജീവജാലങ്ങളുടെയും പ്രാണനും ഈ വാക്കുകൊണ്ടാണ് ബൈബിളിൽ പരാമർശിക്കുന്നത്. ദേഹിയെന്ന അർത്ഥം വരുന്ന പ്സൂക്കേ എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് സൈക്കോളജി എന്ന ഇംഗ്ലീഷ് വാക്ക് ഉണ്ടായത്. സൈക്കോളജി കേവലം മനഃശാസ്ത്രം മാത്രമല്ല, ദേഹിയുടെ തന്നെ ശാസ്ത്രമാണ്. എങ്കിലും ഇന്നും സൈക്കോളജി അതിന്റെ ശൈശവദശയിലായതിനാൽ നിരവധി അബദ്ധങ്ങൾ ശാസ്ത്രസത്യമെന്ന നിലയിൽ അംഗീകരിക്കപ്പെട്ടുപോരുന്നുണ്ടെന്നും സാന്ദർഭികമായി പറയട്ടെ. ഈ ശാസ്ത്രശാഖ വളർന്നുവികസിക്കുന്നതോടെ ഇന്നത്തെ പല സിദ്ധാന്തങ്ങളും കാലഹരണപ്പെടുകയും സത്യത്തോട് കൂടുതൽ അടുത്ത പുതിയ സിദ്ധാന്തങ്ങൾ നിലവിൽ വരുകയും ചെയ്യും. മനുഷ്യൻ ദേഹിയെക്കുറിച്ചുള്ള യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയാൽ ബൈബിൾ ദൈവവചനമാണെന്നും യേശുവിലൂടെയല്ലാതെ മനുഷ്യനു രക്ഷയില്ലെന്നും ഗ്രഹിക്കുമെന്നറിയാവുന്ന സാത്താൻ സൈക്കോളജിയെ അബദ്ധങ്ങളിൽ തളച്ചിട്ടിരിക്കയാണ്. മനഃശാസ്ത്ര സിദ്ധാന്തങ്ങൾ രൂപപ്പെടുത്തിയവരിൽ നല്ലൊരു പങ്ക് നിരീശ്വരവാദികളായിരുന്നു എന്ന വസ്തുതയും ശ്രദ്ധേയമാണ്.

പ്രാണൻ അഥവാ ദേഹിയിൽ മൂന്നു മണ്ഡലങ്ങളാണുള്ളത്: 1. ബുദ്ധിശക്തി 2. ഇച്ഛാശക്തി 3. വികാരം. ദേഹിയുടെ ഈ മൂന്നു മണ്ഡലങ്ങളും സൈക്കോളജിയുടെ പരിധിക്കുള്ളിൽ വരുന്നു. മനസ്സ് എന്ന വാക്ക് ദേഹിക്കു പൂർണ്ണ അർത്ഥത്തിൽ യോജിക്കുകയില്ല. കാരണം ദേഹി മനസ്സിനേക്കാൾ വലുതാണ്; അതിലുപരിയായി പലതുമാണ്. എങ്കിലും വിഷയം മനസ്സിലാക്കാൻ ദേഹിയെ മനസ്സ് എന്നു വിളിക്കുന്നതു സഹായകമാകും.

## ആത്മാവ് (സ്പിരിറ്റ്)

സോൾ ആണ് ആത്മാവെന്നു ധരിച്ചുവച്ചിരിക്കുന്നവർ നിരവധിയാണ്. മരിക്കുന്നതോടെ മനുഷ്യാത്മാവ് ഇല്ലാതെയാകുന്നു എന്നു പഠിപ്പിക്കുന്നവർ തെളിവായി ചൂണ്ടിക്കാണിക്കുന്ന ബൈബിൾ വാക്യങ്ങളെല്ലാം ശരീരത്തെക്കുറിച്ചോ ദേഹിയേക്കുറിച്ചോ ഉള്ളതാണുതാനും. മനുഷ്യന്റെ ആത്മാവ് മരിക്കുമെന്ന്

പ്രത്യക്ഷമായോ പരോക്ഷമായോ സൂചിപ്പിക്കുന്ന ഒറ്റവാക്യംപോലും ബൈബിളിലില്ല. മറിച്ച്, മരണശേഷം ആത്മാവ് സുബോധത്തോടെയിരിക്കുന്നുവെന്നു തെളിയിക്കുവാൻ നിരവധി വാക്യങ്ങളുണ്ട്. ഈ വിഷയം തുടർന്നുള്ള അദ്ധ്യായങ്ങളിൽ വിവരിക്കുന്നതാണ്.

ദേഹി, ആത്മാവ് എന്നിവയെക്കുറിച്ച് ആഴമായി പഠിക്കുവാൻ ആഗ്രഹിക്കുന്നവർ നമ്മുടെ കൈവശമുള്ള മലയാളം-ഇംഗ്ലീഷ് തർജ്ജമകളിൽ ആശ്രയിക്കരുത്. എബ്രായ-ഗ്രീക്ക് ഭാഷകൾ വായിക്കാനുള്ള അറിവുനേടാൻ ഏതാനും ആഴ്ചകൾ പരിശ്രമിച്ചാൽ മതിയാകും. ദേഹി, പ്രാണൻ, ശ്വാസം, ആത്മാവ് എന്നൊക്കെ തർജ്ജമചെയ്തിരിക്കുന്ന വാക്കുകൾ ശ്രദ്ധിക്കുക. നെപ്പേഷ് എന്ന എബ്രായ വാക്കും പ്സൂക്കേ എന്ന ഗ്രീക്ക് വാക്കും ദേഹി (പ്രാണൻ) എന്ന അർത്ഥത്തിൽ മനസ്സിലാക്കുക. എന്നാൽ റൂക്കാ എന്ന എബ്രായ വാക്കും പ്ന്യൂമാ എന്ന ഗ്രീക്ക് വാക്കും ആത്മാവ് എന്ന അർത്ഥത്തിലെടുക്കുക (ചില സ്ഥലങ്ങളിൽ ഈ വാക്കുകൾക്ക് ശ്വാസം, കാറ്റ് തുടങ്ങിയ അർത്ഥങ്ങളുണ്ടെങ്കിലും അത് സന്ദർഭത്തിൽനിന്നും മനസ്സിലാക്കാനാവും). ആത്മാവ് എന്ന വാക്ക് ദൈവാത്മാവിനെ സൂചിപ്പിക്കുവാനും ദൈവദൂതൻമാരേയോ ദുരാത്മാക്കളേയോ പരാമർശിക്കുവാനും ഉപയോഗിക്കാറുണ്ട്. അതുകൊണ്ട് മനുഷ്യാത്മാവിനെക്കുറിച്ചാണോ ദൈവാത്മാവിനെക്കുറിച്ചാണോ പറയുന്നതെന്ന് സന്ദർഭത്തിൽനിന്നും മനസ്സിലാക്കണം. ദൂതന്മാർ, അശുദ്ധാത്മാക്കൾ തുടങ്ങിയവരെക്കുറിക്കുവാൻ ആത്മാവ് എന്ന വാക്ക് ഉപയോഗിക്കുന്നിടത്ത് വലിയ ബുദ്ധിമുട്ടൊന്നും കൂടാതെ അർത്ഥം മനസ്സിലാക്കാനാവും.

നിലത്തെ പൊടികൊണ്ട് ദൈവം മനുഷ്യന്റെ ജഡം നിർമ്മിച്ചിട്ട് മൂക്കിൽ ജീവശ്വാസം ഊതിയപ്പോൾ മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു. എന്നാൽ ആദം മാത്രമേ ഇപ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ളൂ. മറ്റു മനുഷ്യരുടെ മൂക്കിൽ ദൈവം ജീവശ്വാസം ഊതുകയല്ല, ആത്മാവിനെ ഉള്ളിൽ സൃഷ്ടിക്കയത്രേ ചെയ്യുന്നത്. സെഖര്യാപ്രവാചകൻ പറയുന്നു: "ആകാശം വിരിക്കയും ഭൂമിയുടെ അടിസ്ഥാനം ഇടുകയും മനുഷ്യന്റെ ആത്മാവിനെ അവന്റെയുള്ളിൽ നിർമ്മിക്കയും ചെയ്തിരിക്കുന്ന യഹോവയുടെ അരുളപ്പാട്" (സെഖ. 12:1). ഈ വാക്യത്തിൽനിന്നും മറ്റുമനുഷ്യർക്ക് ആത്മാവുണ്ടായതെങ്ങനെയെന്നു ഗ്രഹിക്കാം. നമ്മുടെയൊക്കെ ആത്മാവിനെ ദൈവം നമ്മുടെ ശരീരത്തിനുള്ളിൽ നിർമ്മിച്ചു നൽകിയതാണ്.



അദ്വൈതത്തിലെ ജീവാത്മാവും ബൈബിളിലെ മനുഷ്യാത്മാവും തമ്മിലുള്ള വ്യത്യാസവും ഈ അവസരത്തിൽ വ്യക്തമാക്കട്ടെ. അദ്വൈത സിദ്ധാന്തമനുസരിച്ച് ബ്രഹ്മം മാത്രമാണ് സത്യമായിട്ടുള്ളത്. ഈ ലോകവും മനുഷ്യാത്മാവും മറ്റു ജീവജാലങ്ങളുടെ ആത്മാവും ബ്രഹ്മത്തിന്റെ ഭാഗം മാത്രമാണ്. ബ്രഹ്മത്തിൽനിന്ന് ഉത്ഭവിച്ച് ഒടുവിൽ ബ്രഹ്മത്തിൽ ലയിച്ചുചേരുന്നതാണ് ജീവജാലങ്ങളുടെ ആത്മാവ്, അഥവാ ജീവാത്മാവ്. (മനുഷ്യന്റെ ആത്മാവും മറ്റു ജീവജാലങ്ങളുടെ ആത്മാവും ഒന്നാണെന്നും ഭാരതീയ മതങ്ങൾ വിശ്വസിക്കുന്നു). ജീവാത്മാവ് മനുഷ്യനായും പട്ടിയായും പൂച്ചയായും മറ്റും നിരവധി തവണ ജനിക്കയും മരിക്കയും ചെയ്യുന്നു. ജീവാത്മാവ് ഈ ജനനമരണചക്രത്തിൽനിന്നും മോചനം പ്രാപിച്ച് ബ്രഹ്മത്തിൽ ലയിച്ചുചേരുന്നതാണ് മോക്ഷം അഥവാ മുക്തി. എന്നാൽ ഈലോകം ദൈവത്തിന്റെ ഭാഗമല്ല, ദൈവസൃഷ്ടിയാണ് എന്നത്രേ ബൈബിൾ പറയുന്നത്. ലോകം ഒരിക്കലും ദൈവത്തിൽ ലയിച്ചുചേരുന്നുമില്ല. മനുഷ്യാത്മാവും ദൈവസൃഷ്ടി മാത്രമാണ്, ദൈവാത്മാവിന്റെ ചെറിയ കഷണങ്ങളല്ല. മനുഷ്യാത്മാവ് ഒരിക്കലും ദൈവാത്മാവിൽ ലയിച്ചു ചേരുകയുമില്ല. എല്ലാ ജീവജാലങ്ങൾക്കും ജീവനുണ്ട്. പക്ഷേ മനുഷ്യനു മാത്രമേ ജീവനും ആത്മാവുമുള്ളൂ. ആത്മാവ് ഒരിക്കലും മരിക്കുന്നില്ല.

ദേഹം, ദേഹി, ആത്മാവ് എന്നിവയെക്കുറിച്ച് ഒരു ചെറിയ അദ്ധ്യായത്തിൽ ഒതുങ്ങുന്ന പഠനംകൊണ്ട് ഒന്നുമാകില്ലെന്ന സത്യം അംഗീകരിക്കുന്നു. എങ്കിലും ഈ വിഷയത്തെക്കുറിച്ച് ചിലതെല്ലാം സൂചിപ്പിക്കാതെ "മരിച്ചവർ എവിടെ" എന്ന വിഷയത്തിലേക്കു കടക്കാനാവില്ലെന്നു ബോദ്ധ്യമായതുകൊണ്ട് വളരെ ചുരുക്കി ചില കാര്യങ്ങൾകൂടി പറയുകയാണ്. സത്യത്തിൽനിന്നും മനുഷ്യനെ അകറ്റി, നിത്യനാശത്തിലേക്കു വിടുകയെന്ന സാത്താന്യ തന്ത്രത്തിന്റെ ഭാഗമായി സാത്താൻ പടച്ചുവിട്ടിരിക്കുന്ന വ്യാജമതങ്ങൾ, കൾട്ടുകൾ, നാമധേയ ക്രിസ്തീയ സഭകൾ തുടങ്ങിയവയിലെ അംഗങ്ങൾ, മനുഷ്യനിൽ ഇങ്ങനെയൊരു ത്രിത്വമുണ്ടെന്ന സത്യത്തെ നഖശിഖാന്തം എതിർക്കുമെന്നറിയാം. ഇത്തരക്കാരുടെ എതിർവാദങ്ങൾക്കെല്ലാം ദൈവവചനത്തിലൂടെ മറുപടി പറയാനാവുമെങ്കിലും നമ്മുടെ വിഷയവുമായി ബന്ധപ്പെട്ടിരിക്കുന്നവയും തികച്ചും ഒഴിച്ചുകൂടാനാവാത്തവയും ആയ കാര്യങ്ങൾ മാത്രമേ ഈ അദ്ധ്യായത്തിൽ ഉൾകൊള്ളിക്കുന്നുള്ളൂ.

## മനുഷ്യാത്മാവ്

ദൈവം ആത്മാവാകുന്നു. ആത്മാവാകുന്ന ദൈവവുമായി ബന്ധപ്പെടുവാൻ മനുഷ്യനിലെ ആത്മാവിനു മാത്രമേ കഴിയൂ. ദേഹം പഞ്ചേന്ദ്രിയങ്ങളിലൂടെ ഈ ലോകത്തിൽനിന്നുള്ള വിവരങ്ങൾ ശേഖരിക്കുമെങ്കിലും ആത്മീയ ലോകവുമായി ബന്ധപ്പെടുന്നതിൽ തികച്ചും അശക്തമാണ്. ദൈവം, ദൈവദൂതൻമാർ, ദുരാത്മാക്കൾ തുടങ്ങിയവരെയൊന്നും കണ്ണുകൊണ്ടു കാണാനോ ചെവികൊണ്ട് കേൾക്കാനോ നാക്ക്, മൂക്ക്, ത്വക്ക് എന്നിവകൊണ്ട് കണ്ടെത്താനോ കഴിയുന്നതല്ല. അതുപോലെ തന്നെ നമ്മുടെ കൈകാലുകൾ, ശബ്ദം എന്നിവയിലൂടെയും നമുക്കു ദൈവവുമായി ബന്ധപ്പെടാനാവില്ല. അതുകൊണ്ടാണ് ജാതികൾ ദൈവത്തെ തപ്പിനോക്കി എന്നു പൗലോസ് പറയുന്നത്. (അവർ ദൈവത്തെ തപ്പിനോക്കി കണ്ടെത്തുമോ എന്നുവച്ച് അവനെ അന്വേഷിക്കേണ്ടതിനു തന്നേ. അവൻ നമ്മിൽ ആർക്കും അകന്നിരിക്കുന്നവനല്ലതാനും. പ്രവൃ. 17:27). ചുരുക്കത്തിൽ ശരീരത്തിന് ഈ ഭൗതീക ലോകവുമായി മാത്രമേ ബന്ധപ്പെടാനാവൂ.

ദേഹിക്ക് ബുദ്ധി, ഇച്ഛ, വികാരം എന്നിങ്ങനെ മൂന്നു മണ്ഡലങ്ങളുണ്ടെങ്കിലും ഇവയിലൂടെ ദൈവാത്മാവുമായി ബന്ധം പുലർത്താൻ കഴിയുകയില്ല. ദൈവാത്മാവുമായി ബുദ്ധികൊണ്ടു ബന്ധം സ്ഥാപിക്കാനാവുമോ? കഴിയുമായിരുന്നെങ്കിൽ ഏറ്റവും വലിയ ബുദ്ധിമാൻമാർ ഏറ്റവും വലിയ ദൈവഭക്തരാകുമായിരുന്നു. കുറെ വികാരപ്രകടനം കൊണ്ട് ദൈവവുമായി ബന്ധം സ്ഥാപിക്കാൻ കഴിയുമോ? എത്ര തീവ്രമായി വികാരങ്ങൾ പ്രകടിപ്പിച്ചാലും ദൈവവുമായി ബന്ധപ്പെടുന്നതിന് അതു സഹായകമാകുകയില്ല. കഴിയുമായിരുന്നെങ്കിൽ ഏറ്റവും നന്നായി വികാരങ്ങൾ പ്രകടിപ്പിക്കാൻ കഴിവുള്ളവർ ഏറ്റവും വലിയ ദൈവഭക്തരാകുമായിരുന്നു.

ദേഹിയുടെ ഭാഗമായ ഇച്ഛാശക്തികൊണ്ട് അദൃശ്യലോകവുമായി ബന്ധപ്പെടാമെന്നൊരു ധാരണയുണ്ട്. ധ്യാനങ്ങളും മറ്റും നടത്തുന്നത് ഈ തെറ്റിദ്ധാരണമൂലമാണ്. പക്ഷേ എത്ര ധ്യാനിച്ചാലും മനുഷ്യന് ദൈവത്തെ കണ്ടെത്താനാകില്ല. എങ്കിലും ഇച്ഛക്ക് (will) ആത്മീയ രംഗത്ത് സുപ്രധാനമായ സ്ഥാനമുണ്ടുതാനും. നമ്മുടെ ഹൃദയകവാടത്തിൽ മുട്ടി വിളിക്കുന്ന യേശുവിനു ഹൃദയം തുറന്നുകൊടുക്കുന്നത് ഇച്ഛയാണ് (വെളി. 3:20). ജീവജലം കുടിക്കുവാൻ ഇച്ഛകൂടാതെ കഴിയുന്നതല്ല (വെളി. 22:17). നാം നമ്മെത്തന്നെ വിധേയപ്പെടുത്തിക്കൊടുക്കാതെ ദൈവം നമ്മിൽ പ്രവർത്തിക്കയില്ല. പക്ഷേ, ദൈവവുമായി ബന്ധപ്പെടുവാൻ വഴി തുറക്കുന്നത് ഇച്ഛയാണെങ്കിലും ബന്ധപ്പെടുന്നത് ആത്മാവാണ്. ജീവനുള്ള ദൈവത്തിനായി ആത്മാവു ദാഹിക്കുന്നു. ഇച്ഛയിലൂടെ ദേഹി അതിനുള്ള വഴിയൊരുക്കുന്നു.



മനുഷ്യന്റെ ദേഹവും, ദേഹിയും, ആത്മാവിനു കീഴടങ്ങിയിരിക്കുവാനാണ് ദൈവം ആഗ്രഹിച്ചിരുന്നത്. ദൈവത്തിൽ നിന്നുള്ള സന്ദേശങ്ങൾ പ്രാപിച്ച് ദേഹിക്കു കൈമാറുകയായിരുന്നു ആത്മാവിന്റെ കർത്തവ്യം. ഇങ്ങനെ ലഭിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ദേഹി ശരീരത്തെ നിയന്ത്രിക്കണം.

എന്നാൽ ദൈവം മനുഷ്യനെ കേവലം യന്ത്രപ്പാവകളായല്ല സൃഷ്ടിച്ചത്. മനുഷ്യനു സ്വന്ത ഇഷ്ടപ്രകാരം പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. നമുക്കു മാത്രമല്ല ആദത്തിനും ഹവ്വയ്ക്കും ഈ സ്വാതന്ത്ര്യമുണ്ടായിരുന്നു. അങ്ങനെ, ഒരു ദിവസം മനുഷ്യൻ സ്വന്ത ഇച്ഛക്കനുസൃതമായി പ്രവർത്തിച്ചു, ദൈവകല്പന ലംഘിച്ചു. അതോടെ മനുഷ്യനിലെ ആത്മാവ് (ആത്മീകമായി) മരിച്ചു. ദേഹി സർവ്വാധിപതിയായി. ആദാമിൽ നിന്നു ജനിച്ചവരെല്ലാം മരിച്ചുകിടക്കുന്ന ഒരു ആത്മാവുമായാണ് ജനിക്കുന്നത്. (ആദാമിൽ എല്ലാവരും മരിക്കുന്നു, ക്രിസ്തുവിൽ എല്ലാവരും ജീവിക്കുന്നു. 1 കൊരി. 15:22). രക്ഷിക്കപ്പെടാത്ത എല്ലാ മനുഷ്യരിലും ആത്മാവ് മരിച്ചുകിടക്കയാണ്. ആത്മാവെന്ന വ്യാജേന ദേഹിയാണ് ആധിപത്യം പുലർത്തുന്നത്. അതുകൊണ്ടത്രേ ബുദ്ധി, ഇച്ഛ, വികാരം എന്നിവയ്ക്കനുസരിച്ചു ലോകമനുഷ്യൻ ജീവിക്കുന്നത്. വീണ്ടും ജനനത്തിന്റെ ആവശ്യമെന്തെന്നു മനസ്സിലാക്കുവാനും ഈ സത്യം ഗ്രഹിച്ചേ മതിയാകൂ.

ഒരുവൻ ക്രിസ്തുവിലാകുമ്പോൾ അവൻ പുതിയ സൃഷ്ടിയായിത്തീരുന്നു. പഴയതു കഴിഞ്ഞുപോയി. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചിരുന്ന നമ്മുടെ ആത്മാവിനെ ക്രിസ്തുവിന്റെ രക്തം കഴുകി വെടിപ്പാക്കുന്നു. ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു. ഒടുക്കത്തെ ആദമായ ക്രിസ്തു ജീവിപ്പിക്കുന്ന ആത്മാവാണ്. ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നവന്റെ ആത്മാവ് ഉയിർക്കുന്നു, വീണ്ടും ജനിക്കുന്നു. നമുക്കു ദൈവവുമായി നഷ്ടമായ ബന്ധം ജീവദായകനായ ക്രിസ്തുവിലൂടെ തിരികെ ലഭിക്കുന്നു. വീണ്ടും ജനനം പ്രാപിക്കാത്ത മനുഷ്യനിൽ

ദേഹവും ദേഹിയും, ആത്മീയാർത്ഥത്തിൽ മരിച്ചുകിടക്കുന്ന ഒരു ആത്മാവുമാണുള്ളത്. എന്നാൽ യേശുക്രിസ്തുവിലൂടെ വീണ്ടും ജനനം പ്രാപിക്കുമ്പോൾ ആത്മാവ് ഉയിർത്തെഴുന്നേൽക്കുന്നു. വീണ്ടുംജനനം പ്രാപിച്ച - രക്ഷിക്കപ്പെട്ട - വ്യക്തിയിൽ ദേഹവും ദേഹിയും മാത്രമല്ല, ജിവനുള്ള ആത്മാവുമുണ്ട്. വീണ്ടും ജനിക്കാതെ ദൈവരാജ്യം കാണാൻ കഴിയുന്നതല്ല എന്ന് കർത്താവു വ്യക്തമാക്കിയത് ഈ കാരണത്താലത്രേ.

വീണ്ടുംജനനം പ്രാപിക്കാത്ത വ്യക്തിയിൽ ആത്മാവ് മരിച്ചുകിടക്കുകയാണെന്നും ആത്മാവെന്ന വ്യാജേന ദേഹിയാണ് കർത്തൃത്വം നടത്തുന്നതെന്നും പറഞ്ഞുകഴിഞ്ഞല്ലോ. എന്നാൽ രക്ഷിക്കപ്പെട്ട വ്യക്തിയിൽ അവന്റെ ആത്മാവാണ് കർത്തൃത്വം നടത്തുന്നത്. ദേഹി ആത്മാവിനു കീഴടങ്ങിയിരിക്കുന്നു. ദേഹത്തെ അതിന്റെ രാഗമോഹങ്ങളോടെ ക്രൂശിക്കയും ചെയ്യുന്നു. അങ്ങനെ അകത്തെ മനുഷ്യൻ - ഹൃദയത്തിന്റെ അക്ഷയഭൂഷണമെന്ന ഗൂഢ മനുഷ്യൻ - നാൾക്കുനാൾ ശക്തിപ്പെടുകയും നാം അധികമധികം ആത്മീയത്തിൽ വളരുകയും ചെയ്യും. മനുഷ്യാത്മാവ് ദൈവാത്മാവുമായി നിരന്തരം ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിച്ച് നമ്മെ നയിക്കുന്നതിനാൽ പാപത്തിൽനിന്നും ഒഴിഞ്ഞു ജീവിക്കുവാൻ നമുക്കു കഴിയുന്നു.

രക്ഷിക്കപ്പെട്ട വ്യക്തിയും രക്ഷിക്കപ്പെടാത്ത വ്യക്തിയും തമ്മിലുള്ള പ്രധാന വ്യത്യാസമിതാണ്. രക്ഷിക്കപ്പെടാത്ത വ്യക്തിയിൽ മനുഷ്യാത്മാവ് പ്രവർത്തന രഹിതമായി - മരിച്ച് - കിടക്കുന്നു. ദേഹി, അതിന്റെ വികാരം, ബുദ്ധി, ഇച്ഛ എന്നിവയിലൂടെ ദേഹത്തെ നിയന്ത്രിക്കുന്നു. ദേഹം, പ്രാണന്റെ ഹിതപ്രകാരം പഞ്ചേന്ദ്രിയങ്ങൾ, കൈകാലുകൾ, ശബ്ദം എന്നിവ ഉപയോഗിക്കുന്നു. ദേഹിയെ തന്റെ കൈപ്പിടിയിലൊതുക്കിക്കൊണ്ട് സാത്താൻ മനുഷ്യനെ പൂർണ്ണമായി നിയന്ത്രിക്കുന്നു. അങ്ങനെ അവൻ നിത്യനാശത്തിലെത്തുന്നു. പ്രാകൃതമനുഷ്യൻ എന്നു പൗലോസ് വിളിക്കുന്നത് വീണ്ടുംജനനം പ്രാപിക്കാത്ത മനുഷ്യനെയാണ് (1 കൊരി. 2:14). എന്നാൽ രക്ഷിക്കപ്പെട്ട വ്യക്തിയിൽ ആത്മാവ് പുതുജീവൻ പ്രാപിച്ചിരിക്കയാണ്. ദേഹി, ഇച്ഛയിലൂടെ ദൈവാത്മാവിനു കീഴ്പ്പെടുന്നതോടെ മനുഷ്യാത്മാവ് ദൈവാത്മാവുമായി ബന്ധം സ്ഥാപിക്കുന്നു. ഇങ്ങനെയുള്ള വ്യക്തിയാണ് ആത്മീയൻ (1 കൊരി. 2:14). ദൈവാത്മാവിൽനിന്നും മനുഷ്യാത്മാവിനു ലഭിക്കുന്ന നിർദ്ദേശങ്ങ



ളനുസരിച്ചു പ്രവർത്തിക്കുവാൻ ദേഹി തയ്യാറായിരിക്കയാൽ ദേഹം ദൈവത്തിന്റെ നിയന്ത്രണത്തിലാകുന്നു. അങ്ങനെ ദൈവമക്കൾ ആത്മാവിനെ അനുസരിച്ചു നടക്കുന്നു. ജഡത്തിന്റെ ഇഷ്ടം നിവർത്തിക്കാതിരിക്കുന്നു.

മനുഷ്യൻ ഒരു ത്രിത്വമാണെന്ന സത്യം സാത്താൻ മറച്ചുവയ്ക്കുവാൻ ശ്രമിക്കുന്നതിന്റെ കാരണം വ്യക്തമാണല്ലോ. ദേഹിയെ ആത്മാവെന്ന വ്യാജേന സാത്താൻ മുൻപിൽ നിർത്തുകയും നിർജ്ജീവമായി കിടക്കുന്ന ആത്മാവിനെക്കുറിച്ചു മിണ്ടാതിരിക്കയും ചെയ്യുകവഴി തന്റെ ലക്ഷ്യം നേടുകയാണ്. ഈ തെറ്റിദ്ധാരണ തിരുത്താതെ "മരിച്ചവർ എവിടെ" എന്ന വിഷയം പഠിക്കാനാവില്ല. അതുകൊണ്ടാണ് ഈ വിഷയം ഇത്രയധികം വിശദീകരിച്ചത്.

കർത്താവായ യേശുക്രിസ്തുവിലൂടെയല്ലാതെ ആർക്കും നിത്യജീവൻ പ്രാപിക്കാനാവില്ല എന്നു ബൈബിൾ പറയുന്നതിന്റെ കാരണം വ്യക്തമായി എന്നു കരുതട്ടെ. ആദത്തിൽ നിന്നു ജനിച്ച എല്ലാ മനുഷ്യരും ആത്മീയമായി മരിച്ച ആത്മാവുമായാണ് ജനിക്കുന്നത്. വീണ്ടും ജനനം പ്രാപിച്ച് ജീവനുള്ള ആത്മാവുള്ള വ്യക്തിയായി തീരാതെ നിത്യജീവൻ പ്രാപിക്കയില്ല. വീണ്ടും ജനിക്കാതെ നിത്യരക്ഷ ലഭിക്കയില്ല. സഹോദരങ്ങളേ, സൂക്ഷിക്കുക: തത്ത്വശാസ്ത്രവും കിഴവിക്കഥകളും പറഞ്ഞ് സാത്താൻ നിങ്ങളെ വഞ്ചിക്കാൻ ശ്രമിക്കും. അവന്റെ ചതിയിൽ അകപ്പെടരുത്. ജഡത്താൽ ജനിച്ചതു ജഡമാകുന്നു. തോമ്മാശ്ലീഹാവരെ നീളുന്ന പാരമ്പര്യം പറയുന്ന കുടുംബത്തിൽ പിറന്നവനും വീണ്ടുംജനനം പ്രാപിക്കണം. വീണ്ടുംജനിക്കാതെ നിത്യജീവൻ പ്രാപിക്കയില്ല.

# 3

# മൂന്നു സ്വർഗ്ഗങ്ങൾ

മിക്കമതങ്ങളും സ്വർഗ്ഗത്തെ അംഗീകരിക്കുന്നു. എന്നാൽ ഒരു മതത്തിന്റെ സ്വർഗ്ഗവും മറ്റൊരു മതത്തിന്റെ സ്വർഗ്ഗവും തമ്മിൽ ഏറെ വ്യത്യാസമുണ്ടായിരിക്കും. മദ്യവും മദിരാക്ഷിയും ഇതര സുഖ സൗകര്യങ്ങളും ആവോളം ലഭിക്കുന്നതാണ് ചിലരുടെ സ്വർഗ്ഗം. എന്നാൽ യന്ത്രപ്പാവകളെപ്പോലിരുന്ന് ദൈവത്തെ ആരാധിക്കുന്ന സ്ഥലമാണു മറ്റുചിലരുടെ സ്വർഗ്ഗം. ബൈബിളിലെ സ്വർഗ്ഗം ഇതിൽനിന്നെല്ലാം വ്യത്യസ്തമാണ്. വളരെ വിശദമായി വിവരി ച്ചാൽ മാത്രമേ സ്വർഗ്ഗത്തെക്കുറിച്ചു പൂർണ്ണമായി പറയാനാകൂ. എങ്കിലും നാം ചിന്തിച്ചു വരുന്ന വിഷയം വ്യക്തമാക്കുവാൻ ആവ ശ്യമായ കാര്യങ്ങൾ മാത്രം ചുരുക്കിപ്പറയട്ടെ.

## സ്വർഗ്ഗം എവിടെ?

സ്വർഗ്ഗം നമ്മുടെ തലയ്ക്കുമുകളിൽ – ആകാശത്ത്– സ്ഥിതി ചെയ്യുന്നു എന്നാണ് പൊതുവെയുള്ള ധാരണ. എന്നാൽ മുകൾ ഭാഗം, അടിഭാഗം എന്നൊക്കെപ്പറയുന്നത് കേവലം ആപേക്ഷിക മാണെന്ന സത്യം നാം ഓർക്കാറില്ല. നട്ടുച്ചനേരത്തു നമ്മുടെ തല യ്ക്കുനേരെ മുകളിൽ കാണുന്ന സൂര്യൻ 12 മണിക്കൂർ കഴിയുമ്പോൾ ഈ ഭൂമിയുടെ അടിയിലായിരിക്കുമെന്ന കാര്യവും നാം മറന്നു പോകു ന്നു. ചിലർക്ക് ഇതു വിശ്വസിക്കാനേ ആവില്ലതാനും. നാം രാത്രി യിൽ കാണുന്ന നക്ഷത്രങ്ങൾ പകൽ സമയത്തെവിടെ? ഭൂമിക്കടി യിൽ! ഇന്ത്യാക്കാരെ സംബന്ധിച്ചിടത്തോളം അമേരിക്ക ഭൂമിക്കടി യിലാണെന്നു പറഞ്ഞാൽ എത്രപേർ സമ്മതിച്ചുകൊടുക്കും? ഇതൊക്കെ മനസ്സിലാക്കുവാൻ തക്ക അറിവ് ബഹുഭൂരിപക്ഷത്തി നുമില്ല. മനുഷ്യൻ ചന്ദ്രനിൽനിന്നുകൊണ്ടു ഭൂമിയുടെ ഫോട്ടോയെ ടുത്തു. ചന്ദ്രനിൽനിന്നു ഭൂമിയെ നോക്കിയാൽ ഭൂമി ആകാശത്ത്,



ചന്ദ്രനേക്കാൾ വലിപ്പത്തിൽ, 'നിലാവു ചൊരിഞ്ഞുകൊണ്ട്' നില്ക്കു ന്നതു കാണാം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ചന്ദ്രനിൽനിന്നും നോക്കുന്ന വ്യക്തിക്കു ഭൂമി 'ഇമ്മിണി വല്ല്യ ചന്ദ്രൻ' ആണെന്നേ തോന്നൂ. ഭൂമിയിൽനിന്നു ചന്ദ്രനിലെത്താൻ മുകളിലേക്കു യാത്ര ചെയ്യണം. ചന്ദ്രനിൽനിന്നും ഭൂമിയിലെത്താനും മുകളിലേയ്ക്കു തന്നെ യാത്രചെയ്യണം. അങ്ങനെയെങ്കിൽ സ്വർഗ്ഗം മുകളിലാ ണെന്നു പറയുന്നതിലെന്താണർത്ഥം?

സ്വർഗ്ഗം മുകളിലാണെന്ന് ബൈബിളിലില്ലെന്നു പറഞ്ഞാൽ മിക്കവർക്കും വിശ്വാസം വരികയില്ല. തിരുവചനത്തിലില്ലാത്ത എന്തെല്ലാം കാര്യങ്ങൾ നാം ഇങ്ങനെ വിശ്വസിച്ചു പോരുന്നു. യേശു പുൽക്കൂട്ടിൽ ജനിച്ചു, യേശു രാത്രിയിൽ ജനിച്ചു, മൂന്നു രാജാക്കന്മാർ യേശുവിനെ സന്ദർശിച്ചു, അവർ ഇന്ത്യാക്കാരായിരുന്നു, വലത്തെ കള്ളൻ മാനസാന്തരപ്പെട്ടു, മഗ്ദലന മറിയം വേശ്യയായിരുന്നു, യേശുവിന്റെ കാൽ കണ്ണീരുകൊണ്ടു കഴുകി തൈലം പൂശിയത് മഗ്ദലന മറിയമാണ്, ദൈവം ദുഷ്ടനെ പനപോലെ വളർത്തും, അവനവന്റെ വിശ്വാസം അവനെ രക്ഷിക്കും എന്നൊക്കെ ബൈബി ളിലുണ്ടോ എന്നു നാം നോക്കാറില്ലല്ലോ. ദൈവവചനം വസ്തുനി ഷ്ഠമായി പഠിപ്പിക്കുവാൻ നമുക്കു സമയമില്ല, മനസ്സുമില്ല. ക്രിസ്ത്യാ നികളെന്നു പേരുള്ള എത്രയോ ലക്ഷം ആളുകളാണ് സാത്താൻ ഒരുക്കിയിരിക്കുന്ന കുരുക്കുകളിൽ വീണുകിടക്കുന്നത്! ശിശുസ്നാ നം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, മരിച്ചവരോടുള്ള പ്രാർത്ഥ ന, പൗരോഹിത്യം, കുമ്പസാരം, പെരുന്നാളുകൾ, നൊയമ്പ്, വിഗ്രഹ വണക്കം തുടങ്ങിയവയെല്ലാം ബൈബിളിലെ ചട്ടങ്ങൾക്കു വിരു ദ്ധവും പൈശാചികവുമാണെന്ന് ദൈവവചനം പഠിച്ചിരുന്നെങ്കിൽ മനസ്സിലാകുമായിരുന്നു. പക്ഷേ, സാത്താൻ അതിനനുവദിക്കാറില്ല. സത്യം അറിഞ്ഞാൽ മനുഷ്യർ സാത്താന്റെ ബന്ധനത്തിൽനിന്നും രക്ഷപ്പെടും. അതിനിടയാകാതിരിക്കുവാൻ ആവശ്യമായതൊക്കെ സാത്താൻ ചെയ്യുന്നു.

സ്വർഗ്ഗം എവിടെ എന്ന ചോദ്യത്തിലേക്കു മടങ്ങിവരാം. അതിപുരാതന കാലത്തെങ്ങോ ലൂസിഫർ എന്ന ദൈവദൂതൻ സ്വർഗ്ഗത്തിൽ കയറാൻ ശ്രമിച്ചകാര്യം യെശ. 14:13,14–ൽ ഉണ്ട്. ലൂസി ഫർ പറഞ്ഞത് ഇപ്രകാരമാണ്. "ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതേ വയ്ക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിൻമേൽ ഞാൻ

ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കു മീതേ കയറും; ഞാൻ അത്യുന്നതനോടു സമനാകും." ദൈവദൂതനായ ലൂസിഫറിന് സ്വർഗ്ഗം എവിടെയാണെന്ന് നന്നായറിയാമായിരുന്നു. അവൻ പറയുന്നു: ഞാൻ സ്വർഗ്ഗത്തിൽ കയറും; മേഘങ്ങൾക്കും നക്ഷത്രങ്ങൾക്കും മീതേ, ഉത്തരദിക്കിന്റെ അതിർത്തിയിലുള്ള സമാഗമ പർവ്വതത്തിൽ ഞാൻ ഇരുന്നരുളും. ഞാൻ അത്യുന്നതനോടു സമനാകും. സ്വർഗ്ഗം ഭൂമിയുടെ വടക്കാണ്. സ്വർഗ്ഗമെന്നത് ഭൂമിയേക്കാളും, ഭൂമിയുടെ ഭ്രമണപഥത്തേക്കാളും വലുതായിരിക്കുമെന്നതിനാൽ ദിശക്കു മാറ്റം വരുന്നില്ല. ഭൂമി സൂര്യനുചുറ്റും കറങ്ങിക്കൊണ്ടിരിക്കുമ്പോഴും സ്വർഗ്ഗം ഭൂമിയുടെ വടക്കുഭാഗത്തുണ്ടാകും. മേഘമണ്ഡലത്തിനും (അന്തരീക്ഷം), നക്ഷത്രമണ്ഡലത്തിനും (ശൂന്യാകാശം) അപ്പുറത്താണ് സ്വർഗ്ഗം. "കിഴക്കുനിന്നല്ല, പടിഞ്ഞാറുനിന്നല്ല, തെക്കുനിന്നുമല്ല ഉയർച്ചവരുന്നത്" എന്നു ബൈബിൾ വ്യക്തമാക്കുന്നു (സങ്കീ. 75:6). കിഴക്ക്, പടിഞ്ഞാറ്, തെക്ക് ഇവ മൂന്നുമല്ലെങ്കിൽ വടക്കായിരിക്കുമല്ലോ. ന്യായാധിപതിയായ ദൈവം ഒരുത്തനെ ഉയർത്തുകയും ഒരുത്തനെ താഴ്ത്തുകയും ചെയ്യുന്നത് വടക്കുനിന്നുമാണ് (സങ്കീ. 75:6). കാരണം സ്വർഗ്ഗം വടക്കാണ്. എന്നാൽ ദൈവത്തിന്റെ സിംഹാസനത്തിന്റെ (സ്വർഗ്ഗത്തിന്റെ) ദർശനം ദൈവം മനുഷ്യർക്കു മറച്ചിരിക്കയാണ്. "തന്റെ സിംഹാസനത്തിന്റെ ദർശനം അവൻ മറച്ചുവയ്ക്കുന്നു; അതിന്മേൽ തന്റെ മേഘം വിരിക്കുന്നു" (ഇയ്യോ. 26:9). അതുകൊണ്ടാണ് നമുക്കു സ്വർഗ്ഗം കാണുവാൻ കഴിയാതിരിക്കുന്നത്. "ഉത്തരദിക്കിനെ അവൻ ശൂന്യത്തിന്മേൽ വിരിക്കുന്നു" (ഇയ്യോ. 26:7) എന്ന് പറഞ്ഞിരിക്കുന്നതിന്റെ രഹസ്യമിതാണ്. എന്നാൽ ദൈവം ചിലർക്ക് സ്വർഗ്ഗം തുറന്നു ദർശനങ്ങൾ കാണിച്ചിട്ടുണ്ട്. യെഹ. 1:1; മർക്കോ. 1:10; യോഹ. 1:51, പ്രവൃ. 7:56; 10:11; വെളി. 4:1; 11:19; 19:11 എന്നിവ നോക്കുക. പൗലോസ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെടുകയും ചെയ്തു (2 കൊരി. 12:2-4).

## സ്വർഗ്ഗങ്ങൾ എത്ര?

സ്വർഗ്ഗം ഒന്നേയുള്ളൂ എന്ന് ഭൂരിപക്ഷം ക്രിസ്ത്യാനികളും വിശ്വസിക്കുന്നു. ഏഴു സ്വർഗ്ഗങ്ങളെക്കുറിച്ചു ഹൈന്ദവ ഗ്രന്ഥങ്ങൾ പറയുന്നു. എന്നാൽ ബൈബിളിൽ എത്ര സ്വർഗ്ഗങ്ങളെക്കുറിച്ചു പരാമർശമുണ്ട്? "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പ. 1:1) എന്ന ഭാഗത്ത് 'സ്വർഗ്ഗം' എന്ന വാക്ക് 'ഷമായീം' ആണ്. 'സ്വർഗ്ഗങ്ങൾ' എന്നാണ് ഈ വാക്കിന്റെ അർത്ഥം. സ്വർഗ്ഗം ഒന്നില



ധികമുണ്ടെന്ന സത്യത്തിലേക്ക് ഈ വാക്കു വിരൽ ചൂണ്ടുന്നു. പൗലോസ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു (2 കൊരി. 12:2-4) എന്നു പറയുന്നതിൽ നിന്നും സ്വർഗ്ഗം കുറഞ്ഞപക്ഷം മൂന്നെങ്കിലും ഉണ്ടെന്നും തെളിയുന്നു.

ഏതാണീ മൂന്നു സ്വർഗ്ഗങ്ങൾ? ലൂസിഫർ പറഞ്ഞ വാചകങ്ങളിൽ നിന്ന് ഇതു ഗ്രഹിക്കാം. ഭൂമിയിൽനിന്നുള്ള ക്രമമനുസരിച്ച് ആ വാചകങ്ങൾ ക്രമീകരിച്ചാൽ ഇപ്രകാരമായിരിക്കും: "ഞാൻ സ്വർഗ്ഗത്തിൽ കയറും; ഞാൻ മേഘോന്നതങ്ങൾക്കുമീതെ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുമീതെ വയ്ക്കും. ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിനു മീതെ ഞാൻ ഇരുന്നരുളും. ഞാൻ അത്യുന്നതനോടു സമനാകും."
മൂന്നു സ്വർഗ്ഗങ്ങൾ ഇവയാണ്

1. മേഘമണ്ഡലം (അന്തരീക്ഷം)
2. നക്ഷത്രമണ്ഡലം (ശൂന്യാകാശം)
3. പറുദീസാ (സമാഗമ പർവ്വതം)

മൂന്നാം സ്വർഗ്ഗമാണ് പറുദീസ എന്നു പൗലോസ് വ്യക്തമാക്കുന്നുണ്ടല്ലോ (2 കൊരി. 12:2-4). ആകാശമെന്ന അർത്ഥത്തിൽ 'സ്വർഗ്ഗം' എന്ന വാക്ക് ബൈബിളിൽ പലവട്ടം ഉപയോഗിക്കുവാൻ കാരണം ആകാശവും സ്വർഗ്ഗമായതുകൊണ്ടാണ്.

### 1. അന്തരീക്ഷം (മേഘമണ്ഡലം)

"അല്ലാതിരുന്നാൽ യഹോവയുടെ ക്രോധം നിങ്ങളുടെ നേരെ ജ്വലിച്ചിട്ട് മഴ പെയ്യാതിരിക്കേണ്ടതിന് അവൻ ആകാശത്തെ (സ്വർഗ്ഗത്തെ) അടച്ചുകളയുകയും ഭൂമി അനുഭവം തരാതിരിക്കുകയും യഹോവ നിങ്ങൾക്കു തരുന്ന നല്ല ദേശത്തുനിന്നു നിങ്ങൾ വേഗം നശിച്ചു പോകുകയും ചെയ്യും" (ആവ. 11:17).

"തക്കസമയത്തു നിന്റെ ദേശത്തിനു മഴ തരുവാനും നിന്റെ വേല ഒക്കെയും അനുഗ്രഹിക്കുവാനും യഹോവ നിനക്കു തന്റെ നല്ല ഭണ്ഡാരമായ ആകാശം (സ്വർഗ്ഗം) തുറക്കും; നീ അനേകം ജാതികൾക്കു വായ്പ കൊടുക്കും; എന്നാൽ നീ വായ്പ വാങ്ങുകയില്ല" (ആവ. 11:17).

"യഹോവേ, നീ സേയീരിൽനിന്നു പുറപ്പെടുകയിൽ, ഏദോമ്യദേശത്തുകൂടി നീ നട കൊള്ളുകയിൽ, ഭൂമി കുലുങ്ങി, ആകാശം (സ്വർഗ്ഗം) പൊഴിഞ്ഞു, മേഘങ്ങൾ വെള്ളം ചൊരിഞ്ഞു" (ന്യായ. 5:4).

"എങ്കിലും അവൻ നൻമചെയ്യുകയും ആകാശത്തുനിന്നു (സ്വർഗ്ഗത്തിൽ നിന്ന്) മഴയും ഫലപുഷ്ടിയുള്ള കാലങ്ങളും നിങ്ങൾക്കു തരുകയും ആഹാരവും സന്തോഷവും നല്കി നിങ്ങളെ തൃപ്തരാക്കുകയും ചെയ്തുപോന്നതിനാൽ തന്നെക്കുറിച്ചു സാക്ഷ്യം തരാതിരുന്നിട്ടില്ല" (പ്രവൃ. 14:17).

മഴ പെയ്യുന്നത് അന്തരീക്ഷത്തിൽ നിന്നാണെന്നു വ്യക്തമാണല്ലോ. പക്ഷേ ദൈവം മഴ പെയ്യിക്കുന്നത് സ്വർഗ്ഗത്തിൽ നിന്നാണ് എന്ന് ഈ വാക്യങ്ങളിലെല്ലാം പറയുന്നു. ബൈബിൾ അന്തരീക്ഷത്തെ സ്വർഗ്ഗം എന്നു വിളിക്കുന്നു എന്നതിന് ഈ വാക്യങ്ങൾ തെളിവാണ്. അതുകൊണ്ട് അന്തരീക്ഷമാണ് ഒന്നാം സ്വർഗ്ഗം.

**2. ശൂന്യാകാശം (നക്ഷത്രമണ്ഡലം)**

"പിന്നെ അവൻ അവനെ പുറത്തുകൊണ്ടുചെന്നു: നീ ആകാശത്തേക്കു (സ്വർഗ്ഗത്തേക്കു) നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്നു കല്പിച്ചു. നിന്റെ സന്തതി ഇങ്ങനെ ആകും എന്നും അവനോടു കല്പിച്ചു." (ഉല്പ. 15:5).

"തങ്ങൾ സ്നേഹിച്ചതും സേവിച്ചതും പിൻചെന്ന് അന്വേഷിച്ചതും നമസ്കരിച്ചതുമായ സൂര്യനും ചന്ദ്രനും ആകാശത്തിലെ (സ്വർഗ്ഗത്തിലെ) സർവ്വസൈന്യത്തിനും മുമ്പാകെ അവയെ നിരത്തി വയ്ക്കും; ആരും അവയെ പെറുക്കിക്കൂട്ടുകയോ കുഴിച്ചിടുകയോ ചെയ്യുകയില്ല; അവ നിലത്തിനു വളമായിത്തീരും എന്ന് യഹോവയുടെ അരുളപ്പാട്" (യിരെ. 8:2).

"ആകാശത്തിലെ (സ്വർഗ്ഗത്തിലെ) നക്ഷത്രങ്ങളും നക്ഷത്രരാശികളും പ്രകാശം തരുകയില്ല; സൂര്യൻ ഉദയത്തിങ്കൽ തന്നേ ഇരുണ്ടു പോകും; ചന്ദ്രൻ പ്രകാശം നല്കുകയുമില്ല" (യെശ. 13:10)

സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും മറ്റും സ്ഥിതിചെയ്യുന്ന ശൂന്യാകാശത്തെ ബൈബിൾ സ്വർഗ്ഗമെന്നു വിളിക്കുന്നു. ഇതാണ് രണ്ടാം സ്വർഗ്ഗം. ഇവ രണ്ടിനും അപ്പുറമാണ് മൂന്നാം സ്വർഗ്ഗം.

**3. പറുദീസ (മൂന്നാം സ്വർഗ്ഗം)**

"സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കുന്നു. കർത്താവ് അവരെ പരിഹസിക്കുന്നു" (സങ്കീ. 2:4)

"അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ. 5:16).



"എന്നാൽ ദൈവം യഥാർത്ഥമായി ഭൂമിയിൽ വസിക്കുമോ? സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും നീ അടങ്ങുകയില്ലല്ലോ; പിന്നെ ഞാൻ പണിതിരിക്കുന്ന ഈ ആലയത്തിൽ അടങ്ങുന്നത് എങ്ങനെ?" (1 രാജാ. 8:27).

"ഇതാ, സ്വർഗ്ഗവും സ്വർഗ്ഗാധിസ്വർഗ്ഗവും ഭൂമിയും അതിലുള്ളതൊക്കെയും നിന്റെ ദൈവമായ യഹോവയ്ക്കുള്ളവ ആകുന്നു." (ആവ. 10:14).

അന്തരീക്ഷം, ശൂന്യാകാശം എന്നിവയും സ്വർഗ്ഗമാണെങ്കിലും മൂന്നാം സ്വർഗ്ഗമാണ് ദൈവത്തിന്റെ സിംഹാസനം. പറുദീസയെന്നും മൂന്നാം സ്വർഗ്ഗത്തിനു പേരുണ്ട്.

## സ്വർഗ്ഗം ശൂന്യമല്ല

സ്വർഗ്ഗമെന്നത് ഒരു ശൂന്യസ്ഥലമാണെന്ന ധാരണയും ശരിയല്ല. എബ്രാ. 12:22-24 ശ്രദ്ധിക്കുക. "പിന്നെയോ സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരുശലേമിനും അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിനും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹ രക്തത്തിനും അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നത്." ഇവിടെ പറയുന്ന സീയോൻ പർവ്വതം വെളി. 14:1ലെ സ്വർഗ്ഗീയ സീയോനാണ്. സ്വർഗ്ഗീയ യെരുശലേം അവിടെയാണല്ലോ. സ്വർഗ്ഗത്തിൽ അനേകായിരം ദൂതന്മാരുണ്ട്; ആദ്യജാതന്മാരുടെ സഭയുണ്ട്; സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കളുണ്ട്; മരണം കാണാതെ എടുക്കപ്പെട്ട ഹാനോക്കും ഏലിയാവും അവിടെയുണ്ടാകും. സ്വർഗ്ഗത്തിൽ അനേക വാസസ്ഥലങ്ങളുണ്ട് (യോഹ. 14:1-3). എങ്കിലും പുതിയ യെരുശലേമെന്ന വിശുദ്ധ നഗരം യേശു ദൈവമക്കൾക്കായി ഒരുക്കിക്കൊണ്ടിരിക്കയാണ്.

## സ്വർഗ്ഗീയ കൗൺസിൽ

സ്വർഗ്ഗത്തിൽ ഒരു കോടതി അഥവാ കൗൺസിൽ സമ്മേളിച്ചുകൊണ്ടിരിക്കയാണ്. ഇയ്യോബിനെ പരീക്ഷിക്കുവാൻ സാത്താൻ അനുവാദം നേടിയത് ഈ കോടതിയിൽനിന്നാണ് (ഇയ്യോബ്. 1:6). നെബൂഖദ്നേസർ രാജാവിനെ പുല്ലു തീറ്റുവാൻ തീരുമാനിച്ചതും ഈ കൗൺസിൽ തന്നെ. "അത്യുന്നതനായവൻ മനുഷ്യരുടെ രാജത്വത്തിൻമേൽ വാഴുകയും അതിനെ തനിക്കു ബോധിച്ചവനു

കൊടുക്കുകയും മനുഷ്യരിൽ അധമനായവനെ അതിൻമേൽ വാഴിക്കുകയും ചെയ്യുന്നു എന്ന് ജീവനോടിരിക്കുന്നവർ അറിയേണ്ടതിന് ഈ വിധി ദൂതൻമാരുടെ നിർണ്ണയവും കാര്യം വിശുദ്ധൻമാരുടെ കല്പനയും ആകുന്നു" (ദാനി. 4:17).

ആഹാബ് രാജാവിനെ ഗിലയാദിലെ രാമോത്തിൽ കൊണ്ടുവന്നു കൊല്ലുവാൻ തീരുമാനിച്ചതെങ്ങനെയെന്നറിയുവാൻ 1 രാജാ. 22:19-23 നോക്കുക. "അതിന് അവൻ പറഞ്ഞത്: എന്നാൽ നീ യഹോവയുടെ വചനം കേൾക്കുക: യഹോവ തന്റെ സിംഹാസനത്തിൽ ഇരിക്കുന്നതും സ്വർഗ്ഗത്തിലെ സൈന്യം ഒക്കെയും അവന്റെ അടുക്കൽ വലത്തും ഇടത്തും നിൽക്കുന്നതും ഞാൻ കണ്ടു. ആഹാബ് ചെന്നു ഗിലെയാദിലെ രാമോത്തിൽവച്ചു പട്ടുപോകത്തക്കവണ്ണം അവനെ ആര് വശീകരിക്കും എന്നു യഹോവ ചോദിച്ചതിന് ഒരുത്തൻ ഇങ്ങനെയും ഒരുത്തൻ അങ്ങനെയും പറഞ്ഞു. അപ്പോൾ ഒരു ആത്മാവു മുമ്പോട്ടു വന്നു യഹോവയുടെ സന്നിധിയിൽ നിന്നു: ഞാൻ അവനെ വശീകരിക്കും എന്നു പറഞ്ഞു. ഏതിനാൽ എന്നു യഹോവ ചോദിച്ചതിന് അവൻ: ഞാൻ പുറപ്പെട്ട് അവന്റെ സകല പ്രവാചകൻമാരുടെയും വായിൽ ഭോഷ്കിന്റെ ആത്മാവായിരിക്കും എന്നു പറഞ്ഞു. നീ അവനെ വശീകരിക്കും, നിനക്കു സാധിക്കും; നീ ചെന്ന് അങ്ങനെ ചെയ്യുക എന്ന് അവൻ കല്പിച്ചു."

പത്രോസിനെ കോതമ്പുപോലെ പാറ്റി നോക്കുവാൻ സാത്താൻ അനുവാദം ചോദിച്ചപ്പോൾ കർത്താവ് പത്രോസിനുവേണ്ടി പിതാവിനോടപേക്ഷിച്ച സംഭവം (ലൂക്കോ. 22:31,32) ഈ വിഷയത്തോടുള്ള ബന്ധത്തിൽ ശ്രദ്ധിക്കുക: "ശിമോനേ, ശിമോനേ, സാത്താൻ നിങ്ങളെ കോതമ്പു പോലെ പാറ്റേണ്ടതിനു കല്പന ചോദിച്ചു. ഞാനോ നിന്റെ വിശ്വാസം പൊയ്പ്പോകാതിരിക്കുവാൻ നിനക്കു വേണ്ടി അപേക്ഷിച്ചു; എന്നാൽ നീ ഒരു സമയം തിരിഞ്ഞു വന്നശേഷം നിന്റെ സഹോദരൻമാരെ ഉറപ്പിച്ചുകൊള്ളുക."

ഈ കോടതിയിലാണ് യേശു നമുക്കുവേണ്ടി പിതാവിനോടു പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നത്. മഹാപുരോഹിതനായ യോശുവ മുഷിഞ്ഞ വസ്ത്രം ധരിച്ചുകൊണ്ടു നിന്നപ്പോൾ അവനെ കുറ്റം ചുമത്താൻ സാത്താൻ എത്തി. "അനന്തരം അവൻ എനിക്കു മഹാപുരോഹിതനായ യോശുവ, യഹോവയുടെ ദൂതന്റെ മുമ്പിൽ നില്ക്കുന്നതും സാത്താൻ അവനെ കുറ്റം ചുമത്തുവാൻ അവന്റെ വലത്തു ഭാഗത്തു നില്ക്കുന്നതും കാണിച്ചുതന്നു. യഹോവ



സാത്താനോട്: സാത്താനേ, യഹോവ നിന്നെ ഭർത്സിക്കുന്നു; യെരൂശലേമിനെ തിരഞ്ഞെടുത്തിരിക്കുന്ന യഹോവ തന്നേ നിന്നെ ഭർത്സിക്കുന്നു; ഇവൻ തീയിൽനിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ എന്നു കല്പിച്ചു. എന്നാൽ യോശുവ മുഷിഞ്ഞ വസ്ത്രം ധരിച്ചു ദൂതന്റെ മുമ്പിൽ നില്ക്കുകയായിരുന്നു. അവൻ തന്റെ മുമ്പിൽ നില്ക്കുന്നവരോട്: മുഷിഞ്ഞ വസ്ത്രം അവങ്കൽനിന്നു നീക്കിക്കളയുവിൻ എന്നു കല്പിച്ചു: പിന്നെ അവനോട്: ഞാൻ നിന്റെ അകൃത്യം നിന്നിൽനിന്നു പോക്കിയിരിക്കുന്നു; നിന്നെ ഉത്സവവസ്ത്രം ധരിപ്പിക്കും എന്ന് അരുളിച്ചെയ്തു" (സെഖ. 3:1-4).

നമ്മുടെ ജീവിതത്തിലുണ്ടാകുന്ന ചെറിയ തെറ്റുകളും കുറ്റങ്ങളുംപോലും സാത്താൻ ഇപ്രകാരം ദൈവമുമ്പാകെ കൊണ്ടുവരുമെന്നു മറക്കരുത്. യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചതിനാൽ, അവന്റെ രക്തത്തിലൂടെ നമുക്കു ലഭിച്ച നീതീകരണത്തിലാശ്രയിച്ചു നാം രക്ഷപ്പെടുകയാണ്. നമ്മുടെ വിഷയവുമായി ബന്ധമില്ലാത്തതുകൊണ്ട് ഈ കാര്യം ഇവിടെ വിശദീകരിക്കുന്നില്ല.

## സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും

സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും ഒന്നാണെന്നു തെറ്റിദ്ധരിച്ചിട്ടില്ലാത്തവർ ചുരുക്കമാണ്. "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ നിനക്കു തരുന്നു" എന്ന് കർത്താവ് പത്രോസിനോടു പറഞ്ഞ ഭാഗം "സ്വർഗ്ഗത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു" എന്ന അർത്ഥത്തിലാണ് കത്തോലിക്കസഭ പഠിപ്പിക്കുന്നത്. അതുകൊണ്ട് ഈ വിഷയവും അല്പം വിശദീകരിക്കട്ടെ.

സ്വർഗ്ഗരാജ്യം എന്നാൽ സ്വർഗ്ഗമെന്നല്ല അർത്ഥം. സ്വർഗ്ഗരാജ്യം എന്ന പ്രയോഗം മത്തായിയുടെ സുവിശേഷത്തിൽ മാത്രമേയുള്ളു. അതുകൊണ്ട് മത്തായിയുടെ സുവിശേഷം മുഴുവൻ ഒരു വട്ടം വായിക്കുക. അപ്പോൾ മനസ്സിലാകും, സ്വർഗ്ഗരാജ്യത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സ്വർഗ്ഗത്തിനു യോജിക്കില്ലെന്ന്. ചില ഉദാഹരണങ്ങൾ ഇതാ:

"അവൻ മറ്റൊരു ഉപമ അവർക്ക് പറഞ്ഞുകൊടുത്തു: സ്വർഗ്ഗരാജ്യം ഒരു മനുഷ്യൻ തന്റെ നിലത്തു നല്ല വിത്തു വിതച്ചതിനോടു സദൃശമാകുന്നു. മനുഷ്യർ ഉറങ്ങുമ്പോൾ അവന്റെ ശത്രു വന്നു, കോതമ്പിന്റെ ഇടയിൽ കള വിതച്ചു പൊയ്ക്കളഞ്ഞു. ഞാറു വളർന്നു കതിരായപ്പോൾ കളയും കാണായ്വന്നു. അപ്പോൾ വീട്ടുടയവന്റെ ദാസൻമാർ അവന്റെ അടുക്കൽ ചെന്നു: യജമാനനേ, വയ

ലിൽ നല്ല വിത്തല്ലയോ വിതച്ചത്? പിന്നെ കള എവിടെനിന്നു വന്നു എന്നു ചോദിച്ചു. ഇതു ശത്രു ചെയ്തതാകുന്നു എന്ന് അവൻ അവരോടു പറഞ്ഞു. ഞങ്ങൾ പോയി അതു പറിച്ചുകൂട്ടുവാൻ സമ്മതമുണ്ടോ എന്നു ദാസൻമാർ അവനോട് ചോദിച്ചു. അതിന് അവൻ: ഇല്ല, പക്ഷേ കള പറിക്കുമ്പോൾ കോതമ്പും കൂടെ പിഴുതു പോകും. രണ്ടുംകൂടെ കൊയ്ത്തോളം വളരട്ടെ; കൊയ്ത്തു കാലത്തു ഞാൻ കൊയ്യുന്നവരോടു മുമ്പെ കളപറിച്ചുകൂട്ടി ചുട്ടുകളയേണ്ട തിനു കെട്ടുകളായി കെട്ടുവാനും കോതമ്പ് എന്റെ കളപ്പുരയിൽ കൂട്ടിവയ്ക്കുവാനും കല്പിക്കും എന്നു പറഞ്ഞു. മറ്റൊരു ഉപമ അവൻ അവർക്ക് പറഞ്ഞു കൊടുത്തു; സ്വർഗ്ഗരാജ്യം കടുകുമണി യോടു സദൃശം; അത് ഒരു മനുഷ്യൻ എടുത്തു തന്റെ വയലിൽ ഇട്ടു. അത് എല്ലാ വിത്തിലും ചെറിയതെങ്കിലും വളർന്നു സസ്യ ങ്ങളിൽ ഏറ്റവും വലുതായി, ആകാശത്തിലെ പറവകൾ വന്ന് അതി ന്റെ കൊമ്പുകളിൽ വസിക്കുവാൻ തക്കവണ്ണം വൃക്ഷമായിത്തീരുന്നു. അവൻ മറ്റൊരു ഉപമ അവരോട് പറഞ്ഞു: സ്വർഗ്ഗരാജ്യം പുളിച്ച മാവിനോട് സദൃശം; അത് ഒരു സ്ത്രീ എടുത്തു മൂന്നുപറ മാവിൽ എല്ലാം പുളിച്ചുവരുവോളം അടക്കിവച്ചു." (മത്താ. 13: 24-33).

സ്വർഗ്ഗരാജ്യം എന്നത് സ്വർഗ്ഗമാണെങ്കിൽ ഈ ഉപമകൾ എങ്ങനെ വ്യാഖ്യാനിക്കും? ഇതിനു സദൃശ്യമായ നിരവധി ഉപമ കളും പ്രവചനങ്ങളും മത്തായിയുടെ സുവിശേഷത്തിലുണ്ട്. ഇവ യൊന്നും വ്യാഖ്യാനിക്കാൻ കഴിയുന്നതല്ല. തെറ്റിയതാർക്ക്? കർത്താവിനോ? അതോ നമുക്കോ? കർത്താവിനു തെറ്റുപറ്റുകയി ല്ലെന്നു തീർച്ച. അങ്ങനെയെങ്കിൽ തെറ്റിയതു നമുക്കുതന്നെ. എവി ടെയാണ് നമുക്കു തെറ്റിയത്?

മറ്റു സുവിശേഷങ്ങളിൽ "ദൈവരാജ്യം" എന്നു പ്രയോഗി ച്ചിരിക്കുന്ന വാക്കുതന്നെയാണ് "സ്വർഗ്ഗരാജ്യം" എന്ന് മത്തായി പറയുന്നതെന്ന് മത്തായിയുടെ സുവിശേഷം മറ്റു സുവിശേഷങ്ങ ളുമായി താരതമ്യം ചെയ്തു പഠിച്ചാൽ മനസ്സിലാക്കാം. ദൈവരാ ജ്യത്തെക്കുറിച്ച് മറ്റു സുവിശേഷങ്ങളിൽ പറയുന്ന അതേ കാര്യ ങ്ങൾ സ്വർഗ്ഗരാജ്യത്തെക്കുറിച്ച് മത്തായി പറയുന്നു.

മത്തായി എന്തിന് ദൈവരാജ്യത്തെ കഴിയുന്നത്ര സ്വർഗ്ഗ രാജ്യമാക്കി? ദൈവം എന്നോ ദൈവരാജ്യം എന്നോ മത്തായി വളരെ ചുരുക്കമായി മാത്രം എഴുതുവാൻ കാരണമെന്ത്? നാലു സുവിശേഷകരും നാലു തരത്തിലുള്ള ആൾക്കാരെ മുൻപിൽ കണ്ടു



കൊണ്ടാണ് സുവിശേഷമെഴുതിയത്. മർക്കോസ് റോമാക്കാർക്കു വേണ്ടിയും ലൂക്കോസ് യവനർക്കുവേണ്ടിയും യോഹന്നാൻ ദൈവ സഭക്കുവേണ്ടിയും സുവിശേഷമെഴുതിയപ്പോൾ മത്തായി യഹൂദ ന്മാർക്കുവേണ്ടി യേശുവിന്റെ ചരിത്രം, അവർക്കു രസിക്കുന്നവിധം എഴുതി. മറ്റുള്ളവർക്കു മുഷിപ്പായി തോന്നുമെങ്കിലും യഹൂദർക്ക് ഏറെ ഇഷ്ടമായ വംശാവലി സുവിശേഷത്തിന്റെ ആരംഭത്തിൽ ത്തന്നെ മത്തായി ചേർത്തത് യഹൂദന്മാരെ ആകർഷിക്കാനാണ്. മണിക്കൂറുകളോളം വംശാവലി വായിച്ചാലും യഹൂദർ മുഷിയുകയി ല്ല. 1 ദിന. 1-ാം അദ്ധ്യായം മുതൽ 9-ാം അദ്ധ്യായം വരെ വംശാവ ലിയെഴുതിയിരിക്കുന്നതു ശ്രദ്ധിക്കുക.

യേശു അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനാണ് എന്നു തെളിയിച്ചിരിക്കുന്നതും യഹൂദരെ ആകർഷിക്കാനാണ്. യേശു ദാവീദിന്റെ സന്തതിയല്ലെങ്കിൽ മിശിഹായാകുവാൻ കഴിയു ന്നതല്ല. യേശുവിനെ തേടിയെത്തിയ വിദ്വാന്മാർ, യഹൂദന്മാരുടെ രാജാവായി പിറന്നവനെ അന്വേഷിച്ച സംഭവം മത്തായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. യേശുവിന്റെ ജീവിതത്തിലെ ഓരോ സംഭ വവും പഴയനിയമത്തിലെ പ്രവചനമനുസരിച്ചാണു നടന്നതെന്നു ചൂണ്ടിക്കാണിക്കുവാനും മത്തായി മറക്കുന്നില്ല. മിശിഹാ കന്യക യുടെ പുത്രനായിരിക്കും (യെശ. 7:14), ബേത്ത്ലഹേമിൽ ജനിക്കും (മിഖാ. 5:2) എന്നിവ മാത്രമല്ല, പഴയനിയമകാലത്ത് നിലവിലില്ലാ തിരുന്ന നസ്രേത്ത് എന്ന പട്ടണത്തിൽ യേശു വളരുമെന്നുവരെ പ്രവചനമുണ്ടെന്നു ചൂണ്ടിക്കാണിച്ചു. യെശ. 11:1ൽ "കൊമ്പ്" എന്ന തിന് എബ്രായഭാഷയിൽ നെസ്സേർ എന്ന വാക്കാണുപയോഗിച്ചി രിക്കുന്നതെന്ന് അറിയാവുന്ന യഹൂദന്മാർക്ക് അവൻ നസ്രായൻ എന്നു വിളിക്കപ്പെടുമെന്നു പറഞ്ഞതിന്റെ പൊരുൾ മനസ്സിലായി. ഇങ്ങനെ, യഹൂദന്മാർക്കുവേണ്ടി സുവിശേഷമെഴുതിയ മത്തായി, ദൈവരാജ്യത്തെ സ്വർഗ്ഗരാജ്യമാക്കിയതിൽ അത്ഭുതമില്ല.

"ദൈവത്തിന്റെ നാമം വൃഥാ എടുക്കരുത്" എന്ന കല്പന അതിഗൗരവമായി കണക്കിലെടുത്ത യഹൂദന്മാർ 'യഹോവ' എന്ന പേരുതന്നെ ഉച്ചരിക്കുവാൻ ഭയപ്പെട്ടു. പഴയനിയമത്തിൽ 'യഹോവ' എന്നു പറയുന്ന ഭാഗങ്ങൾ പുതിയനിയമത്തിൽ ഉദ്ധരിച്ചപ്പോൾ 'കർത്താവ്' എന്നാക്കിയത് ഈ കാരണത്താലത്രേ. 'യഹോവ' എന്ന് പുതിയനിയമത്തിൽ ഒരിടത്തുപോലും എഴുതിയിട്ടില്ലെന്നതും ശ്രദ്ധേയമത്രേ. ചിലർ 'ദൈവം' എന്നുപോലും പറയാൻ ഭയപ്പെട്ടു.

പരീശൻമാരും ശാസ്ത്രിമാരും അതിഭക്തരായ മറ്റ് യഹൂദരും 'ദൈവം' എന്നതിനുപകരമായി 'കർത്താവ്' എന്നുപയോഗിച്ചു. ദൈവനാമത്തെ ഇത്രമാത്രം ഭയപ്പെട്ടിരുന്ന യഹൂദന്മാർക്കുവേണ്ടി സുവിശേഷമെഴുതിയപ്പോൾ മത്തായി 'ദൈവം' എന്ന വാക്ക് ഒഴിവാക്കാൻ ദൈവരാജ്യം എന്നതു സ്വർഗ്ഗരാജ്യമെന്നാക്കിയെന്നേയുള്ളൂ. ദൈവം എന്ന അർത്ഥത്തിൽ സ്വർഗ്ഗം എന്നുപയോഗിക്കാമല്ലോ. "ദൈവമേ കേൾക്കേണമേ" എന്നു പറയുന്നതിനുപകരം "സ്വർഗ്ഗമേ കേൾക്കേണമേ" എന്നു പറഞ്ഞാലും മതിയാകും. "ദൈവം എല്ലാം കാണുന്നു" എന്ന അർത്ഥം തന്നെ "സ്വർഗ്ഗം എല്ലാം കാണുന്നു" എന്നു പറഞ്ഞാലും ഉണ്ടാകുമല്ലോ. "അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു" എന്നു മുടിയൻപുത്രൻ പറയുന്നത് "അപ്പാ, ഞാൻ ദൈവത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു" എന്ന അർത്ഥത്തിലാണല്ലോ. അതുകൊണ്ട് ദൈവരാജ്യം എന്നതുതന്നെയാണ് സ്വർഗ്ഗരാജ്യം എന്നു മനസ്സിലാക്കണം.

പത്രോസിനു ലഭിച്ചത് സ്വർഗ്ഗത്തിന്റെ താക്കോലല്ല, സ്വർഗ്ഗരാജ്യത്തിന്റെ (ദൈവരാജ്യത്തിന്റെ) താക്കോലാണ്. സ്വർഗ്ഗത്തിനു താക്കോലുണ്ടോ എന്നറിഞ്ഞുകൂടാ. ഉണ്ടെങ്കിൽത്തന്നെ അത് ഒരു മനുഷ്യന് കൊടുക്കുകയുമില്ല. ഇനി ദൈവരാജ്യം എന്താണെന്നു നോക്കാം.

"നിന്റെ രാജ്യം വരേണമേ" എന്നു പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചതിൽ നിന്നും ദൈവരാജ്യം എന്നത് ദൈവം ഈ ഭൂമിയിൽ സ്ഥാപിക്കുന്ന രാജ്യമാണെന്നു വ്യക്തമാണല്ലോ. രാജാധിരാജാവായ യേശു ഈ ഭൂമിയെ അടക്കി ഭരിക്കുന്ന ഒരു കാലം വരുന്നു. ആയിരം വർഷം നീളുന്നതാണ് ഈ ഭരണം. "ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു; അവർ ജീവിച്ചു ആയിരമാണ്ട് ക്രിസ്തുവിനോടുകൂടെ വാണു" (വെളി. 20:4). ദാനിയേൽ പ്രവചനം 9:24-27-ലെ എഴുപതാഴ്ചവട്ടം അവസാനിക്കുന്നതോടെയാണ് സഹസ്രാബ്ദം ആരംഭിക്കുന്നത്. യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയാൻ കല്പന പുറപ്പെട്ടതു മുതൽ 69 ആഴ്ചകൾ അവസാനിച്ച ദിവസമാണ് നാം ഓശാന ഞായറാഴ്ച എന്നു വിളിക്കുന്ന ദിവസത്തെ സംഭവമുണ്ടായത്. യേശു കഴുതപ്പുറത്തു കയറി യെരുശലേമിൽ എത്തിയ ആ ദിവസം യേശുവിനെ യഹൂദന്മാർ തങ്ങളുടെ രാജാവായി അംഗീകരിച്ചിരുന്നെങ്കിൽ ഏഴുവർഷത്തിനുശേഷം ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടുമായിരുന്നു. എന്നാൽ മൂലക്കല്ലായ യേശുവിനെ വീടു പണിയുന്നവർ തള്ളിക്കളഞ്ഞു. അതോടെ 69-ാം ആഴ്ചയ്ക്കും 70-ാം ആഴ്ചയ്ക്കും ഇടയിൽ ഒരു ബ്രാക്കറ്റ് കാലമുണ്ടായി. അതാണ് സഭാകാലം. ഇനി ഏറെ കഴിയുന്നതിനുമുൻപ് യേശുവിന്റെ രഹസ്യപ്രത്യക്ഷതയുണ്ടാകും. അപ്പോൾ സഭ ഈ ഭൂമിയിൽനിന്നും മാറ്റപ്പെടും. തുടർന്ന് ഏഴുവർഷക്കാലം എതിർക്രിസ്തുവിന്റെ ഭരണം നടക്കും. അതിന്റെ അവസാനത്തിൽ യേശു പ്രത്യക്ഷനാകുകയും എതിർക്രിസ്തുവിനെ തോല്പിച്ചശേഷം ഈ ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുകയും ചെയ്യും. ഇതാണ് അക്ഷരാർത്ഥത്തിലുള്ള ദൈവരാജ്യം.



എന്നാൽ മർക്കോസ് 9:1 നോക്കുക: "ദൈവരാജ്യം ശക്തിയോടെ വരുന്നതുകാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ട് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" എന്നു കർത്താവു പറയുന്നു. അന്ന് കർത്താവിനോടു കൂടെയുണ്ടായിരുന്നവരിൽ ആരും ഇന്ന് ഭൂമിയിൽ ജീവനോടെയില്ല. അങ്ങനെയെങ്കിൽ ഇപ്പോൾ ദൈവരാജ്യം ഭൂമിയിലുണ്ടെന്നു വരുന്നു. അതെങ്ങനെ ശരിയാകും?

ബൈബിൾ കൊണ്ടു തന്നെ ബൈബിൾ വ്യാഖ്യാനിച്ചാൽ ഇതിന് ഉത്തരം കണ്ടെത്താം. റോമർ 14:17 വായിക്കുക: "ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രേ." നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമുള്ള അവസ്ഥയെ, ആത്മീയ അർത്ഥത്തിൽ, ദൈവരാജ്യം എന്നു വിളിക്കാം. ആ ദൈവരാജ്യം ഈ ഭൂമിയിൽ വന്നുകഴിഞ്ഞു. പെന്തക്കോസ്ത് നാളിൽ പരിശുദ്ധാത്മാവ് ഈ ഭൂമിയിലെത്തിയതു മുതൽ ആത്മീയ ദൈവരാജ്യം ഈ ഭൂമിയിലുണ്ട്. യൂദാസ് ഒഴികെയുള്ള ശിഷ്യന്മാർ അന്നു ജീവനോടെ ഉണ്ടായിരുന്നു. അതുകൊണ്ട് മർക്കോ. 9:1 നിവൃത്തിയായി.

യഹൂദന്മാർ യേശുവിനെ രാജാവായി സ്വീകരിക്കാതിരുന്നതിനാൽ അക്ഷരാർത്ഥത്തിലുള്ള ദൈവരാജ്യം വെളിപ്പെട്ടില്ല.

എങ്കിലും ദൈവപദ്ധതിക്കു മാറ്റം വരുന്നില്ല. അങ്ങനെ ദൈവം ആത്മീകമായ ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിച്ചു. ദൈവസഭയിൽ ദൈവരാജ്യം ഇന്നു നിലനിൽക്കുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ദൈവസഭയാണ് ആത്മീയ ദൈവരാജ്യം. (സഭയെന്നാൽ ഏതെങ്കിലും സംഘടനയല്ലെന്നു മറക്കരുത്). പത്രോസിന്റെ കൈയ്യിൽ ലഭിച്ചത് ഈ ദൈവരാജ്യത്തിന്റെ താക്കോലാണ്.

നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും പെന്തക്കോസ്തുനാളിൽ ഈ ഭൂമിയിലെത്തി. അന്ന് ആത്മീക ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെട്ടു. ആദ്യമായി 120 ആളുകൾ ആ രാജ്യത്തിലെ പ്രജകളായി. ആത്മശക്തിയിൽ നിറഞ്ഞ് ജനം ആരാധിച്ചപ്പോഴുണ്ടായ ശബ്ദംകേട്ട് ഓടിക്കൂടിയവരിൽ പലരും പത്രോസിന്റെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടു. അവർക്കും ഈ ദൈവരാജ്യത്തിൽ പ്രവേശിക്കണമെന്ന ആഗ്രഹമുണ്ടായി. അവർ, "സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടൂ" എന്നു ചോദിച്ചു. പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുവാൻ എന്തു ചെയ്യേണ്ടൂ എന്നാണ് അവർ ചോദിച്ചത്. ഈ സമയം പത്രോസ് തനിക്കു ലഭിച്ച താക്കോൽ ഉപയോഗിച്ച് സ്വർഗ്ഗരാജ്യത്തിന്റെ (ദൈവസഭയുടെ) വാതിൽ യഹൂദന്മാർക്കായി (സഹോദരന്മാർക്കായി) തുറന്നു. "നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ, എന്നാൽ പരിശുദ്ധാത്മാവെന്ന ദാനം ലഭിക്കും." ദൈവരാജ്യത്തിൽ പ്രവേശിക്കാനുള്ള വാതിൽ പത്രോസ് തുറന്നു, മൂവായിരംപേർ അന്നു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിച്ചു. അക്കാലത്തു ലോകത്തുണ്ടായിരുന്ന മനുഷ്യരെ നാലായി തിരിക്കാം. (1) യഹൂദന്മാർ (2) ശമര്യക്കാർ (3) ജാതികൾ (4) ദൈവസഭ. പെന്തക്കോസ്തു നാളിൽ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച 120 പേർ ദൈസഭയിലെ അംഗങ്ങളായിരുന്നു. ബാക്കിയുള്ളവരിൽ യെഹൂദന്മാർക്കുവേണ്ടി പത്രോസ് പെന്തക്കോസ്തുനാളിൽ സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ തുറന്നു. ശമര്യരും ജാതികളും ശേഷിച്ചു.

ഫിലിപ്പോസിന്റെ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ടു സ്നാനപ്പെട്ട ശമര്യർ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചില്ല. അതുകൊണ്ട് യെരുശലേമിൽനിന്നും പത്രോസും യോഹന്നാനും വന്ന് അവർക്കായി പ്രാർത്ഥിച്ചു. അങ്ങനെ ശമര്യർക്കുവേണ്ടിയും പത്രോസ് സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ തുറന്നു (പ്രവൃ.8).



ദൈവം ജാതികൾക്കും സ്വർഗ്ഗരാജ്യം തുറന്നുകൊടുക്കുവാൻ തിരുമനസ്സായപ്പോൾ പത്രോസിനെത്തന്നെ കൊർന്നല്യോസിന്റെ ഭവനത്തിൽ അയച്ചു (പ്രവൃ.10). യേശുവിന്റെ നാമത്തിൽ പാപമോചനം ലഭിക്കുമെന്ന സുവിശേഷം കേട്ടമാത്രയിൽ ജാതികൾ സ്വർഗ്ഗരാജ്യത്തിലേക്കു തള്ളിക്കയറി (പ്രവൃ.10:44-46). യഹൂദന്മാർ, ശമര്യർ തുടങ്ങിയവരെപ്പോലെ സ്നാനപ്പെടുവാൻപോലും അവർ കാത്തുനിന്നില്ല. ബലാൽക്കാരികൾ ബലാൽക്കാരേണ സ്വർഗ്ഗരാജ്യം അവകാശമാക്കുന്നു എന്ന വചനം ഇവിടെ അന്വർത്ഥമായി. സ്നാനപ്പെട്ട് പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുക എന്ന ക്രമംവിട്ട് ഈ ബലാൽക്കാരികൾ പരിശുദ്ധാത്മാവിനെ പ്രാപിക്കയും പിന്നീട് സ്നാനമേൽക്കയും ചെയ്തു.

ക്രിസ്തീയമാർഗ്ഗം (ആത്മീയാർത്ഥത്തിൽ) ബലാൽക്കാരത്തിന്റെ മാർഗ്ഗമാണ്. ഉറക്കംതൂങ്ങിയിരിക്കുന്നവർ എന്നും അങ്ങനെയിരിക്കും. ദാഹിക്കുന്നവൻ വരും. ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങിക്കുടിക്കും. ഇന്നും അനേകർ സ്നാനപ്പെടുന്നതിനു മുൻപ് (ബലാൽക്കാരേണ) പരിശുദ്ധാത്മാവിനെ പ്രാപിക്കാറുണ്ട്. (ഇവർ താമസിയാതെ സ്നാനമേൽക്കും). സ്നാനമേറ്റ ശേഷം പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുന്നവരുമുണ്ട്. വിശ്വാസം, സ്നാനം, കൂട്ടായ്മ, പ്രാർത്ഥന, വിശുദ്ധജീവിതം തുടങ്ങി വേണ്ടതും അതിലധികവും നടത്തിയിട്ടും പരിശുദ്ധാത്മാഭിഷേകം പ്രാപിക്കാത്തവരുമുണ്ട്. അക്ഷരാർത്ഥത്തിലുള്ള സ്വർഗ്ഗരാജ്യം താമസംവിനാ ഈ ഭൂമിയിൽ സ്ഥാപിക്കപ്പെടും. അതിൽ അംഗങ്ങളാകുവാൻ ആഗ്രഹിക്കുന്നവർ ആത്മീയ സ്വർഗ്ഗരാജ്യത്തിൽ ഇപ്പോൾതന്നെ പ്രവേശിച്ചേ മതിയാകൂ.

പത്രോസിനു ലഭിച്ചത് സ്വർഗ്ഗത്തിന്റെ താക്കോലല്ല, മറിച്ച് നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമുള്ള ദൈവസഭയെന്ന സ്വർഗ്ഗരാജ്യത്തിന്റെ താക്കോലാണെന്നു വ്യക്തമായല്ലോ. കർത്താവായ യേശുക്രിസ്തുവിന്റെ യാഗത്തിൽ വിശ്വസിച്ച് അവനെ രക്ഷിതാവായി സ്വീകരിക്കുന്നവൻ നിത്യജീവൻ പ്രാപിക്കും എന്ന സുവിശേഷമാണ് ആ താക്കോൽ. യഹൂദർ, ശമര്യാക്കാർ, ജാതികൾ തുടങ്ങിയവരെല്ലാം സ്വർഗ്ഗരാജ്യത്തിൽ (ദൈവസഭയിൽ) പ്രവേശിക്കുന്നത് സുവിശേഷത്തിലൂടെയാണ്.

മത്തായിയുടെ സുവിശേഷത്തിൽ സ്വർഗ്ഗരാജ്യം എന്ന് എഴുതിയിരിക്കുന്നത് സ്വർഗ്ഗത്തേക്കുറിച്ചല്ല ദൈവരാജ്യത്തേക്കുറിച്ചാ

ണെന്ന് ഈ പറഞ്ഞതിൽ നിന്ന് വ്യക്തമാണല്ലോ. ദൈവരാജ്യം ആത്മീയ അർത്ഥത്തിൽ ദൈവസഭയാണ്. മത്തായി സ്വർഗ്ഗരാജ്യം എന്നു പറയുന്ന എല്ലാ വാക്യങ്ങളിലും സ്വർഗ്ഗരാജ്യം എന്ന വാക്കു മാറ്റി ദൈവസഭ എന്നാക്കി വായിച്ചാൽ വ്യാഖ്യാനപ്രശ്നവും തീരും.

ദൈവം തന്റെ സിംഹാസനമായ സ്വർഗ്ഗത്തെക്കുറിച്ച് പൂർണ്ണമായ അറിവു മനുഷ്യനു നൽകിയിട്ടില്ല. എങ്കിലും നാം നിത്യ രക്ഷ പ്രാപിക്കുവാൻ ആവശ്യമായ മറ്റു വിവരങ്ങൾ നൽകുന്നതോടൊപ്പം സ്വർഗ്ഗത്തെക്കുറിച്ചും ചിലതെല്ലാം നമുക്കു വെളിപ്പെടുത്തിയിട്ടുണ്ടെന്നു മാത്രം. നാം ഇപ്പോൾ ഇതൊക്കെയും കണ്ണാടിയിൽ കടമൊഴിയായി കാണുന്നു. എന്നാൽ ഭാവിയിൽ സകലതും അഭിമുഖമായും സ്പഷ്ടമായും കാണും. അന്ന് ഒന്നിനെക്കുറിച്ചും ഒരു സംശയവും ശേഷിക്കയില്ല. അതുവരെ ഇതൊക്കെ വിശ്വാസക്കണ്ണാൽ കണ്ടുകൊണ്ട് ജീവിതയാത്ര തുടരുകയേ നിവർത്തിയുള്ളൂ.

സ്വർഗ്ഗത്തിൽ സന്ദർശനം നടത്തിയതായി പലരും അവകാശപ്പെടാറുണ്ട്. ചിലർ സ്വർഗ്ഗത്തിൽ പോകുന്നതു സ്ഥിരം പരിപാടിയാക്കിയിട്ടുമുണ്ട്. ഇത്തരക്കാർ തങ്ങളുടെ അനുഭവങ്ങൾ എഴുതുക പതിവാണ്. ദൈവജനം ഇതൊന്നും വിശ്വസിക്കരുത്. സ്വർഗ്ഗത്തേക്കുറിച്ച് നാം അറിയേണ്ടതെല്ലാം ദൈവവചനമായ ബൈബിളിലുണ്ട്. അതിൽ അധികമായി ഒന്നും നാം അറിയുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. പുതിയ വെളിപ്പാടുകൾ ആവശ്യമില്ല. അവ ദൈവീകമല്ല, ആകാൻ കഴിയുന്നതുമല്ല.

സ്വർഗ്ഗത്തെക്കുറിച്ചു പൂർണ്ണമായ അറിവ് നമുക്കില്ലെങ്കിലും അറിഞ്ഞിടത്തോളംതന്നെ ആവശ്യത്തിലധികമുണ്ട്. സ്വർഗ്ഗം ഒരു മോഹന സങ്കല്പമല്ല, പച്ചയായ യാഥാർത്ഥ്യമാണ്. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ മാത്രമേ അവിടെയെത്തുകയുള്ളൂ എന്നതും കലർപ്പില്ലാത്ത സത്യം തന്നെ.



# 4
# പാതാളം

പാതാളം എന്നൊരു സ്ഥലത്തെക്കുറിച്ച് ബൈബിളിൽ പറയുന്നുണ്ടെന്നു മിക്കവർക്കും അറിഞ്ഞുകൂടാ. അറിയാവുന്നവരിൽ ത്തന്നെ നല്ലൊരു പങ്കിനും പാതാളത്തേക്കുറിച്ചു വസ്തുനിഷ്ഠമായി അറിഞ്ഞുകൂടാ. ഈ അജ്ഞത മുതലെടുത്താണ് സാത്താൻ മരണാനന്തര ജീവിതത്തെപ്പറ്റി ഒട്ടനവധി തെറ്റിദ്ധാരണകൾ പരത്തുന്നത്. പല കൾട്ടുകളുടെയും നിലനിൽപ്പുതന്നെ ഈ അജ്ഞതയിലാണ്. പട്ടത്വ സഭകളിൽ മരിച്ചവരോടുള്ള പ്രാർത്ഥന, മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന തുടങ്ങിയവ നടത്തുന്നതും പാതാളത്തെക്കുറിച്ചറിയാതെയാണ്. അതുകൊണ്ട് നമുക്കിനി ആ വിഷയത്തിലേക്കു കടക്കാം.

സ്വർഗ്ഗം, നരകം, പാതാളം എന്നിവയെക്കുറിച്ച് ഏറെ തെറ്റിദ്ധാരണകളുള്ളതിനാൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയുവാൻ വളരെ വിശദീകരണം ആവശ്യമായി വരും. എങ്കിലും, ഗവേഷണ പഠനമല്ല മറിച്ച് സാധാരണക്കാർക്കാവശ്യമുള്ള വിവരങ്ങൾ നൽകുകയാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം. ആകയാൽ വളരെ ആഴത്തിലേക്കിറങ്ങുകയോ, വിശദാംശങ്ങളിലേക്കു കടക്കുകയോ ചെയ്യാതെ പ്രധാന കാര്യങ്ങൾ മാത്രം സ്പർശിച്ചു കടന്നുപോകുവാൻ ആഗ്രഹിക്കുന്നു.

നരകം, പാതാളം എന്നിവയെക്കുറിച്ചു പഠിക്കുന്നതിനു മുൻപായി ചില വാക്കുകൾ നമുക്കു പരിചയപ്പെടാം.

**1. ഷീയോൾ:-** ഇത് എബ്രായ ഭാഷയിലുള്ള വാക്കാണ്. ഭൂമിക്കടിയിലുള്ള ഒരു സ്ഥലമാണിത്. പാതാളം എന്ന് തർജ്ജമ ചെയ്താൽ അർത്ഥം ഏകദേശം വ്യക്തമാകും. പക്ഷേ പല സ്ഥലത്തും ഇതിന്റെ തർജ്ജമ ശരിയല്ല. ഉദാഹരണമായി കെ.ജെ.വിയിൽ ഈ വാക്ക് 31

പ്രാവശ്യം നരകം എന്നും 31 പ്രാവശ്യം ശവക്കുഴി എന്നും മൂന്നു പ്രാവശ്യം കുഴി എന്നും തർജ്ജമ ചെയ്തിരിക്കയാണ്. കൾട്ടുകൾക്ക് അവരുടെ ദുരുപദേശങ്ങൾ സ്ഥാപിക്കുവാൻ ഇത്തരം തർജ്ജമപ്പി ശകുകൾ വളരെ സഹായകമായിട്ടുണ്ട്. ഈ വാക്ക് തർജ്ജമ ചെയ്യാതെ വിട്ടാൽ മതിയായിരുന്നു.

**2. ഹേഡീസ്:** ഷീയോൾ എന്ന എബ്രായ വാക്കിനു തുല്യമായ ഗ്രീക്കു വാക്കാണിത്. പാതാളം എന്നാണർത്ഥം. പക്ഷേ ഈ വാക്കും തർജ്ജമ ചെയ്തിരിക്കുന്നിടത്തു തെറ്റുണ്ട്. കെ.ജെ.വി ഈ വാക്ക് 10 വട്ടം നരകമെന്നും ഒരിടത്ത് ശവക്കുഴി എന്നും തർജ്ജമ ചെയ്യു ന്നു. ഈ വാക്കും തർജ്ജമ ചെയ്യാതിരുന്നെങ്കിൽ നന്നായിരുന്നു.

യഹൂദൻമാരുടെ വിശ്വാസമനുസരിച്ച് ഷീയോൾ അല്ലെങ്കിൽ ഹേഡീസ് മരിച്ചവരുടെ ആത്മാക്കൾ എത്തിച്ചേരുന്ന സ്ഥലമാണ്. ഇതിന് മൂന്നു തട്ടുകളുണ്ട്.

1. അബ്രഹാമിന്റെ മടി (പറുദീസ)
2. ടാർട്ടാറസ്
3. അധമ പാതാളം (യാതനാ സ്ഥലം)

ഈ വിഷയം പിന്നാലെ വിശദീകരിക്കുന്നതാണ്.

**3. ഖബർ:** ശവക്കുഴി എന്നർത്ഥം വരുന്ന എബ്രായ വാക്കാണിത്. മരണശേഷം ശരീരം ഖബറിൽ എത്തിച്ചേരുന്നു. കബറടക്കുക എന്നു ള്ള പ്രയോഗം ഇതിനോടു സാമ്യമുള്ള അറബി വാക്കിൽനിന്ന് ഉണ്ടാ യതാണ്. ദേഹി, ആത്മാവ് എന്നിവ ശവക്കുഴിയിൽ എത്തുന്നതായി ബൈബിളിൽ ഒരിടത്തും പറയുന്നില്ലെന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കുക.

**4. ടാർട്ടാറസ്:** പാതാളത്തിലെ ഒരു തട്ടാണിത്. പാപം ചെയ്ത ദൂതന്മാരെ അന്ധകാരംകൊണ്ട് ചങ്ങലയിട്ട് ഇവിടെ സൂക്ഷിച്ചിരി ക്കുന്നു (2 പത്രൊ. 2:4). ഈ വിഷയം പിന്നാലെ വിശദീകരിക്കാം.

**5. ഗീഹെന്ന:** 'ഹിന്നോം താഴ്വര' എന്ന് അർത്ഥം വരുന്ന ഗ്രീക്കു വാക്കാണിത്. യെരുശലേമിനു സമീപത്തുള്ള ഹിന്നോം താഴ്വര യിൽ ചപ്പുചവറുകൾ കൂട്ടിയിട്ട് തീ കത്തിക്കുകയും മറ്റും ചെയ്തി രുന്നതുകൊണ്ട് നരകത്തിന്റെ പ്രതീകമായി ഈ വാക്ക് ഉപയോ ഗിച്ചു വരുന്നു. അതുകൊണ്ട് നരകം എന്ന അർത്ഥത്തിൽ ഈ വാക്ക് ഉപയോഗിക്കാവുന്നതാണ്.

**6. 'തീപ്പൊയ്ക':** ഇതാണ് യഥാർത്ഥ നരകം. ആരും ഇന്നുവരെ തീപ്പൊയ്കയിൽ പോയിട്ടില്ല.



**7. പറുദീസ:** "കെട്ടിയടച്ച തോട്ടം" ആണ് പറുദീസ. ഏദൻ തോട്ടം പറുദീസയായിരുന്നു. ആത്മീയ അർത്ഥത്തിൽ സഭയും പറുദീസ (കെട്ടിയടച്ച തോട്ടം) ആണ്. പാതാളത്തിലും പറുദീസയുണ്ട്.

പറുദീസ എന്ന ആശയം പേർഷ്യയിൽ നിന്നാണ് യഹൂ ദർക്കും പിന്നീട് ക്രിസ്ത്യാനികൾക്കും ലഭിച്ചത്. പേർഷ്യൻ ചക്ര വർത്തിമാർ തങ്ങളുടെ സുഖഭോഗങ്ങൾക്കായി സ്വകാര്യ ഉദ്യാന ങ്ങൾ ഒരുക്കിയിരുന്നു. അവിടെ എല്ലാവിധ സുഖസൗകര്യങ്ങളും ലഭ്യമാക്കുകയും ചെയ്യും. സ്വകാര്യത ഉറപ്പാക്കാനായി ഇത്തരം ഉദ്യാ നങ്ങൾക്കുചുറ്റും വലിയ മതിൽക്കെട്ടും ഉണ്ടാക്കുക പതിവായിരു ന്നു. അതുകൊണ്ടാണ് ഈ ഉദ്യാനങ്ങളെ കെട്ടിയടച്ച തോട്ടം എന്ന അർത്ഥത്തിൽ പറുദീസ എന്നു വിളിച്ചിരുന്നത്. രാജാവ് ബഹുമാ നിക്കാൻ ആഗ്രഹിക്കുന്ന വ്യക്തിയെ ഈ പറുദീസയിൽ ക്ഷണിച്ചു വരുത്തി സൽക്കരിച്ചെന്നുവരാം. ഇത്തരം ക്ഷണം കിട്ടുക എന്നത് ഒരു വ്യക്തിക്കു കിട്ടാവുന്ന പരമോന്നത ബഹുമതികളിൽ ഒന്നായി അക്കാലത്ത് കണക്കാക്കിയിരുന്നു. മാനസാന്തരപ്പെട്ട കള്ളൻ തന്നോ ടൊപ്പം പറുദീസയിൽ ഇരിക്കുമെന്നു കർത്താവു പറഞ്ഞത് ഈ പശ്ചാത്തലത്തിലാണ്.

സ്വർഗ്ഗത്തിന്റെ പ്രതീകമായി ബൈബിളിൽ പറുദീസ എന്ന വാക്ക് ഉപയോഗിക്കുന്നുണ്ട്. പക്ഷേ സ്വർഗ്ഗം എന്ന അർത്ഥം മാത്ര മല്ല ഈ വാക്കിനുള്ളത്. ബൈബിളിൽ പല ഭാഗങ്ങളിലായി ഏഴു പറുദീസകളെക്കുറിച്ച് പറയുന്നതായി പാസ്റ്റർ കെ.ഇ.ഏബ്രഹാം രേഖപ്പെടുത്തിയിട്ടുണ്ട്.

1. ആദിമ ഭൗമ പറുദീസ (യെഹ. 28:11–19)
2. ആദാമ്യ പറുദീസ (ആദം ഇവിടെയായിരുന്നു)
3. പാതാള പറുദീസ (അബ്രഹാമിന്റെ മടി)
4. ദൈവസഭ
5. സഹസ്രാബ്ദ പറുദീസ
6. പുതിയ യെരുശലേം
7. മൂന്നാം സ്വർഗ്ഗം (2 കൊരി. 12:1–5)

പറുദീസ എന്ന വാക്കു കണ്ടാലുടൻ അതു സ്വർഗ്ഗമാണെന്നു തെറ്റിദ്ധരിക്കുന്നത് വളരെ കുഴപ്പങ്ങൾക്കു കാരണമാകുന്നുണ്ട്. പല ദുരുപദേശങ്ങളും ഇത്തരം തെറ്റിദ്ധാരണകളിലാണ് നിലനിൽക്കു ന്നതും. അതുകൊണ്ട് ദൈവവചനം എന്തു പറയുന്നു എന്ന് ശ്രദ്ധ യോടെ വായിച്ചു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

സ്വർഗ്ഗത്തെക്കുറിച്ചു കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞു കഴിഞ്ഞു. സാക്ഷാൽ നരകത്തെക്കുറിച്ച് അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നുമുണ്ട്. അതുകൊണ്ട് ഈ അദ്ധ്യായത്തിൽ പാതാളത്തെക്കുറിച്ചും പാതാള പറുദീസയേക്കുറിച്ചും പഠിക്കാം.

ആദ്യമായി ലൂക്കോസ് 16:19-31 വായിക്കുക:

'ധനവാനായൊരു മനുഷ്യൻ ഉണ്ടായിരുന്നു; അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ചു ദിനമ്പ്രതി ആഡംബരത്തോടെ സുഖിച്ചുകൊണ്ടിരുന്നു. ലാസർ എന്നു പേരുള്ളോരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരക്കൽ കിടന്നു. ധനവാന്റെ മേശയിൽ നിന്നും വീഴുന്നതു തിന്നു വിശപ്പടക്കുവാൻ ആഗ്രഹിച്ചു. നായ്ക്കളും വന്ന് അവന്റെ വ്രണം നക്കും. ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി. ധനവാനും മരിച്ചു അടക്കപ്പെട്ടു. പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി ദൂരത്തുനിന്നു അബ്രഹാമിനെയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു; അബ്രഹാം പിതാവേ, എന്നോടു കനിവുണ്ടാകേണമേ, ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചു പറഞ്ഞു. അബ്രഹാം, മകനേ, നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്നു ഓർക്ക. ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു. നീയോ വേദന അനുഭവിക്കുന്നു. അത്രയുമല്ല ഞങ്ങൾക്കും നിങ്ങൾക്കും നടുവെ വലിയൊരു പിളർപ്പുണ്ടായിരിക്കുന്നു. ഇവിടെനിന്നു നിങ്ങളുടെ അടുക്കൽ കടന്നു വരുവാൻ ഇച്ഛിക്കുന്നവർക്കു കഴിവില്ല; അവിടെ നിന്നു ഞങ്ങളുടെ അടുക്കൽ കടന്നു വരുവാനും പാടില്ല എന്നു പറഞ്ഞു. അതിനു അവൻ, എന്റെ പിതാവേ, അവനെ എന്റെ അപ്പന്റെ വീട്ടിൽ അയക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു. എനിക്കു അഞ്ചു സഹോദരന്മാർ ഉണ്ട്. അവരും ഈ യാതനാസ്ഥലത്തു വരാതിരിപ്പാൻ അവൻ അവരോട് സാക്ഷ്യം പറയട്ടെ എന്നു പറഞ്ഞു. അബ്രഹാം അവനോട്: അവർക്ക് മോശയും പ്രവാചകന്മാരും ഉണ്ടല്ലോ, അവരുടെ വാക്കു അവർ കേൾക്കട്ടെ എന്നു പറഞ്ഞു. അതിനു അവൻ: അല്ലല്ല, അബ്രഹാം പിതാവേ, മരിച്ചവരിൽനിന്ന് ഒരുത്തൻ എഴുന്നേറ്റു അവരുടെ അടുക്കൽ ചെന്നു എങ്കിൽ അവർ മാനസാന്തരപ്പെടും എന്നു പറഞ്ഞു. അവൻ അവനോട്: അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽനിന്നു ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല എന്നു



പറഞ്ഞു." ഇത് ഒരു സങ്കല്പ കഥയാണെന്നു തോന്നുന്നുണ്ടോ? ആത്മാവില്ലെന്നും നിത്യനരകമെന്നൊന്നില്ലെന്നും പഠിപ്പിക്കുന്നവർ ഇത് ഒരു സങ്കല്പ കഥയാണെന്നു സ്ഥാപിക്കുവാൻ ശ്രമിക്കാറുണ്ട്. കാരണം, ഇതു സംഭവകഥയാണെങ്കിൽ മനുഷ്യന് ആത്മാവുണ്ടെന്നും നരകമുണ്ടെന്നും മറ്റും തെളിയും.

യേശു പറഞ്ഞിട്ടുള്ള ഉപമകൾ നോക്കൂ. ഏതെങ്കിലും കഥയിൽ കഥാപാത്രങ്ങളുടെ പേരെടുത്തു പറയുന്നുണ്ടോ? വിതക്കുന്നവന്റെ പേരെന്ത്? മുന്തിരിത്തോട്ടത്തിൽ വേലക്കാരെ വിളിച്ചാക്കിയതാർ? ദ്രഹ്മ നഷ്ടപ്പെട്ട സ്ത്രീയുടെ പേരെന്ത്? ഇതൊന്നും കർത്താവ് പറയുന്നില്ല. എന്നാൽ ധനവാനും ലാസറും മറ്റും യഥാർത്ഥത്തിൽ ജീവിച്ചിരുന്നവരാകയാൽ കർത്താവ് ലാസറിന്റെ പേരെടുത്തു പറഞ്ഞു. ധനവാൻ രക്ഷിക്കപ്പെട്ടവനല്ലാതിരുന്നതിനാൽ അവന്റെ പേര് പറഞ്ഞുമില്ല. നല്ലയിടയൻ തന്റെ ആടുകളെ മാത്രമാണല്ലോ പേർചൊല്ലി വിളിക്കുന്നത്.

അഥവാ, ഇതും ഒരു സങ്കല്പ കഥയാണെന്നു വാദത്തിനു വേണ്ടി സമ്മതിച്ചാൽ തന്നെ പ്രശ്നമൊന്നുമില്ല. യേശു പറഞ്ഞ എല്ലാ ഉപമകളും ഈ ലോകത്തിൽ സംഭവിക്കുന്നവ മാത്രമായിരുന്നു. അസംഭവ്യമായ എന്തെങ്കിലും ഒന്ന് യേശുവിന്റെ ഉപമകളിലുണ്ടോ? ഇല്ലേ ഇല്ല. ലാസറിന്റെ ഇല്ലാത്ത ആത്മാവ് അബ്രഹാമിന്റെ മടിയിൽ എത്തിയെന്നും ധനവാന്റെ ഇല്ലാത്ത ആത്മാവ് യാതന അനുഭവിച്ചെന്നും മറ്റുമുള്ള ശുദ്ധ അസംബന്ധം യേശു പറഞ്ഞെന്നോ? അങ്ങനെയെങ്കിൽ യേശു നുണയും തെറ്റിദ്ധാരണയും പ്രചരിപ്പിക്കുന്നവനാണ്. ഇവിടെ ആർക്കോ തെറ്റി. ആർക്കാണ്? ആത്മാവില്ല, നരകമില്ല എന്നൊക്കെ പറയുന്നവർക്കോ അതോ യേശുവിനോ? നമ്മൾ ആരെ വിശ്വസിക്കും? ഞാൻ കർത്താവിന്റെ വാക്കുകൾ അക്ഷരാർത്ഥത്തിൽ വിശ്വസിക്കുന്നു. എന്റെ കർത്താവ് ഭോഷ്ക്കു പറയുന്നവനല്ല. കർത്താവിൽ വിശ്വസിക്കുന്നവർ കർത്താവിന്റെ വാക്കുകൾ വിശ്വസിക്കുക.

ഒരുവൻ ധനവാനായതുകൊണ്ടുമാത്രം നരകത്തിൽ പോകുമോ? തീർച്ചയായും ഇല്ല. ധനവാൻ യാതനാ സ്ഥലത്തെത്തിയതിന്റെ കാരണം 30-ാം വാക്യത്തിലുണ്ട്. മരിച്ചവരിൽ ഒരുത്തൻ ചെന്നു പറഞ്ഞാൽ സഹോദരൻ മാനസാന്തരപ്പെടും എന്നു ധനവാൻ പറയുന്നു. അപ്പോൾ എന്തുകൊണ്ടാണ് താൻ അവിടെയെത്തിയതെന്ന് ധനവാനറിയാം - താൻ മാനസാന്തരപ്പെട്ടവനല്ലാ

യിരുന്നു. തന്റെ സഹോദരന്മാരും മാനസാന്തരപ്പെട്ടവരല്ല. ഇന്നത്തെ നിലയിൽ തുടർന്നാൽ അവരും ഈ യാതനാ സ്ഥലത്തെത്തും. അതു തടയാൻ ഒരു വഴിയേയുള്ളൂ. അവർ മാനസാന്തരപ്പെടണം. മരിച്ചുപോയ ലാസർ ചെന്നു പറഞ്ഞാൽ അവർ മാനസാന്തരപ്പെടും. ഇതത്രേ ധനവാൻ പറയുന്നതിന്റെ ചുരുക്കം. മോശയും പ്രവാചകന്മാരും പറയുന്നതു വിശ്വസിക്കാത്തവർ മരിച്ചവരിൽ ഒരുത്തൻ ചെന്നു പറഞ്ഞാലും വിശ്വസിക്കയില്ല എന്ന സത്യം ധനവാനറിഞ്ഞുകൂടാ. ബൈബിളിലുള്ളതു വിശ്വസിക്കാത്തവൻ മരിച്ചവർ മടങ്ങിവന്നു പറഞ്ഞാലും വിശ്വസിക്കയില്ല.

അമർത്യമായ ഒരാത്മാവ് മനുഷ്യനുണ്ടെന്നുള്ളതിനു ശക്തമായൊരു തെളിവാണ് ധനവാന്റെയും ലാസറിന്റെയും അനുഭവം. “ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേയ്ക്കു കൊണ്ടുപോയി” എന്നു പറയുന്നതിൽനിന്നും മരണശേഷം ദൈവമക്കളുടെ ആത്മാവിനെ ദൂതന്മാരാണ് ലക്ഷ്യസ്ഥാനത്തെത്തിക്കുന്നതെന്നു വ്യക്തം. ദുഷ്ടന്മാരുടെ ആത്മാവിനെ കൊണ്ടുപോകുന്നത് ആരെന്നു പറയുന്നില്ല. കൊണ്ടുപോകുന്നത് ആരായാലും എത്തുന്നത് പാതാളത്തിലാണ്. ധനവാന്റെ ശരീരം അടക്കം ചെയ്തകാര്യമല്ല ഇതെന്നു പ്രത്യേകം ശ്രദ്ധിക്കുക. “ധനവാനും മരിച്ചു അടക്കപ്പെട്ടു, പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ” എന്നാണു പറഞ്ഞിരിക്കുന്നത്. അവന്റെ ശരീരമല്ല യാതന അനുഭവിച്ചത്. കാരണം ശരീരം കല്ലറയിലായിരുന്നു, പാതാളത്തിലല്ല. ശവശരീരത്തിന് കാണുകയോ കേൾക്കുകയോ സംസാരിക്കുകയോ ചെയ്യാനുള്ള കഴിവില്ല. പക്ഷേ ആത്മാവിനു കാണാം, കേൾക്കാം, തല പൊക്കിനോക്കാം, സുഖദുഃഖങ്ങൾ അനുഭവിക്കാം, കഴിഞ്ഞതെല്ലാം ഓർക്കാം, ദാഹിക്കാം.... അങ്ങനെ എന്തെല്ലാം. കണ്ണില്ലാതെ കാണുന്നതെങ്ങനെ, ചെവിയില്ലാതെ കേൾക്കാമോ, ആത്മാവിനു തലയുണ്ടോ, ആത്മാവിനു വികാരവിചാരങ്ങളുണ്ടോ, വെള്ളം കുടിക്കാൻ വായും വയറുമൊക്കെയുണ്ടോ എന്നൊന്നും എന്നോടു ചോദിക്കരുത്, ഞാൻ ആത്മാവിനെ കണ്ടിട്ടില്ല. എങ്കിലും ഇതെല്ലാം നന്നായി അറിയാവുന്ന കർത്താവു പറഞ്ഞതെല്ലാം ഞാൻ അപ്പടി വിശ്വസിക്കുന്നു എന്നു മാത്രം. കർത്താവിനെ എനിക്കു വിശ്വാസമാണ്. കർത്താവ് ഭോഷ്ക്കു പറയുകയില്ല. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുള്ളവൻ പറയുന്നത് വിശ്വസിക്കുവാൻ തയ്യാറുള്ളവർ ഇതൊക്കെ വിശ്വസിക്കുക.



ധനവാൻ യാതനാ സ്ഥലത്ത് ആയിരിക്കുമ്പോൾ തല പൊക്കി നോക്കി, ദൂരത്തു ലാസറിനെ കണ്ടു. ഇതിൽനിന്നും ധനവാൻ കിടക്കുന്നിടത്തുനിന്നും വളരെ ദൂരത്തിലാണു ലാസർ എന്നു മനസ്സിലാക്കാം. കൂടാതെ ലാസർ മുകളിലും ധനവാൻ അടിയിലുമാണെന്നും വ്യക്തം. ഒരിടത്തുള്ളവർ മറ്റൊരിടത്തെത്താനാവാത്ത വിധം ഒരു പിളർപ്പ് ഈ സ്ഥലങ്ങൾക്കിടയിലുണ്ട്. ധനവാൻ കിടക്കുന്ന സ്ഥലത്തെ യാതനാസ്ഥലം എന്നു വിളിക്കാം. ഇത് ഒരു ചെറിയ നരകമാണ്. പക്ഷേ സാക്ഷാൽ നരകമല്ലതാനും. ഈ വിഷയം അല്പംകൂടി വിശദമാക്കാം.

ഇന്ത്യൻ ശിക്ഷാനിയമപ്രകാരമുള്ള ഏതെങ്കിലും ശിക്ഷയ്ക്കർഹനാണെന്നു സംശയിക്കുന്ന ഒരു വ്യക്തിയെ അറസ്റ്റു ചെയ്താലുടൻ സെൻട്രൽ ജയിലിലേക്കല്ല സാധാരണയായി അയയ്ക്കുക. വിചാരണ കഴിഞ്ഞ് കുറ്റവാളിയെന്നു വിധിക്കപ്പെടുന്നതുവരെ പ്രതികളെ സബ് ജയിലിലാണ് പാർപ്പിക്കുക. പ്രതിക്കു ശിക്ഷ വിധിച്ചു കഴിഞ്ഞാൽ സെൻട്രൽ ജയിലിലേക്ക് അയയ്ക്കും. സബ് ജയിലും ജയിലാണ്, എങ്കിലും സെൻട്രൽ ജയിലാണ് സാക്ഷാൽ ജയിൽ. ഇതുപോലൊരു വ്യത്യാസമാണ് പാതാളത്തിലെ യാതനാസ്ഥലവും നരകവും തമ്മിലുള്ളത്. യാതനാസ്ഥലവും നരകമാണ്, പക്ഷെ സാക്ഷാൽ നരകം-നിത്യനരകം-തീയും ഗന്ധകവും കത്തുന്ന പൊയ്കയാണ്. കയീൻ മുതലുള്ള സകല ദുഷ്ടന്മാരും വിചാരണ കാത്തുകഴിയുന്നത് പാതാളത്തിലെ യാതനാസ്ഥലത്താണ്. ഇന്നു മരിച്ചുപോകുന്ന ദുഷ്ടന്മാരും (വീണ്ടും ജനനം പ്രാപിക്കാത്ത സകല മനുഷ്യരും) ഈ യാതനാ സ്ഥലത്തെത്തുന്നു. അന്ത്യന്യായവിധി കഴിഞ്ഞു മാത്രമേ ഇവർ യഥാർത്ഥ നരകമായ തീയും ഗന്ധകവും കത്തുന്ന പൊയ്കയിൽ എത്തുകയുള്ളൂ.

നരകത്തിന്റെ ഒരു ലഘുചിത്രം ധനവാന്റെ കഥയിൽ നമുക്കു കാണാം. ധനവാന്റെ ആത്മാവ് കാണുന്നു, കേൾക്കുന്നു, നോക്കുന്നു, ദാഹിച്ചുവലയുന്നു, യാതന അനുഭവിക്കുന്നു. എല്ലാറ്റിലും ഉപരിയായി തനിക്കിനി മോചനമില്ലെന്ന ഭയാനകമായ സത്യം മനസ്സിലാക്കുന്നു. എത്രയോ ഭീകരമായ അവസ്ഥ. ഒരിക്കലുമൊരിക്കലും മോചനമില്ല എന്ന യാഥാർത്ഥ്യം ഗ്രഹിച്ചുകൊണ്ട് അനുനിമിഷം വേദന അനുഭവിച്ചുകൊണ്ട് അനന്തമായി നിത്യത തള്ളിനീക്കുന്ന അനുഭവം! മാത്രമോ? അബ്രഹാം പറയുന്നു “നീ ഓർക്കുക’ (23-ാം വാക്യം). കഴിഞ്ഞതെല്ലാം ഓർക്കുക. ധനവാൻ സുഖമായി ജീവി

ച്ചതോർക്കും. ലാസർ ദുഃഖിച്ചതോർക്കും. രക്ഷിക്കപ്പെടാനായി ദൈവം കൊടുത്ത അവസരങ്ങൾ പാഴാക്കിക്കളഞ്ഞതോർക്കും. ഒരു കിനാവുപോലെ കഴിഞ്ഞുപോയ ആ നല്ല കാലമോർക്കും. ഇനി ഒരിക്കലും ഈ നരകത്തിൽ നിന്നും മോചനമില്ലെന്ന ഭീകരസത്യം മനസ്സിലാക്കും. ചിന്തിക്കുവാൻകൂടി ഭയമാകുന്നു.

പാതാളത്തിനു മൂന്നു തട്ടുകൾ ഉണ്ടെന്നു പറഞ്ഞുകഴിഞ്ഞല്ലോ. അവയിൽ ഏറ്റവും മുകളിലുള്ള ഭാഗത്തെ യഹൂദർ അബ്രഹാമിന്റെ മടി എന്നു വിളിച്ചിരുന്നു. എങ്കിലും പറുദീസ എന്നാണ് ആ സ്ഥലത്തിന്റെ ശരിയായ പേര്. കർത്താവായ യേശുക്രിസ്തു ഉയിർത്തെഴുന്നേൽക്കുന്നതുവരെയുള്ള കാലത്ത് മരിച്ചുപോയ വിശുദ്ധരുടെ ആത്മാക്കൾ ഇവിടെയാണ് വിശ്രമിച്ചിരുന്നത്. അതുകൊണ്ടാണ് അബ്രഹാമിനെ നാം ഇവിടെ കാണുന്നത്. ലാസർ ഇവിടെ എത്തിയതും ഈ കാരണത്താലത്രേ. ക്രൂശിൽവച്ച് മാനസാന്തരപ്പെട്ട കള്ളനും മരണശേഷം ഇവിടെയെത്തി. കർത്താവായ യേശുക്രിസ്തു കള്ളൻ മരിക്കുന്നതിനു മുൻപുതന്നെ മരിക്കയും പാതാള പറുദീസയിൽ എത്തുകയും ചെയ്തു. "ഇന്നു നീ എന്നോടുകൂടി പറുദീസയിൽ ഇരിക്കും" എന്നു കർത്താവ് കള്ളനോടു പറഞ്ഞ വാക്ക് അങ്ങനെ നിവൃത്തിയായി.

കർത്താവ് പാതാളത്തിൽ എത്തി എന്നു പറയുന്നത് പലർക്കും വിശ്വസിക്കാനാവാത്ത കാര്യമായിരിക്കും എന്നറിയാം. പക്ഷേ ബൈബിൾ അങ്ങനെ പറയുന്നു:

"അതുകൊണ്ട്, അവൻ ബദ്ധൻമാരെ പിടിച്ചുകൊണ്ടുപോയി ഉയരത്തിൽ കയറി മനുഷ്യർക്കു ദാനങ്ങളെ കൊടുത്തു എന്നു പറയുന്നു. കയറി എന്നതിനാൽ അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങി എന്നു വരുന്നില്ലയോ? ഇറങ്ങിയവൻ സകലത്തെയും നിറയ്ക്കേണ്ടതിനു സ്വർഗ്ഗാധിസ്വർഗ്ഗത്തിനു മീതെ കയറിയവനും ആകുന്നു" (എഫെ. 4:8-10).

കർത്താവായ യേശുക്രിസ്തു ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങി എന്നതിന് ഇതിൽ കൂടുതൽ തെളിവ് ആവശ്യമില്ല. മാത്രമല്ല, യോന കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ ഭൂമിക്കുള്ളിൽ മൂന്നു രാവും മൂന്നു പകലും ഇരിക്കേണ്ടതാകുന്നു എന്ന് കർത്താവും പറഞ്ഞിട്ടുണ്ടല്ലോ. കർത്താവിന്റെ ശരീരം കല്ലറയിൽ ഇരുന്ന കാര്യമല്ല ഇവിടെ പറയുന്നത്, ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങിയ സംഭവമാണ്.



അങ്ങനെ, കർത്താവായ യേശുക്രിസ്തു മൂന്നു ദിവസം പാതാളത്തിൽ ഉണ്ടായിരുന്നു. കർത്താവ് ഉയിർത്തപ്പോൾ പാതാള പറുദീസയിലുള്ളവരേയും തന്നോടൊപ്പം കൊണ്ടുപോയി. ബദ്ധൻമാരെ പിടിച്ചുകൊണ്ട് ഉയരത്തിൽ കയറി എന്നു പറയുന്നത് ഈ അർത്ഥത്തിലാണ്. അതുകൊണ്ട് പാതാള പറുദീസ ഇപ്പോൾ ശൂന്യമാണ്. കർത്താവിന്റെ ഉയിർപ്പിനു ശേഷം മരിക്കുന്ന ദൈവമക്കൾ പാതാള പറുദീസയിലേക്കല്ല ക്രിസ്തുവിന്റെ അടുക്കലേക്കാണു പോകുന്നത്. വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടി ഇരിക്കുവാൻ താല്പര്യപ്പെടുന്നതായി പൗലോസ് പറയുന്നത് ഈ കാരണത്താലത്രേ.

പാതാളത്തിന്റെ ഏറ്റവും അടിയിലുള്ള ഭാഗമാണ് യാതനാസ്ഥലം. മരിച്ചുപോയ ദുഷ്ടൻമാർ അന്ത്യന്യായവിധിവരെ ഇവിടെയാണ് കിടക്കുന്നത്. ധനവാൻ ഇപ്പോഴും അവിടെയുണ്ട്. കയീൻ അവിടെയുണ്ട്. നിമ്രോദും യൂദയും ദേമാസും അവിടെയുണ്ട്. വീണ്ടുംജനനം പ്രാപിക്കാതെ മരിച്ചാൽ നിങ്ങളും അവിടേക്കു പോകും. അന്ത്യന്യായവിധിദിവസം വരെ നിങ്ങൾ അവിടെ കിടന്ന് യാതന അനുഭവിക്കും. ന്യായവിധിക്കുശേഷം നിത്യശിക്ഷാവിധി ലഭിക്കും. പിന്നീടുള്ള കാലം മുഴുവൻ നിത്യനരകത്തിൽ, തീയും ഗന്ധകവും കത്തുന്ന പൊയ്കയിൽ, കഴിയേണ്ടതായും വരും.

പാതാളത്തിന്റെ ഏറ്റവും മുകളിലുള്ള ഭാഗമായ പറുദീസയ്ക്കും (അബ്രഹാമിന്റെ മടി), ഏറ്റവും അടിയിലുള്ള യാതനാസ്ഥലത്തിനും ഇടയിൽ ഒരു പിളർപ്പുള്ളതായി അബ്രഹാം പറയുന്നു. അബ്രഹാമിന്റെ മടിയിൽ നിന്ന് യാതനാസ്ഥലത്തു വരുവാനോ യാതനാസ്ഥലത്തുള്ളവർക്ക് അബ്രഹാമിന്റെ മടിയിൽ പോകുവാനോ സാധിക്കാത്തത് ഈ പിളർപ്പുമൂലമാണ്. ഏതാണ് ഈ പിളർപ്പ്? ബൈബിളിൽ ഇതേപ്പറ്റി വിശദമായി പറയുന്നില്ല. എങ്കിലും ചില സൂചനകളുണ്ട്. 2 പത്രോ. 2:4, യൂദാ 6 എന്നീ വാക്യങ്ങൾ നോക്കുക. "പാപം ചെയ്ത ദൂതൻമാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി കാക്കുവാൻ ഏല്പിക്കുകയും..." (2 പത്രോ. 2:4). "തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതൻമാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ട് അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു" (യൂദാ 6).

പിളർപ്പ് എന്ന് അബ്രഹാം വിളിക്കുന്ന ഈ തട്ടിലാണ് പാപം ചെയ്ത ദൂതൻമാരെ അന്ധതമസ്സുകൊണ്ട് ചങ്ങലയിട്ട് സൂക്ഷിച്ചി

രിക്കുന്നത്. അന്ധതമസ്സുകൊണ്ട് ചങ്ങലയിടുന്നതെങ്ങനെ എന്നു സംശയമുണ്ടാകാം. അങ്ങനെയുള്ള ഒരു ഇരുട്ടുണ്ട്. ആ ഇരുട്ടിൽ അകപ്പെട്ടാൽ അനങ്ങാൻ പോലും പറ്റില്ല. ദൈവം മിസ്രയീമിൽ അയച്ച പത്തു ബാധകളിൽ ഒന്ന് ഈ വിധത്തിലുള്ള ഇരുട്ടായിരുന്നു. ആ ഇരുട്ട് മിസ്രയീമിൽ വന്നപ്പോൾ എന്തു സംഭവിച്ചു എന്ന് നോക്കൂ: "മോശെ തന്റെ കൈ ആകാശത്തേക്കു നീട്ടി, മിസ്രയീം ദേശത്തൊക്കെയും മൂന്നു ദിവസത്തേക്കു കൂരിരുട്ടുണ്ടായി. മൂന്നു ദിവസത്തേക്ക് ഒരുത്തനെ ഒരുത്തൻ കണ്ടില്ല; ഒരുത്തനും തന്റെ സ്ഥലം വിട്ട് എഴുന്നേറ്റതുമില്ല" (പുറ. 10:21-23). ഈ വിധത്തിലുള്ള ഇരുട്ടാണ് പാതാളത്തിന്റെ രണ്ടാമത്തെ തട്ടിലുള്ളത്. ഇവിടെ നരകം എന്നു തർജ്ജമ ചെയ്തിരിക്കുന്നത് ഏറെ തെറ്റിദ്ധാരണയുണ്ടാക്കുന്നതാണ്. ഗ്രീക്കിൽ ടാർട്ടാറസ് എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനു തക്ക തർജ്ജമ മലയാളത്തിലില്ല. അതുകൊണ്ട് ടാർട്ടാറസ് എന്നുപയോഗിക്കയായിരുന്നു ഉചിതം.

പാപം ചെയ്ത ദൂതൻമാർ എന്നു പറയുമ്പോൾ അത് സാത്താനും കൂട്ടരുമാണ് എന്നു തോന്നാം. പക്ഷേ സത്യം അതല്ല. സാത്താനും കൂട്ടരും ഇപ്പോൾ ബന്ധനത്തിലല്ല, അവർ സ്വതന്ത്രരാണ്. മാത്രമല്ല, സാത്താനു ശിക്ഷാവിധിയുണ്ടായത് അഹങ്കാരം നിമിത്തമാണ്. "നിഗളിച്ചിട്ടു പിശാചിനു വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കുവാൻ പുതിയ ശിഷ്യനും അരുത്" (1 തിമോ. 3:6) എന്നാണല്ലോ പൗലോസ് പറയുന്നത്. എന്നാൽ ടാർട്ടാറസിൽ കിടക്കുന്ന ദൂതൻമാർ ദുർന്നടപ്പ് ആചരിച്ചതുമൂലമാണ് ശിക്ഷിക്കപ്പെട്ടത്. യൂദാ പറയുന്നു: "തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതൻമാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ട് അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു.അതുപോലെ സോദോമും ഗൊമോരയും ചുറ്റുമുള്ള പട്ടണങ്ങളും അവർക്ക് സമമായി ദുർന്നടപ്പ് ആചരിച്ച് അന്യജഡം മോഹിച്ച് നടന്നതിനാൽ നിത്യാഗ്നിയുടെ ശിക്ഷാവിധി സഹിച്ചുകൊണ്ട് ദൃഷ്ടാന്തമായി കിടക്കുന്നു" (യൂദാ.6,7). സോദോമ്യർ ഈ ദൂതൻമാരേപ്പോലെ ദുർന്നടപ്പാചരിച്ച് അന്യജഡം മോഹിച്ചു നടന്നു എന്നു പറയുന്നതിൽ നിന്നും ഇവർ ചെയ്ത പാപം ദുർന്നടപ്പായിരുന്നു, അഹങ്കാരമല്ല എന്നു വ്യക്തമാണല്ലോ.

ദൂതൻമാർ ദുർന്നടപ്പാചരിച്ച സംഭവം ബൈബിളിൽ എവിടെയാണു പരാമർശിക്കപ്പെടുന്നതെന്നു സംശയമുണ്ടാകാം. നോഹയുടെ കാലത്താണ് ഈ സംഭവമുണ്ടായത്: "മനുഷ്യൻ ഭൂമിയിൽ പെരുകിത്തുടങ്ങി, അവർക്കു പുത്രിമാർ ജനിച്ചപ്പോൾ ദൈവത്തിന്റെ പുത്രൻമാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യമുള്ളവരെന്നു കണ്ടിട്ട് തങ്ങൾക്കു ബോധിച്ച ഏവരേയും ഭാര്യമാരായി എടുത്തു. അപ്പോൾ യഹോവ: മനുഷ്യനിൽ എന്റെ ആത്മാവു സദാകാലവും വാദിച്ചുകൊണ്ടിരിക്കുകയില്ല; അവൻ ജഡം തന്നെയല്ലോ; എങ്കിലും അവന്റെ കാലം നൂറ്റിരുപതു സംവത്സരമാകും എന്ന് അരുളിച്ചെയ്തു. അക്കാലത്തു ഭൂമിയിൽ മല്ലൻമാർ ഉണ്ടായിരുന്നു; അതിന്റെ ശേഷവും ദൈവത്തിന്റെ പുത്രൻമാർ മനുഷ്യരുടെ പുത്രിമാരുടെ അടുക്കൽ ചെന്നിട്ട് അവർ മക്കളെ പ്രസവിച്ചു; ഇവരാകുന്നു പുരാതനകാലത്തെ വീരൻമാർ, കീർത്തിപ്പെട്ട പുരുഷൻമാർ തന്നേ." (ഉല്പ. 6:1-4).



ദൈവദൂതൻമാർക്ക് പുരുഷശരീരം സ്വീകരിക്കാനുള്ള കഴിവുണ്ടെന്ന് ബൈബിളിൽ നിന്നു മനസ്സിലാക്കാം. ദൂതൻമാർ ഭൂമിയിൽ വന്നപ്പോഴെല്ലാം പുരുഷൻമാരുടെ രൂപത്തിലാണ് വന്നത്. അവരെ സാധാരണ പുരുഷൻമാരായി തെറ്റിദ്ധരിക്കപോലും ഉണ്ടായി. ഈ ദൂതൻമാർ "സ്വന്ത വാസസ്ഥലം വിട്ടുപോയി" എന്നു യൂദാ പറയുന്നു. വാസസ്ഥലം എന്നു പറയാൻ യൂദാ ഉപയോഗിച്ചിരിക്കുന്ന ഈ ഗ്രീക്ക് വാക്ക് ആത്മാവിന്റെ വാസസ്ഥലമായ ശരീരം എന്ന അർത്ഥത്തിൽ പൗലോസ് ഉപയോഗിക്കുന്നുണ്ട്: "കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായൊരു കെട്ടിടം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ടെന്ന് അറിയുന്നു. ഈ കൂടാരത്തിൽ ഞരങ്ങിക്കൊണ്ടു ഞങ്ങൾ നഗ്നരായിട്ടല്ല ഉടുപ്പുള്ളവരായിരിക്കുന്നു എങ്കിൽ സ്വർഗ്ഗീയമായ ഞങ്ങളുടെ പാർപ്പിടം അതിനു മീതെ ധരിക്കുവാൻ വാഞ്ഛിക്കുന്നു. ഉരിയുവാനല്ല മർത്യമായത് ജീവനാൽ നീങ്ങിപ്പോകേണ്ടതിനു മീതെ ഉടുക്കുവാൻ ഇച്ഛിക്കുകയാൽ ഞങ്ങൾ ഈ കൂടാരത്തിൽ ഇരിക്കുന്നിടത്തോളം ഭാരപ്പെട്ടു ഞരങ്ങുന്നു" (2 കൊരി. 5: 1-4). അതുകൊണ്ട് യൂദാ പറയുന്ന വാസസ്ഥലം ദൂതൻമാരുടെ സ്വർഗ്ഗീയ ശരീരങ്ങളാണ് എന്നു കരുതാം. ഈ ശരീരം എന്നെന്നേക്കുമായി ഉപേക്ഷിച്ച് അവർ പുരുഷശരീരം സ്വീകരിക്കയും ഭൂമിയിൽ വന്ന് മനുഷ്യരേപ്പോലെ ജീവിക്കയും ചെയ്തു.

പുരുഷശരീരം സ്വീകരിക്കാൻ ദൈവം കൊടുത്ത കഴിവ് ദുരുപയോഗം ചെയ്ത് ഒരുപറ്റം ദൂതൻമാർ ഭൂമിയിലെത്തി സ്ത്രീക

ളുമായി ലൈംഗീകബന്ധത്തിൽ ഏർപ്പെടുകയും രാക്ഷസരൂപിക ളായ മക്കൾ ഇവർക്കു ജനിക്കയും ചെയ്തു. ഈ ദൂതൻമാരേയാണ് ദൈവം അന്ധതമസ്സുകൊണ്ട് ചങ്ങലയിട്ട് ടാർട്ടാറസ്സിൽ സൂക്ഷിച്ചി രിക്കുന്നത്. അന്ത്യന്യായവിധിദിവസം വെള്ളസിംഹാസനത്തിന്റെ മുൻപിൽ ഇവരെ ഹാജരാക്കും. വിചാരണയും ശിക്ഷാവിധിയും കഴിഞ്ഞ് ഇവരേയും നിത്യനരകത്തിലേക്കു തള്ളും.

പാതാളത്തേക്കുറിച്ച് നാം പഠിച്ചതിന്റെ രത്നച്ചുരുക്കം ഇതാണ്: പാതാളത്തിന് മൂന്നു ഭാഗങ്ങളുണ്ട്. ഏറ്റവും മുകളിലുള്ള ഭാഗത്തെ അബ്രഹാമിന്റെ മടി എന്ന് യഹൂദർ വിളിച്ചിരുന്നു. എങ്കിലും പറുദീസ എന്നാണ് ഇതിന്റെ ശരിയായ പേര്. ബൈബി ളിൽ പരാമർശിക്കപ്പെടുന്ന ഏഴു പറുദീസകളിൽ ഒന്നാണിത്. പഴ യനിയമ വിശുദ്ധൻമാരുടെ ആത്മാക്കൾ മരണശേഷം വിശ്രമിച്ചി രുന്നത് ഇവിടെയാണ്. കർത്താവ് ഉയിർത്തപ്പോൾ ഇവരെ സ്വർഗ്ഗ ത്തിലേക്കു കൊണ്ടുപോയി. ഇപ്പോൾ ഈ ഭാഗം ശൂന്യമാണ്.

പാതാളത്തിന്റെ ഏറ്റവും അടിയിലുള്ള സ്ഥലം യാതനാ സ്ഥലമാണ്. ഇത് ഒരു നരകമാണെന്നു പറയാം. രക്ഷിക്കപ്പെടാതെ മരിച്ചുപോകുന്നവരുടെ ആത്മാക്കൾ അന്ത്യന്യായവിധിവരെ ഇവി ടെയാണ് കിടക്കുന്നത്. കയീൻ മുതലുള്ള ദുഷ്ടൻമാർ ഇപ്പോൾ ഇവിടെയുണ്ട്. രക്ഷിക്കപ്പെടാതെ ഇക്കാലത്തു മരിക്കുന്നവരും ഇവി ടെയെത്തും. വീണ്ടുംജനനം പ്രാപിക്കാതെ മരിച്ചാൽ നിങ്ങൾ എത്തി ച്ചേരുന്ന സ്ഥലവും ഇതുതന്നെ.

ഈ രണ്ടു പാതാളങ്ങൾക്കിടയിലുള്ള ഭാഗമാണ് ടാർട്ടാറ സ്. ദുർന്നടപ്പാചരിച്ച് പാപികളായിത്തീർന്ന ദൈവദൂതൻമാരെ അന്ധകാരംകൊണ്ട് ചങ്ങലയിട്ട് സൂക്ഷിച്ചിരിക്കുന്നത് ഇവിടെയാ ണ്. അന്ത്യന്യായവിധിവരെ ഇവർ ഇവിടെയുണ്ടാകും.



# 5
# നിത്യനരകം

യഹോവാസാക്ഷികൾ, ശാബതുകാർ തുടങ്ങിയവർ നരകം നിത്യമല്ലെന്നു പറഞ്ഞ് മനുഷ്യരെ വഞ്ചിക്കാറുണ്ട്. അതിനു നരക വുമായി ബന്ധമില്ലാത്ത കുറെ വാക്യങ്ങളും അവർ എടുക്കാറുണ്ട്. ഉദാഹരണമായി മലാഖി. 4:1 നോക്കുക. "ചൂളപോലെ കത്തുന്ന ഒരു ദിവസം വരും. അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും. വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു." നരകത്തെക്കുറിച്ചല്ല യഹോവയുടെ വലുതും ഭയങ്കരവുമായ നാളിനെക്കുറിച്ചത്രേ ഇവിടെ പറയുന്നത് (മലാ. 4:5). ഈ ഭൂമിയിൽനിന്ന് അഹങ്കാരി കളും ദുഷ്പ്രവൃത്തിക്കാരും അശ്ശേഷം നശിച്ചുപോകുമെന്നല്ലാതെ നരകവുമായി ഈ ഭാഗത്തിനു ബന്ധമില്ല. എന്നാൽ നരകം നിത്യ മാണെന്നു ബൈബിൾ വ്യക്തമായി പറയുന്നു.

1. "പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയുന്നവനോ ഒരുനാളും ക്ഷമ കിട്ടാതെ നിത്യശിക്ഷയ്ക്കു യോഗ്യനാകും എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു" (മർക്കോ. 3:29).
2. ശിക്ഷാവിധി നിത്യമാണ് (എബ്രാ. 6:2).
3. നരകത്തിലെ അഗ്നിയെ നിത്യാഗ്നിയെന്നാണു വിളിച്ചിരിക്കുന്നത് (മത്താ. 18:8; 25:41).

ഇന്ധനമില്ലാതായാൽ തീ കെട്ടുപോകും എന്ന് ഏവർക്കും അറിയാമല്ലോ. അഗ്നി ഒരിക്കലും കെട്ടുപോകുന്നില്ലെങ്കിൽ ഇന്ധ നവും തീർന്നുപോകുന്നില്ല. നരകത്തിൽ പതിക്കുന്നവർ നിരന്തരം കത്തിക്കൊണ്ടിരിക്കും. നമ്മുടെ ബുദ്ധിക്കു ഗ്രഹിക്കാനാവാത്ത വൻകാര്യമാണിതെങ്കിലും ഈ സത്യം ദൈവവചനം വളരെ വ്യക്ത മായി പറയുന്നു. നരകത്തിന്റെ ഒരു പതിപ്പായ യാതനാസ്ഥലത്തു

കിടന്ന ധനവാൻ നിരന്തരം യാതന അനുഭവിക്കയത്രേ ചെയ്തത്. അവൻ "താളടി" ആയില്ലെന്നു വ്യക്തം. അവന്റെ "വേരും കൊമ്പും" കത്തുകയും അതോടൊപ്പം നശിക്കാതെ ശേഷിക്കയും ചെയ്തു. മത്താ. 25:46; 2 തിമോ. 1:9 എന്നിവകൂടി നോക്കുക.

4. ദഹനത്തിന്റെ പുക എന്നേക്കും പൊങ്ങും (വെളി. 14:9-11). കത്തിത്തീരാത്ത ഇന്ധനം ഉള്ളപ്പോൾ മാത്രമേ പുകയുണ്ടാകൂ. പുക നിരന്തരം പൊങ്ങുമെങ്കിൽ ഇന്ധനം എന്നെന്നും ഉണ്ടായിരിക്കും.

5. രാപകൽ ദണ്ഡനം സഹിക്കണം (വെളി. 20:10). നരകത്തിൽ വീണാലുടൻ കത്തി നശിക്കുമെങ്കിൽ രാപ്പകൽ ദണ്ഡനം സഹിക്കുന്നതെങ്ങനെയെന്ന് യഹോവസാക്ഷിക്കാരും ശാബതുകാരും മറ്റും ഒന്നു പറഞ്ഞുതന്നേ മതിയാകൂ. (നരകത്തിൽ രാവും പകലും ഉണ്ടോ എന്നു ചോദിച്ചേക്കാം. അത്തരം സംശയമുള്ളവർ ഭാഷ പഠിക്കുക. അപ്പോൾ മനസ്സിലാകും "രാപ്പകൽ" എന്നത് "എന്നേക്കും" എന്നതിനു സമമായി ഉപയോഗിക്കുന്ന വാക്കാണെന്ന്).

6. വെളി. 19:20-ൽ മൃഗത്തെയും കള്ളപ്രവാചകനെയും നരകത്തിൽ തള്ളുന്നു. ആയിരമാണ്ടുകഴിഞ്ഞു സാത്താനെ നരകത്തിലാക്കുന്ന കാര്യം വെളി. 20:10-ൽ പറയുന്നുണ്ട്. അതിപ്രകാരമാണ്: "അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധക തീപ്പൊയ്കയിലേയ്ക്കു തള്ളിയിടും. അവർ എന്നെന്നേയ്ക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും." നരകം നിത്യമാണെന്ന് ഇതിൽ കൂടുതൽ വ്യക്തമായി എങ്ങനെ പറയും? മൃഗവും കള്ളപ്രവാചകനും തീപ്പൊയ്കയിൽ വീണ് ആയിരം വർഷം കഴിഞ്ഞ് പിശാചിനെ അവിടെയിടുന്നു. മൃഗവും കള്ളപ്രവാചകനും കിടന്നിരുന്ന തീപ്പൊയ്കയല്ല "കിടക്കുന്ന" തീപ്പൊയ്കയാണ്. ആയിരം കൊല്ലം കഴിഞ്ഞിട്ടും അവർ അവിടെയുണ്ട്, കത്തിത്തീർന്നില്ല. ഇതിന് ആരു വിശദീകരണം തരും? മാത്രമല്ല, ആ വാക്യം അവസാനിക്കുന്നത് "അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും" എന്ന പ്രസ്താവനയോടെയാണ്. ("രാപ്പകൽ" എന്നതുകൊണ്ട് "എന്നെന്നേക്കും" എന്നാണ് അർത്ഥമാക്കുന്നതെന്ന് ഇവിടെ വ്യക്തമാണല്ലോ). നരകം നിത്യമല്ലെങ്കിൽ - നരകത്തിൽ വീഴുന്നവർ ഉടനെ തന്നെ കത്തിത്തീരുമെങ്കിൽ - എങ്ങനെയാണു രാപ്പകൽ എന്നെന്നേക്കും ദണ്ഡനം സഹിക്കുക? യഹോവസാക്ഷികൾ, ശാബതുകാർ തുടങ്ങിയ ദുരുപദേശക്കാർ ദൈവവചനമറിയാത്ത സാധുക്കളെ വഞ്ചിക്കയാണ്.



മേല്പറഞ്ഞ വാക്യങ്ങളിലെല്ലാം, നരകത്തെക്കുറിച്ച് "നിത്യം" എന്നു പറയാൻ ഉപയോഗിച്ച അതേ വാക്കാണ് ദൈവം, യേശു, പരിശുദ്ധാത്മാവ് തുടങ്ങിയവരെക്കുറിച്ചും "നിത്യം" എന്നു പറയാൻ ഉപയോഗിച്ചിരിക്കുന്നതെന്നുകൂടി ഓർക്കണം. നരകം നിത്യമല്ലെങ്കിൽ ദൈവവും ഒരുനാൾ ഇല്ലാതെയാകും. "നിത്യജീവൻ" എന്നതിലെ "നിത്യം" തന്നെയാണ് നിത്യനരകത്തിനുമുള്ള വാക്ക്. നിത്യനരകം ക്ഷണനേരത്തേക്കേ ഉണ്ടാകൂ എങ്കിൽ നിത്യജീവനും ക്ഷണനേരമേ നിലനിൽക്കൂ. അങ്ങനെ ദൈവം, യേശു, പരിശുദ്ധാത്മാവ്, നിത്യജീവൻ തുടങ്ങി എല്ലാം ക്ഷണഭംഗുരമാണെന്നു വരും. ഒന്നാംതരം തിയോളജിയാണിത്. കൾട്ടുകളുടെ പിന്നാലെ പോയി ജീവിതം തുലയ്ക്കുന്ന സാധുക്കളോടൊരു വാക്ക്: മേല്പറഞ്ഞ വാക്യങ്ങൾ ശ്രദ്ധിച്ചു വായിക്കുക. സത്യം മനസ്സിലാക്കുക. കൾട്ടിന്റെ ബന്ധനം തകർത്തു പുറത്തുവരുക.

## ദൈവം സ്നേഹമല്ലേ?

"ദൈവം സ്നേഹം തന്നെ" എന്ന് ബൈബിൾ വ്യക്തമാക്കുന്നു. സ്നേഹസ്വരൂപനായ ദൈവത്തിന് എങ്ങനെ നിത്യനരകം സൃഷ്ടിക്കുവാൻ കഴിയും? അത് ദൈവത്തിന്റെ സ്വഭാവത്തിനുതന്നെ വിരുദ്ധമാണ്. അതുകൊണ്ട് നിത്യനരകമെന്നൊന്നില്ല. ഇതാണ് നരകമില്ലെന്നു പറയുന്ന ചിലരുടെ സിദ്ധാന്തം.

വളരെപ്പേർ ഇത്തരമൊരു സിദ്ധാന്തം മുന്നോട്ടു വയ്ക്കാറുണ്ട്. പക്ഷെ ഈ വിഷയത്തിൽ ദൈവവചനം എന്തുപറയുന്നു എന്നുകൂടി നോക്കണം. ദൈവം സ്നേഹമാണെന്നു തിരുവചനത്തിലുണ്ടെന്നതു സത്യംതന്നെ. പക്ഷേ അവൻ ദഹിപ്പിക്കുന്ന അഗ്നിയാണെന്നും അതേ ബൈബിളിലുണ്ട് (ആവ. 4:24; 9:3; എബ്രാ. 12:29). ഇവ ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ദൈവം പാപിയെ സ്നേഹിക്കുന്നു. അതുകൊണ്ടാണ് സ്വന്ത പുത്രനെ നമുക്കായി നല്കിയത് (യോഹ. 3:16). യേശുവിൽ വിശ്വസിക്കുന്നവരാരും നരകത്തിലെത്തുകയുമില്ല. പക്ഷേ സ്നേഹസ്വരൂപനായ ദൈവം തികച്ചും സൗജന്യമായി രക്ഷ നൽകാൻ തയ്യാറായിരുന്നിട്ടും അതു സ്വീകരിക്കാതെ നിത്യനരകത്തിലെത്തുന്നവരോടു ദൈവം ക്ഷമിക്കുമെന്നു പറയുന്നത് വചനവിരുദ്ധമാണ്. നീതിമാനായ ദൈവത്തിന് അങ്ങനെ ചെയ്യാൻ കഴിയുന്നതുമല്ല.

മനുഷ്യന് സ്വന്ത പ്രയത്നത്താൽ രക്ഷപ്രാപിക്കുവാൻ കഴികയില്ലെന്ന് ദൈവത്തിനു നന്നായറിയാം. "നീതിമാൻ ആരുമില്ല.

ഒരുത്തൻപോലുമില്ല" എന്നു ബൈബിൾ പറയുന്നു. അതുകൊണ്ടത്രേ യേശു നമ്മുടെ പാപങ്ങളുടെ ശിക്ഷ കാൽവറിയിൽ അനുഭവിച്ചത്. ഇനി മനുഷ്യൻ രക്ഷിക്കപ്പെടുവാൻ ചെയ്യേണ്ടത് ഇത്ര മാത്രം: യേശുവിന്റെ യാഗത്താൽ പാപമോചനം വന്നിരിക്കുന്നു എന്നു വിശ്വസിക്കുക, യേശുവിനെ രക്ഷിതാവായി സ്വീകരിക്കുക, ഇനി മനഃപൂർവ്വം പാപം ചെയ്യുകയില്ലെന്നു തീരുമാനിക്കുക, അത്ര തന്നെ. (ഈ വിഷയം തുടർന്നു വിശദീകരിക്കുന്നതാണ്). പക്ഷേ ഇതിനു തയ്യാറാകാത്തവരുടെ പാപം ക്ഷമിക്കാനോ അവരെ നിത്യ നരകത്തിൽ നിന്നു രക്ഷിക്കാനോ ദൈവത്തിനു കഴിയുന്നതല്ല.

കർത്താവായ യേശുക്രിസ്തു സ്വർഗ്ഗത്തേക്കുറിച്ചു പറഞ്ഞതിലധികം കാര്യങ്ങൾ നരകത്തേക്കുറിച്ചു പറഞ്ഞിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്. എല്ലാം അറിയുന്ന കർത്താവിന് നരകം എന്നത് എത്രത്തോളം ഭീകരമാണെന്ന് അറിയാമല്ലോ. അതുകൊണ്ടാണ് നരകത്തേക്കുറിച്ച് ഗൗരവത്തിൽ സംസാരിച്ചത്. അത് അർഹിക്കുന്ന ഗൗരവത്തിൽ നാം എടുക്കേണ്ടതാണ്.

ഷീയോൾ, ഹേഡീസ് എന്നിവ നരകമല്ല പാതാളമാണെന്ന് നാം കണ്ടുകഴിഞ്ഞല്ലോ. ശവക്കുഴിയും നരകമല്ല. ഗീഹെന്ന എന്നത് യെരൂശലേമിനു സമീപത്തുള്ള ഒരു താഴ്‌വരയാണ്. അവിടെ ചപ്പുചവറുകൾ കൂട്ടിയിട്ടു തീകത്തിച്ചിരുന്നു. അതുകൊണ്ട് അവിടെ കെടാത്ത തീയുണ്ടായിരുന്നു. പുക നിരന്തരം പൊങ്ങിക്കൊണ്ടിരുന്നു. മൃഗങ്ങളുടേയും മറ്റും ശവങ്ങൾ അവിടെ ഉപേക്ഷിക്കുന്ന പതിവുമുണ്ടായിരുന്നു. ഈ ശവങ്ങൾ അഴുകി പുഴുത്തു കിടക്കുന്നതുകൊണ്ട് അവിടെ എപ്പോഴും പുഴുക്കളെ കാണാമായിരുന്നു. ഹിന്നോം താഴ്‌വരയിലെ പുഴുക്കൾ ചാകുന്നില്ല എന്നുപോലും പറയാറുണ്ടായിരുന്നു. നരകത്തിന്റെ പ്രതീകമെന്ന നിലയിൽ കർത്താവ് ഹിന്നോംതാഴ്‌വരയേക്കുറിച്ചു പറഞ്ഞത് ഈ കാരണത്താലത്രേ. പക്ഷേ ഹിന്നോംതാഴ്‌വരയാണ് യഥാർത്ഥ നരകമെന്ന് പലരും തെറ്റിദ്ധരിക്കുന്നു. ആ ധാരണ മാറ്റുക. ഹിന്നോംതാഴ്‌വര നരകമല്ല നരകത്തിന്റെ പ്രതീകം മാത്രമാണ്. തീയും ഗന്ധകവും കത്തുന്ന പൊയ്കയാണ് യഥാർത്ഥ നരകം. അതേപ്പറ്റി ബൈബിളിൽ വളരെ വ്യക്തമായി പറയുന്നുമുണ്ട്. ദൈവവചനത്തിൽ നരകത്തേക്കുറിച്ചു പറഞ്ഞിരിക്കുന്ന പ്രധാന കാര്യങ്ങൾ ഇവയാണ്:

1. നരകം എന്നത് സാത്താനും അവന്റെ ദൂതൻമാർക്കുംവേണ്ടി ഒരുക്കിയതാണ് (മത്താ. 25:41).



2. എങ്കിലും പാപികളായ മനുഷ്യരും അതേ നരകത്തിലേക്കു പോകേണ്ടതായി വരും (മത്താ. 25:41). "എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകൻമാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്‌ക്കുപറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം" (വെളി. 21:8).

3. നരകം നിത്യമാണ് (വെളി.20:10).

4. ആത്മാവു മാത്രമല്ല ദേഹവും ദേഹിയുംകൂടി ചേർന്ന പൂർണ്ണ മനുഷ്യനാണു നരകത്തിൽ പോകുന്നത് (മത്താ.10:28).

5. നരകത്തിൽ ഒരിക്കലും കെടാത്ത തീയുണ്ട് (മർക്കോ.9:43-44).

6. തീപ്പൊയ്ക എന്നാണ് നരകത്തിന്റെ പേര് (വെളി.20.15).

7. ജീവപുസ്തകത്തിൽ പേരില്ലാത്തവരെല്ലാം നരകത്തിൽ പോകേണ്ടതായി വരും (വെളി. 20:15).

നരകത്തിന്റെ ഭീകരത വർണ്ണിച്ച് ജനത്തെ ഭയപ്പെടുത്തി രക്ഷിക്കപ്പെടുത്താൻ ശ്രമിക്കുന്ന പ്രസംഗകരെ അറിയാം. അതു ശരിയായ നടപടിയല്ല. നരകം ഭീകരമാണെന്നതു ശരിതന്നെ. പക്ഷേ നരകം ഒഴിവാക്കാൻ നാം ശ്രദ്ധിക്കേണ്ടതു നരകത്തോടുള്ള ഭയം മൂലം ആകരുത്, ദൈവത്തോടുള്ള സ്നേഹംമൂലം ആകണം. നരകത്തിലേക്കു പോകുക എന്നു പറഞ്ഞാൽ ദൈവത്തോടു ശാശ്വതമായി വേർപെടുക എന്നാണർത്ഥം. സ്നേഹസ്വരൂപനായ ദൈവവുമായി നിത്യമായ വേർപാടുണ്ടാക്കുന്ന നരകം ആ കാരണത്താൽ തന്നെ നാം ഒഴിവാക്കണം. നരകത്തേക്കുറിച്ചുള്ള ഭയംമൂലം മാനസാന്തരപ്പെടുന്നവർ ആ ഭയത്തിനു കുറവുണ്ടാകുമ്പോൾ വീണ്ടും പാപവഴികളിലേക്കു തിരിയും. പക്ഷേ ക്രിസ്തുവിന്റെ സ്നേഹത്താൽ പിടിക്കപ്പെട്ടവർ ഒരിക്കലും ക്രിസ്തുവിനെ തള്ളിക്കളയുകയില്ല. അതുകൊണ്ട് നരകത്തിന്റെ ഭീകരത വർണ്ണിച്ച് വായനക്കാരെ ഭയപ്പെടുത്തി മാനസാന്തരത്തിലേക്കു നയിക്കാൻ ഞാൻ താല്പര്യപ്പെടുന്നില്ല. ആകയാൽ, മറ്റു പലരും ചെയ്യുന്നതുപോലെ നരകത്തിലെ അറകളേക്കുറിച്ചും അവിടെ ലഭിക്കുന്ന ശിക്ഷകളേക്കുറിച്ചും വർണ്ണിക്കുന്നത് ഒഴിവാക്കുന്നു. നിങ്ങളെ നിത്യനാശത്തിൽ നിന്നു വീണ്ടെടുക്കാനായി സ്വന്തം ജീവൻപോലും ത്യജിച്ച യേശുവിനെ നിങ്ങൾ സ്നേഹിക്കുന്നുണ്ടെങ്കിൽ യേശുവിന്റെ പിന്നാലെ ഇറങ്ങുക. യേശുവിനെ നിങ്ങൾ സ്നേഹിക്കുന്നില്ലെങ്കിൽ നരകത്തെ പേടിച്ചു മാനസാന്തരപ്പെടരുത്. അത്തരം മാനസാന്തരം നരകശി

ക്ഷയിൽ നിന്നു നിങ്ങളെ രക്ഷിക്കുകയില്ല. ഈ വിധത്തിൽ മാനസാന്തരപ്പെടുന്നവർക്കു വീണ്ടുംജനനത്തിന്റെ അനുഭവം ഉണ്ടായിരിക്കയില്ല. വീണ്ടും ജനിക്കാതെ നിത്യജീവൻ പ്രാപിക്കാൻ കഴിയുന്നതുമല്ല. അതുകൊണ്ട് നരകശിക്ഷയേക്കുറിച്ചുളള ഭയത്താലല്ല, യേശുക്രിസ്തുവിനോടുള്ള സ്നേഹത്താൽ മാനസാന്തരപ്പെടുക.

അടുത്ത കാലത്തു പലരും നരകത്തിൽ സന്ദർശനം നടത്തിയതായി അവകാശപ്പെടുന്നുണ്ട്. സ്വർഗ്ഗം, നരകം, മരണാനന്തര ജീവിതം തുടങ്ങിയവയേക്കുറിച്ചു മനുഷ്യർ അറിയേണ്ടതെല്ലാം ദൈവവചനമായ ബൈബിളിലുണ്ട്. നിത്യജീവൻ പ്രാപിക്കാൻ അതിൽ അധികമായി ഒന്നും ആവശ്യമില്ല. നാളിതുവരെ മറച്ചുവച്ച രഹസ്യങ്ങൾ ഈ വൈകിയ വേളയിൽ ദൈവം വെളിപ്പെടുത്തുമെന്നും കരുതേണ്ടതില്ല. അതുകൊണ്ട് നരകം നേരിൽ കണ്ടവരെന്ന് അവകാശപ്പെടുന്നവർ എഴുതിയ പുസ്തകങ്ങൾ വായിച്ച് വഴിതെറ്റാതിരിക്കാൻ ശ്രദ്ധിക്കണം.

നിത്യനരകത്തിൽനിന്നുമുള്ള മോചനം തികച്ചും സൗജന്യമായി നൽകുവാൻ ദൈവം തയ്യാറായിരിക്കേ അതു മന:പൂർവ്വം അവഗണിച്ചുകൊണ്ട് ജീവിക്കുന്നവർ നിത്യനാശത്തിലേക്കു പോകുമെന്നതിനു സംശയമില്ല. ദൈവം സ്നേഹമാകയാൽ നിത്യനരകം എന്ന ശിക്ഷ തരില്ലെന്നു പറയുന്നത് അർത്ഥശൂന്യമാണ്. "ഇത്ര വലിയ രക്ഷയെ ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റിയൊഴിയും" എന്ന് ദൈവവചനം ചോദിക്കുന്നു. ദൈവം ഇപ്പോൾ സ്നേഹിക്കുന്ന പിതാവാണ്. രക്ഷപ്രാപിക്കാനുള്ള സമയം ഇതാണ്. ഇനി അവൻ ദഹിപ്പിക്കുന്ന അഗ്നിയായി – ന്യായാധിപതിയായി – വെളിപ്പെടും. രക്ഷയെ അഗണ്യമാക്കിയവർ അന്ന് മക്കളായിട്ടല്ല കുറ്റവാളികളായിട്ടാകും ദൈവത്തിന്റെ മുമ്പിൽ നിൽക്കുക. ഇതൊക്കെ പച്ചയായ സത്യങ്ങളാണ്. ദൈവത്തെ വിശ്വസിക്കുന്നവർ ദൈവവചനം പറയുന്നതു ഗൗരവമായി എടുത്തുകൊള്ളുക.



# 6
# പ്രേതം: ഒരു വിശദീകരണം

മരിച്ചവരുടെ ആത്മാക്കൾ പ്രേതമായി ഈ ലോകത്ത് കറങ്ങിനടക്കുമോ? ദൈവവചനം ഈ വിഷയത്തെക്കുറിച്ച് എന്തു വിശദീകരണം തരുന്നു? പലരും പ്രേതങ്ങളെ കണ്ടിട്ടുണ്ടല്ലോ. അതെങ്ങനെ സംഭവിക്കുന്നു? അനേകരെ കുഴയ്ക്കുന്ന പ്രശ്നങ്ങളാണിവ. എന്നാൽ ദൈവവചനം വസ്തുനിഷ്ഠമായി പഠിച്ചാൽ ഇത്തരം പ്രശ്നങ്ങൾക്കെല്ലാം വ്യക്തമായ ഉത്തരം ലഭിക്കുന്നതാണ്. ആദ്യമായി ചില അനുഭവങ്ങൾ പരിശോധിക്കാം.

**ബഷീറിന്റെ അനുഭവം**

സുപ്രസിദ്ധ സാഹിത്യകാരനായിരുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ ഒരനുഭവമാകട്ടെ ആദ്യം. ഒരു വാടകവീടു തപ്പിനടന്ന ബഷീറിന് എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു വീട് ചെറിയ വാടകക്കു ലഭിച്ചു. എന്നാൽ വാടക കുറയാനുള്ള കാരണം ഏറെ താമസിയാതെ മനസ്സിലായി. ഭാർഗ്ഗവി എന്നൊരു സ്ത്രീ അവിടുള്ള കിണറ്റിൽ ചാടി മരിച്ചിട്ടുണ്ടായിരുന്നു. അവിടെ താമസമാക്കുന്നവരെയെല്ലാം ഈ പ്രേതം ഉപദ്രവിക്കുന്നു. അതുകൊണ്ട് അവിടെ താമസക്കാരെ കിട്ടാതെയായി. അങ്ങനെയാണ് ബഷീറിനു നിസ്സാര വാടകയ്ക്കു കെട്ടിടം കിട്ടിയത്.

ഒട്ടൊക്കെ ധൈര്യമുണ്ടായിരുന്ന ബഷീർ പല ദിവസങ്ങൾ അവിടെ താമസിച്ചിട്ടും പ്രേതത്തിന്റെ ഉപദ്രവമുണ്ടായില്ല. ഒരു ദിവസം രാത്രി ബഷീറിന്റെ ചിമ്മിനിവിളക്കിലെ മണ്ണെണ്ണ തീർന്നു. ഒരു സ്നേഹിതന്റെ വീട്ടിൽ ചെന്നു മണ്ണെണ്ണ വാങ്ങി. അപ്രതീക്ഷിതമായി മഴ പെയ്തതുകൊണ്ട് ഏതാനും മണിക്കൂറുകൾ കഴിഞ്ഞാണു മടങ്ങിയെത്താൻ കഴിഞ്ഞത്. മണ്ണെണ്ണ തീർന്നതു നിമിത്തം റാന്തലിന്റെ തിരി താഴ്ത്തിയശേഷമായിരുന്നു ബഷീർ പോയത്. പക്ഷേ തിരികെയെത്തി മുറി തുറന്നപ്പോൾ കണ്ടകാഴ്ച

അത്ഭുതകരമായിരുന്നു. റാന്തലിൽ ഒരു നീല തീനാളം. അതു തിരിയിൽ നിന്നും അല്പം ഉയർന്നുനിന്നു കത്തുകയാണ്. മുറി മുഴുവൻ ആ വെളിച്ചത്തിൽ കുളിച്ചു നിൽക്കുന്നു. ഇതിന് എന്തെങ്കിലും വിശദീകരണം കൊടുക്കുവാൻ ബഷീറിനു കഴിഞ്ഞില്ല. ഈ സംഭവത്തെ ആധാരമാക്കിയാണ് അദ്ദേഹം പിൽക്കാലത്ത് "ഭാർഗ്ഗവീ നിലയം" എന്ന തിരക്കഥ രചിച്ചത്.

**ഫാനിൽ തൂങ്ങിയ പ്രേതം**

ചില വർഷങ്ങൾക്കു മുമ്പ് ഒരാൾ തനിക്കുണ്ടായ ഒരനുഭവം ഒരു മാസികയിൽ 'വിശദീകരിക്കാനാവാത്ത സംഭവം' എന്ന പംക്തിയിലെഴുതിയത് ഞാൻ ഓർമ്മയിൽനിന്നും പകർത്തുകയാണ്. ഒരു യാത്രക്കാരൻ ഒരു ലോഡ്ജിൽ മുറിയെടുത്തു രാപാർക്കുന്നു. ഉറക്കത്തിൽ എന്തോ ശബ്ദംകേട്ട് ഞെട്ടിയുണർന്നപ്പോൾ കണ്ട കാഴ്ച ഭയങ്കരമായിരുന്നു. സീലിംഗ് ഫാനിൽ ഒരു യുവതി തൂങ്ങി മരിച്ചു കിടക്കുന്നു. ഭയന്നു വിറച്ച് അയാൾ ബോധരഹിതനായി. ഉണർന്നതു പ്രഭാതത്തിലാണ്. ഉടനെതന്നെ പെട്ടിയുമെടുത്തു പുറത്തിറങ്ങി, മാനേജരെ കണ്ടു വിവരം അറിയിച്ചു. അപ്പോഴാണ് അയാൾ മറ്റൊരു രഹസ്യം അറിയുന്നത്. ചില വർഷങ്ങൾക്കുമുമ്പ് അതേ മുറിയിൽ ഒരു സ്ത്രീ ഇപ്രകാരം ഫാനിൽ തൂങ്ങി ആത്മഹത്യ ചെയ്തിരുന്നു. അതിനുശേഷം ആ മുറിയിൽ താമസിച്ച പലരും ഇതുപോലുള്ള കാഴ്ച കണ്ടിട്ടുണ്ട്.

ഈ സംഭവത്തിനു വിശദീകരണം കൊടുക്കുക എളുപ്പമല്ല. ഒരു സ്ത്രീ ഫാനിൽ തൂങ്ങി ആത്മഹത്യചെയ്ത മുറിയാണെന്ന് അയാൾ അറിഞ്ഞിരുന്നെങ്കിൽ തുടർന്നു കണ്ട കാഴ്ച വെറും മാനസിക വിഭ്രാന്തിയാണെന്നു പറയാമായിരുന്നു. എന്നാൽ ആത്മഹത്യയേപ്പറ്റി ഒന്നും അറിഞ്ഞിട്ടില്ലാത്ത ആൾ ഇത്തരമൊരു കാഴ്ച കണ്ടത് നിസ്സാരമായി തള്ളിക്കളയാനാവില്ല.

പി.ഒ. നാരായണൻ നമ്പ്യാർ ശരീര ശാസ്ത്രം (1995 ഡിസംബർ) മാസികയിൽ എഴുതിയ ഒരനുഭവം താഴെ കൊടുക്കുന്നു:

"പ്രേതങ്ങൾ, യക്ഷികൾ, കൂളികൾ തുടങ്ങിയ പരലോക ജീവികളെ കണ്ടുമുട്ടിയ കഥകൾ പറയുന്നതു കേട്ടിരുന്നുവെങ്കിലും എനിക്കു കുട്ടിക്കാലത്ത് അത്തരം ജീവികളെ ഒന്നും കണ്ടുമുട്ടുവാൻ കഴിഞ്ഞില്ല. അങ്ങനെയിരിക്കെ ക്രിസ്താബ്ദം 1936-ൽ എനിക്ക് പന്ത്രണ്ടു വയസ്സുള്ളപ്പോൾ ഒരു സംഭവം നടന്നു. മറ്റൊരു തായ്വഴിയിലെ ജ്യേഷ്ഠന്റെ പത്നിക്കു പ്രേതബാധയുണ്ടായി പിച്ചും



പേയും പോലെ ഓരോന്നു പറയുകയും മറ്റും ചെയ്തതിനാൽ ഒരു മന്ത്രവാദിയെ വരുത്തി. സന്ധ്യക്കുശേഷം പ്രേതത്തെ മരം കൊണ്ടുള്ള ചെറിയ ഒരാൾരൂപത്തിലേക്ക് ആവാഹിച്ച് ഒഴിപ്പിച്ചു പുഴയിൽ ഒഴുക്കുവാൻ തീരുമാനിച്ചു. ആ കർമ്മം ചെയ്യുന്നത് കാണുവാൻ അതിയായ താല്പര്യം തോന്നുകയാൽ ഞാൻ നേരത്തെ തന്നെ ആ വീട്ടിൽ ചെന്നുകൂടി.

മന്ത്രവാദി വന്ന് മുമ്പിൽ ഇരുത്തിയ ജ്യേഷ്ഠത്തിയമ്മയുടെമേൽ പല മന്ത്രങ്ങളും ജപിച്ച് ഭസ്മം എറിഞ്ഞുകൊണ്ടിരുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ ജ്യേഷ്ഠത്തിയമ്മ ആടിയുലയുവാനും കിതക്കുവാനും തുടങ്ങി. " ഈ ശരീരത്തിൽ പ്രവേശിച്ചത് ആരാണ് എന്നു പറയൂ, എന്തിനാണ് ഈ ശരീരത്തിൽ പ്രവേശിച്ചത് എന്നു പറയൂ" എന്ന് മന്ത്രവാദി ആവശ്യപ്പെട്ടുകൊണ്ടിരുന്നു. പഴനിയിൽ ഭജനയിരിക്കുമ്പോൾ മരിച്ചുപോയ 'ഇന്ന' ആളാണ് താൻ, ബന്ധുക്കളെയെല്ലാം കാണുവാൻ വന്നതാണ്, ഉപദ്രവിക്കുവാനല്ല, താൻ ഇന്നിന്ന സ്നേഹിതന്മാരിൽനിന്ന് ഇത്രരൂപ കടം വാങ്ങിയിട്ടുണ്ട്, ഇത്ര രൂപാ മുകളിലത്തെ മുറിയിലുള്ള തന്റെ മേശവലിപ്പിലുണ്ട്, അതിൽ പോരാത്തതും ചേർത്ത് ജ്യേഷ്ഠൻ സ്നേഹിതരുടെ കടം വീട്ടണം എന്നും മറ്റും ജ്യേഷ്ഠത്തിയമ്മയെ ആവാഹിച്ച പ്രേതം പറഞ്ഞു. ആവശ്യപ്പെട്ടപ്രകാരം എല്ലാം ചെയ്തുകൊള്ളാം എന്ന് ജ്യേഷ്ഠൻ അറിയിച്ചു. പ്രേതം ബാധിച്ച ജ്യേഷ്ഠത്തിയമ്മക്ക് കുറെ ഇളനീർ കുടിക്കുവാൻ കൊടുത്തശേഷം മരം കൊണ്ടുള്ള ആൾരൂപത്തിലേക്കു പ്രേതത്തെ ആവാഹിച്ചു. അപ്പോൾത്തന്നെ മുകളിലത്തെ മേശവലിപ്പു തുറന്നുനോക്കി. പ്രേതം പറഞ്ഞ സംഖ്യ ശരിയാണെന്നു കണ്ടു. പേരുപറഞ്ഞ സ്നേഹിതന്മാരിൽ പലരും അപ്പോൾ അവിടെ ഉണ്ടായിരുന്നു. കടംവാങ്ങിയതായി പ്രേതം പറഞ്ഞ സംഖ്യ ശരിയാണെന്ന് അവർ സമ്മതിക്കയും ചെയ്തു. ഈ സ്നേഹിതന്മാരുടെ പേരുകളും പൂട്ടിയിട്ട മേശവലിപ്പിൽ ഉള്ള സംഖ്യ എത്രയെന്നും ജ്യേഷ്ഠത്തിയമ്മ സാധാരണ നിലയിൽ അറിയുവാൻ സാധ്യതയില്ലായിരുന്നു. പ്രേതം എന്നൊന്നുണ്ടെന്നതിന് ഇതു ഒരു തെളിവായി കരുതേണ്ടി വരുന്നു." ഈ സംഭവത്തിന് ശാസ്ത്രീയമായ ഒരു വിശദീകരണം പറയാൻ കഴിയുമോ?

ശ്രീ നമ്പ്യാർ ഭാര്യാഗൃഹത്തിലുള്ള ഒരു മുറിയിൽ കിടന്നപ്പോൾ ഉണ്ടായ ഒരനുഭവം ഇപ്രകാരമാണ്: "ആദ്യത്തെ രാത്രി കരിവീട്ടികൊണ്ടുള്ള വലിയ കട്ടിലിന്മേലായിരുന്നു ഞാൻ കിടന്നത്.

ചെറിയ കുട്ടിയുള്ളതുകൊണ്ട് കുട്ടിയേയും കൂടെ കിടത്തി. നിലത്തു വിരിച്ച കോസടിയിലായിരുന്നു ഭാര്യ കിടന്നിരുന്നത്. ഒരു മൂട്ടവിളക്കും മുമ്പിൽ കത്തിച്ചു വച്ചിട്ടുണ്ടായിരുന്നു. ഉറങ്ങിയ ഉടനെതന്നെ ഞാൻ കാണുന്നത് എന്റെ കട്ടിലിന്റെ തലയ്ക്കൽ ദേഷ്യപ്പെട്ടു നോക്കിനിൽക്കുന്ന ഒരു മനുഷ്യരൂപത്തെയാണ്. ഏതാണ്ട് 35 വയസ്സ് തോന്നിക്കുന്ന, ഒത്തതടിയും നീളവുമുള്ള ആൾ. മാറത്തും കൈകളിലും പുറത്തും നിബിഡമായ രോമങ്ങൾ. ഷെയ്‌വ് ചെയ്തിട്ടു മൂന്നുനാലു ദിവസം ആയാലെന്നപോലെ കറുത്തതും നരച്ചതും ഇടകലർന്ന കുറ്റിരോമങ്ങളുള്ള മീശയും താടിയും. തീഷ്ണ ദൃഷ്ടികൾ, വായിൽ മുകളിലത്തെ വരിയിൽ നടുക്കായി വിടവുള്ള പല്ലുകൾ, കണങ്കാലിന്റെ പകുതിവരെയെത്തുന്ന അലക്കിയ മുണ്ട്. വലത്തെ കൈയ്യിൽ മോതിരവിരലിൽ ഒരു പവിത്ര മോതിരം, ഇത്രയും വ്യക്തമായി കണ്ടിരുന്നു. "എന്നെ ഭയപ്പെടുത്തേണ്ട, ഞാൻ രോഗിയാണ്" എന്ന് സ്വപ്നത്തിൽതന്നെ ഞാൻ അയാളോടു പറഞ്ഞു. ഉടനെ ഞെട്ടിയുണരുകയും കട്ടിലിന്റെ തലയ്ക്കൽ അയാളുണ്ടോ എന്നു നോക്കുകയും ചെയ്തു. ആരെയും കണ്ടില്ല.

ഞാൻ എഴുന്നേറ്റു ഭാര്യയെ വിളിച്ചുണർത്തി സ്വപ്നത്തിൽ കണ്ട രൂപം വിവരിച്ചുകൊടുത്തു. അത് ആരാണെന്നറിയാമോ എന്നു ചോദിച്ചു. അറിയില്ലല്ലോ എന്നു പറഞ്ഞപ്പോൾ അവളെയും കൂട്ടി കോണിയിറങ്ങിച്ചെന്ന് താഴത്തെ നിലയിൽ പടിഞ്ഞാറേമുറിയിൽ കിടക്കുന്ന അവളുടെ അമ്മയെ വിളിച്ചുണർത്തി, അവരോടും സ്വപ്നത്തിൽ കണ്ട ആളുടെ രൂപവർണ്ണന ചെയ്തു. ഒട്ടും സംശയമില്ലാതെ അവർ പറഞ്ഞു: "അത് ഇവൾ ജനിക്കും മുമ്പ് മരിച്ചുപോയ ഇവളുടെ ഗോപാലമ്മാവനാണ്. അദ്ദേഹം ഉപയോഗിച്ചിരുന്ന കട്ടിലിൽ ആണ് നിങ്ങൾ കിടന്നത്."

ഇത്തരം നിരവധി കഥകൾ മിക്കവർക്കും പറയാനുണ്ടാവും. പ്രേതങ്ങളെ കണ്ട കഥ, പ്രേതവുമായി സംസാരിച്ച കഥ, ഭയന്നു വിറച്ച കഥ, പ്രേതം അപകടത്തിൽനിന്നു രക്ഷിച്ച കഥ.... അങ്ങനെ എന്തെല്ലാം. പ്രേതങ്ങൾ ഉണ്ടെന്നാണോ ഇതിന്റെയർത്ഥം?

പഴയനിയമകാലത്ത് മരിച്ചു പോയ വ്യക്തിയുടെ ആത്മാവ് പറുദീസയിലേക്കോ യാതനാ സ്ഥലത്തേക്കോ തൽക്ഷണം പോകുന്നു എന്നു നാം ധനവാന്റെയും ലാസറിന്റെയും കഥയുമായി ബന്ധപ്പെട്ടു പഠിച്ചുകഴിഞ്ഞു. ഇക്കാലത്തു മരിക്കുന്ന ദൈവമക്കളുടെ ആത്മാക്കൾ ക്രിസ്തുവിന്റെ അടുത്തേക്കും രക്ഷിക്കപ്പെടാത്തവരുടെ ആത്മാക്കൾ പാതാളത്തിലെ യാതനാസ്ഥലത്തേക്കുമാണ് പോകുന്നത്. അങ്ങനെയെങ്കിൽ അവ പ്രേതമായി ഭൂമിയിലലഞ്ഞു നടക്കുന്നതെങ്ങനെ? തികച്ചും അസാദ്ധ്യം. പക്ഷെ പ്രേതങ്ങളെ അനേകർ കണ്ടിട്ടുള്ളതിനാൽ അവ കെട്ടുകഥയെന്നു പറഞ്ഞു തള്ളിക്കളയാനാവുമോ? ആഴത്തിൽ ചിന്തിക്കേണ്ട വിഷയമാണിത്. പ്രേതത്തെ കണ്ടതായി പറഞ്ഞുകേൾക്കുന്ന കഥകളെ പലതായി തിരിക്കാം.



**1. ശുദ്ധനുണ:-** പ്രേതത്തെ കണ്ടതായും സംഭാഷണം നടത്തിയതായും മറ്റും പറഞ്ഞാൽ ഗമയാകുമെന്ന കാരണത്താൽ പലരും ഇത്തരം കഥകൾ തട്ടിക്കൂട്ടിയെടുക്കും. കല്ലുവച്ച നുണകളാണ് പ്രേതകഥകളിൽ നല്ലൊരു പങ്ക്. അതുകൊണ്ട് എല്ലാ കഥകളും മുഖവിലയ്ക്കെടുക്കരുത്.

**2. വിഭ്രാന്തി:-** പ്രേതത്തെക്കുറിച്ചുള്ള ഭയംമൂലം ഉണ്ടാകുന്ന വിഭ്രാന്തി നിമിത്തം ഉണ്ടാകുന്ന തോന്നലുകളാണ് മറ്റു ചിലതിനു പിന്നിലുള്ളത്. ഭയം മൂലം മനസ്സു സൃഷ്ടിച്ച മിഥ്യാബോധമാണു പ്രേതമായത്. ഇത്തരം അനുഭവങ്ങളും തള്ളിക്കളയാം.

**3. വിശദീകരിക്കാവുന്നവ:-** പ്രേതത്തെ ശരിക്കും കണ്ട സംഭവങ്ങളിൽ പലതും ശാസ്ത്രീയമായി വിശദീകരിക്കാവുന്നവയായിരിക്കും. ശവക്കോട്ടയിൽ കണ്ട വെളിച്ചം ഫോസ്ഫറസ്സിൽ നിന്നുണ്ടായതാവാം. അല്ലെങ്കിൽ ഏതെങ്കിലും മനുഷ്യർ അവിടെ ഉണ്ടായിരുന്നിരിക്കാം. വേണ്ടത്ര അന്വേഷണം നടത്തിയാൽ പ്രേതകഥകളിൽ മിക്കതിനും ശാസ്ത്രീയമായ വിശദീകരണം നൽകാനാവും.

**4. പൈശാചികം:-** പിശാചുണ്ടെന്നുതന്നെ മിക്കവർക്കും വിശ്വാസമില്ല. (എങ്കിലും രാത്രിയിൽ പുറത്തിറങ്ങാൻ ഭയമാണുതാനും). ഭൂതങ്ങളെ ഉഗ്രമായി ഭർത്സിക്കയും ശക്തിയായി ശാസിക്കയും ചെയ്യുന്നവർക്കുപോലും രാത്രിയിൽ ഒറ്റക്കു യാത്രചെയ്യാൻ ഭയമാണ്. പുറത്തേക്കു നോക്കാൻ പോലും ധൈര്യമില്ലാത്തവരുമുണ്ട്. ശവക്കോട്ടയുടെ സമീപത്തുകൂടി യാത്രചെയ്യുന്ന കാര്യം ചിന്തിക്കാൻ തന്നെ ഭയം.

പിശാച്, സാത്താൻ എന്നൊക്കെ പറയുന്നത് പ്രേതമോ അതുപോലുള്ള എന്തോ ആണെന്ന് പലരും ധരിച്ചുവച്ചിട്ടുണ്ടെന്നും സാന്ദർഭികമായി പറയട്ടെ. ചത്തവൻ പ്രേതമോ പിശാചോ ആകുന്നതല്ല സാത്താൻ എന്ന പിശാച്. ലൂസിഫർ എന്ന ദൈവദൂതൻ ദൈവത്തെപ്പോലെ ആകുവാൻ ശ്രമിച്ച് പരാജയപ്പെട്ട കഥ യെശ.

14:9–18; യെഹ. 28:11–19 എന്നീ ഭാഗങ്ങളിൽ കാണാം. ആദ്യമായി ആ ഭാഗങ്ങൾ വായിക്കുക: "നിന്റെ വരവിങ്കൽ നിന്നെ എതിരേല്ക്കുവാൻ താഴെ പാതാളം നിന്റെ നിമിത്തം ഇളകിയിരിക്കുന്നു; അതു നിന്നെച്ചൊല്ലി ഭൂപാലൻമാരുമായ പ്രേതൻമാരെ ഉണർത്തുകയും ജാതികളുടെ സകല രാജാക്കൻമാരെയും സിംഹാസനങ്ങളിൽനിന്ന് എഴുന്നേല്പിക്കുകയും ചെയ്തിരിക്കുന്നു. അവരൊക്കെയും നിന്നോട്: നീയും ഞങ്ങളെപ്പോലെ ബലഹീനനായോ? നീയും ഞങ്ങൾക്കു തുല്യനായിത്തീർന്നുവോ? എന്നു പറയും. നിന്റെ ആഡംബരവും വാദ്യഘോഷവും പാതാളത്തിലേക്ക് ഇറങ്ങിപ്പോയി; നിന്റെ കീഴെ പുഴുക്കളെ വിരിച്ചിരിക്കുന്നു; കൃമികൾ നിനക്ക് പുതപ്പായിരിക്കുന്നു. അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തുവീണു! 'ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതേ വയ്ക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിൻമേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കു മീതേ കയറും; ഞാൻ അത്യുന്നതനോടു സമനാകും' എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്. എന്നാൽ നീ പാതാളത്തിലേക്ക്, നാശകൂപത്തിന്റെ അടിയിലേക്കു തന്നേ വീഴും. നിന്നെ കാണുന്നവർ നിന്നെ ഉറ്റുനോക്കി: ഭൂമിയെ നടുക്കുകയും രാജ്യങ്ങളെ കുലുക്കുകയും ഭൂതലത്തെ മരുഭൂമിപോലെ ആക്കുകയും അതിലെ പട്ടണങ്ങളെ ഇടിച്ചുകളയുകയും തന്റെ ബദ്ധൻമാരെ വീട്ടിലേക്കു അഴിച്ചുവിടാതിരിക്കുകയും ചെയ്തവൻ ഇവനല്ലയോ എന്നു നിരൂപിക്കും" (യെശ. 14:9–18)

"യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ: മനുഷ്യപുത്രാ, നീ സോർ രാജാവിനെക്കുറിച്ച് ഒരു വിലാപം തുടങ്ങി അവനോടു പറയേണ്ടത്: യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു! നീ മാതൃകാ മുദ്രയാകുന്നു; നീ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യസമ്പൂർണ്ണനും തന്നേ. നീ ദൈവത്തിന്റെ തോട്ടമായ ഏദെനിൽ ആയിരുന്നു; താമ്രമണി, പീതരത്നം, വജ്രം, പുഷ്പരാഗം, ഗോമേദകം, സൂര്യകാന്തം, നീലക്കല്ല്, മാണിക്യം, മരതകം മുതലായ സകല രത്നങ്ങളും നിന്നെ മൂടിയിരുന്നു; നിന്നെ തീർത്തനാളിൽ നിന്നിൽ ഉള്ള തടങ്ങളുടെയും കൂടുകളുടെയും പണി പൊന്നുകൊണ്ടുള്ളതായിരുന്നു. നീ ചിറകു വിടർത്തി മറയ്ക്കുന്ന കെരൂബ് ആകുന്നു; ഞാൻ നിന്നെ വിശുദ്ധദേവപർവ്വതത്തിൽ ഇരുത്തിയിരുന്നു; നീ അഗ്നിമയരത്നങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചുപോന്നു. നിന്നെ സൃഷ്ടിച്ചനാൾ മുതൽ നിങ്കൽ നീതികേടു കണ്ടതുവരെ നീ നടപ്പിൽ നിഷ്കളങ്കനായിരുന്നു. നിന്റെ വ്യാപാരത്തിന്റെ പെരുപ്പം നിമിത്തം നിന്റെ അന്തർഭാഗം സാഹസംകൊണ്ടു നിറഞ്ഞു, നീ പാപം ചെയ്തു; അതുകൊണ്ട് ഞാൻ നിന്നെ അശുദ്ധൻ എന്ന് എണ്ണി ദേവപർവ്വതത്തിൽനിന്നു തള്ളിക്കളഞ്ഞു; മറയ്ക്കുന്ന കെരൂബേ, ഞാൻ നിന്നെ അഗ്നിമയരത്നങ്ങളുടെ മദ്ധ്യേനിന്നു മുടിച്ചുകളഞ്ഞു. നിന്റെ സൗന്ദര്യംനിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു, നിന്റെ പ്രഭനിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി; ഞാൻ നിന്നെ നിലത്തു തള്ളിയിട്ടു, രാജാക്കൻമാർ നിന്നെ കണ്ടു രസിക്കത്തക്കവണ്ണം നിന്നെ അവരുടെ മുമ്പിൽ ഇട്ടുകളഞ്ഞു. നിന്റെ അകൃത്യബാഹുല്യംകൊണ്ടും നിന്റെ വ്യാപാരത്തിന്റെ നീതികേടുകൊണ്ടും നീ നിന്റെ വിശുദ്ധമന്ദിരങ്ങളെ അശുദ്ധമാക്കി; അതുകൊണ്ട് ഞാൻ നിന്റെ നടുവിൽനിന്ന് ഒരു തീ പുറപ്പെടുവിക്കും; അതു നിന്നെ ദഹിപ്പിച്ചുകളയും; നിന്നെ കാണുന്ന ഏവരുടെയും മുമ്പിൽ ഞാൻ നിന്നെ നിലത്തു ഭസ്മമാക്കിക്കളയും" (യെഹ. 28:11–18). ബാബേൽ രാജാവ്, സോർ രാജാവ് എന്നിവരോടുള്ള പ്രവചനമാണിവ എന്നു തോന്നുമെങ്കിലും അവർക്കു യോജിക്കാത്ത കാര്യങ്ങളാണ് ഇവിടെ പറയുന്നത്. അതുകൊണ്ട് ഈ രാജാക്കൻമാരുടെ പിന്നിൽ പ്രവർത്തിച്ച ലൂസിഫർ എന്ന സാത്താനോടാണ് ദൈവം സംസാരിക്കുന്നതെന്നു മനസ്സിലാക്കാം.



ഈ വാക്യങ്ങളിൽ നിന്നു ലൂസിഫറിന്റെ ആശ എന്തെന്നു വ്യക്തമാകുന്നുണ്ട്. അവനു ദൈവത്തെപ്പോലെയാകണം. ദൈവത്തിനു ലഭിക്കുന്ന ആരാധന അവനു ലഭിക്കണം. അവനു ദൈവമാകണം. ഇതേ ആഗ്രഹം സാത്താന് ഇന്നുമുണ്ട്. ദൈവത്തിനു ലഭിക്കുന്ന ആരാധന തനിക്കു ലഭിക്കാനായി അവൻ എല്ലാ അടവുകളും പ്രയോഗിക്കും. മനുഷ്യൻ സത്യദൈവത്തെ അറിഞ്ഞാൽ – വിശ്വസിച്ചാൽ – പിശാചിന് ആരാധന ലഭിക്കയില്ല. അതുകൊണ്ട് മനുഷ്യൻ സത്യം ഗ്രഹിക്കുന്നതു തടയണം. അതിന് സാത്താൻ പല മാർഗ്ഗങ്ങളും കണ്ടുപിടിച്ചിട്ടുണ്ട്.

**1. ഭോഷ്ക്ക്**

സത്യത്തെ മറിച്ചുകളയുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം ഭോഷ്ക്കു പറയുക എന്നതാണ്. സാത്താൻ ഭോഷ്ക്കു പറയു

ന്നവനും ഭോഷ്ക്കിന്റെ അപ്പനുമാകുന്നു. ദൈവമില്ല എന്നു പറയുന്നതാണ് ഏറ്റവും വലിയ നുണ. സാത്താനില്ല എന്നു പറയുന്നതും കളളമാണ്. മനുഷ്യന് ആത്മാവില്ല, നിത്യനരകമില്ല എന്നൊക്കെ യഹോവാസാക്ഷികളും ശാബതുകാരും പറയുന്നത് സാത്താൻ ആ കൾട്ടുകളുടെ പിന്നിൽ പ്രവർത്തിക്കുന്നതുകൊണ്ടത്രെ. മനുഷ്യൻ മരണശേഷം ശുദ്ധീകരണസ്ഥലത്തു ചെല്ലുമെന്നും ഭൂമിയിലുള്ളവർ നടത്തുന്ന പ്രാർത്ഥന, കുർബ്ബാന തുടങ്ങിയവയിലൂടെ പാപമോചനം പ്രാപിച്ച് ഒടുവിൽ സ്വർഗ്ഗത്തിലെത്തുമെന്നു പ്രചരിപ്പിക്കുന്നതും സാത്താന്യമത്രേ. എട്ടുംപൊട്ടും തിരിയാത്ത കുഞ്ഞുങ്ങളെ മാമ്മോദീസാ മുക്കുക, പരിശുദ്ധാത്മാവിനെ കുപ്പിയിലാക്കുക തുടങ്ങി ദൈവവചനവിരുദ്ധമായ ആചാരാനുഷ്ഠാനങ്ങൾ നടത്തുന്നതെല്ലാം സാത്താനാണ്.

**2. തെറ്റിദ്ധരിപ്പിക്കുക**

ഇതും ഭോഷ്ക്കിന്റെ ഒരു വകഭേദമത്രേ. ദൈവവചനത്തിന് ദുർവ്യാഖ്യാനം കൊടുത്ത് എത്രയോ കോടി ജനങ്ങളെ സാത്താൻ തെറ്റിദ്ധരിപ്പിക്കുന്നു. രക്ഷ പ്രവൃത്തിയാലാണു ലഭിക്കുന്നതെന്നു പഠിപ്പിക്കുന്നതുതന്നെ നല്ല ഉദാഹരണം. അഹരോനിൽനിന്നും പൗരോഹിത്യം സെഖര്യാവു വഴി യോഹന്നാനു ലഭിച്ചെന്നും, യോഹന്നാൻ അതു കർത്താവിനു കൊടുത്തെന്നും കർത്താവ് അതേ പൗരോഹിത്യം തന്റെ ശിഷ്യന്മാർക്കു കൊടുത്തെന്നും നുണ പറഞ്ഞ് സാത്താൻ എത്ര കോടി ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടെന്നതിനു കണക്കില്ല. ത്രിത്വമില്ല, 1914 –ൽ കർത്താവു വന്നു എന്നൊക്കെ ബൈബിളിൽനിന്നു ചില വാക്യങ്ങൾ 'തെളിവായി' എടുത്തു വ്യാഖ്യാനിച്ചൊപ്പിക്കുന്നതും പൈശാചികമാണ്. അങ്ങനെ നൂറുകണക്കിന് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനാവും.

**3. ലക്ഷ്യം തെറ്റിക്കുക**

പാപം എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന hamartia എന്ന വാക്കിന്റെ അർത്ഥം തന്നെ miss the mark എന്നാണ്. അസ്ത്രം ലക്ഷ്യത്തിൽ തറയ്ക്കാതിരിക്കുന്നതാണിത്. ദൈവത്തെയാണ് നാം ആരാധിക്കേണ്ടത്. എന്നാൽ ആ ലക്ഷ്യത്തിൽ നിന്നും മനുഷ്യനെ തെറ്റിക്കയെന്നത് സാത്താന്റെ പ്രധാന തന്ത്രങ്ങളിലൊന്നാണ്. ജനനമരണ ചക്രത്തിൽനിന്നും മോചനം പ്രാപിക്കുവാൻ സർവ്വസംഗപരിത്യാഗികളായി നടക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നതു സാത്താനാണ്. സാമൂഹ്യ സേവനമാണ് ജീവിത ലക്ഷ്യമെന്നു പറ



ഞ്ഞാൽ വളരെ നല്ല കാര്യമായി തോന്നാമെങ്കിലും ഇതും സാത്താന്യമാണ്. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുക, വീണ്ടുംജനനം പ്രാപിക്കുക, യേശുവിലൂടെ പാപമോചനം പ്രാപിച്ച് ദൈവഹിതപ്രകാരം ജീവിക്കുക, ദൈവത്തെ ആരാധിക്കുക, ദൈവവേല ചെയ്യുക തുടങ്ങിയതൊക്കെയാണ് ശരിയായ മാർഗ്ഗം. ഇതിനു വിരുദ്ധമായതെല്ലാം സാത്താന്യമാണ്.

**4. വഴിതെറ്റിക്കുക**

ലക്ഷ്യം തെറ്റിക്കുക എന്നതാണു സാത്താന് ഏറ്റവും ഇഷ്ടമുള്ള തന്ത്രമെങ്കിലും ചിലപ്പോഴെല്ലാം ലക്ഷ്യമല്ല മാർഗ്ഗമാണ് സാത്താൻ തെറ്റിക്കുക. ദൈവത്തെപ്പോലെയാകുന്നതു തെറ്റല്ല. ഗുരുവിനെപ്പോലെയാകുന്നതു ശിഷ്യനു മതി എന്നു കർത്താവുതന്നെ പറഞ്ഞിട്ടുമുണ്ടല്ലോ. എന്നാൽ ദൈവത്തെപ്പോലെയാകുവാൻ സാത്താൻ ആദ്യമനുഷ്യനുപദേശിച്ച വഴി തെറ്റായിരുന്നു. ദൈവത്തെപ്പോലെയാകുവാൻ ദൈവകല്പന ലംഘിക്കുക എന്ന മാർഗ്ഗമാണു സാത്താൻ ചൂണ്ടിക്കാട്ടിയത്. ലോകമതങ്ങളിൽ മിക്കതിന്റെയും ലക്ഷ്യം നിത്യരക്ഷ പ്രാപിക്കുക എന്നതാണ്. എന്നാൽ അതിനുള്ള ഏക മാർഗ്ഗം യേശുവിന്റെ കാൽവറിയാഗത്തിലുള്ള വിശ്വാസമാണെന്ന സത്യം സാത്താൻ മറച്ചുവയ്ക്കുന്നു. സൽപ്രവൃത്തികൾ ചെയ്യുക, ഉപവാസമിരിക്കുക, തപസ്സും ധ്യാനവും മറ്റും അനുഷ്ഠിക്കുക, പുണ്യതീർത്ഥങ്ങളിൽ മുങ്ങുക, നേർച്ചകാഴ്ചകൾ അർപ്പിക്കുക, നിഷ്ക്കാമകർമ്മം ചെയ്യുക തുടങ്ങിയതൊക്കെ രക്ഷാമാർഗ്ഗമായി സാത്താൻ മനുഷ്യന് ഉപദേശിച്ചുനൽകുന്നു.

**5. ഡ്യൂപ്ലിക്കേറ്റ് ഉണ്ടാക്കുക**

മനുഷ്യൻ ഡ്യൂപ്ലിക്കേറ്റുണ്ടാക്കാൻ പഠിച്ചതു സാത്താനിൽനിന്നാണ്. ദൈവീകമായ എന്തിനും സാത്താൻ ഡ്യൂപ്ലിക്കേറ്റുണ്ടാക്കും. ദൈവീക ത്രിത്വമുള്ളതുകൊണ്ട് സാത്താൻ മിക്ക മതങ്ങളിലും വ്യാജ ത്രിത്വമുണ്ടാക്കിയിട്ടുണ്ട്. ദൈവം നിത്യരക്ഷ വാഗ്ദാനം ചെയ്തിരുന്നതുകൊണ്ട് സാത്താനും ചില ഡ്യൂപ്ലിക്കേറ്റ് രക്ഷകൾ ഉണ്ടാക്കിയിട്ടുണ്ട്. യഥാർത്ഥ മാമ്മോദീസ ഉള്ളതുകൊണ്ട് ശിശുസ്നാനം, യേശുവിന്റെ നാമത്തിലുള്ള സ്നാനം, കൊടിക്കീഴിൽ സ്നാനം തുടങ്ങിയവ സാത്താനുണ്ടാക്കി. തിരുവത്താഴത്തിനു പകരം കുർബ്ബാനയുണ്ടാക്കി. പരിശുദ്ധാത്മാഭിഷേകത്തിന്റെ ഡ്യൂപ്ലിക്കേറ്റായി തൈലം പൂശൽ കൊണ്ടുവന്നു. ഉപവാസത്തിന്റെ സ്ഥാനത്ത് നൊയമ്പുണ്ടായി. സഭയെ പള്ളിയാക്കി. അപ്പൊസ്ത

ലനും ഇടയനും പകരമായി മെത്രാനും പുരോഹിതനും വന്നു ചേർന്നു. സഭയ്ക്കു പകരം സംഘടന കൊണ്ടുവന്നു. ഇങ്ങനെ ദൈവീകമായ എന്തിനും സാത്താൻ ഡ്യൂപ്ലിക്കേറ്റുണ്ടാക്കുന്നു.

പ്രേതത്തെക്കുറിച്ചാണല്ലോ പറഞ്ഞുവന്നത്. മരിച്ചുപോയ മനുഷ്യരുടെ ആത്മാക്കൾ ഒരിക്കലും പ്രേതമായി ഭൂമിയിൽ അലയുകയില്ല. കാരണം, ഈ ആത്മാക്കൾ സ്വർഗ്ഗീയ പറുദീസയിൽ വിശ്രമിക്കയോ യാതനാസ്ഥലത്ത് വേദന അനുഭവിക്കുകയോ ചെയ്യുകയാണ്. അങ്ങനെയെങ്കിൽ പ്രേതങ്ങൾ എങ്ങനെയുണ്ടാകുന്നു?

മനുഷ്യൻ വചനവിരുദ്ധമായി വച്ചുപുലർത്തുന്ന എല്ലാ ധാരണകളും ശരിയാണെന്നു തെളിയിക്കുന്നതിൽ സാത്താനു സന്തോഷമേയുള്ളൂ. ജ്യോതിഷം ശരിയാകുന്നതിന്റെ ഒരു കാരണം ഇതാണ്. മന്ത്രവാദത്തിനും വിഗ്രഹങ്ങൾക്കും ശക്തിയുണ്ടാകുന്നതും പുണ്യവാളനെ വിശ്വസിച്ചാൽ രോഗസൗഖ്യമുണ്ടാകുന്നതും ഇങ്ങനെതന്നെ. മനുഷ്യന്റെ ആത്മാവ് പ്രേതമായി ഈ ഭൂമിയിൽ അലയുന്നു എന്ന് തെളിഞ്ഞാൽ മരണാനന്തര ജീവിതത്തെക്കുറിച്ചു ബൈബിൾ പറയുന്നതെല്ലാം തെറ്റാണെന്നുവരും. ബൈബിൾ തെറ്റാണെന്നു തെളിയിക്കുവാൻ കഴിഞ്ഞാൽ സാത്താൻ ജയിച്ചു. മരിച്ചവർ പ്രേതമാകുമെന്ന അന്ധവിശ്വാസം തെളിയിക്കുവാൻ സാത്താൻ പെടാപ്പാടു പെടുന്നതും ഇതുകൊണ്ടുതന്നെ.

പ്രേതമായി പ്രത്യക്ഷപ്പെടുന്നതു മരിച്ച മനുഷ്യന്റെ ആത്മാവല്ല, ദുരാത്മാവാണ്. സാത്താൻ വെളിച്ചദൂതന്റെ വേഷം മാത്രമല്ല (2 കൊരി. 11:14) മനുഷ്യാത്മാവിന്റെ വേഷവും ധരിക്കും. ദുരാത്മാവ്, മരിച്ചുപോയ ഏതെങ്കിലും വ്യക്തിയാണെന്നു പറയുക മാത്രമല്ല, ആ വ്യക്തിയുടെ എല്ലാ ലക്ഷണങ്ങളും പ്രകടിപ്പിക്കുകയും ചെയ്യും. മരിച്ച വ്യക്തിയുടെ ശബ്ദത്തിൽ സംസാരിക്കും. മരിച്ചുപോയ വ്യക്തി മടങ്ങിവന്നാൽ എങ്ങനെയൊക്കെ പെരുമാറുമോ, അതുപോലെതന്നെ പ്രേതവും പെരുമാറും. മരിച്ച വ്യക്തിതന്നെയാണു മടങ്ങിവന്നിരിക്കുന്നതെന്ന് മിക്കവരും ധരിച്ചുപോകും.

എങ്ങനെയാണ് മരിച്ച വ്യക്തിയുടെ എല്ലാ സ്വഭാവവിശേഷങ്ങളും പ്രേതത്തിന് അഭിനയിക്കുവാൻ സാധിക്കുന്നത്? ഇതിന് രണ്ടു സാദ്ധ്യതകളാണ് ഞാൻ കാണുന്നത്.

**1. പരേതനിലുണ്ടായിരുന്ന ഭൂതം**

ആഭിചാരം, വിഗ്രഹാരാധന, കളരിപ്പയറ്റ്, ജ്യോതിഷം, തുള്ളൽ, വെച്ചുപൂജ, ദുർന്നടപ്പ് തുടങ്ങിയവയുമായി ബന്ധമുള്ളവരോ ഇത്തരക്കാരുടെ അടുത്തബന്ധുക്കളോ ഭൂതബാധയുള്ളവരായിരിക്കാൻ വളരെ സാദ്ധ്യതയുണ്ട്. ഇവരുടെയുള്ളിലിരിക്കുന്ന ദുരാത്മാവ് ഇവരുടെ എല്ലാ പ്രവൃത്തികൾക്കും സാക്ഷിയാണല്ലോ. ഈ ഭൂതത്തിന് പ്രസ്തുത വ്യക്തിയുടെ എല്ലാ രഹസ്യങ്ങളും അറിയാം. ഈ മനുഷ്യൻ മരിക്കുമ്പോൾ ഭൂതം പുറത്താകുന്നു. മറ്റൊരാളെ ബാധിക്കുന്നതുവരെ ഈ ഭൂതം മരിച്ച വ്യക്തിയുടെ ആത്മാവെന്ന വ്യാജേന പ്രേതമായി പലർക്കും പ്രത്യക്ഷമാകും.



**2. പ്രേതമായി നിയമനം ലഭിച്ച ഭൂതം**

മനുഷ്യനെ അന്ധവിശ്വാസികളാക്കുക എന്ന തന്ത്രത്തിന്റെ ഭാഗമായി സാത്താൻ ചിലപ്പോൾ സാധാരണ ഭൂതങ്ങളെത്തന്നെ പ്രേതങ്ങളായി നിയമിച്ചയക്കുന്നു. ഏതു വ്യക്തിയുടെ പ്രേതമായാണോ വേഷമിടുന്നത്, ആ വ്യക്തിയെപ്പറ്റി ആവശ്യമായ എല്ലാ വിവരങ്ങളും ശേഖരിച്ചുകൊണ്ടായിരിക്കും ഭൂതത്തിന്റെ വരവ്. ഈ ഭൂതത്തിന്റെ അഭിനയം കണ്ടാൽ, മരിച്ച വ്യക്തിയുടെ ആത്മാവുതന്നെയാണെന്ന് സകലരും തലകുലുക്കി സമ്മതിച്ചുപോകും.

പ്രേതമായി വേഷംകെട്ടുന്ന ഭൂതം മനുഷ്യരെ വിശ്വസിപ്പിക്കുവാൻ മറ്റൊരു തന്ത്രംകൂടി ചിലപ്പോൾ ചെയ്തെന്നുവരാം. 'ബാധകൂടൽ' എന്ന പേരിൽ അറിയപ്പെടുന്ന ഒരു പരിപാടിയാണിത്. മരിച്ചവന്റെ ആത്മാവെന്ന നാട്യത്തിൽ ഭൂതം ആരെയെങ്കിലും ബാധിക്കും. ദുർമ്മരണം നടന്ന സ്ഥലത്തോ ശവമടക്കിയ സ്ഥലത്തോ വച്ച് പ്രേതത്തെ കണ്ടുഭയന്ന വ്യക്തികളിലാണ് പലപ്പോഴും ബാധകൂടുന്നത്. മരിച്ചുപോയ വ്യക്തിയുടെ ശബ്ദത്തിൽ സംസാരിക്കുക, പഴയസംഭവങ്ങൾ പലതും വസ്തുനിഷ്ഠമായി വിവരിക്കുക തുടങ്ങി മരിച്ചവന്റെ ആത്മാവുവന്നാൽ കാണിക്കുന്ന സകല പ്രത്യേകതകളും ഈ ഭൂതം കാണിക്കും. ബൈബിളിൽ അല്പമൊക്കെ വിശ്വാസമുള്ളവർപോലും ഇത്തരം അടവിന്റെ മുമ്പിൽ തോൽവി സമ്മതിച്ചെന്നു വരാം. സാത്താന്റെ ലക്ഷ്യവും അതുതന്നെ.

ചില വീടുകളിലോ സ്ഥലങ്ങളിലോ പ്രേതബാധയുള്ളതായി ജനം കരുതാറുണ്ട്. ഇതു സത്യമാണെന്നു വരുത്തിത്തീർക്കാൻ സാത്താൻ ശ്രമിച്ചേക്കാം. പക്ഷേ ദൈവദാസന്മാരുടെ പ്രാർത്ഥനയിലൂടെ ഇത്തരം പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും. യേശുവിന്റെ നാമത്തിനു മുൻപിൽ വിറയ്ക്കാത്ത ഒരു ഭൂതമോ പ്രേതമോ പിശാചോ ഇല്ല. നസ്രായനായ യേശുവിന്റെ നാമത്തിൽ കല്പിച്ചാൽ ഭൂതങ്ങളും പ്രേതങ്ങളും വിട്ടുപോകും.

# 7
# ഭൂതബാധ

ഭൂതബാധ എന്നത് മരണാനന്തരജീവിതവുമായി നേരിട്ടു ബന്ധമുള്ള വിഷയമല്ല. എങ്കിലും ഈ വിഷയത്തേക്കുറിച്ചും ചില കാര്യങ്ങൾ വ്യക്തമാക്കേണ്ടത് ആവശ്യമാണെന്നു തോന്നിയതുകൊണ്ടാണ് ഇങ്ങനെയൊരു അദ്ധ്യായം ഉൾപ്പെടുത്തുന്നത്.

ഭൂതം എന്നൊന്ന് ഉണ്ടോ എന്നു സംശയിക്കുന്നവരുണ്ട്. വളരെ വിശദമായി ചർച്ച ചെയ്യേണ്ട ഒരു വിഷയമാണിത്. എങ്കിലും പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രം പറയുന്നു.

ഭൂതമുണ്ട് എന്നതിനു ദൈവവചനത്തിൽ ഒട്ടേറെ തെളിവുകളുണ്ട്. കർത്താവായ യേശുക്രിസ്തു നിരവധി ഭൂതങ്ങളെ പുറത്താക്കിയിട്ടുണ്ട്. ആകയാൽ ബൈബിൾ വിശ്വസിക്കുന്നവർക്കു ഭൂതമുണ്ടോ എന്നു സംശയമുണ്ടാകേണ്ട കാര്യമില്ല. എന്നാൽ ബൈബിളിൽ വിശ്വാസമില്ലാത്തവർക്കു മറ്റു തെളിവുകൾ ആവശ്യമാണ്. ആ വിഷയത്തിലേക്കു കടന്നാൽ മരിച്ചവർ എവിടെ എന്ന വിഷയത്തിൽനിന്നു നാം അകന്നുപോകും. അതുകൊണ്ട് ഭൂതമുണ്ടോ എന്ന വിഷയത്തേക്കുറിച്ച് ആഴമായ പഠനത്തിനു മുതിരുന്നില്ല. എങ്കിലും ഒരു സംഭവകഥ മാത്രം പറയാം.

മൂന്നു പതിറ്റാണ്ടു മുൻപു നടന്ന സംഭവമാണിത്. ഇടുക്കി ഡാമിന്റെ പണി നടക്കുന്ന കാലം. അതിഭക്തരായ ചില ഉദ്യോഗസ്ഥർ ഇടുക്കിയിൽ ഒരു കൂട്ടായ്മ നടത്തിയിരുന്നു. അവരിൽ ഒരാളുടെ സുഹൃത്തിന്റെ മകൾക്കു ഭൂതത്തിന്റെ ഉപദ്രവമുള്ളതായി വിവരം ലഭിച്ചു. കോട്ടയത്തിനു സമീപമുള്ള ഒരു സ്ഥലത്താണ് അവർ താമസിക്കുന്നത്. ആ കുട്ടിക്കുവേണ്ടി പ്രാർത്ഥിക്കാനായി രണ്ട് ഉദ്യോഗസ്ഥർ ഉച്ചകഴിഞ്ഞ് യാത്രതിരിച്ചു. വല്ലപ്പോഴും മാത്രമേ വണ്ടിയുള്ളൂ. അതുകൊണ്ട് വണ്ടി പുറപ്പെടുന്ന സമയമൊക്കെ മന:പാഠമാണ്. കോട്ടയത്തിനുള്ള ബസ്സ് പുറപ്പെടുന്നതിന് അഞ്ചു



മിനിട്ടു മുൻപ് സ്റ്റാൻഡിൽ എത്തത്തക്കവിധം താമസസ്ഥലത്തുനിന്നും ഇറങ്ങി. ഇവർ വണ്ടിയുടെ സമീപത്തെത്തിയപ്പോൾ ഡ്രൈവറും കണ്ടക്ടറും ബസ്സിൽ ചാടിക്കയറി. ഉടൻ വണ്ടി വിടുകയും ചെയ്തു. ഇവർ കൈകൊട്ടി വിളിക്കയും മറ്റും ചെയ്തെങ്കിലും അവർ ബസ്സ് നിർത്തിയില്ല. ഇവരെ കയറ്ററുതെന്ന് അവർക്കു വാശിയുള്ളതുപോലെ തോന്നി. മണിക്കൂറുകൾ കാത്തുനിന്നശേഷമാണ് അവർക്കു കോട്ടയത്തിനുള്ള ബസ്സ് കിട്ടിയത്. ഇതിൽ അസ്സാധാരണമായി എന്താണുള്ളത് എന്നു ചോദിച്ചേക്കാം. ഇത്രയും മാത്രമേ സംഭവിച്ചുള്ളൂ എങ്കിൽ അത്ഭുതമൊന്നുമില്ല. പക്ഷേ കഥ ഇവിടംകൊണ്ടു തീരുന്നില്ല. ഈ സഹോദരൻമാർ കോട്ടയത്തെത്തി. ഭൂതബാധയുള്ള കുട്ടിയുടെ വീട്ടിലെത്തിയ ഉടൻ അവിടെയുള്ളവർ ചോദിച്ചു: "നിങ്ങളെ കയറ്റാതെ ബസ്സ് പോയി, അല്ലേ?" അതെങ്ങനെ ഇവർ അറിഞ്ഞു? എന്താണു സംഭവിച്ചതെന്ന് അവർ വിശദീകരിച്ചു. ഭൂതബാധയുള്ള കുട്ടിക്കുവേണ്ടി ഏവരും പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു. ഉച്ച കഴിഞ്ഞ സമയത്ത് ഈ പെൺകുട്ടി ഉച്ചത്തിൽ ചിരിച്ചു. എന്തിനാണു ചിരിക്കുന്നതെന്നു ചോദിച്ചപ്പോൾ കിട്ടിയ മറുപടി ഇതാണ്: "ഇടുക്കിയിൽ നിന്നു രണ്ടുപേർ ഇങ്ങോട്ടു വരുന്നുണ്ട്. പക്ഷേ ഞങ്ങളുടെ ആൾക്കാർ അവിടെയുമുണ്ടല്ലോ. അതുകൊണ്ട് അവർക്കു വണ്ടി കിട്ടിയില്ല. അവർ ബസ്സിൽ കയറുന്നതിനു മുൻപുതന്നെ ബസ്സ് വിട്ടു. അടുത്ത ബസ്സ് വരുന്നതു കാത്ത് അവർ ഇടുക്കിയിൽ നിൽക്കുകയാണ്." ഇതാണ് ഭൂതം പറഞ്ഞത്.

അന്ന് ഇടുക്കിയിൽ നിന്നു പുറപ്പെട്ട രണ്ടു സഹോദരൻമാരിൽ ഒരാൾ ഇപ്പോൾ പാസ്റ്ററാണ്. അദ്ദേഹംതന്നെയാണ് ഈ കഥ എന്നോടു പറഞ്ഞത്. കേരളത്തിൽ ബസ്സ് നിർത്താതെ പോകുന്നതു സ്വാഭാവികമായ സംഭവമാണെന്നു വാദിക്കാം. പക്ഷേ ആ വിവരം അതേസമയത്ത് കോട്ടയത്തുള്ള പെൺകുട്ടി അറിഞ്ഞതെങ്ങനെ? ശാസ്ത്രീയമായ ഒരു വിശദീകരണവും ഇതിനില്ല. ഇത് ഒറ്റപ്പെട്ട സംഭവമല്ലെന്നതും എടുത്തു പറയേണ്ട കാര്യമാണ്.

ഭൂതബാധ എന്നൊന്നുണ്ട് എന്നതിനു ബൈബിളിൽ ഒട്ടേറെ തെളിവുകളുണ്ട് എന്നു പറഞ്ഞുകഴിഞ്ഞല്ലോ. ഇവയൊക്കെ പഠനവിധേയമാക്കിയാൽ ചില വസ്തുതകൾ വ്യക്തമാകും.

**1. മാനസീകരോഗമല്ല**

ഭൂതബാധ എന്നത് മാനസീകരോഗമാണെന്നു വ്യാഖ്യാനിക്കുന്നവരുണ്ട്. അതുശരിയല്ല. മാനസീകരോഗം ഭൂതബാധയായി

തെറ്റിദ്ധരിക്കപ്പെടാറുണ്ടെങ്കിലും ഭൂതബാധകളെല്ലാം മാനസികരോഗമാണെന്നു പറയാനാവില്ല. ഒരു ലഗ്യോനോളം (ഏകദേശം 6000) ഭൂതങ്ങൾ ബാധിച്ചവന്റെ അനുഭവം തന്നെ നല്ല ഉദാഹരണം (മർ.5:3-20). അവനു മാനസികരോഗമായിരുന്നു എന്നു പറയുന്നതെങ്ങനെ? യേശുവിനെ കണ്ടപ്പോൾ ഭൂതഗ്രസ്ഥൻ പറയുന്ന വാചകങ്ങൾ ശ്രദ്ധിക്കുക: "അവൻ യേശുവിനെ ദൂരത്തുനിന്നു കണ്ടിട്ട് ഓടിച്ചെന്ന് അവനെ നമസ്കരിച്ചു. അവൻ ഉറക്കെ നിലവിളിച്ചു: യേശുവേ, മഹോന്നതനായ ദൈവത്തിന്റെ പുത്രാ! എനിക്കും നിനക്കും തമ്മിൽ എന്ത്? ദൈവത്താണ, എന്നെ ദണ്ഡിപ്പിക്കരുതേ എന്ന് അപേക്ഷിക്കുന്നു എന്നു പറഞ്ഞു. അശുദ്ധാത്മാവേ, ഈ മനുഷ്യനെ വിട്ടു പുറപ്പെട്ടുപോകുക എന്നു യേശു കല്പിച്ചിരുന്നു. നിന്റെ പേരെന്ത് എന്ന് അവനോടു ചോദിച്ചതിന്: എന്റെ പേര് ലെഗ്യോൻ; ഞങ്ങൾ പലർ ആകുന്നു എന്ന് അവൻ ഉത്തരം പറഞ്ഞു. നാട്ടിൽനിന്നു തങ്ങളെ അയച്ചുകളയാതിരിക്കുവാൻ ഏറിയൊന്ന് അപേക്ഷിച്ചു. ആ പന്നികളിൽ കടക്കേണ്ടതിനു ഞങ്ങളെ അയക്കേണം എന്ന് അവർ അവനോട് അപേക്ഷിച്ചു; അവൻ അനുവാദം കൊടുത്തു; അശുദ്ധാത്മാക്കൾ പുറപ്പെട്ടു പന്നികളിൽ കടന്നിട്ടു കൂട്ടം കടുന്തൂക്കത്തൂടെ കടലിലേക്കു പാഞ്ഞു വീർപ്പുമുട്ടി ചത്തു. അവ ഏകദേശം രണ്ടായിരം ആയിരുന്നു." ഈ മനുഷ്യൻ മാനസികരോഗിയായിരുന്നെങ്കിൽ യേശു മഹോന്നതനായ ദൈവത്തിന്റെ പുത്രനാണെന്നു തിരിച്ചറിഞ്ഞതെങ്ങനെ? കർത്താവിന്റെ ശിഷ്യൻമാർപോലും യേശു മഹോന്നതനായ ദൈവത്തിന്റെ പുത്രനാണെന്ന് അപ്പോൾ അറിഞ്ഞിരുന്നില്ലല്ലോ. ഈ മനുഷ്യനിൽ നിന്നു ഭൂതം വിട്ടുപോയ സമയത്ത് ദൂരെനിന്നിരുന്ന പന്നിക്കൂട്ടം വിരണ്ടോടി വെള്ളത്തിൽ ചാടിയതെങ്ങനെ? മാനസികരോഗവും ഭൂതബാധയും ഒന്നല്ലെന്ന് ഇതിൽനിന്നു മനസ്സിലാക്കാം.

**2. ഭൂതങ്ങൾ യേശുവിനെ ഭയപ്പെടുന്നു**

ഭൂതങ്ങൾ യേശുവിനെ ഭയപ്പെടുകയും യേശുവിന്റെ കല്പന അനുസരിക്കയും ചെയ്യുന്നു. യേശുവിന്റെ കല്പന ധിക്കരിക്കാൻ ഒരു ഭൂതത്തിനും ധൈര്യമുണ്ടായിട്ടില്ല.

**3. ഭൂതങ്ങൾക്കു വ്യക്തിത്വമുണ്ട്**

ലഗ്യോനോളം ഭൂതങ്ങൾ ബാധിച്ചവൻ സംസാരിക്കുന്നതു ശ്രദ്ധിക്കുക. വ്യക്തിത്വമുള്ളവർ സംസാരിക്കുന്നതുപോലെയാണ് ഭൂതങ്ങൾ സംസാരിക്കുന്നത്. ഓരോ ഭൂതത്തിനും വ്യക്തിത്വമുണ്ട്.



**4. ഭൂതങ്ങൾ ആത്മാക്കളാണ്**

ഭൂതങ്ങളെ അശുദ്ധാത്മാക്കൾ എന്നാണ് ബൈബിളിൽ വിളിച്ചിരിക്കുന്നത്. ഭൂതങ്ങൾക്കു ശരീരമില്ല. എങ്കിലും മനുഷ്യശരീരത്തിനുള്ളിൽ കടന്നു വസിക്കാൻ ഭൂതങ്ങൾ ഇഷ്ടപ്പെടുന്നു. മറ്റു ജീവികളുടെ ശരീരത്തിലും ഇവ അപൂർവ്വമായി പ്രവേശിക്കാറുണ്ട്.

**5. മനുഷ്യരുടെ ആത്മാക്കളല്ല**

മരിച്ചുപോയ മനുഷ്യരുടെ ആത്മാക്കളല്ല ഭൂതങ്ങൾ. ആദിമ ഭൗമ പറുദീസയിൽ ജീവിച്ചിരുന്ന ശ്രേഷ്ഠജീവികളുടെ ആത്മാക്കളാണിവ എന്ന വാദത്തിനാണ് ഏറ്റവും സ്വീകാര്യത.

**6. ഭൂതവും സാത്താനും ഒന്നല്ല**

സാത്താനും അവന്റെ ദൂതൻമാരും പണ്ട് ദൈവദൂതൻമാരായിരുന്നു. ദൂതൻമാർക്കുള്ളതുപോലുള്ള ശരീരം ഇവർക്ക് ഇപ്പോഴുമുണ്ട്. പക്ഷേ ഭൂതങ്ങൾ വെറും ആത്മാക്കൾ മാത്രമാണ്. എങ്കിലും ഇവർ സാത്താന്റെ രാജ്യത്തെ പ്രജകളാണ്, സാത്താന്റെ ആജ്ഞാനുവർത്തികളുമാണ്.

ഭൂതങ്ങളേക്കുറിച്ചു വിശദമായ പഠനം നടത്തിയാൽ അതു തന്നെ ഒരു പുസ്തകമാകും. അതുകൊണ്ട് കൂടുതൽ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. എങ്കിലും ഭൂതബാധ എന്നൊന്നുണ്ട് എന്നും മരിച്ചുപോയ മനുഷ്യരുടെ ആത്മാക്കളല്ല ഭൂതങ്ങൾ എന്നും വ്യക്തമാക്കുവാൻ ഇത്രയും വിശദീകരിക്കയായിരുന്നു.

നാം കണ്ടുകഴിഞ്ഞതുപോലെ മനുഷ്യശരീരത്തിൽ കടന്നു വസിക്കുവാൻ ഭൂതങ്ങൾ ഇഷ്ടപ്പെടുന്നു. അതുകൊണ്ട് ഭൂതബാധ സർവ്വസാധാരണമായി സംഭവിക്കുന്നു. ഒരു വ്യക്തിയുടെ അനുവാദമില്ലാതെ ഭൂതത്തിന് അവന്റെയുള്ളിൽ കടക്കാനാവില്ല. പക്ഷേ അന്യദൈവാരാധന, നേർച്ചകാഴ്ചകൾ, മന്ത്രവാദം, ധ്യാനം, യോഗാഭ്യാസം, അനാവശ്യ ഉപവാസം തുടങ്ങിയതൊക്കെ ഭൂതങ്ങളെ ക്ഷണിച്ചുവരുത്തുകയാണ് ചെയ്യുന്നത്. ഇത്തരം പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാതെ ഭൂതങ്ങൾ വിട്ടുപോകുകയുമില്ല.

ഒരാളെ ഭൂതം ബാധിച്ചാൽ എന്തുചെയ്യണമെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ എന്നതും സാത്താനു ഗുണകരമാകുന്നു. മന്ത്രവാദികളേയോ, പുണ്യവാളന്മാരേയോ തേടിപ്പോകയാണു മിക്കവരും ചെയ്യുന്നത്. പക്ഷെ അതല്ല ശരിയായ മാർഗ്ഗം. ക്രിസ്തീയ മാനസാന്തരം, സ്നാനം, പരിശുദ്ധാത്മാഭിഷേകം തുടങ്ങിയവയിൽ വിശ്വസിക്കുന്നവരും ഭൂതങ്ങളെ കൈകാര്യം ചെയ്തു പരിചയമു

ള്ളവരുമായ ദൈവദാസന്മാരെക്കൊണ്ട് പ്രാർത്ഥിപ്പിച്ചാൽ ഭൂതം പുറത്തുപോകും. നസ്രായനായ യേശുവിന്റെ നാമത്തിൽ അത്ഭുതം നടക്കും. അശുദ്ധാത്മാവു വിട്ടുപോകും. എങ്കിലും കള്ളപ്രവചനവും ഭൂതമിറക്കും മറ്റുമായി ഉലകം ചുറ്റുന്ന വ്യാജൻമാർ ഏറെയുണ്ട്. ആകയാൽ സൂക്ഷിക്കുക.

ഭൂതത്തെ ഇറക്കിവിട്ടതുകൊണ്ടു മാത്രം പ്രശ്നം തീരുന്നുമില്ല. കർത്താവായ യേശുക്രിസ്തു പറയുന്നത് ശ്രദ്ധിക്കുക: “അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ടു പുറപ്പെട്ടശേഷം നീരില്ലാത്ത സ്ഥലങ്ങളിൽക്കൂടി തണുപ്പ് അന്വേഷിച്ചുകൊണ്ടു സഞ്ചരിക്കുന്നു; കണ്ടെത്തുന്നില്ലതാനും. ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്കു മടങ്ങിച്ചെല്ലും എന്ന് അവൻ പറയുന്നു; ഉടനെ വന്ന്, അത് ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിച്ചതുമായി കാണുന്നു. പിന്നെ അവൻ പുറപ്പെട്ട്, തന്നിലും ദുഷ്ടതയേറിയ വേറെ ഏഴ് ആത്മാക്കളെ കൂട്ടിക്കൊണ്ടുവരുന്നു; അവരും അവിടെ കയറി പാർക്കുന്നു; ആ മനുഷ്യന്റെ പിന്നത്തെ സ്ഥിതി മുമ്പിലത്തേതിലും വല്ലാതെ ആകും; ഈ ദുഷ്ടതലമുറയ്ക്കും അങ്ങനെ ഭവിക്കും” (മത്താ. 12:43-45).

ഭൂതബാധയിൽ നിന്നു വിടുതൽ പ്രാപിച്ചവർ കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് വീണ്ടുംജനനം പ്രാപിക്കയും വിശ്വാസസ്നാനം സ്വീകരിക്കയും ചെയ്യണം. പരിശുദ്ധാത്മസ്നാനം പ്രാപിക്കണം. ദുരുപദേശങ്ങളുമായും ദുർന്നടപടികളുമായും വേർപെടണം. ഇങ്ങനെ ദൈവവചനാനുസൃതം ജീവിക്കുന്ന വ്യക്തിയെ ഉപദ്രവിക്കുവാൻ ഭൂതങ്ങൾക്കു കഴിയുന്നതല്ല. പക്ഷേ ഭൂതബാധയിൽ നിന്നു രക്ഷപ്പെട്ടശേഷം പഴയപടി ജീവിച്ചാൽ കൂടുതൽ ഗുരുതരമായ ഭൂതബാധയുണ്ടാകും എന്നു കർത്താവ് മുന്നറിയിപ്പു തരുന്നു.



# 8
# പുനർജന്മം

ഇന്ത്യയിൽ ഉത്ഭവിച്ച മതങ്ങളെല്ലാം പുനർജന്മത്തിൽ വിശ്വസിക്കുന്നു. ഇന്ത്യൻ മതങ്ങളിൽ ഏറ്റവും വലുതും ആദ്യമുണ്ടായതും ഹിന്ദുമതമാണ്. ഹാരപ്പൻ കാലഘട്ടത്തിൽ നിലനിന്നിരുന്ന മതവും ആര്യൻമാരുടെ മതവും വിവിധ തത്ത്വസംഹിതകളും ചേർന്നതാണ് ഇന്നത്തെ ഹിന്ദുമതം. ഒരു ദൈവത്തിൽ വിശ്വസിക്കുന്നവരും മുപ്പത്തിമൂന്നുകോടി ദൈവങ്ങളിൽ വിശ്വസിക്കുന്നവരും ദൈവമേയില്ല എന്നു വിശ്വസിക്കുന്നവരും എല്ലാവസ്തുക്കളും ദൈവമാണെന്നു വാദിക്കുന്നവരും ഹിന്ദുമതത്തിലുണ്ട്. ബുദ്ധമതം, ജൈനമതം, സിഖ്മതം തുടങ്ങി ഇന്ത്യയിൽ ഉത്ഭവിച്ച മതങ്ങളെല്ലാം ഹിന്ദുമതത്തോട് ഏറെ കടപ്പെട്ടിരിക്കുന്നു. ദൈവം, ആത്മാവ്, മരണാനന്തര ജീവിതം തുടങ്ങിയവയേക്കുറിച്ച് വിവിധതരം തത്ത്വസംഹിതകൾ ഹിന്ദുമതത്തിലുണ്ട്. ഇവയിൽ പലതും പരസ്പരവിരുദ്ധവുമാണ്. എങ്കിലും ഏറ്റവുമധികം സ്വീകാര്യത ലഭിച്ചിട്ടുള്ള അദ്വൈത സിദ്ധാന്തം ആധാരമാക്കി പുനർജന്മത്തെ വിശദീകരിക്കാം.

അദ്വൈതസിദ്ധാന്തമനുസരിച്ച് ബ്രഹ്മം മാത്രമേ സത്യമായിട്ടുള്ളൂ. ഈ ലോകവും മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളുടെ ആത്മാക്കളും മറ്റും മായയാണ്, ബ്രഹ്മത്തിന്റെ ഭാഗം മാത്രമാണ്. പരബ്രഹ്മം ഒരു സമുദ്രമാണെങ്കിൽ ആ സമുദ്രത്തിൽ നിന്ന് ഒരു പാത്രത്തിൽ കോരിയെടുത്ത വെള്ളമാണ് ജീവജാലങ്ങളുടെ ആത്മാവായ ജീവാത്മാവ്. ഈ വെള്ളം ഒരു പാത്രത്തിൽ നിന്ന് മറ്റൊരു പാത്രത്തിലേക്കു പകരുന്നതാണ് മരണവും പുനർജന്മവും. ഈ വെള്ളം കടലിലേക്കു തിരികെ ഒഴിക്കുമ്പോൾ ജനനമരണചക്രത്തിൽ നിന്നു മോചനം (മോക്ഷം, മുക്തി) ലഭിക്കുന്നു. ജീവാത്മാവു പരമാത്മാവിൽ ലയിച്ചുചേരുന്നു.

മനുഷ്യന്റെ ആത്മാവും ഇതര ജീവജാലങ്ങളുടെ ആത്മാവും ഒന്നുതന്നെയാണെന്നു ഹിന്ദുമതം വിശ്വസിക്കുന്നു. ഒരു ജന്മത്തിൽ മനുഷ്യനായി ജനിക്കുന്ന ആത്മാവ് അടുത്ത ജൻമത്തിൽ പട്ടിയായി ജനിച്ചെന്നുവരാം. ഇങ്ങനെ ആയിരക്കണക്കിനു ജന്മങ്ങൾ കഴിഞ്ഞ ശേഷമാണ് മോക്ഷം (മുക്തി - മോചനം) ലഭിക്കുക.

പുനർജന്മസിദ്ധാന്തം ശരിയാണെന്നതിനു തെളിവായി പലരും സംഭവകഥകൾ ചൂണ്ടിക്കാട്ടാറുണ്ട്. ഉദാഹരണമായി കോട്ടയത്തുള്ള പത്തുവയസ്സുകാരനായ രാജു കഴിഞ്ഞ ജൻമത്തിൽ തിരുവനന്തപുരത്തു ജീവിച്ചിരുന്ന കൃഷ്ണനാണെന്ന് അവകാശപ്പെടുന്നു. ആദ്യമൊക്കെ ഈ അവകാശവാദം ആരും ശ്രദ്ധിക്കയില്ല. പക്ഷേ പ്രശ്നം ഗുരുതരമാകുന്നതോടെ അന്വേഷണമാരംഭിക്കും. ബന്ധുമിത്രാദികൾ ചിലപ്പോൾ രാജുവിനേയും കൂട്ടി തിരുവനന്തപുരത്തുപോയേക്കാം. അവിടെയെത്തുമ്പോൾ രാജു ചിരപരിചിതനേപ്പോലെ പെരുമാറും. കഴിഞ്ഞ ജന്മത്തിൽ അവൻ താമസിച്ചിരുന്ന വീട്ടിൽ പരസഹായം കൂടാതെ എത്തും. ആ വീട്ടിൽ പത്തു വർഷം മുൻപ് കൃഷ്ണൻ എന്നൊരാൾ ജീവിച്ചിരുന്നെന്നും അദ്ദേഹത്തിന്റെ ഭാര്യയും മക്കളും അവിടെയുണ്ടെന്നും കണ്ടെത്തുന്നതോടെ ഏവരും വിശ്വസിച്ചുപോകും. പക്ഷേ അത്ഭുതം അവിടം കൊണ്ടു തീരുന്നില്ല. രാജു എന്ന കുട്ടി അവിടെയുള്ള എല്ലാവരേയും തിരിച്ചറിയുകയും പേരുപറഞ്ഞ് വിളിക്കയും ചെയ്യും. മരിച്ചുപോയ കൃഷ്ണന്റെ സുഹൃത്തുക്കളേയും രാജു തിരിച്ചറിയും. കഴിഞ്ഞ ജൻമത്തിലെ സംഭവങ്ങൾ കൃത്യമായി പറയും. ഇതൊക്കെ കാണുന്നവർ വിശ്വസിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ.

എങ്ങനെയാണ് ഇതു സംഭവിക്കുന്നത്? തട്ടിപ്പാണോ? ഇത്തരം സംഭവങ്ങളുണ്ടായതായി പലപ്പോഴും വാർത്താമാദ്ധ്യമങ്ങളിൽ കാണാറുണ്ട്. പക്ഷേ വിശദമായ അന്വേഷണം നടത്തുമ്പോൾ കള്ളി വെളിച്ചത്താകും. പേരിനും പ്രശസ്തിക്കും വേണ്ടി കെട്ടിച്ചമച്ചുണ്ടാക്കിയ കള്ളക്കഥകളാണിവയിൽ ഭൂരിപക്ഷവും എന്നു തെളിയും. രാജു പരസ്പരബന്ധമില്ലാതെ എന്തൊക്കെയോ പറഞ്ഞതു ചിലർ വ്യാഖ്യാനിച്ച് വാർത്തയാക്കിയതാണെന്നു വ്യക്തമാകും. പക്ഷേ ഇത്തരത്തിലുള്ള യഥാർത്ഥ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നു വാദിക്കുന്നവരെ എനിക്കറിയാം. അതുകൊണ്ട് ഇങ്ങനെയൊക്കെ യഥാർത്ഥത്തിൽ സംഭവിച്ചു എന്നു സങ്കല്പിച്ചുകൊണ്ടു മുൻപോട്ടുപോകാം. ഈ വിധത്തിൽ സംഭവിച്ചാൽ എന്തു



വിശദീകരണം നൽകും എന്നാണ് പരിശോധിക്കുന്നത്. പുനർജന്മം എന്നത് ബൈബിളിനു വെളിയിലുള്ള സിദ്ധാന്തമാണ്. ദൈവവചനമായ ബൈബിളിനു വിരുദ്ധമായ വിശ്വാസാചാരങ്ങൾ സത്യമെന്നു തെളിയിക്കുന്നതിൽ സാത്താനു സന്തോഷമേയുള്ളൂ. മനുഷ്യന് ബൈബിളിലുള്ള വിശ്വാസം നഷ്ടപ്പെടുത്തുകയെന്നതാണ് സാത്താൻ ഇതിലൂടെ ലക്ഷ്യമിടുന്നത്. എങ്ങനെയാണു സാത്താൻ ഇതു ചെയ്യുന്നത്. പ്രധാനമായും രണ്ടു മാർഗ്ഗങ്ങളുണ്ട്.

1. മരിച്ചുപോയ കൃഷ്ണൻ ഭൂതബാധിതനായിരുന്നെങ്കിൽ ആ ഭൂതത്തിനു കൃഷ്ണന്റെ ജീവിതത്തിൽ നടന്നതെല്ലാം നന്നായറിയാം. അതേഭൂതം രാജുവെന്ന കുട്ടിയെ ബാധിക്കുന്നു. അതോടെ രാജു എന്ന കുട്ടി കൃഷ്ണന്റെ പുനർജൻമമാണെന്ന് അവകാശപ്പെടുകയും കൃഷ്ണന്റെ ജീവിതത്തിൽ നടന്ന കാര്യങ്ങൾ കൃത്യമായി പറയുകയും കൃഷ്ണന്റെ ബന്ധുമിത്രാദികളെ തിരിച്ചറിയുകയും ചെയ്യും.

2. കൃഷ്ണനെ കണ്ടിട്ടുപോലുമില്ലാത്ത ഒരു ഭൂതത്തെ കൃഷ്ണനായി വേഷം കെട്ടിക്കാനും സാത്താനു കഴിയും. കൃഷ്ണന്റെ ജീവിതത്തിൽ നടന്ന പ്രധാന സംഭവങ്ങൾ ഈ ഭൂതത്തെ സാത്താൻ പഠിപ്പിക്കും. കൃഷ്ണന്റെ ബന്ധുമിത്രാദികളെ പരിചയപ്പെടുത്തും. അതു കഴിഞ്ഞ് ഈ ഭൂതം രാജുവിനെ ബാധിക്കയും താൻ കൃഷ്ണന്റെ പുനർജന്മമാണെന്ന് അവകാശപ്പെടുകയും ചെയ്യും.

രണ്ടിൽ ഏതു വിധത്തിലായാലും ഭൂതം കൃഷ്ണനായി അഭിനയിക്കും. കൃഷ്ണൻ യഥാർത്ഥത്തിൽ പുനർജന്മമെടുത്താൽ എന്തൊക്കെ സംഭവിക്കുമോ അതെല്ലാം നടക്കും. ജനം വിശ്വസിച്ചുപോകും. ബൈബിൾ തെറ്റാണെന്നും പറയും. സാത്താന്റെ വഞ്ചനയേക്കുറിച്ചു സാമാന്യ ജ്ഞാനമെങ്കിലും നേടുകയാണ് ഇത്തരം കുരുക്കുകളിൽ നിന്നു രക്ഷപ്പെടാനുള്ള ഏക പോംവഴി.

# 9

# മരിച്ചവരുമായി സംഭാഷണമോ?

മരിച്ചവരുമായി സംസാരിക്കുന്ന വിദ്യ ചരിത്രാതീതകാലം മുതൽ നിലനിന്നുവരുന്നു. ബൈബിളിൽ ഇതേപ്പറ്റി വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. നിലയും വിലയുമുള്ളവർ പോലും ഇതു വിശ്വസിക്കുകയും ഈ വിദ്യ പ്രയോഗിക്കയും ചെയ്തുവരുന്നു. കേരളത്തിൽതന്നെ പല ഉന്നതന്മാരും ഇത്തരം അനുഭവമുള്ളവരാണെന്ന് തുറന്നു സമ്മതിച്ചിട്ടുമുണ്ട്. മരിച്ചവരുമായി സംസാരിക്കുക എന്നത് 'മരിച്ചവർ എവിടെ' എന്ന വിഷയവുമായി നേരിട്ടു ബന്ധമുള്ള വിഷയമാകയാൽ ഇതേപ്പറ്റി മനസ്സിലാക്കാതെ ഇനി മുന്നോട്ടു പോകാനാവില്ല. ആദ്യമായി ബൈബിളിൽ നിന്നൊരു സംഭവം ഉദ്ധരിക്കട്ടെ: 1 ശമുവേൽ 28-ാം അദ്ധ്യായം മുഴുവൻ വായിക്കുക. ഫെലിസ്ത്യസൈന്യത്തെ കണ്ടു ഭയപ്പെട്ട ശൗൽ ദൈവത്തോട് ആലോചന ചോദിച്ചെങ്കിലും ദൈവം സ്വപ്നം കൊണ്ടോ ഊറിം കൊണ്ടോ പ്രവാചകന്മാരിലൂടെയോ അവന് ഉത്തരം കൊടുത്തില്ല. അതുകൊണ്ട് ശൗൽ എൻ-ദോരിലുള്ള ഒരു വെളിച്ചപ്പാടത്തിയെ സമീപിച്ചു. അതിനുശേഷമുണ്ടായ സംഭവം ബൈബിളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു (1 ശമു. 28:11-20).

"ഞാൻ ആരെ വരുത്തിത്തരേണ്ടു" എന്നു സ്ത്രീ ചോദിച്ചതിനു ശമുവേലിനെ വരുത്തിത്തരേണം എന്നു അവൻ പറഞ്ഞു. സ്ത്രീ ശമുവേലിനെ കണ്ടപ്പോൾ ഉച്ചത്തിൽ നിലവിളിച്ചു. ശൗലിനോടു: നീ എന്നെ ചതിച്ചതു എന്തു, നീ ശൗൽ ആകുന്നുവല്ലോ എന്നു പറഞ്ഞു. രാജാവ് അവളോട് ഭയപ്പെടേണ്ട നീ കാണുന്നതു എന്തു എന്നു ചോദിച്ചതിനു: ഒരു ദേവൻ ഭൂമിയിൽനിന്നു കയറിവരുന്നതു ഞാൻ കാണുന്നു എന്നു സ്ത്രീ ശൗലിനോടു പറഞ്ഞു. അവൻ അവളോടു അവന്റെ രൂപം എന്ത് എന്നു ചോദിച്ചതിനു അവൾ: ഒരു വൃദ്ധൻ കയറിവരുന്നു; അവൻ ഒരു അങ്കിയും ധരിച്ചിരിക്കുന്നു എന്നു പറഞ്ഞു. അതു ശമുവേൽ എന്നറിഞ്ഞു ശൗൽ



സാഷ്ടാംഗം വീണു നമസ്കരിച്ചു. ശമുവേൽ ശൗലിനോട് നീ എന്നെ വിളിച്ചതിനാൽ എന്റെ സ്വസ്ഥതക്ക് ഭംഗംവരുത്തിയതു എന്തു എന്നു ചോദിച്ചു. അതിനു ശൗൽ: ഞാൻ മഹാ കഷ്ടത്തിലായിരിക്കുന്നു. ഫെലിസ്ത്യർ എന്നോട് യുദ്ധം ചെയ്യുന്നു. ദൈവം എന്നെ വിട്ടുമാറിയിരിക്കുന്നു. പ്രവാചകന്മാരെ കൊണ്ടാകട്ടെ സ്വപ്നംകൊണ്ടാകട്ടെ എന്നോട് ഉത്തരമരുളുന്നില്ല; അതുകൊണ്ട് ഞാൻ എന്തുചെയ്യേണമെന്നു എനിക്കു പറഞ്ഞുതരേണ്ടതിന്നു ഞാൻ നിന്നെ വിളിപ്പിച്ചു എന്നു ഉത്തരം പറഞ്ഞു. അതിനു ശമുവേൽ പറഞ്ഞതു: ദൈവം നിന്നെ വിട്ടുമാറി നിനക്കു ശത്രുവായി തീർന്നിരിക്കെ നീ എന്തിനു എന്നോട് ചോദിക്കുന്നു? യഹോവ എന്നെക്കൊണ്ട് പറയിച്ചതുപോലെ അവൻ നിന്നോട് ചെയ്തിരിക്കുന്നു. രാജത്വം യഹോവ നിൻെറ കൈയിൽനിന്നു പറിച്ചെടുത്തു നിന്റെ കൂട്ടുകാരനായ ദാവീദിനു കൊടുത്തിരിക്കുന്നു. നീ യഹോവയുടെ കല്പന കേട്ടില്ല; അതുകൊണ്ട് യഹോവ ഈ കാര്യം ഇന്നു നിന്നോടു ചെയ്തിരിക്കുന്നു. യഹോവ നിന്നെയും യിസ്രായേലിനേയും ഫെലിസ്ത്യരുടെ കൈയ്യിൽ ഏല്പിക്കും. പെട്ടെന്ന് ശൗൽ നെടുനീളത്തിൽ നിലത്തുവീണു ശമുവേലിന്റെ വാക്കുകൾ നിമിത്തം ഏറ്റവും ഭയപ്പെട്ടുപോയി. അവനിൽ ഒട്ടും ബലമില്ലാതെയായി."

ഇതാണ് ശൗലിന്റെ അനുഭവം. ഇങ്ങനെ മരിച്ചവരുമായി സംസാരിക്കുന്ന രീതി ഇപ്പോഴും നിലവിലുണ്ട്. മറ്റു പല വിധത്തിലും മരിച്ചവരോടു സംസാരിക്കാനാവും.

മരിച്ചവരുമായി സംസാരിക്കാൻ ഇക്കാലത്ത് ലോകമെമ്പാടും ഉപയോഗിച്ചുവരുന്ന ഒരു രീതി ഇനി പറയാം. അക്ഷരമാലയിലെ എല്ലാ അക്ഷരങ്ങളും മേശപ്പുറത്ത് എഴുതിവയ്ക്കുന്നു. എന്നിട്ട് മേശയിലൂടെ തെന്നിനീങ്ങാൻ കഴിയുന്ന പാത്രമോ വിളക്കോ കപ്പോ അതുപോലെ എന്തെങ്കിലും വസ്തുക്കളോ മേശപ്പുറത്തു വയ്ക്കുന്നു. പ്രശ്നം നോക്കുന്നവർ അതിന്മേൽ കൈവച്ച് ധ്യാനനിരതരായി നില്ക്കും. താമസിയാതെ അവരുടെ കൈകളിൽ എന്തോ ശക്തി പ്രവർത്തിക്കുന്നതായി അനുഭവപ്പെടുകയും കപ്പ് (പാത്രം) ചലിക്കുവാൻ തുടങ്ങുകയും ചെയ്യും. ഇനി, അറിയേണ്ടതെന്തെന്നു ചോദിക്കുക. കപ്പ് ഓരോ അക്ഷരത്തിൽ സ്പർശിക്കുന്ന മുറയ്ക്ക് അവ നോട്ടുചെയ്തു വയ്ക്കുക. ഒടുവിൽ ആ അക്ഷരങ്ങൾ ചേർത്തു വായിച്ചാൽ ചോദ്യത്തിനുള്ള ഉത്തരമായി. വന്നിരിക്കുന്ന ആത്മാവിന്റെ പേരു ചോദിച്ചാലും പറയും. ഇതൊക്കെ കാണുന്നവർ വിശ്വ

സിച്ചില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ. മരിച്ചവരുമായി സംസാരിക്കാനുള്ള മറ്റൊരു രീതിയാണ് ശൗലിന്റെ കഥയിൽ കണ്ടത്. ഇവിടെ വെളിച്ചപ്പാടത്തിയിലാണ് ശമുവേൽ വന്നത്. വെളിച്ചപ്പാടത്തി ശമുവേലിന്റെ ശബ്ദത്തിൽ സംസാരിച്ചു. ദുരാത്മാവിനെ ഒരു മാദ്ധ്യമത്തിൽ (മറ്റൊരു വ്യക്തിയിൽ) വരുത്തി സംസാരിപ്പിക്കുന്നവരുമുണ്ട്. ധ്യാനത്തിലൂടെയും മറ്റും ആത്മലോകവുമായി ബന്ധപ്പെട്ട് ആത്മാക്കളുമായി സംസാരിക്കുന്ന രീതിയാണു മറ്റുചിലർ പിൻതുടരുന്നത്. രീതി ഏതുതന്നെയായാലും മരിച്ചവർ സംസാരിക്കുന്നു എന്നതാണ് പ്രധാന സംഗതി. ഇതിന് എന്തു വിശദീകരണം കൊടുക്കും. എന്റെ നിഗമനങ്ങൾ താഴെപ്പറയുന്നതാണ്.

**1. നുണ പറയുന്നു**

മരിച്ചവരെ കണ്ടെന്നും അവരുമായി സംഭാഷണം നടത്തിയെന്നും പറയുന്നവരിൽ നല്ലൊരു പങ്ക് നുണപറയുകയാണ്. അവർ മരിച്ചവരെ കണ്ടിട്ടില്ല, സംഭാഷണം നടത്തിയിട്ടുമില്ല. ഇത്തരം വീരകൃത്യങ്ങളൊക്കെ ചെയ്തെന്നു പറഞ്ഞു നടന്നാൽ മറ്റുള്ളവരുടെ മുൻപിൽ വീരപുരുഷന്മാരും അമാനുഷരുമൊക്കെയാകാം. അതിനായുള്ള അടവാണിത്.

**2. മാനസികരോഗം**

ചില പ്രത്യേകതരം മാനസികരോഗമുള്ളവർ ഇല്ലാത്തതു കാണും, കേൾക്കും, സാങ്കല്പിക മനുഷ്യരുമായി സംസാരിക്കുകയും ചെയ്യും. ഇത് ഒരു മാനസികരോഗമാണെന്ന് അറിയാത്തവർ ഇത്തരക്കാരെ ദിവ്യന്മാരും സിദ്ധന്മാരുമൊക്കെയായി കാണുകയും ദൈവത്തേപ്പോലെ ആരാധിക്കയും ചെയ്യും. എന്തു വിഡ്ഢിത്തവും വിശ്വസിക്കുവാൻ ആളുണ്ടല്ലോ ഈ ലോകത്ത്. ഏറെ താമസിയാതെ ഇത്തരക്കാർ ബാബയോ, മാതാവോ, അമ്മയോ, അവതാരമോ ഒക്കെയാകും. ഉന്നത വിദ്യാഭ്യാസമുള്ളവർപോലും ഇവരെ സാഷ്ടാംഗം വീണു നമസ്ക്കരിക്കും.

**3. ഉപബോധ മനസ്സ്**

ചായക്കപ്പ് ചലിക്കുന്നതിലും മറ്റും ഒരളവുവരെ പ്രവർത്തിക്കുന്നത് ഉപബോധ മനസ്സാണ്. നാം ചോദിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം നമ്മുടെ മനസ്സിൽ ഉണ്ടാകുന്നു. ആ ഉത്തരത്തിനനുസരിച്ച്, ബോധമനസ്സറിയാതെ, ഉപബോധമനസ്സ് കൈകളിൽ ചലനമുണ്ടാക്കുന്നു. അങ്ങനെ പാത്രം ഓരോ അക്ഷരങ്ങളെ സ്പർശിക്കുന്നു. പക്ഷേ ഇത്തരം അനുഭവങ്ങൾ മാനസികം മാത്രമാണെന്നു പറ



യാനും ഞാൻ തയ്യാറല്ല. ചിലപ്പോൾ സാത്താനും ഇവിടെ പ്രവർത്തിച്ചെന്നു വരാം. അദൃശ്യലോകവുമായി ബന്ധം പുലർത്താനുള്ള ഇത്തരം ക്രിയകളെല്ലാം സാത്താനുമായി ബന്ധപ്പെട്ടതാകയാൽ ഇതിലേക്കു തിരിയുന്നവർ സാത്താനുവേണ്ടി ഹൃദയം തുറക്കുകയാണു ചെയ്യുന്നത്. ക്ഷണം സ്വീകരിച്ച് ഏതെങ്കിലും ദുരാത്മാവു വന്നേക്കാം. പക്ഷെ മരിച്ചവന്റെ ആത്മാവായി അഭിനയിക്കുന്ന ഈ ദുരാത്മാവ്, താൻ കയറിപ്പറ്റിയവന്റെ ഉള്ളിൽ സ്ഥിരതാമസമാക്കാനിടയുണ്ട്. ആകയാൽ സൂക്ഷിക്കുക.

**4. സാക്ഷാൽ ദുരാത്മാവ്**

മരിച്ചവരുടെ വേഷത്തിൽ ഏതെങ്കിലും ആത്മാവു വന്നെങ്കിൽ അതു ദുരാത്മാവാണെന്ന് ഉറപ്പിക്കാം. കാരണം, മരിച്ചവരുടെ ആത്മാക്കൾക്ക് ഈ ഭൂമിയിലേക്കു മടങ്ങിവരാനാവില്ല. മരിച്ചവർ യഥാർത്ഥത്തിൽ പ്രത്യക്ഷമായ ഒരു സംഭവം മാത്രമേ ബൈബിളിലുള്ളൂ (മത്താ. 27:52-53): “ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, കല്ലറകൾ തുറന്നു, നിദ്രപ്രാപിച്ച വിശുദ്ധരുടെ ശരീരങ്ങൾ പലതും ഉയിർത്തെഴുന്നേറ്റു. അവന്റെ പുനരുത്ഥാനത്തിനുശേഷം കല്ലറ വിട്ടു വിശുദ്ധനഗരത്തിൽചെന്നു പലർക്കും പ്രത്യക്ഷരായി.” യേശുവിന്റെ മരണത്തോടുള്ള ബന്ധത്തിൽ നടന്ന ഈ സംഭവങ്ങൾ ഒരു അസാധാരണ സംഭവമാണ്. ഇങ്ങനെയൊന്ന് ഇതിനു മുൻപുണ്ടായിട്ടില്ല; പിന്നീടുണ്ടായതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടുമില്ല. മരിച്ചവരെ വിളിച്ചുണർത്തി സംസാരിക്കുന്നതുമായി ഈ സംഭവത്തിനു ബന്ധവുമില്ല.

മരിച്ചുപോയ മോശ കർത്താവുമായി മറുരൂപ മലയിൽവച്ചു സംസാരിച്ചല്ലോ എന്നു ചോദിച്ചേക്കാം. പക്ഷേ നാം ചിന്തിച്ചുവരുന്ന വിഷയവുമായി ബന്ധമുള്ള കാര്യമല്ല ഇത്. മരിച്ചുപോയ ഒരാൾ കർത്താവായ യേശുക്രിസ്തുവുമായി സംസാരിക്കുന്നതിൽ അസാധാരണമായി ഒന്നുമില്ല. കാരണം, കർത്താവ് സാക്ഷാൽ ദൈവമാണല്ലോ. എങ്കിലും മോശയെ സാധാരണ മൃതന്മാരോടു സാമ്യപ്പെടുത്താനാവില്ലെന്നതാണു വസ്തുത. ദൈവം തന്നെ മോശെയുടെ ശവസംസ്ക്കാരം നടത്തുകയും അടക്കിയ സ്ഥലം രഹസ്യമാക്കി വയ്ക്കുകയും ചെയ്തതിൽ എന്തോ രഹസ്യമില്ലേ? (ആവ. 34:5-7). സാത്താൻ മീഖായേലുമായി മോശയുടെ ശരീരത്തിനുവേണ്ടി വാദിച്ചതിലും ചില രഹസ്യങ്ങളില്ലാതെ വരുമോ? (യൂദാ. 9). ഏലിയാവ് ചുഴലിക്കാറ്റിലാണു സ്വർഗ്ഗത്തിലേക്ക് എടു

ക്കപ്പെട്ടത്. അങ്ങനെയെങ്കിൽ അവിടെ അഗ്നിരഥങ്ങൾ എന്തിനു വന്നു? (2 രാജ. 2:11). ഏലിയാവ് എടുക്കപ്പെട്ടതു മോശയുടെ ശവമടക്കിയ പ്രദേശത്തുവച്ചാണെന്ന വസ്തുതയും ഈ അവസരത്തിൽ ഓർക്കുക. ഏതായാലും മോശ മറുരൂപമലയിൽ ഏലിയാവോടൊപ്പം പ്രത്യക്ഷനായതു മരിച്ചവരുമായി സാധാരണക്കാരായ മനുഷ്യർക്കു സംസാരിക്കാമെന്നതിനു തെളിവായെടുക്കാനാവില്ല.

എന്നാൽ മരിച്ചവരുമായി സംഭാഷണം നടത്തുന്ന പരിപാടിയുമായി തികച്ചും യോജിക്കുന്ന കാര്യമാണ് ശൗലിന്റെ അനുഭവം. അതുകൊണ്ട് ഇത്തരം സംഭവങ്ങൾ പഠന വിധേയമാക്കാം. ദൈവം ശൗലിനോടു സ്വപ്നത്തിലൂടെയോ ഊറീം കൊണ്ടോ പ്രവാചകന്മാരിലൂടെയോ സംസാരിക്കുന്നില്ല. ദൈവത്തിനു ശൗലിനോടു സംസാരിക്കുവാൻ മനസ്സില്ലെന്നു വ്യക്തം. ദൈവത്തിനിഷ്ടമില്ലാത്ത ഒരു കാര്യം ദൈവദാസനായ ശമുവേൽ ചെയ്യുമോ? ദൈവം ഉത്തരം കൊടുക്കാത്തിടത്തു ശമുവേൽ ഉത്തരം കൊടുക്കുമോ?

വെളിച്ചപ്പാടാത്മാവുകൊണ്ട് പ്രശ്നം നോക്കാനും ശമുവേലിനെ വരുത്തുവാനുമാണു ശൗൽ ആവശ്യപ്പെട്ടതെന്നും ശ്രദ്ധിക്കുക. വെളിച്ചപ്പാടാത്മാവാണ് ഇവിടെ പ്രവർത്തിച്ചത്. ഗവൺമെന്റിൽ ആഭ്യന്തരം, പ്രതിരോധം, വിദേശകാര്യം, എക്സൈസ്സ്, രഹസ്യാന്വേഷണം, ഇൻഫർമേഷൻ, വിദ്യാഭ്യാസം തുടങ്ങി പല ഡിപ്പാർട്ടുമെന്റുകളുണ്ട്. അതുപോലെ സാത്താന്റെ രാജ്യത്തും മോഷണം, അടിപിടി, മദ്യപാനം, അന്യദൈവാരാധന, മന്ത്രവാദം, ദുർന്നടപ്പ്, അത്ഭുതപ്രവർത്തനം, സുവിശേഷവിരോധം തുടങ്ങി പല വകുപ്പുകളും ഡിപ്പാർട്ടുമെന്റുകളുമുണ്ട്. നമ്മുടെ രാജ്യത്ത് ഓരോ ഡിപ്പാർട്ട്മെന്റിനും മന്ത്രി, ഇതര ഉദ്യോഗസ്ഥർ തുടങ്ങിയവരുള്ളതുപോലെ സാത്താന്റെ രാജ്യത്ത് ഓരോ വകുപ്പിനും മന്ത്രിച്ചെകുത്താനും സെക്രട്ടറി ആത്മാവും മറ്റുമുണ്ട്. നമ്മുടെ ആരോഗ്യവകുപ്പിനു പകരം സാത്താന്റെ രാജ്യത്ത് അനാരോഗ്യ വകുപ്പുണ്ട്. അതിലെ ജോലിക്കാരാണു പലപ്പോഴും അന്ധത, ബധിരത, വാതം, തളർച്ച തുടങ്ങിയ രോഗങ്ങളെല്ലാം ഉണ്ടാക്കുന്നത്. കർത്താവ് ജ്വരത്തെ ശാസിച്ചു, ഊമനും ബധിരനുമായ ആത്മാവിനെ ശാസിച്ചു എന്നൊക്കെ എഴുതിയിരിക്കുന്നതിന്റെ കാരണം ഇതാണ്. എല്ലാ രോഗങ്ങളും ഭൂതബാധകൊണ്ടാണുണ്ടാകുന്നതെന്ന് ഞാൻ പറഞ്ഞു എന്നു തെറ്റിദ്ധരിക്കരുതെന്നപേക്ഷിക്കുന്നു. വിവിധ കാരണങ്ങളാൽ രോഗങ്ങളുണ്ടാകാം. ഭൂതബാധ ഒരു കാരണമാണ്.



സാത്താന്റെ ഗവൺമെന്റിലുള്ള ഒരു ഡിപ്പാർട്ടുമെന്റാണ് "വെളിച്ചപ്പാട്" ഡിപ്പാർട്ടുമെന്റ്. നമ്മുടെ ഇൻഫർമേഷൻ ഡിപ്പാർട്ടുമെന്റിനോടു സാമ്യമുള്ള ഒന്നാണിത്. ഭൂതകാലവും വർത്തമാനകാലവും ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്കറിയാം. ഒരളവുവരെ ഭാവിയും അറിയാം (ഇയ്യോ. 1:6–12; 2:1–2; 1 രാജാ. 22:19–22; ദാനി. 4:17). കഴിയുന്നത്ര സത്യം പറയുമെന്നൊരു ഗുണവും ഇവർക്കുണ്ട്. ശൗൽ മരിക്കുമെന്നു വെളിച്ചപ്പാടത്തി തുറന്നു പറഞ്ഞു. പൗലോസും കൂട്ടരും ദൈവദാസന്മാരാണെന്നും രക്ഷാമാർഗ്ഗം അറിയിക്കുന്നവരാണെന്നും വെളിച്ചപ്പാടത്തി വിളിച്ചു പറഞ്ഞു. സാത്താൻ ഭോഷ്ക്കു പറയുന്നവനും ഭോഷ്ക്കിന്റെ അപ്പനുമാണെങ്കിലും വെളിച്ചപ്പാടിന്റെ വേഷം കെട്ടുമ്പോൾ വളരെയധികം സത്യം പറയും. ശൗലിനോടു സംസാരിച്ച ശമുവേൽ വെളിച്ചപ്പാടാത്മാവായിരുന്നു. ശൗൽ ശമുവേലിനെ കണ്ടില്ലെന്ന വസ്തുത ശ്രദ്ധിക്കുക. സ്ത്രീ പറഞ്ഞ അടയാളം കേട്ടപ്പോൾ ശമുവേൽ വന്നിരിക്കുന്നു എന്നു ശൗൽ വിശ്വസിച്ചു. കൂടാതെ യഥാർത്ഥ ശമുവേൽ സംസാരിച്ചാൽ എങ്ങനെയായിരിക്കുമോ അതുപോലെതന്നെയായിരുന്നു വെളിച്ചപ്പാടത്തിയുടെ സംഭാഷണവും.

മരിച്ചവരുമായി സംഭാഷണം നടത്തുന്നതിനെക്കുറിച്ച് ബൈബിൾ എന്തു പറയുന്നു എന്നു നോക്കുക: "വെളിച്ചപ്പാടന്മാരോടും, ചിലയ്ക്കുകയും ജപിക്കുകയും ചെയ്യുന്ന ലക്ഷണവാദികളോടും അരുളപ്പാടു ചോദിപ്പിൻ എന്നു അവർ നിങ്ങളോടു പറയുന്നുവെങ്കിൽ – ജനം തങ്ങളുടെ ദൈവത്തോടല്ലയോ ചോദിക്കേണ്ടത്? ജീവനുള്ളവർക്കുവേണ്ടി മരിച്ചവരോടോ ചോദിക്കുന്നത്? (യെശ. 8:19). ദൈവജനം തങ്ങളുടെ ദൈവത്തോടത്രെ അരുളപ്പാടു ചോദിക്കേണ്ടത്. വെളിച്ചപ്പാടൻ, ചിലയ്ക്കയും ജപിക്കയും ചെയ്യുന്ന ലക്ഷണവിദ്യക്കാരൻ തുടങ്ങിയവരോടു ചോദിക്കുവാൻ അനുവാദമില്ല. ഇത്തരം അരുളപ്പാടിനു പിന്നാലെ പോകുന്നവർ ദൈവകല്പന ലംഘിക്കുകയാണ്.

സംശയമുള്ളവർ മറ്റൊരു ഭാഗം നോക്കൂ: ആവർത്തനം 18:9–12. "നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു എത്തിയശേഷം അവിടത്തെ ജാതികളുടെ മ്ലേച്ഛതകൾ നീ പഠിക്കരുത്. തന്റെ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കരുത്. പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവർ, അഞ്ജനക്കാ

രൻ എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുത്. ഈ കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യഹോവയ്ക്കു വെറുപ്പ് ആകുന്നു. ഇങ്ങനെയുള്ള മ്ലേച്ഛതകൾ നിമിത്തം നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽനിന്നും നീക്കിക്കളയുന്നു."

ലക്ഷണവിദ്യ, ആഭിചാരം, അന്യദൈവാരാധന തുടങ്ങിയവ ദൈവം എത്രമാത്രം വെറുക്കുന്നു എന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. ഇവയൊക്കെയും മ്ലേച്ഛതയാണെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവണ്ണം പ്രസ്താവിക്കുന്നു.

വെളിച്ചപ്പാടാത്മാവ് ഒരതിരുവരെയെങ്കിലും സത്യം പറയുമല്ലോ. അതുകൊണ്ട് വെളിച്ചപ്പാടനോട് ആലോചന ചോദിക്കുന്നതിൽ എന്താണു തെറ്റ്? വാരഫലവും മറ്റും വല്ലപ്പോഴും ഒന്നു നോക്കിപ്പോകുന്നതു മഹാപാപമാണോ? നല്ലനേരംനോക്കി ഗൃഹപ്രവേശം, വിവാഹം തുടങ്ങിയവ നടത്തുന്നതു നല്ലതല്ലേ? ഇങ്ങനെ ചോദ്യങ്ങൾ നിരവധി. ഇതിനൊക്കെ ബൈബിൾ തന്നെ ഉത്തരം തരട്ടെ: ആവർ. 18:9-12 ഒരിക്കൽക്കൂടി വായിക്കുക.

ഇതുവരെ ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കാത്തവർ 1 ദിന. 10:13,14 വായിക്കുക: "ഇങ്ങനെ ശൗൽ യഹോവയോടു ചെയ്ത അതിക്രമം ഹേതുവായും യഹോവയുടെ വചനം പ്രമാണിക്കായ്കയാലും വെളിച്ചപ്പാടത്തിയോട് അരുളപ്പാടു ചോദിച്ചതിനാലും മരിക്കേണ്ടിവന്നു. അവൻ യഹോവയോട് അരുളപ്പാടു ചോദിക്കായ്കയാൽ അവൻ അവനെ കൊന്നു രാജത്വം യിശ്ശായിയുടെ മകനായ ദാവീദിനു കൊടുത്തു." ശൗൽ മരിക്കേണ്ടിവന്നതിന്റെ കാരണങ്ങളിലൊന്ന് അവൻ വെളിച്ചപ്പാടത്തിയോട് അരുളപ്പാടു ചോദിച്ചു എന്നതാണ്. യഹോവയോട് ചോദിച്ചിട്ട് ഉത്തരം ലഭിച്ചില്ലെങ്കിൽ വെളിച്ചപ്പാടത്തിയെ സമീപിക്കുകയല്ല വേണ്ടത്. മാത്രമല്ല വെളിച്ചപ്പാടത്തിയിലൂടെ കിട്ടിയ അരുളപ്പാടു ദൈവീകമായിരുന്നില്ല എന്നും ഈ വാക്യം വ്യക്തമാക്കുന്നു. മരിച്ച വിശുദ്ധന്മാർ ഇപ്പോൾ സ്വർഗ്ഗീയ പറുദീസയിൽ വിശ്രമിക്കയാണ്. രക്ഷിക്കപ്പെടാതെ മരിച്ചവർ പാതാളത്തിൽ യാതന അനുഭവിക്കയും ചെയ്യുന്നു. ഇവരിലാർക്കും ഭൂമിയിൽവന്നു മനുഷ്യരോടു സംസാരിക്കുവാൻ കഴിയുന്നതല്ല. മരിച്ചവരോടു സംസാരിക്കയോ ആത്മലോകവുമായി ഏതെങ്കിലും വിധത്തിലുള്ള ബന്ധം പുലർത്തുകയോ ചെയ്യുന്നതു തികച്ചും സാത്താന്യമാണ്. ദൈവമക്കൾക്ക് ഇത്തരം കാര്യങ്ങളുമായി യാതൊരുവിധ ബന്ധവും ഉണ്ടാകുവാൻ പാടില്ല.



# 10
# മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന പതിവ് മിക്ക ലോകമതങ്ങളിലുമുണ്ട്. ക്രിസ്തീയ സഭാവിഭാഗങ്ങളിൽ ഭൂരിപക്ഷം വരുന്ന കത്തോലിക്കരും ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാറുണ്ട്. അതുകൊണ്ട് ഈ വിഷയത്തെക്കുറിച്ചു ബൈബിൾ എന്തുപറയുന്നു എന്നു പരിശോധിക്കാം.

## മരിച്ചവർക്കായി പ്രാർത്ഥിച്ചിട്ടില്ല

പഴയനിയമത്തിലെ 39 പുസ്തകങ്ങളിലോ പുതിയനിയമത്തിലെ 27 പുസ്തകങ്ങളിലോ മരിച്ചവർക്കായി പ്രാർത്ഥിച്ച ഒരു സംഭവംപോലും രേഖപ്പെടുത്തിയിട്ടില്ല. പഴയനിയമ കാലത്തും മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം നിലനിന്നിരുന്നെങ്കിലും ആരും മരിച്ചവർക്കായി പ്രാർത്ഥിച്ചിരുന്നില്ല.

പുതിയനിയമകാലത്തും മരിച്ചവരെയോർത്തു വിലപിച്ച സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മൃതശരീരം തൈലം പൂശിയിരുന്നതായും എഴുതിയിരിക്കുന്നു. പക്ഷേ മരിച്ചവർക്കായി പ്രാർത്ഥിച്ച ഒരു സംഭവംപോലും പുതിയനിയമത്തിൽ കാണുന്നില്ല. അതുകൊണ്ടു മരിച്ചവർക്കായി പ്രാർത്ഥിക്കുന്ന പരിപാടി പഴയനിയമത്തിലോ പുതിയനിയമത്തിലോ ഇല്ലെന്നു വ്യക്തം.

ദൈവസഭ ഒരു കാര്യം വിശ്വാസപ്രമാണമായി സ്വീകരിക്കണമെങ്കിൽ അത്:

1. കർത്താവു കല്പിച്ചതായിരിക്കണം.
2. അപ്പൊസ്തലന്മാർ ചെയ്തതായിരിക്കണം.
3. ചെയ്യുവാൻ ലേഖനങ്ങളിൽ ഉപദേശമുണ്ടായിരിക്കണം.

നമ്മുടെ വിശ്വാസങ്ങളും ആചാരങ്ങളും ഈ മാനദണ്ഡമുപയോഗിച്ചു വിലയിരുത്തിക്കൊണ്ടിരിക്കുവാൻ ശ്രദ്ധിച്ചാൽ അബദ്ധങ്ങളിൽചെന്നു ചാടുന്നത് ഒഴിവാക്കാനാവും. ചില ഉദാഹരണങ്ങൾകൊണ്ട് ഇതു വ്യക്തമാക്കാം.

**1. മാനസാന്തരം**

- മാനസാന്തരപ്പെടുവാൻ കർത്താവു കല്പിച്ചു.
- ശിഷ്യന്മാർ മാനസാന്തരപ്പെടുകയും മാനസാന്തരം പ്രസംഗിക്കുകയും ചെയ്തു.
- മാനസാന്തരത്തെക്കുറിച്ചുള്ള ഉപദേശം ലേഖനങ്ങളിലുണ്ട്.

**2. സ്നാനം**

- കർത്താവ് സ്നാനമേറ്റു. കർത്താവു തന്നെ സ്നാനം നടത്തിച്ചു. സ്നാനപ്പെടുത്തുവാൻ കല്പിച്ചു.
- ശിഷ്യന്മാർ സ്നാനമേറ്റു. ശിഷ്യന്മാർ വിശ്വസിച്ചവരെ സ്നാനപ്പെടുത്തി.
- സ്നാനത്തെക്കുറിച്ച് ലേഖനങ്ങളിൽ ഉപദേശമുണ്ട്.

**3. പരിശുദ്ധാത്മാഭിഷേകം**

- കർത്താവ് വാഗ്ദാനം ചെയ്തു.
- ശിഷ്യന്മാർ പ്രാപിച്ചു
- ലേഖനങ്ങളിൽ ഉപദേശമുണ്ട്.

ഇങ്ങനെ സഭയുടെ പ്രധാന വിശ്വാസാചാരങ്ങളെല്ലാം നമുക്കു വിലയിരുത്താം. തിരുവത്താഴം, കൂട്ടായ്മ, പ്രാർത്ഥന, ആരാധന, അന്യഭാഷാഭാഷണം, പ്രവചനം, രോഗശാന്തി, സുവിശേഷ വേല തുടങ്ങിയവയെല്ലാം കർത്താവ് കല്പിച്ചതോ വാഗ്ദത്തം ചെയ്തതോ പ്രവർത്തിച്ചതോ ആണ്. ഇവയെല്ലാം ശിഷ്യന്മാർ പ്രവർത്തിച്ചിട്ടുമുണ്ട്. ഇവയെപ്പറ്റിയെല്ലാം ലേഖനങ്ങളിൽ വ്യക്തമായ ഉപദേശങ്ങളും നിർദ്ദേശങ്ങളുമുണ്ടുതാനും. അതുകൊണ്ടത്രേ ഇവയൊക്കെ ദൈവസഭ സ്വീകരിക്കുന്നത്.

എന്നാൽ നാമധേയ ക്രിസ്തീയ സഭകളിൽ നടന്നുവരുന്ന ഭൂരിപക്ഷം കൂദാശകൾക്കും ഇത്തരം അടിത്തറയില്ല. ചില ഉദാഹരണങ്ങൾ നോക്കൂ.

**1. ശിശുസ്നാനം**

- വിശ്വസിക്കാത്തവരെയോ ശിശുക്കളെയോ കർത്താവ് സ്നാനപ്പെടുത്തിയില്ല. സ്നാനപ്പെടുത്തുവാൻ കല്പിച്ചുമില്ല. ശിശുക്കളുടെമേൽ കൈവച്ച് അനുഗ്രഹിക്ക മാത്രം ചെയ്തു.
- അപ്പൊസ്തലന്മാർ വിശ്വസിക്കാത്തവരെയോ ശിശുക്കളെയോ സ്നാനപ്പെടുത്തിയില്ല.
- വിശ്വസിക്കാത്തവരെയോ ശിശുക്കളെയോ സ്നാനപ്പെടുത്തുവാനുള്ള ഉപദേശം ലേഖനങ്ങളിലില്ല.



**2. തൈലം പൂശൽ**

- പരിശുദ്ധാത്മാവിനെ തൈലംപൂശി നൽകാമെന്നു കർത്താവ് പറഞ്ഞില്ല.
- ശിഷ്യന്മാർ ഇത്തരമൊരു പണി ചെയ്തിട്ടില്ല.
- ലേഖനങ്ങളിൽ ഉപദേശവുമില്ല.

**3. പൗരോഹിത്യം**

- ദൈവസഭയിൽ പുരോഹിതന്മാരുണ്ടാകുമെന്നു കർത്താവു പറഞ്ഞില്ല. പുരോഹിതന്മാരെ നിയമിച്ചുമില്ല.
- ശിഷ്യന്മാരുടെ കാലത്ത് ദൈവസഭയിൽ പുരോഹിതന്മാരില്ലായിരുന്നു.
- പൗരോഹിത്യത്തെക്കുറിച്ചു ലേഖനങ്ങളിൽ ഉപദേശമില്ല.

**4. കുമ്പസാരം**

- കർത്താവു കുമ്പസാരത്തെപ്പറ്റി പറഞ്ഞിട്ടില്ല
- ശിഷ്യന്മാർ കുമ്പസാരിക്കയോ കുമ്പസാരിപ്പിക്കയോ ചെയ്തില്ല.
- കുമ്പസാരത്തെക്കുറിച്ചു ലേഖനങ്ങളിൽ പറയുന്നില്ല.

**5. വിഗ്രഹവണക്കം**

- കർത്താവു വിഗ്രഹങ്ങളെ വണങ്ങുന്നതിന് അനുവദിച്ചിട്ടില്ല.
- ശിഷ്യന്മാർ വിഗ്രഹമുണ്ടാക്കുകയോ വണങ്ങുകയോ ചെയ്തില്ല.
- ലേഖനങ്ങളിൽ ഈ നടപടിക്കെതിരായി ശക്തമായ നിർദ്ദേശങ്ങളുണ്ട്.

ഇങ്ങനെ ഇന്നത്തെ നാമധേയ ക്രൈസ്തവസഭകളിൽ നടന്നുവരുന്ന നടപടികളിൽ എത്രയെണ്ണം ദൈവീകമാണെന്നു പരിശോധിക്കാനാവും. പെരുന്നാളാഘോഷം, നൊയമ്പ്, കുട, വെടി, തീർത്ഥാടനം, പുണ്യാവാളന്മാരോടുള്ള പ്രാർത്ഥന, കുരിശുവണക്കം തുടങ്ങിയ ആചാരങ്ങൾക്കു ദൈവവചനത്തിന്റെ അടിത്തറയുണ്ടോ? ഇവയൊക്കെ ദൈവീകമാണോ? കർത്താവോ ശിഷ്യന്മാരോ അറിയാത്ത ഇത്തരം വിശ്വാസാചാരങ്ങൾ സഭയിൽ എങ്ങനെ കടന്നുകൂടി? എ.ഡി. നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുമതം രാഷ്ട്രത്തിന്റെ മതമായി അംഗീകരിച്ചു. അതോടെ പാഗൺ മതത്തിൽ നിന്നു ക്രിസ്തുമതത്തിലേക്ക് ജനം പ്രവഹിച്ചു. യേശുക്രിസ്തു ആരെന്നുപോലും അറിയാതെ ജനം ക്രിസ്തുമതത്തിൽ ചേർന്നു. പക്ഷേ അവർ തങ്ങളുടെ വിശ്വാസാചാരങ്ങൾ ഉപേക്ഷിച്ചില്ല. പാഗൺ ദൈവങ്ങളുടെ പേരുമാറ്റി ക്രൈസ്തവരുടെ പുണ്യവാളൻമാരും പുണ്യവതികളുമാക്കി. പാഗൺ മതത്തിലുണ്ടാ

യിരുന്ന എല്ലാ വിശ്വാസാചാരങ്ങളും സഭയിൽ കൊണ്ടുവന്നു. പാഗൺ മതത്തിലെ പൗരോഹിത്യവും സഭയിലെത്തിയത് ഈ വിധത്തിലാണ്. അപ്പൊസ്തലൻ, ഇടയൻ, സുവിശേഷകൻ തുടങ്ങിയവരുടെ സ്ഥാനത്തു ബിഷപ്പ്, പുരോഹിതൻ തുടങ്ങിയവരെത്തി. ഏക മദ്ധ്യസ്ഥനെ തള്ളിക്കളഞ്ഞിട്ട് പുണ്യവാളന്മാരെ കൊണ്ടുവന്നു. വിഗ്രഹ നിർമ്മാണവും വിഗ്രഹവണക്കവും നിലവിൽവന്നു. പാഗൺ മതക്കാരുടെ ദൈവമാതാവിനെ യേശുവിന്റെ അമ്മയായ മറിയമാക്കി. പാഗൺ മതത്തിലെ മഡോണയുൾപ്പെടെയുള്ള വിഗ്രഹങ്ങൾ സഭയിലെത്തി. സൂര്യദേവന്റെ ജന്മോത്സവം ക്രിസ്തുമസ്സായി. ഇഷ്ടാർ ദേവിയുടെ ഉത്സവം ഈസ്റ്ററായി. തമ്മൂസിനെ ഓർത്തു വിലപിച്ചതുപോല (യെഹ. 8:14) വിലാപവും ദുഃഖവെള്ളിയും മറ്റും എത്തിച്ചേർന്നു. ഉപവാസം നൊയമ്പായി.

വീണ്ടും ജനനം, മാനസാന്തരം തുടങ്ങിയവയെപ്പറ്റി കേട്ടുകേഴ്വി പോലുമില്ലാതായി. പാഗൺ മതത്തിൽ ചേരുന്നവരുടെ തലയിൽ വെള്ളം തളിച്ചിരുന്നതുപോലെ സഭയിലും മാമ്മോദീസാ തളിപ്പിലൂടെയായി. മാമോദീസാ വെള്ളത്തിൽ മുങ്ങിയാണു സ്വീകരിക്കേണ്ടത് എന്ന സത്യം ജനം മറന്നു. ഇത്രയും അനാചാരങ്ങൾ സഭയിൽ കടന്നതോടെ പരിശുദ്ധാത്മാഭിഷേകം, അന്യഭാഷാ ഭാഷണം, പ്രവചനം, രോഗശാന്തി തുടങ്ങിയവയെല്ലാം അവഗണിക്കപ്പെട്ടു. ഈ അനുഭവങ്ങളേപ്പറ്റി കേട്ടിട്ടുള്ളവർപോലും ഇല്ലാതായി. പരിശുദ്ധാത്മാവിനെ കുപ്പിയിൽ കൊണ്ടുനടക്കാനുള്ള വിദ്യ കണ്ടുപിടിച്ചു. തൈലം പൂശുന്നതാണു പരിശുദ്ധാത്മാഭിഷേകമെന്നു പഠിപ്പിച്ചു. ദൈവവചനം എന്തെന്നുപോലുമറിയാത്തവർ ഇതിനൊക്കെ ആമേൻ പറഞ്ഞു.

ദൈവവചന വിരുദ്ധമായ ആചാരങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരോട് എനിക്കിത്ര മാത്രമേ പറയാനുള്ളൂ: ബൈബിൾ ശ്രദ്ധിച്ചു വായിക്കുക. കർത്താവു കല്പിച്ചതും അപ്പൊസ്തലന്മാർ പ്രാവർത്തികമാക്കിയതും ലേഖനങ്ങളിൽ ഉപദേശമുള്ളതുമായ കാര്യങ്ങൾ മാത്രം സ്വീകരിക്കുക. അല്ലാത്തവ തള്ളിക്കളയുക.

മാനസാന്തരപ്പെടാൻ കർത്താവു കല്പിച്ചിട്ടുണ്ടെന്നും അപ്പൊസ്തലന്മാർ പഠിപ്പിച്ചിട്ടുണ്ടെന്നും ലേഖനങ്ങളിൽ ഉപദേശമുണ്ടെന്നും ബോദ്ധ്യമാകുമ്പോൾ മാനസാന്തരപ്പെട്ടുകൊള്ളുക. മാനസാന്തരപ്പെട്ടവർ സ്നാനപ്പെടണമെന്നു കർത്താവ് കല്പിച്ചിട്ടുണ്ടെന്നും അപ്പോസ്തലന്മാർ പഠിപ്പിച്ചിട്ടുണ്ടെന്നും ലേഖനത്തിൽ ഉപ



ദേശമുണ്ടെന്നും ഉറപ്പായിക്കഴിയുമ്പോൾ സ്നാനപ്പെടുക. വെള്ളത്തിൽ മുങ്ങിയുള്ള സ്നാനമാണു ബൈബിൾ പഠിപ്പിക്കുന്നതെന്നു ബോദ്ധ്യമാകുമ്പോൾ വെള്ളത്തിൽ മുങ്ങുക. ഇങ്ങനെ ദൈവവചന വ്യവസ്ഥപ്രകാരം ജീവിക്കുവാൻ തുടങ്ങിയാൽ മാനസാന്തരം, സ്നാനം എന്നിവയ്ക്കുശേഷം അന്യഭാഷാ ഭാഷണമെന്ന അടയാളത്തോടെ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുവാൻ ഇടയാകും. തുടർന്നു ദൈവാത്മാവു നടത്തുന്നതുപോലെ മുന്നേറുക. ബന്ധുമിത്രാദികളോ പള്ളിക്കാരോ പിൻതിരിപ്പിക്കാൻ ശ്രമിച്ചെന്നുവരാം. ദൈവത്തെക്കാളധികം മനുഷ്യരെ ഭയപ്പെടരുത്. ഒരു മനുഷ്യനും നമ്മെ രക്ഷിക്കയില്ല. നസ്രായനായ യേശുവിലൂടെ മാത്രമേ രക്ഷ പ്രാപിക്കുവാൻ കഴിയൂ. അതിനു ദൈവവചനത്തിൽ കാണുന്ന വഴി മാത്രമേയുള്ളു.

ക്രിസ്തീയ സഭകളെന്ന പേരിൽ ഇന്നു ലോകത്തുള്ളതിൽ നല്ലൊരു പങ്കു സാത്താന്യമാണെന്ന സത്യത്തിലേക്കു വിരൽ ചൂണ്ടുവാൻ ഇത്രയും വിവരിക്കേണ്ടിവന്നു. ദൈവവചനത്തിലെ സത്യങ്ങൾ ജനം ഗ്രഹിക്കാതിരിക്കുവാനായി സാത്താൻ നടത്തുന്ന ശ്രമങ്ങളുടെ ഫലമായി സാധാരണക്കാർ ദൈവവചനം വായിക്കയോ പഠിക്കയോ ചെയ്യുന്നില്ല. ദൈവവചനത്തിൽ നിന്നും സാത്താൻ ജനശ്രദ്ധ മറ്റു പലതിലേക്കും തിരിച്ചുവിടുന്നു. ഇനി ഇതനുവദിച്ചു കൂടാ. ദൈവവചനം പഠിക്കുക. സാത്താന്റെ ബന്ധനത്തിൽനിന്നും സ്വതന്ത്രരാകുക.

നാം ഇതുവരെ കണ്ട വസ്തുതകൾ വച്ച്, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെ ഒന്നു വിലയിരുത്താം.

**1. കർത്താവു കല്പിച്ചുവോ?**

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ കർത്താവു കല്പിച്ചിട്ടുണ്ടോ? സുവിശേഷങ്ങൾ നാലും ശ്രദ്ധിച്ചു വായിക്കുക. എവിടെയെങ്കിലും ഇത്തരമൊരു കല്പനയുണ്ടോ? മരിച്ചവരെ കർത്താവ് ഉയിർപ്പിച്ചിട്ടുണ്ടെന്നല്ലാതെ ഒരിക്കൽപോലും മരിച്ചവരുടെ ആത്മരക്ഷക്കായി പ്രാർത്ഥിച്ചിട്ടില്ല. പ്രാർത്ഥിക്കുവാൻ കല്പിച്ചിട്ടുമില്ല. ഇത്തരമൊരു ആശയം കർത്താവിന്റേതല്ല.

**2. ശിഷ്യന്മാർ മരിച്ചവർക്കായി പ്രാർത്ഥിച്ചുവോ?**

അപ്പൊസ്തല പ്രവൃത്തികളുടെ ചരിത്രം ശ്രദ്ധിച്ചു പഠിക്കുക. ശിഷ്യന്മാർ എപ്പോഴെങ്കിലും മരിച്ചവരുടെ ആത്മരക്ഷക്കായി പ്രാർത്ഥിച്ചതായി രേഖയുണ്ടോ എന്നു നോക്കൂ. അത്തരത്തിലെ

ന്തെങ്കിലും ദൈവവചനത്തിൽനിന്നു കണ്ടെത്തുകയില്ല. അങ്ങനെ യെങ്കിൽ മരിച്ചവരുടെ ആത്മരക്ഷക്കായി പ്രാർത്ഥിക്കുന്ന വിദ്യ ശിഷ്യന്മാർക്കജ്ഞാതമായിരുന്നു.

**3. ലേഖനങ്ങളിൽ ഉപദേശമുണ്ടോ?**

മരിച്ചവർക്കായി പ്രാർത്ഥിക്കുന്നതിനെ സംബന്ധിച്ച് ഏതെ ങ്കിലും ലേഖനത്തിൽ പരാമർശമുണ്ടോ? ഇല്ലേ ഇല്ല. മരിച്ചവരുടെ ആത്മരക്ഷക്കായി പ്രാർത്ഥിക്കുന്നതിനെ സംബന്ധിച്ച് യാതൊരു വിധ ഉപദേശവും ലേഖനങ്ങളിലില്ല. ഇതു ദൈവസഭയുടെ ഉപദേ ശങ്ങൾക്ക് അന്യമായ ആചാരമാണ്. ആകയാൽ ദൈവസഭക്കു സ്വീകാര്യമല്ല. ഇതു തള്ളിക്കളയണം.

**മരിച്ചവർക്കുവേണ്ടിയുള്ള സ്നാനം**

“അല്ല മരിച്ചവർക്കുവേണ്ടി സ്നാനം ഏൽക്കുന്നവർ എന്തു ചെയ്യും? മരിച്ചവർ കേവലം ഉയിർക്കുന്നില്ലെങ്കിൽ അവർക്കുവേണ്ടി സ്നാനം ഏൽക്കുന്നതെന്തിന്?”(1. കൊരി. 15:29).

മരിച്ചവർക്കായി പ്രാർത്ഥിക്കുവാൻ വ്യവസ്ഥയുണ്ടെന്നു തെളിയിക്കുവാൻ ചിലർ എടുക്കുന്ന കച്ചിത്തുരുമ്പാണിത്. പക്ഷേ ഈ വാക്യത്തിൽ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനെപ്പറ്റി ഒന്നും പറയുന്നില്ലെന്നതാണു സത്യം. ഈ വിഷയം അല്പംകൂടി വിശദമാക്കാം.

മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്നതിനെപ്പറ്റി പറയുന്നതി നിടയിലാണു പൗലൊസ് ഇതു പറയുന്നത്. മരിച്ചവരുടെ ശരീരം മണ്ണോടു മണ്ണായിക്കഴിഞ്ഞ് എങ്ങനെ ഉയിർക്കാനാകും എന്നാണ് ചിലരുടെ സംശയം. പക്ഷേ മരിച്ചവർ ഉയിർക്കില്ലെന്നു വാദിക്കു ന്നവരിൽ ചിലർ മരിച്ചവർക്കായി സ്നാനമേൽക്കുക എന്ന കർമ്മം ചെയ്യാറുമുണ്ടായിരുന്നു. ഒരു തെറ്റിദ്ധാരണയുടെ ഫലമായി ഉണ്ടാ യതാണ് ഈ ദുരാചാരം. രക്ഷിക്കപ്പെട്ടവർ സ്നാനമേൽക്കണമെ ന്നല്ലാതെ രക്ഷിക്കപ്പെടാൻ സ്നാനമേൽക്കണമെന്ന് ദൈവവചനം പറയുന്നില്ല. യേശുവിലുള്ള വിശ്വാസത്താൽ സൗജന്യമായി ലഭി ക്കുന്നതാണു രക്ഷ. അതിനു സ്നാനം ആവശ്യമില്ല. പക്ഷേ രക്ഷി ക്കപ്പെട്ടവർ ദൈവവചന വ്യവസ്ഥപ്രകാരം വെള്ളത്തിൽ മുങ്ങി സ്നാനമേൽക്കും. രക്ഷിക്കപ്പെട്ടെന്ന് അവകാശപ്പെടുകയും സ്നാനമേൽക്കാൻ മനസ്സില്ലാതിരിക്കയും ചെയ്യുന്ന വ്യക്തി രക്ഷി ക്കപ്പെട്ടവനല്ല. ഇതാണു ദൈവവചനം പഠിപ്പിക്കുന്നത്. പക്ഷേ, സ്നാനമേറ്റാൽ രക്ഷിക്കപ്പെടുമെന്നൊരു ധാരണ കൊരിന്ത്യസഭ



യിൽ കടന്നുകൂടി. ചിലർ യാതൊരു മാനസാന്തരവും കൂടാതെ സ്നാനമേറ്റു. സ്നാനമേൽക്കാതെ മരിച്ചുപോയ ബന്ധുക്കൾക്കു വേണ്ടി സ്നാനമേൽക്കാനും ചിലർ തയ്യാറായി. എട്ടും പൊട്ടും തിരിയാത്ത ശിശുവിനെ മാമ്മോദീസ മുക്കാൻ ചിലർ ശിശുവിനു വേണ്ടി വിശ്വാസം ഏറ്റുപറയുന്ന ചെപ്പടിവിദ്യപോലെയുള്ള ഒന്നാണു മരിച്ചവർക്കുവേണ്ടിയുള്ള സ്നാനം. യേശുവിൽ വിശ്വ സിച്ചു സ്നാനമേൽക്കുവാൻ കഴിയാതെപോയ ആർക്കെങ്കിലും വേണ്ടി ജീവനോടെയിരിക്കുന്ന ഒരാൾ സ്നാനമേറ്റാൽ മരിച്ചുപോയ വ്യക്തി രക്ഷിക്കപ്പെടുമെന്നായിരുന്നു ഇവരുടെ ധാരണ. പക്ഷേ പൗലൊസ് ഈ ആചാരത്തെ അംഗീകരിക്കയല്ല ഇവിടെ ചെയ്യുന്ന ത്. ഉയിർത്തെഴുന്നേല്പില്ലെന്നു പറയുന്നവർ തന്നെ മരിച്ചവർക്കു വേണ്ടി സ്നാനമേൽക്കുന്നു. മരിച്ചവർ ഉയിർക്കയും സ്വർഗ്ഗം പ്രാപി ക്കുകയും ചെയ്യുകയില്ലെങ്കിൽ നിങ്ങളെന്തിനു മരിച്ചവർക്കായി സ്നാനമേൽക്കുന്നു എന്നത്രേ പൗലൊസ് ചോദിക്കുന്നത്? ദൈവ മില്ല എന്നു വാദിക്കുന്ന ഒരാൾ കെട്ടുമെടുത്ത് ശബരിമലക്കു പോകുന്നതുപോലെയുള്ള കാര്യമാണിത്. ദൈവമില്ല എന്നു പറ യുന്ന നിങ്ങൾ എന്തിനാണ് ശബരിമലക്കു പോകുന്നത് എന്നു നാം ചോദിക്കും. ശബരിമലക്കു പോകുന്നതു ശരിയായ കാര്യമാണെന്ന് നാം അംഗീകരിക്കുന്നു എന്ന് ഈ ചോദ്യത്തിന് അർത്ഥമില്ല. അതു പോലെ, മരിച്ചവർക്കായി സ്നാനമേൽക്കുകയും മരിച്ചവർ ഉയിർക്ക യില്ല എന്നു പറയുകയും ചെയ്യുന്നത് പരസ്പര വിരുദ്ധമാണെന്ന വസ്തുത പൗലൊസ് ചൂണ്ടികാട്ടുകയാണ്.

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന പരിപാടിയും മരിച്ച വർക്കായി സ്നാനമേൽക്കുന്ന ആചാരവും തമ്മിൽ ബന്ധമില്ലെന്ന തിനു താഴെ പറയുന്ന കാരണങ്ങൾ തെളിവാണ്:

1. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന കാര്യമല്ല ഇവിടെ പറയുന്ന ത്, മരിച്ചവർക്കായി സ്നാനമേൽക്കുന്ന കാര്യമാണ്.
2. ഇന്നു പട്ടത്വസഭകൾപോലും ഇത്തരമൊരു കർമ്മം ചെയ്യുന്നില്ല.
3. ഈ കർമ്മത്തെ പൗലൊസ് അംഗീകരിക്കുന്നില്ല.
4. ഇത്തരമൊരു കർമ്മം ചെയ്യാൻ കർത്താവു കല്പിച്ചിട്ടില്ല, അപ്പൊ സ്തലന്മാർ ചെയ്തിട്ടില്ല, ചെയ്യാൻ ലേഖനങ്ങളിൽ ഉപദേശമില്ല.

അതുകൊണ്ട് മരിച്ചവർക്കുവേണ്ടി സ്നാനമേൽക്കുന്ന പരി പാടിക്കു മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതുമായി ബന്ധമൊ ന്നുമില്ല, ഉണ്ടെന്നുള്ള വാദം ദുർവ്യാഖ്യാനമാണ്.

"അവനവൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനുതക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു" (2 കൊരി. 5:10) എന്നത്രേ ദൈവവചനം പറയുന്നത്. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചാൽ എന്തെങ്കിലും ഗുണമുണ്ടാകുമെന്നു ചിന്തിക്കുന്നവർ ഈ വാക്യം മനഃപാഠമാക്കുക. ഓരോ മനുഷ്യനും ഈ ലോകത്തിലായിരിക്കുമ്പോൾ ചെയ്തത് നല്ലതോ ചീത്തയോ എന്നതിനെ ആശ്രയിച്ചു ന്യായവിധിയുണ്ടാകും. രക്ഷ സൗജന്യമായി നൽകുവാൻ ദൈവം ഒരുക്കമായിരുന്നിട്ടും അതിനെ മനഃപൂർവ്വം തള്ളിക്കളഞ്ഞ് ജീവിച്ചു മരിച്ചവർക്കുവേണ്ടി കുർബ്ബാന ചൊല്ലുകയോ അടിയന്തിരം നടത്തുകയോ ധൂപപ്രാർത്ഥന നടത്തുകയോ ചെയ്തിട്ടെന്തുഫലം? മറിച്ച്, രക്ഷിക്കപ്പെട്ട വ്യക്തിക്കുവേണ്ടി മരണശേഷം പ്രാർത്ഥിച്ചില്ലെങ്കിൽ അവന്റെ രക്ഷ നഷ്ടപ്പെട്ടുപോകുമോ? ഇതൊന്നും ആരും ചിന്തിക്കാറില്ല. ചിന്തിക്കുവാൻ സാത്താനും അവന്റെ നിയന്ത്രണത്തിലുള്ള പള്ളിമതവും അനുവദിക്കുന്നതുമില്ല.

വെള്ള സിംഹാസനത്തിനു മുൻപിലെ ന്യായവിധിയെപ്പറ്റി പറയുന്ന ഭാഗം നോക്കൂ. "ഞാൻ വലിയോരു വെള്ള സിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു.... മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിന്റെ മുമ്പിൽ നില്ക്കുന്നതും കണ്ടു. പുസ്തകങ്ങൾ തുറന്നു. ജീവന്റെ പുസ്തകമെന്ന മറ്റൊരു പുസ്തകവും തുറന്നു. പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിനൊത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധിയുണ്ടായി" (വെളി. 20:11,12). ഓരോരുത്തനും അവന്റെ പ്രവൃത്തികൾക്കനുസരിച്ചുള്ള വിധിയാണുണ്ടാകുന്നത് എന്നു വ്യക്തം. "ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല" (റോമ. 8:1) എന്നത്രേ പൗലോസ് പറയുന്നത്. രക്ഷിക്കപ്പെടുന്നത് ഈ ഭൂമിയിലായിരിക്കുമ്പോൾത്തന്നെയാണ്. മരിച്ചശേഷമുള്ള പ്രാർത്ഥനയും കുർബ്ബാനയും നിഷ്ഫലമത്രേ. (ഇരുമ്പുലക്ക വിഴുങ്ങിയിട്ടു ചുക്കുകഷായം കുടിച്ചാലെന്തു ഫലം).

ജീവപുസ്തകത്തിൽ പേരുള്ളവർ മാത്രമേ രക്ഷ പ്രാപിക്കൂ. അല്ലാത്തവരെല്ലാം നിത്യനരകത്തിലെത്തും. ജീവപുസ്തകത്തിൽ പേരുണ്ടാകുന്നത് ഈ ഭൂമിയിലായിരിക്കുമ്പോൾത്തന്നെയാണ്. സംശയമുള്ളവർ താഴെപറയുന്ന വാക്യങ്ങൾ നോക്കുക.



ഫിലി. 4:3, വെളി. 3:5, 17:8, 21:27. പ്രിയ സഹോദരങ്ങളെ വഞ്ചിക്കപ്പെടരുത്, നിത്യരക്ഷയോ, നിത്യനരകമോ ഏതുവേണമെന്ന് ഈ ഭൂമിയിൽ വച്ചുതന്നെ തിരഞ്ഞെടുത്തുകൊള്ളുക.

ബസ്പുർക്കാന എന്നറിയപ്പെടുന്ന ശുദ്ധീകരണ സ്ഥലത്ത് എത്തുന്ന മനുഷ്യാത്മാവ് സ്വന്തപാപങ്ങൾ നിമിത്തം വേദന സഹിക്കുമെന്നും എല്ലാ പാപങ്ങൾക്കുമുള്ള ശിക്ഷ അനുഭവിച്ചശേഷം സ്വർഗ്ഗത്തിലെത്തുമെന്നും പഠിപ്പിക്കുന്ന സഭകളുണ്ട്. ബന്ധുമിത്രാദികൾ നടത്തുന്ന പ്രാർത്ഥന, കുർബ്ബാന തുടങ്ങിയവ ദൈവം കണക്കിലെടുത്ത് ഇവർ ഈ കുട്ടിനരകത്തിൽ കഴിയേണ്ട കാലത്തിൽ ചില ഇളവുകളൊക്കെ വരുത്തുമെന്നും ഇക്കൂട്ടർ പഠിപ്പിക്കുന്നു. ബൈബിളിൽ എവിടെയാണ് ഇതൊക്കെ എഴുതിവച്ചിരിക്കുന്നതെന്നുകൂടി പറഞ്ഞു തന്നാൽ നന്നായിരുന്നു. എട്ടുംപൊട്ടും തിരിയാത്ത സാധുക്കളെ വഞ്ചിക്കുവാൻ സാത്താൻ ഒരുക്കിയ ഒരു അബദ്ധ പഞ്ചാംഗമാണിത്. ഇത്തരമൊരു സിദ്ധാന്തത്തെ പ്രത്യക്ഷമായോ പരോക്ഷമായോ പിൻതാങ്ങുന്ന ഒരു വാക്യംപോലും ദൈവവചനമായ ബൈബിളിലില്ല.

ബസ്പുർക്കാനയിൽ കിടക്കുന്ന ഒരാൾ സ്വർഗ്ഗത്തിലെത്താൻ എത്ര കുർബ്ബാന ചൊല്ലണം? അതറിഞ്ഞുകൂടാ. എത്രകാലം പ്രാർത്ഥിക്കണം? അതും അറിഞ്ഞുകൂടാ. എത്ര കുർബ്ബാന ചൊല്ലിയാൽ ബസ്പുർക്കാനയിലുള്ള ആത്മാവ് സ്വർഗ്ഗത്തിൽ പോകുമെന്ന് സാക്ഷാൽ പോപ്പിനുപോലും നിശ്ചയമില്ല. ജന്മപാപം പോക്കുവാൻ മാമ്മോദീസ മുക്കുന്നു, (മുക്കുന്നില്ല, തളിക്കുന്നു), കർമ്മപാപം പോക്കുവാൻ കുമ്പസാരിപ്പിക്കുന്നു, പരിശുദ്ധാത്മാവിനെ നൽകുവാൻ തൈലം പൂശുന്നു, "വിശുദ്ധ കുർബ്ബാന വിശുദ്ധന്മാർക്കുള്ളതാകുന്നു" എന്നു പറഞ്ഞുകൊണ്ട് കുർബ്ബാന കൊടുക്കുന്നു, ജീവിതകാലം മുഴുവൻ ചെയ്ത പാപം പോക്കാൻ അന്ത്യകൂദാശ കൊടുക്കുന്നു. എല്ലാം കഴിഞ്ഞ് ആണ്ടുതോറും കുർബ്ബാന, ധൂപപ്രാർത്ഥന, നിരന്തരം പ്രാർത്ഥനതന്നെ. എന്തിന്? രക്ഷിക്കപ്പെടാൻ. വെടിവയ്ക്കുകയും തല്ലിക്കൊല്ലുകയും വേണോ? മാമ്മോദീസായാൽ ജന്മപാപം പോയില്ലേ? (ഉറപ്പില്ല). കുമ്പസാരത്തിലൂടെ കർമ്മപാപവും തീർന്നില്ലേ? (ആർക്കറിയാം). വിശുദ്ധനായതുകൊണ്ടല്ലേ വിശുദ്ധ കുർബ്ബാന സ്വീകരിച്ചത് (ആണോ?). തൈലം പൂശിയപ്പോൾ പരിശുദ്ധാത്മാവിനെ പ്രാപിച്ചില്ലേ? (പ്രാപിച്ചെന്നു തോന്നുന്നു). അന്ത്യകൂദാശയിലൂടെ എല്ലാ പാപങ്ങളും മാറിയില്ലേ? (മാറി

ക്കാണും). പിന്നെന്തിനാണാവോ ധൂപപ്രാർത്ഥനയും സാദാ പ്രാർത്ഥനയും കുർബ്ബാനയും മറ്റും മറ്റും? (ഇതൊക്കെയൊരു വിശ്വാസമാണ്). സമ്മതിച്ചിരിക്കുന്നു, ഈ വിശ്വാസത്തിന്റെ പേരാണ് സാക്ഷാൽ അന്ധവിശ്വാസമെന്ന്, (പിണങ്ങല്ലേ).

മരിച്ചവർ എവിടെയാണെന്നു കഴിഞ്ഞ അദ്ധ്യായങ്ങളിൽ നമ്മൾ കണ്ടല്ലോ. കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ സ്വർഗ്ഗീയ പറുദീസയിൽ വിശ്രമിക്കുന്നു. രക്ഷിക്കപ്പെടാത്തവർ പാതാളത്തിൽ യാതന അനുഭവിക്കുന്നു. മൂന്നാമതൊരവസ്ഥ മനുഷ്യാത്മാവിനില്ല. ശുദ്ധീകരണ സ്ഥലമെന്നൊന്ന് ദൈവം സൃഷ്ടിച്ചിട്ടില്ല. (പണക്കൊതിയന്മാരായ പുരോഹിതന്മാരും അവരുടെ ദൈവമായ സാത്താനും ചേർന്നുണ്ടാക്കിയ ഒരു സാങ്കല്പിക സ്ഥലമാണു ബസ്പുർക്കാനാ).

മരിച്ചവർക്കായി പ്രാർത്ഥിക്കുന്ന പരിപാടി ആദിമ സഭയിൽ ഇല്ലായിരുന്നെന്നു പറഞ്ഞുകഴിഞ്ഞല്ലോ. അങ്ങനെയെങ്കിൽ ഈ വിഡ്ഢിത്തം എങ്ങനെ സഭയിലെത്തി?

ആദ്യനൂറ്റാണ്ടുകളിൽ ശരിക്കും രക്ഷാനിർണ്ണയം പ്രാപിച്ചവരായിരുന്നു സഭയിൽ ഭൂരിപക്ഷവും. "ഇപ്പോൾ ക്രിസ്തുയേശുവുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല" (റോമർ. 8:1) എന്ന സത്യം അവർ ഗ്രഹിച്ചിരുന്നു. അവരുടെ പേര് ജീവപുസ്തകത്തിലുണ്ടെന്നും മരണശേഷം അവർ ക്രിസ്തുവിനോടുകൂടിയായിരിക്കുമെന്നും അവർ അറിഞ്ഞിരുന്നു. എന്നാൽ നാലാം നൂറ്റാണ്ടിൽ പീഡ അവസാനിച്ചു. ക്രിസ്തുമതം രാജകീയ മതമായി. അതോടെ പാഗൺ മതവുമായി സഭ ഇണയല്ലാപ്പിണകൂടി. രക്ഷാനിർണ്ണയം പ്രാപിച്ചവരുടെ സംഖ്യ അനുദിനം കുറഞ്ഞുവന്നു. രക്ഷ എന്നത് ഈ ലോകത്തിൽവച്ച് ഉറപ്പാക്കാനാവാത്തതാണെന്ന ധാരണ ബലപ്പെട്ടു. പുരോഹിതന്മാർ ഈ തെറ്റിദ്ധാരണയ്ക്കു വളം വച്ചുകൊടുത്തു. ഒടുവിൽ ഇന്നത്തെ നിലയിലെത്തി.

മരണശേഷം ലഭിക്കയോ ലഭിക്കാതിരിക്കയോ ചെയ്യുന്ന ഒന്നാണു രക്ഷ എന്നുവന്നതോടെ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. ഇതു പുരോഗമിച്ചു ധൂപപ്രാർത്ഥന, കുർബ്ബാന, അടിയന്തിരം തുടങ്ങിയവയൊക്കെയായി. ദൈവവചനം പഠിക്കാത്തവർ ഇന്നും ഇതൊക്കെ ചെയ്യുന്നു. ഇതിൽനിന്നൊരു വിടുതൽ വേണ്ടേ? സ്വയം തീരുമാനിച്ചുകൊള്ളുക.



# 11

# മരിച്ചവരോടുള്ള പ്രാർത്ഥന

പൈതൃകാരാധനയിൽ നിന്നാണ് മതങ്ങളുടെ ഉത്ഭവം എന്നൊരു സിദ്ധാന്തമുണ്ട്. അതു ശരിയായാലും തെറ്റായാലും ലോകമതങ്ങളിലെല്ലാം പൈതൃകാരാധന നടക്കുന്നുണ്ടെന്നതു സത്യമാണ്. കത്തോലിക്കാ-ഓർത്തഡോക്സ് സഭാവിഭാഗങ്ങളിൽ നിലനിൽക്കുന്ന വിഗ്രഹവണക്കവും വിശുദ്ധന്മാരോടുള്ള പ്രാർത്ഥനയും പൈതൃകാരാധനയുടെ മറ്റൊരു രൂപമാണ്. ദൈവവചനത്തിൽ യാതൊരടിസ്ഥാനവും ഈ ആചാരത്തിനനുകൂലമായി കണ്ടെത്താനാവില്ല. ആദ്യമായി, ഈ ദുരാചാരത്തിനു ബൈബിളിൽ ആധാരം തേടുന്നവർ ചൂണ്ടികാട്ടുന്ന തെളിവുകൾ പരിശോധിക്കാം. (ഒരു തിരുമേനിയുടെ പുസ്തകത്തിലുള്ളതാണ് ഈ ന്യായങ്ങൾ).

1. "പരിശുദ്ധർ ശരീരത്തോടിരിക്കുമ്പോൾ മാത്രമല്ല ജീവിക്കുന്നത്. ശരീരം വെടിഞ്ഞാലും അവർ ജീവിക്കും."

ദൈവദാസന്മാരെ പരിശുദ്ധർ എന്നു വിളിക്കുന്നതുതന്നെ തെറ്റാണെന്ന് ആദ്യമേ ചൂണ്ടികാണിക്കട്ടെ. ദൈവദാസന്മാർ മാത്രമല്ല ദുഷ്ടന്മാരും ശരീരം വെടിഞ്ഞശേഷം ജീവിക്കുന്നുണ്ടെന്ന് ധനവാന്റെയും ലാസ്സറിന്റെയും കഥ തെളിയിക്കുന്നു. പക്ഷേ വിശുദ്ധന്മാർ മരണശേഷവും ജീവിക്കുന്നു എന്ന് എടുത്തു പറയുന്നത് അവർക്കെന്തോ പ്രത്യേകതയുണ്ടെന്നു തെറ്റിദ്ധരിപ്പിക്കാനാണ്. സത്യത്തിൽ എല്ലാ മനുഷ്യരും മരണശേഷം ജീവിക്കുന്നു. എന്നാൽ മരണശേഷം ജീവിക്കുന്നു എന്ന ഒറ്റക്കാരണത്താൽ വിശുദ്ധന്മാരോടു പ്രാർത്ഥിക്കാമെങ്കിൽ മറ്റു മനുഷ്യരോടും പ്രാർത്ഥിക്കാമെന്നു സമ്മതിക്കേണ്ടിവരും.

2. "ധനവാൻ തന്റെ സഹോദരന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു. അതുകൊണ്ട് മരിച്ചവരും പ്രാർത്ഥിക്കും."

ധനവാൻ പ്രാർത്ഥിച്ചെന്നതു ശരിതന്നെ. പക്ഷേ അവന്റെ പ്രാർത്ഥനകൊണ്ട് എന്തു ഫലമാണുണ്ടായതെന്നുകൂടി പറഞ്ഞാൽ

കൊള്ളാം. കൂടാതെ ധനവാൻ പ്രാർത്ഥിച്ചത് അബ്രഹാമിനോടാണ്, ദൈവത്തോടല്ല. അവൻ സ്വന്ത ഇഷ്ടപ്രകാരമാണു പ്രാർത്ഥിച്ചത്. അവന്റെ സഹോദരന്മാർ ഭൂമിയിലിരുന്ന് "ഞങ്ങൾക്കായി പ്രാർത്ഥിക്കേണമേ" എന്നു പറഞ്ഞതുകേട്ടു പ്രാർത്ഥിച്ചതല്ല. തമ്മിൽ ബന്ധമില്ലാത്ത കാര്യങ്ങളെ കൂട്ടിക്കുഴയ്ക്കുകയാണിവിടെ.

3. "നമ്മുടെ വാങ്ങിപ്പോയ പരിശുദ്ധ പിതാക്കന്മാർ നമ്മെ വിസ്മരിക്കുമെന്ന് ഒരിക്കലും ചിന്തിക്കുവാൻ സാധിക്കുന്നതല്ല."

ശരിയാണ്. മരണശേഷം ഓർമ്മ വർദ്ധിക്കുന്നതേയുള്ളൂ. "നീ ഓർക്ക" എന്ന് അബ്രഹാം പറയുന്നു. പക്ഷേ ഭൂമിയിലിരുന്നു മനുഷ്യർ പ്രാർത്ഥിക്കുന്നതൊക്കെ സ്വർഗ്ഗത്തിലിരുന്ന് വിശുദ്ധന്മാർ കേൾക്കുമെന്നും അതിനനുസരിച്ച് ദൈവത്തോടു പ്രാർത്ഥിക്കുമെന്നും പറയാൻ ബൈബിളിൽ ആധാരമുണ്ടോ?

4. "ഏലീശയുടെ അസ്ഥിയിൽ തൊട്ടവൻ ജീവിച്ചു. അതു വിശുദ്ധന്മാരുടെ തിരുശേഷിപ്പിനു ശക്തിയുണ്ടെന്നു തെളിയിക്കുന്നു."

ഏലിയാവിന്റെ ഇരട്ടി ശക്തിയുമായി ശുശ്രൂഷ ആരംഭിച്ച ഏലീശ, ഏലീയാവു ചെയ്തതിന്റെ ഇരട്ടി അത്ഭുതങ്ങൾ ചെയ്തു. മരിച്ചവൻ അസ്ഥിയിൽ തൊട്ടപ്പോൾ ജീവിച്ചതാണ് അവസാനത്തെ അത്ഭുതം. അതു നടന്നിരുന്നില്ലെങ്കിൽ ഇരട്ടി തികയുവാൻ ഒരത്ഭുത്തിന്റെ കുറവുണ്ടാകുമായിരുന്നു. ഈ സംഭവം ഒരു rule അല്ല, exception ആണ്. അഥവാ, സകല വിശുദ്ധന്മാരുടെയും തിരുശേഷിപ്പിനു ശക്തിയുണ്ടെന്നതിനു തെളിവാണീ സംഭവമെങ്കിൽ:

- ഇക്കാലത്തു തിരുശേഷിപ്പു തൊടുന്നവർ ജീവിക്കാത്തതെന്ത്?
- മറ്റു ദൈവദാസന്മാരുടെ ആരുടെയും അസ്ഥിതൊട്ടു ചത്തവർ ജീവിക്കാതിരുന്നതെന്തുകൊണ്ട്?
- ഏലിശായുടെ അസ്ഥി പിന്നീട് അത്ഭുതമൊന്നും പ്രവർത്തിക്കാതിരുന്നതെന്തുകൊണ്ട്?

ഇതിനൊന്നും തിരുമേനി മറുപടി പറയുന്നില്ല.

5. "ഏലിയാവിൽനിന്നും വീണ പുതപ്പുകൊണ്ട് ഏലീശ യോർദ്ദാൻ വിഭജിച്ചു."

ശരി തന്നെ. പക്ഷെ ഇതും ഒരു exception മാത്രമാണ്. ഈ പുതപ്പുകൊണ്ട് ഏലീശ പിന്നീട് അത്ഭുതമൊന്നും ചെയ്തില്ല. പുതപ്പ് തിരുശേഷിപ്പാണെന്നു പറഞ്ഞുകൊണ്ട് നടന്നുമില്ല.

6. "പൗലോസിന്റെ റൂമാലും ഉത്തരീയവും രോഗസൗഖ്യത്തിനും മറ്റും കാരണമായി."



ഇതും നടന്നതു തന്നെ. പക്ഷേ ആരും ഇതൊരു ബിസിനസ്സായി കൊണ്ടു നടന്നില്ല. പൗലോസിന്റെ വസ്ത്രങ്ങൾ എക്കാലത്തും ഇത്തരം അത്ഭുതങ്ങൾ നടത്തിയുമില്ല. പൗലൊസ് മരിച്ച ശേഷം അവന്റെ തിരുശേഷിപ്പ് അത്ഭുതം നടത്തിയില്ലെന്നതും ശ്രദ്ധേയമാണ്. ഇന്നത്തെ തിരുശേഷിപ്പു വ്യവസായവുമായി ഈ സംഭവത്തിനു ബന്ധമൊന്നുമില്ല.

7. "പത്രോസിന്റെ നിഴൽ തട്ടിയവർ സൗഖ്യമായി."

പത്രോസ്, പൗലൊസ് തുടങ്ങിയവരിലൂടെ ദൈവം അസാധാരണ വീര്യപ്രവൃത്തികൾ ചെയ്തു എന്നതു ശരിതന്നെ. പക്ഷേ ഇവരാരും മരിച്ചശേഷം സ്വർഗ്ഗത്തിലിരുന്നുകൊണ്ട് വീര്യപ്രവൃത്തി നടത്തിയില്ല. ജീവനോടെയിരിക്കുന്ന ദൈവദാസന്മാരിലൂടെ ദൈവം അന്നും ഇന്നും അത്ഭുതം പ്രവർത്തിക്കുന്നു. മരിച്ചവർ അത്ഭുതം പ്രവർത്തിക്കുന്നതുമായി ഇതിനു ബന്ധമില്ല.

8. "യേശു, തന്റെ അമ്മയായ മറിയത്തിന്റെ അപേക്ഷകേട്ട് കാനാവിൽ അത്ഭുതം പ്രവർത്തിച്ചു."

ശരിയാണ്, അന്നു മാത്രമല്ല ഇന്നും ദൈവം തന്റെ ദാസന്മാരുടെയും ദാസിമാരുടെയും അപേക്ഷ കേട്ട് അത്ഭുതം പ്രവർത്തിക്കുന്നു. പക്ഷെ കാനാവിൽ അപേക്ഷ കഴിച്ചത് മരിച്ചുപോയ മറിയ മല്ല, ജീവനുള്ള മറിയമായിരുന്നു. മരിച്ചശേഷം മറിയം മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിച്ചതായി ബൈബിൾ പറയുന്നില്ല.

മരിച്ചവരോടുള്ള പ്രാർത്ഥന ശരിയാണെന്നു വരുത്തിത്തീർക്കുവാൻ പെടാപ്പാടുപെടുകയാണ് പള്ളിമതം. എന്നാൽ ദൈവവചനം മുഴുവൻ പരിശോധിച്ചാലും ഈ ദുരാചാരത്തിനു തെളിവു ലഭിക്കയില്ല. ദൈവവചനത്തിൽ വേണ്ടത്ര പരിജ്ഞാനമില്ലാത്തവരെ കബളിപ്പിക്കാൻ കഴിയുമെന്നല്ലാതെ ഇത്തരം മുടന്തൻ ന്യായങ്ങൾകൊണ്ട് പ്രയോജനമൊന്നുമില്ല. ബൈബിൾ പരിശോധിച്ചാൽ താഴെ പറയുന്ന വസ്തുതകൾ മനസ്സിലാക്കാനാകും:

1. വീണ്ടുംജനനം പ്രാപിച്ചവരെല്ലാം വിശുദ്ധന്മാരാണ്.
2. ഒരു മനുഷ്യനേയും പരിശുദ്ധൻ എന്നു വിളിച്ചിട്ടില്ല.
3. മരിച്ചവരോടു പ്രാർത്ഥിക്കുന്ന പരിപാടി ദൈവവചനത്തിലില്ല.
4. മരിച്ചവർ ഭൂമിയിലിരിക്കുന്നവരുടെ പ്രാർത്ഥന കേൾക്കുമെന്നു ദൈവവചനം പറയുന്നില്ല.
5. വിഗ്രഹ വണക്കം സാത്താന്യമാണ്.
6. തിരുശേഷിപ്പു വണങ്ങുന്നതും പൈശാചികമാണ്.

7. മറിയം നിത്യകന്യകയാണെന്ന വാദം ശരിയല്ല.
8. ചിലരെ വിശുദ്ധന്മാരോ പരിശുദ്ധന്മാരോ ആയി പ്രഖ്യാപിക്കുന്ന പരിപാടി ദൈവീകമല്ല.

വിശുദ്ധന്മാരോടുള്ള പ്രാർത്ഥനയുമായി ബന്ധപ്പെട്ട ആചാരങ്ങളിൽ ഭൂരിപക്ഷവും ദൈവവചന വിരുദ്ധമാണ്, സാത്താന്യമാണ്. മേല്പറഞ്ഞവയെല്ലാം അല്പംകൂടി വിശദമാക്കാം.

**വിശുദ്ധന്മാർ ആർ?**

പുണ്യപ്രവൃത്തികൾ ചെയ്ത് ദൈവപ്രസാദം പ്രാപിച്ചവരാണു വിശുദ്ധർ എന്നൊരു ധാരണയുണ്ട്. പക്ഷേ ദൈവവചനം എന്തു പറയുന്നു എന്ന് മിക്കവരും ശ്രദ്ധിക്കുന്നില്ല. താഴെ പറയുന്ന വാക്യങ്ങൾ നോക്കൂ: റോമർ. 17:8,27; 15:26; 1 കൊരി. 1:2,4,12; 1 തിമോ. 3:13; 2 തിമോ. 1:10; എബ്രാ. 6:10; 13:24; യൂദാ. 3,4.

ഇനി പറയൂ ആരാണ് വിശുദ്ധന്മാർ? രക്ഷിക്കപ്പെട്ടവരെല്ലാം വിശുദ്ധരാണ്. ഓരോ ക്രിസ്ത്യാനിയും വിശുദ്ധനാണ്. വിശുദ്ധനല്ലാത്തവൻ ക്രിസ്ത്യാനിയല്ല. സ്പെഷ്യൽ ഗ്രേഡ് വിശുദ്ധനും മറ്റും ദൈവവചനത്തിലുള്ളതല്ല.

ക്രിസ്ത്യാനികളെല്ലാം വിശുദ്ധന്മാരാണെന്നു പറഞ്ഞാൽ പലർക്കും അത് അംഗീകരിക്കുവാൻ ബുദ്ധിമുട്ടാകുമെന്നറിയാം. ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതുകൊണ്ടു ക്രിസ്ത്യാനിയായി എന്നതിൽ കവിഞ്ഞൊന്നും മിക്കവർക്കും പറയാനില്ലല്ലോ. ഞാൻ ക്രിസ്ത്യാനി എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് വീണ്ടും ജനനം പ്രാപിച്ച ക്രിസ്ത്യാനിയെന്നാണ്. വീണ്ടും ജനനം പ്രാപിക്കാത്തവർ ക്രിസ്ത്യാനികളല്ല, പള്ളിമതത്തിലെ അംഗങ്ങളാണ്. യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി അംഗീകരിക്കയും യേശുവിന്റെ രക്തത്താലുള്ള പാപമോചനം വിശ്വാസത്താൽ പ്രാപിക്കുകയും ചെയ്യുമ്പോഴാണ് ഒരുവൻ ക്രിസ്ത്യാനിയാകുന്നത്. ഇങ്ങനെയുള്ള ക്രിസ്ത്യാനി വിശുദ്ധനാണ് (പരിശുദ്ധനല്ല).

വീണ്ടും ജനിക്കുക, രക്ഷാനിർണ്ണയം പ്രാപിക്കുക എന്നൊക്കെപ്പറഞ്ഞാൽ എന്താണർത്ഥമെന്നുപോലും മിക്ക "ക്രിസ്ത്യാനി"ക്കും അറിഞ്ഞുകൂടാ. അതുകൊണ്ടാണ് വിശുദ്ധൻ എന്നു പറയുന്നത് ഏതോ അസാധാരണ പുണ്യവാളനാണ് എന്നു ധരിക്കുന്നത്. പള്ളിമതത്തിലെ പുരോഹിതന്മാർക്കും വീണ്ടുംജനനാനുഭവമില്ല. അതുകൊണ്ടത്രേ പുണ്യവാളന്മാരെ സൃഷ്ടിക്കുവാൻ പുരോഹിതൻമാർ നെട്ടോട്ടമോടുന്നത്.



**പ്രാർത്ഥന ആരോട്?**

ദൈവദാസന്മാർ ഭൂമിയിൽ ആയിരിക്കുമ്പോൾ അവരുടെ പ്രാർത്ഥനയാൽ പലരും അനുഗ്രഹം പ്രാപിച്ചതായി ബൈബിളിൽ രേഖയുണ്ട്. എന്നാൽ ഏതെങ്കിലും ഒരു മനുഷ്യൻ - വിശുദ്ധനോ അശുദ്ധനോ - മരിച്ചശേഷം മറ്റുള്ളവരുടെ അപേക്ഷയനുസരിച്ച് പ്രാർത്ഥിച്ചതായി ദൈവവചനത്തിലില്ല.

**മരിച്ചവർ സർവ്വവ്യാപികളാകുമോ?**

ദൈവം സർവ്വവ്യാപിയാണ്. ലോകത്തിന്റെ ഏതു കോണിൽ നടക്കുന്നകാര്യവും ദൈവം കാണുന്നു. എവിടെയിരുന്നു പ്രാർത്ഥിച്ചാലും ദൈവം കേൾക്കുന്നു. പക്ഷേ ജീവിച്ചിരിക്കുന്ന ഒരു മനുഷ്യനും ഇത്തരമൊരു കഴിവില്ല. മരിച്ചശേഷം വിശുദ്ധന്മാർ സർവ്വവ്യാപികളാകുമോ? ആകുമെങ്കിൽ അതേപ്പറ്റി ബൈബിളിൽ എവിടെയാണു പറയുന്നത്? മരിച്ചവർ സർവ്വവ്യാപികളാകുന്നില്ലെങ്കിൽ മരിച്ചുപോയ വിശുദ്ധർ നമ്മുടെ പ്രാർത്ഥന എങ്ങനെ കേൾക്കും?

മനുഷ്യൻ ഏതു ഭാഷയിൽ പ്രാർത്ഥിച്ചാലും ദൈവത്തിനു മനസ്സിലാകും. കാരണം ദൈവം സർവ്വജ്ഞാനിയാണ്. എന്നാൽ വിശുദ്ധന്മാർക്ക് ഇത്തരമൊരു കഴിവുണ്ടോ? മറിയത്തിനു മലയാളം അറിഞ്ഞുകൂടെന്നു തീർച്ച. പക്ഷേ നമ്മൾ മലയാളത്തിൽ മറിയത്തോടു പ്രാർത്ഥിക്കുന്നതിനു മറിയം മറുപടി തരുമത്രേ! എങ്ങനെ? മരിക്കുന്നതോടെ വിശുദ്ധന്മാർ സർവ്വഭാഷയും മനസ്സിലാക്കാൻ തുടങ്ങുമോ? പ്രിയ സഹോദരങ്ങളെ, ഒരു നിമിഷം ചിന്തിക്കൂ: സാത്താൻ നമ്മെ കബളിപ്പിക്കയല്ലേ?

**വിഗ്രഹാരാധന**

"ഒരു വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കുകീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്. അവയെ നമസ്ക്കരിക്കയോ സേവിക്കുകയോ ചെയ്യരുത്" (പുറ. 20:4,5). പത്തു കല്പനകളിൽ രണ്ടാമത്തെ കല്പനയാണിത്. ഇങ്ങനെയൊരു കല്പനയുണ്ടെന്നുതന്നെ ക്രിസ്ത്യാനികളിൽ ഭൂരിപക്ഷത്തിനും അറിഞ്ഞുകൂടാ. ഉദാഹരണമായി കത്തോലിക്കരുടെ പത്തുകല്പനകളിൽ ഈ കല്പനയില്ല. എങ്കിലും എണ്ണം പത്തുതന്നെ. എങ്ങനെ എണ്ണം തികച്ചു? "അന്യന്റെ ഭാര്യയെ മോഹിക്കരുത്. അന്യന്റെ വസ്തുക്കൾ മോഹിക്കരുത്" എന്നിങ്ങനെയുള്ള പത്താം കല്പന രണ്ടു കഷണമാക്കി പ്രശ്നം തീർത്തു (സാത്താന്റെ ബുദ്ധി കൊള്ളാം).

ശ്രദ്ധിക്കുക: വിഗ്രഹം ഉണ്ടാക്കരുത്. ഉണ്ടാക്കിയിട്ടുവേണമല്ലോ ആരാധിക്കുകയോ വണങ്ങുകയോ ഒക്കെ ചെയ്യാൻ. ഫോട്ടോ വച്ച് മെഴുകുതിരി കത്തിക്കുന്നതും വിഗ്രഹാരാധനയാണ്. വിഗ്രഹം ആരുടേതായാലും വിഗ്രഹം തന്നെ. യേശു, മറിയം, പുണ്യവാളൻ തുടങ്ങി ആരുടേയും വിഗ്രഹമോ ഫോട്ടോയോ ഉണ്ടാക്കുവാൻ പാടില്ല. ഹൃദയം നെഞ്ചിന്റെ പുറത്തു ഫിറ്റുചെയ്ത യേശുവും മറിയവും മുതൽ ഏതെല്ലാം വിധത്തിലുള്ള വിഗ്രഹങ്ങളാണ് സാത്താൻ പടച്ചുവിട്ടിരിക്കുന്നത്. യേശുതന്നെ പലവിധം. ഉണ്ണിയേശു, പയ്യൻ യേശു, മേലോട്ടു നോക്കിയിരിക്കുന്ന യേശു, കുരിശു ചുമക്കുന്ന യേശു, കുരിശിൽ കിടക്കുന്ന യേശു, ഹൃദയം നെഞ്ചിനുവെളിയിലാക്കി രണ്ടുവിരൽ ഉയർത്തികാട്ടി തല 60 ഡിഗ്രി ചരിവിൽ പിടിച്ചുനില്ക്കുന്ന ഹിപ്പി യേശു ഇത്യാദി. കഷ്ടമെന്നു പറയേണ്ടൂ. ക്രിസ്ത്യാനികൾ ബൈബിൾ പഠിക്കാത്തതിന്റെ പരിണിത ഫലമാണിതൊക്കെ.

വിഗ്രഹാരാധന കടുത്ത പാപമാണ്, അതു സാത്താന്യമാണ്. വിഗ്രഹങ്ങൾ ഉണ്ടാക്കരുത്, അവയെ ആരാധിക്കരുത്, വണങ്ങരുത്. വിഗ്രഹങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്നത് ദൈവശക്തിയല്ല. ഈ വിഷയം അല്പംകൂടി വിശദമാക്കാം.

ഒരിക്കൽ ഒരു ദൈവദാസൻ ഒരു സഹോദരിക്കായി പ്രാർത്ഥിച്ചപ്പോൾ ഒരു ഭൂതം വെളിപ്പെട്ടു. താൻ ഉണ്ണൂണ്ണിസാർ ആണെന്നു ഭൂതം അറിയിച്ചു. ഐ.പി.സി സഭയുടെ പ്രസിഡന്റായിരുന്ന ഉണ്ണൂണ്ണി സാർ മരിച്ചിട്ട് അന്നു രണ്ടര ദശാബ്ദമായിരുന്നു. അദ്ദേഹം ഭൂതമായി ഭൂമിയിൽ അലയേണ്ട കാര്യമില്ല. പക്ഷേ ഭൂതം എന്തുകൊണ്ട് അദ്ദേഹത്തിന്റെ വേഷംകെട്ടി? വിശദമായ അന്വേഷണം നടത്തിയപ്പോൾ പ്രശ്നം വ്യക്തമായി. പ്രസ്തുത സഹോദരിക്ക് എവിടെ നിന്നോ ഉണ്ണൂണ്ണിസാറിന്റെ ഒരു ഫോട്ടോ കിട്ടി. അവർ അതു ഫ്രെയിം ചെയ്ത് ഭിത്തിയിൽ സ്ഥാപിച്ചു. സീറോ വാട്ടിന്റെ ഒരു ബൾബും അതിന്റെ മുമ്പിൽ ഫിറ്റുചെയ്തു. അത്രതന്നെ. ഫോട്ടോയെ ആരാധിക്കുകയും മറ്റും ചെയ്തില്ലെന്ന വസ്തുത എടുത്തുപറയട്ടെ. പക്ഷേ ചെയ്തതുതന്നെ വേണ്ടതിലധികമായിരുന്നു. അതുവഴി കറങ്ങിനടന്ന ഒരു ഭൂതം ഫോട്ടോയും ബൾബും കണ്ടു. നന്നായി ബോധിച്ചു. ഉടൻ ആ സ്ത്രീയെ അവർക്കു പ്രിയപ്പെട്ട ഉണ്ണൂണ്ണി സാറായി ബാധിച്ചു. ഏതായാലും ആ ദൈവദാസൻ യേശുവിന്റെ നാമത്തിൽ ഉണ്ണൂണ്ണി സാറിനെ പുറത്താക്കി



വിഗ്രഹവും ഫോട്ടോയും മറ്റും വയ്ക്കുന്നത് എത്ര ഗൗരവമുള്ള സംഗതിയാണെന്നു ചൂണ്ടികാണിക്കുവാൻ ഈ സംഭവം വിവരിച്ചെന്നേയുള്ളൂ. മറിയം, യേശു, പുണ്യവാളൻ, പുണ്യവതി തുടങ്ങി ഏതുപേരിൽ വിഗ്രഹം വച്ചാലും സാത്താനു സന്തോഷംതന്നെ. ഉടൻതന്നെ അവൻ ഒരു ഭൂതത്തെ അവിടെ നിയമിക്കുന്നു. കൂടുതൽ ശക്തിയുള്ള ഭൂതങ്ങളെയോ, ഒന്നിലധികം ഭൂതങ്ങളെയോ കാലക്രമത്തിൽ ആക്കിയെന്നും വരാം. വിഗ്രഹാരാധനയുള്ള സ്ഥലങ്ങളിൽ നടക്കുന്ന അത്ഭുതങ്ങൾ ഈ ഭൂതങ്ങൾ ഉണ്ടാക്കുന്നതാണ്. വിശുദ്ധന്മാരുടെ പേരിൽ നടക്കുന്ന എല്ലാ അത്ഭുതങ്ങളും സാത്താന്യമാണ്. അത്ഭുത രോഗസൗഖ്യം, ഭൂതശാന്തി തുടങ്ങി എന്തും ഇത്തരം സ്ഥലങ്ങളിൽ നടക്കും. ജനം വിശ്വസിക്കും. വിഗ്രഹാരാധന വർദ്ധിക്കും. സാത്താന്യ തന്ത്രം വിജയിക്കും.

**തിരുശേഷിപ്പ്**

വിശുദ്ധന്മാർ ഉപയോഗിച്ച വസ്ത്രം, മറ്റു വസ്തുക്കൾ, അവരുടെ മുടി, എല്ല്, പല്ല് തുടങ്ങിയവയെല്ലാം തിരുശേഷിപ്പാണ്. ഇതൊക്കെ അത്ഭുതം പ്രവർത്തിക്കുമത്രെ. ഇതിനാധാരമായി ചൂണ്ടിക്കാട്ടുന്ന വചനങ്ങളും നാം കണ്ടുകഴിഞ്ഞല്ലോ. എന്നാൽ തിരുശേഷിപ്പ് എന്ന ആശയം ദൈവവചനത്തിലുള്ളതല്ല എന്നതു സത്യമാണ്. സംശയമുള്ളവർ ബൈബിൾ ആദിയോടന്തം പരിശോധിക്കൂ.

പഴയനിയമത്തിലോ പുതിയനിയമത്തിലോ ഏതെങ്കിലും ദൈവദാസന്റെ ശരീരഭാഗങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയവ പൊതുവണക്കത്തിനായി വച്ചിട്ടുണ്ടോ? അതിന്റെ മുമ്പിൽ നേർച്ചകുറ്റികൾ സ്ഥാപിച്ചോ? കെടാവിളക്കു വെച്ചിട്ടുണ്ടോ? മെഴുകുതിരി കത്തിച്ചിട്ടുണ്ടോ? ചത്തവരോടോ, അവരുടെ അവശിഷ്ടങ്ങളോടോ ആരെങ്കിലും പ്രാർത്ഥിച്ചിട്ടുണ്ടോ? 'ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്നു മരിച്ചവരോടു പറഞ്ഞിട്ടുണ്ടോ? ഉണ്ടെങ്കിൽ എവിടെ?

**വിശുദ്ധ പദവിയിലേക്ക്**

യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വ്യക്തികളെല്ലാം വിശുദ്ധന്മാരാണെന്നും ദൈവം ഒഴികെ പരിശുദ്ധനില്ലെന്നും നാം കണ്ടുകഴിഞ്ഞു. എന്നാൽ വീണ്ടും ജനനം എന്ന അനുഭവം സഭയിൽ ഇല്ലാതായതോടെ 'രക്ഷാനിർണ്ണയം' ഇല്ലാതായി. രക്ഷിക്കപ്പെട്ടവനാണ് എന്നു പറയുവാൻ ധൈര്യവുമില്ലാതായി. അതുകൊണ്ടാണ് 'ഞങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും അപേക്ഷിക്കണമേ' എന്നു പ്രാർത്ഥി

ക്കേണ്ടി വന്നത്. മറ്റൊരാൾ പ്രാർത്ഥിച്ചാൽ നാം രക്ഷിക്കപ്പെടുകയില്ല. രക്ഷ എന്നത് നാം തന്നെ പ്രാപിക്കേണ്ടതാണ്. അത് യേശുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ ലഭിക്കുകയും ചെയ്യും.

എങ്ങനെയാണ് ഒരാളെ വിശുദ്ധനോ പരിശുദ്ധനോ ഒക്കെ ആക്കുന്നതെന്നറിയുന്നതു രസാവഹമാണ്. കത്തോലിക്കാ സഭയിൽ രണ്ട് അത്ഭുതം പ്രവർത്തിച്ചാൽ വിശുദ്ധനാകും. ഓരോ സഭക്കും അതിന്റേതായ നിയമങ്ങളുണ്ടാകും. പക്ഷേ യേശുവിന്റെ രക്തത്താൽ ശുദ്ധീകരണം പ്രാപിക്കുന്ന കാര്യം മാത്രം ഇക്കൂട്ടർ പറയാറില്ല. കാരണം, വിശ്വസിക്കുന്ന ഏവനും യേശുവിന്റെ രക്തത്താൽ കഴുകപ്പെടുമെന്നും അങ്ങനെ വിശുദ്ധീകരണം പ്രാപിച്ചവൻ വിശുദ്ധനാണെന്നും നിത്യജീവന്റെ അവകാശിയാണെന്നും ജനം അറിഞ്ഞാൽ പുരോഹിതന്മാർക്കും വ്യാജവിശുദ്ധന്മാർക്കും പണിയില്ലാതാകുമല്ലോ.

**ഏകമദ്ധ്യസ്ഥൻ**

മരിച്ചുപോയ വിശുദ്ധന്മാർ ദൈവമുമ്പാകെ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു എന്നാണ് പള്ളിമതം പഠിപ്പിക്കുന്നത്. പുരോഹിതന്മാരും മദ്ധ്യസ്ഥന്മാരത്രേ. പക്ഷെ ഈ വിഷയത്തേപ്പറ്റി ദൈവവചനം എന്തു പറയുന്നു?

"ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ; എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശുതന്നെ" (1 തിമോ. 2:5,6).

ഈ വിഷയം ഇതിൽ കൂടുതൽ വ്യക്തമായി പറയുന്നതെങ്ങനെ? ദൈവത്തിനും മനുഷ്യനും ഇടയിൽ നിരവധി മദ്ധ്യസ്ഥൻമാരുണ്ടെന്നു പഠിപ്പിച്ചിരുന്ന ജ്ഞാനവാദികളോടുള്ള ബന്ധത്തിലാണ് പൗലോസ് ഇതു പറയുന്നതെന്നതും ശ്രദ്ധേയമാണ്. ഒരു മദ്ധ്യസ്ഥനേയുള്ളൂ, അത് നസ്രായനായ യേശുവാണ് എന്നു ദൈവവചനം പറയുന്നു, പുരോഹിതന്മാരും മരിച്ചവിശുദ്ധന്മാരും മറ്റും മദ്ധ്യസ്ഥന്മാരാണന്നു പള്ളിമതം പറയുന്നു. ഏതു വിശ്വസിക്കണം?

"നിങ്ങളെ ഞങ്ങളറിയിച്ചതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമാദൂതൻ
താനേൽക്കും സഭയിൻ ശാപം
പലതരമുപദേശങ്ങളഹോ
പാരിൽമുളച്ചുപരക്കുന്നു
ദൈവത്തിൻ ഉപദേശംതൊ-
ട്ടവസാനിപ്പിപ്പോൻ ധന്യൻ."



തികച്ചും ശരിയാണ്. പൗലൊസ് ഇപ്രകാരം പറയുന്നു. "ഞങ്ങൾ നിങ്ങളെ അറിയിച്ചതിനു വിപരീതമായി ഞങ്ങൾ തന്നെയോ സ്വർഗ്ഗത്തിൽ നിന്നൊരു ദൂതൻ തന്നെയോ സുവിശേഷമറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ" (ഗലാ. 1:8). അങ്ങനെയാണെങ്കിൽ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, മരിച്ചവരോടുള്ള പ്രാർത്ഥന, തിരുശേഷിപ്പുവണങ്ങൽ, ധൂപപ്രാർത്ഥന തുടങ്ങി ദൈവവചന വിരുദ്ധമായ ഉപദേശങ്ങൾ പ്രചരിപ്പിക്കുന്നവർ ശപിക്കപ്പെട്ടവരല്ലേ? ദൈവവചനവുമായി പൊരുത്തപ്പെടാത്ത കാര്യങ്ങൾ പഠിപ്പിക്കുന്നതു ദൈവദൂതനാണെങ്കിലും ശാപമേല്ക്കും.

യേശുവിനെ കൈക്കൊണ്ട് യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ ദൈവം അധികാരം കൊടുത്തു (യോഹ. 1:12). യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവരെല്ലാം ദൈവമക്കളാണ്. പിതാവായ ദൈവത്തോടു പ്രാർത്ഥിക്കുവാൻ ദൈവമക്കൾക്ക് മറ്റൊരു മനുഷ്യന്റെ ശുപാർശ വേണ്ട. ധൈര്യത്തോടെ കൃപാസനത്തോളം അടുത്തുചെല്ലുവാൻ നമുക്കു സ്വാതന്ത്ര്യമുണ്ട്, അധികാരവുമുണ്ട്.

**വകുപ്പു വിഭജനം**

മന്ത്രിസഭയിലും മറ്റും വകുപ്പു വിഭജനമുള്ളതുപോലെ വിശുദ്ധന്മാർക്കും ചില പ്രത്യേക ഡിപ്പാർട്ടുമെന്റുകൾ വിശേഷവിധിയായി കിട്ടാറുണ്ട്. അസാദ്ധ്യകാര്യങ്ങൾ സാധിപ്പിക്കുവാൻ യൂദാ, പാമ്പു ശല്യം തീർക്കാൻ ഗീവർഗീസ് എന്നൊക്കെയാണ് കേട്ടിട്ടുള്ളത്. നായർ കുടുംബത്തിൽ ജനിച്ചുവളർന്ന എനിക്ക് ഇത്തരം കാര്യങ്ങളിൽ വേണ്ടത്ര അറിവില്ല. കത്തോലിക്കനായി ജനിച്ച്, സെമിനാരിയിൽ പഠിച്ച ബ്രദർ സി.വി. വടവന ഈ വിഷയത്തെപ്പറ്റി "വിശുദ്ധരോമം" എന്ന പേരിൽ ഒരു പുസ്തകം എഴുതിയിട്ടുണ്ട്. വിശുദ്ധരുടെ വകുപ്പുവിഭജനത്തേപ്പറ്റി ഈ പുസ്തകത്തിലുണ്ട്.

**ഉപകാരസ്മരണ**

പത്രങ്ങളിൽ വരുന്ന ഉപകാരസ്മരണകൾ വായിച്ചാൽ ചിരിക്കാനുള്ള വകകിട്ടും. പുണ്യവാളന്റെ പടം, അതിനടിയിൽ "ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന് ഉപകാരസ്മരണ, താമസിച്ചതിനു ക്ഷമാപണം" എന്നിവയും വിശ്വാസിയുടെ പേരും ഉണ്ടാകും. ചിലപ്പോൾ പേരിനുപകരം ഇനിഷ്യൽസ് മാത്രമേ ഉണ്ടാകു. 'ഒരു വിശ്വാസി'

എന്നുമാത്രം എഴുതുന്നവരുമുണ്ട്. എവിടെനിന്നു കിട്ടി ഈ പരിപാടി? ബൈബിളിൽ ഇതൊന്നുമില്ല. പിന്നെ എവിടെനിന്ന്? പള്ളി മതത്തിൽനിന്ന്, അതിന്റെ പിന്നിലുള്ള സാത്താനിൽ നിന്ന്.

"താമസിച്ചതിനു ക്ഷമാപണം" എന്ന ഭാഗം ഒന്നാംതരമായിട്ടുണ്ട്. എന്തോ ഒരു കാര്യം സാധിച്ചുകിട്ടാൻ "ഒരു വിശ്വാസി" പുണ്യവാളനോടു പ്രാർത്ഥിച്ചു. പുണ്യവാളൻ കാര്യം സാധിച്ചുകൊടുക്കയും ചെയ്തു. അന്നു മുതൽ പുണ്യവാളൻ പത്രങ്ങളായ പത്രങ്ങളെല്ലാം പരിശോധിക്കാനാരംഭിച്ചു. എവിടെ ഉപകാരസ്മരണ? നന്ദികെട്ട വർഗ്ഗം. ഇത്ര വലിയ ഒരു ഉപകാരം ചെയ്തുകൊടുത്തിട്ട് അയ്യായിരമോ പതിനായിരമോ മുടക്കി ഒരു ഉപകാരസ്മരണ കൊടുക്കുവാൻ തോന്നിയില്ലല്ലോ. പുണ്യവാളൻ അങ്ങനെ കോപിച്ച്, മുഖം വീർപ്പിച്ചിരിക്കെ ഒരു ദിവസമിതാ വന്നിരിക്കുന്നു ഒന്നാംതരമൊരു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണവും നടത്തിയിട്ടുണ്ട്. പുണ്യവാളനു സന്തോഷമായി, എങ്കിലും അവൻ എന്നെ മറന്നിട്ടില്ല. മതി, ഇത്രയും മതി. താമസിച്ചതൊക്കെ ക്ഷമിച്ചിരിക്കുന്നു.

ഉപകാരം ചെയ്തുകിട്ടിയതിനാൽ വിശ്വാസിക്കു സന്തോഷം. ഉപകാരസ്മരണ കൊടുത്തതിന് പുണ്യവാളനു സന്തോഷം. പരസ്യ ചാർജ്ജായി നല്ലൊരു തുക കിട്ടിയതുകൊണ്ടു പത്രക്കാർക്കു സന്തോഷം. മനുഷ്യർ ദൈവവചന വിരുദ്ധമായതൊക്കെ ചെയ്യുന്നതിനാൽ സാത്താനും ബഹുസന്തോഷം. ദുഃഖം ദൈവാത്മാവിനു മാത്രം. "ഹാ, ബുദ്ധിയില്ലാത്ത ഗലാത്യരേ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണിനുമുമ്പിൽ വരച്ചു കിട്ടിയിരിക്കെ നിങ്ങളെ ക്ഷുദ്രംചെയ്തു മയക്കിയതാര്?" (ഗലാ. 3:1). തോമാശ്ലീഹാവരെയെത്തുന്ന പാരമ്പര്യം പറയുന്നവർ ബൈബിൾ പഠിക്കാൻ സമയം കണ്ടെത്തിയിരുന്നെങ്കിൽ ഇത്തരം വിഡ്ഢിത്തങ്ങളുടെ പിന്നാലെ പോകുകയില്ലായിരുന്നു. പ്രിയ സഹോദരങ്ങളേ, പറയൂ, നമ്മുടെ മനോരമയും ദീപികയും മംഗളവും മറ്റും സ്വർഗ്ഗത്തിലോ നരകത്തിലോ പാതാളത്തിലോ എത്തുന്നുണ്ടോ? നാം കൊടുക്കുന്ന ഉപകാരസ്മരണകൾ പുണ്യവാളന്മാരും മറ്റും എങ്ങനെയാണു കാണുക? ഇതൊക്കെ ശുദ്ധ ഭോഷത്തമല്ലേ?

"മഹിമയോടന്തിമ വിധിനാളിൽ
കർത്താവേ നീ അണയുമ്പോൾ
കരുണയോടെന്നെ നിറുത്തണമേ
നല്ലവരൊത്തു വലംഭാഗേ"



എന്ന പാട്ടിന്റെ അകമ്പടിയോടെ ചരമ അറിയിപ്പും ചരമവാർഷിക അറിയിപ്പും കൊടുക്കുന്നവരോടു ചോദിക്കട്ടെ, കർത്താവ് ഈ പത്രം വായിച്ചിട്ട്, ഈ പ്രാർത്ഥന നടത്തിയതിന്റെ പേരിൽ പരേതനെ സ്വർഗ്ഗത്തിലാക്കുമോ? രക്ഷിക്കപ്പെടാത്തവനുവേണ്ടി ഇത്തരമൊരു പ്രാർത്ഥന ബന്ധുക്കൾ പത്രത്തിൽ കൊടുത്താൽ നരകത്തിൽ നിന്നു രക്ഷപ്പെടാൻ കഴിയുമോ? രക്ഷിക്കപ്പെട്ടവൻ സ്വർഗ്ഗത്തിലെത്താൻ പത്രത്തിൽ ഇത്തരം പ്രാർത്ഥന കൊടുക്കേണ്ട ആവശ്യമുണ്ടോ? പത്രക്കാർക്കു കുറച്ചു പണം കിട്ടി എന്നതിൽ കവിഞ്ഞ് ഇത്തരം പരസ്യങ്ങളിലൂടെ എന്താണു നേടുന്നത്?

## യേശുവിന്റെ അമ്മ

യേശുവിന്റെ അമ്മയായ മറിയത്തെ വണങ്ങുന്നവരും മാതാവിന്റെ മദ്ധ്യസ്ഥതയിൽ വിശ്വസിക്കുന്നവരും നിരവധിയാകയാൽ ഇതെപ്പറ്റിയും ചില കാര്യങ്ങൾ സാന്ദർഭികമായി പറയട്ടെ. യേശുവിന് ഭൂമിയിൽ ജന്മംകൊടുക്കുവാൻ കൃപയാൽ ദൈവം തിരഞ്ഞെടുത്ത വ്യക്തിയെന്ന നിലയിൽ എനിക്കു മറിയത്തോടു വളരെ ആദരവാണുള്ളതെന്ന കാര്യം ആരംഭത്തിൽത്തന്നെ പറയുകയാണ്. എങ്കിലും ഒരു മനുഷ്യസ്ത്രീ എന്നതിൽ കവിഞ്ഞൊന്നും മറിയത്തെപ്പറ്റി ബൈബിളിലില്ലാത്തതിനാൽ എനിക്കും അത്രത്തോളമേ മറിയത്തെപ്പറ്റി പറയാനാവൂ. മറിയത്തിന്റെ മഹത്വം തെളിയിക്കുവാൻ പലരും ചൂണ്ടികാട്ടുന്ന വാക്യങ്ങൾ പഠനവിധേയമാക്കിയ ശേഷം മറ്റു വിശദാംശങ്ങളിലേക്കു കടക്കാം.

### 1. നന്മനിറഞ്ഞ മറിയമേ നിനക്കു സ്തുതി

ഗബ്രിയേൽ ദൂതൻ മറിയത്തോടു പറഞ്ഞതായി പലരും ധരിച്ചിരിക്കുന്ന ഒരു വാചകമാണിത്. മറിയത്തെ ദൂതൻ 'നന്മ നിറഞ്ഞവൾ' എന്നു വിളിച്ചിട്ടുണ്ടോ? 'സ്തുതി'ക്കയും ചെയ്തോ?

സത്യവേദപുസ്തകത്തിൽ ഈ ഭാഗം ഇപ്രകാരം തർജ്ജമ ചെയ്തിരിക്കുന്നു: "കൃപലഭിച്ചവളേ, നിനക്കു വന്ദനം" (ലൂക്കൊ. 1:28). ഹോശാന ബൈബിളിലെ തർജ്ജമ: "കൃപ ലഭിച്ചവളേ, ആനന്ദിക്കൂ." അങ്ങനെയെങ്കിൽ ദൂതൻ മറിയത്തെ സ്തുതിക്കയോ നന്മ നിറഞ്ഞവൾ എന്നു വിളിക്കയോ ചെയ്തില്ല.

"നന്മനിറഞ്ഞവൻ" എന്ന വിശേഷണം ദൈവത്തിനു മാത്രമേ യോജിക്കൂ എന്ന് കർത്താവുതന്നെ വ്യക്തമാക്കിയിട്ടുണ്ടല്ലോ (മർക്കോ. 10:18). അതുപോലെ 'സ്തുതി'യും ദൈവം മറ്റാർക്കും വിട്ടുകൊടുക്കയില്ല (യെശ. 42:8). ദൂതന്മാർ ഒരിക്കലും ദൈവത്തെ

യൊഴികെ ആരെയും സ്തുതിക്കുകയുമില്ല. അതുകൊണ്ട് മറിയത്തെയെന്നല്ല ഒരു മനുഷ്യനേയും നാം സ്തുതിക്കരുത്.

മറിയം കൃപ ലഭിച്ചവളാണ്; കൃപനിറഞ്ഞവളല്ല. കൃപ നിറഞ്ഞവൻ ദൈവം മാത്രമാണ്. ബാക്കിയുള്ളവരെല്ലാം ദൈവകൃപ ലഭിച്ചവർ മാത്രം. അക്കാലത്ത് ലക്ഷക്കണക്കിനു കന്യകമാർ ഉണ്ടായിരുന്നിട്ടും യേശുവിന്റെ അമ്മയാകുവാൻ ദൈവം തെരഞ്ഞെടുത്തതു മറിയത്തെ മാത്രമാണ്. എന്തുകൊണ്ട്? മറിയത്തിന്റെ നന്മയുടെ ആധിക്യം നിമിത്തമാണോ? മറിയത്തിൽ പാപമില്ലാതിരുന്നതിനാലാണോ? ബൈബിൾ എന്തു പറയുന്നു?

**മറിയം അമലോത്ഭവയോ?**

മറിയം ജന്മപാപമില്ലാതെ ജനിച്ചെന്നും മറ്റുമുള്ള ചില കെട്ടുകഥകൾ സാത്താൻ പ്രചരിപ്പിച്ചിട്ടുണ്ട്. ഇത്തരമൊരു കാര്യത്തെപ്പറ്റി ബൈബിളിൽ സൂചനപോലുമില്ലെന്നു മിക്കവർക്കും അറിഞ്ഞുകൂടാ. മറിയത്തിൽ കർമ്മപാപവും ഇല്ലായിരുന്നു എന്നും സാത്താൻ പ്രചരിപ്പിക്കുന്നു. ഇതിനും ബൈബിളിൽ തെളിവില്ല. പക്ഷേ മറിയയും മറ്റു മനുഷ്യരേപ്പോലെതന്നെ പാപിനിയായിരുന്നു എന്ന് ബൈബിൾ സൂചിപ്പിക്കുന്നുണ്ടുതാനും. ഉദാഹരണായി ലൂക്കോ. 1:47 നോക്കുക: “എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു” എന്നു മറിയം പറയുന്നു. ശിക്ഷയുണ്ടെങ്കിലല്ലേ രക്ഷയെപ്പറ്റി പറയേണ്ടതുള്ളൂ. മറിയത്തിനും രക്ഷിതാവിനെ വേണം; കാരണം മറിയയും മറ്റു മനുഷ്യരേപ്പോലെ പാപമുള്ളവളാണ്. പാപിനിയെന്ന നിലയിൽ നിത്യനരകത്തിലെത്തേണ്ടതുമാണ്. പക്ഷേ ദൈവം തന്റെ കൃപയാൽ മറ്റുവിശ്വാസികളെ രക്ഷിച്ചതുപോലെ മറിയത്തേയും രക്ഷിച്ചു. അങ്ങനെ രക്ഷിച്ചിരുന്നില്ലെങ്കിൽ മറിയയും മറ്റു മനുഷ്യരേപ്പോലെ നിത്യനരകത്തിൽ എത്തുമായിരുന്നു.

“കൃപ ലഭിച്ചവളേ” എന്ന സംബോധനയും മറിയം ഇതര മനുഷ്യരെപ്പോലെ പാപം ചെയ്തിട്ടുണ്ടെന്നു തെളിയിക്കുന്നു. എന്താണു കൃപ? ബൈബിൾ തന്നെ അതിന് ഉത്തരം തരുന്നുണ്ട്: “കൃപയാലെങ്കിൽ പ്രവൃത്തിയാലല്ല; അല്ലെങ്കിൽ കൃപ കൃപയല്ല” (റോമർ. 11:6). യേശുവിന്റെ അമ്മയാകുവാൻ മറിയത്തിനു സാധിച്ചത് കൃപയാലാണ്; പ്രവൃത്തിയാലല്ല. പ്രവൃത്തിയാലെങ്കിൽ കൃപയാലെന്നു പറയുകയില്ലായിരുന്നു. ഇത്രയും പറഞ്ഞപ്പോൾ “മറിയം ദുർന്നടപ്പുകാരിയായ ഒരു സ്ത്രീയായിരുന്നു” എന്നു ഞാൻ പറഞ്ഞു എന്ന് ചിലരെങ്കിലും തെറ്റിദ്ധരിച്ചേക്കാം. ‘പാപിനിയായ



സ്ത്രീ’ എന്നു പറഞ്ഞാൽ ‘ദുർന്നടപ്പുകാരിയായ സ്ത്രീ’ എന്നാണർത്ഥമെന്നു നാം ധരിച്ചുവച്ചിരിക്കുന്നതാണു പ്രശ്നം. ചെറിയ അസൂയ, നേരിയ കോപം, അല്പം പിറുപിറുപ്പ് തുടങ്ങിയവപോലും പാപമാണ്. സഹോദരനെ മൂഢനെന്നു വിളിച്ചാൽ നരകവിധി ലഭിക്കും (മത്താ. 5:22) എന്നു കർത്താവു പറയുന്നു. പാപം, അതെത്ര ചെറുതായിരുന്നാലും, നരകശിക്ഷക്കു കാരണമാകും. അങ്ങനെയെങ്കിൽ പാപികളായ മനുഷ്യർ രക്ഷിക്കപ്പെടുന്നതെങ്ങനെ? ആ വിഷയം പിന്നാലെ വിശദീകരിക്കാം.

**ഭാഗ്യവതിയെന്നു വാഴ്ത്തും**

“ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്നു വാഴ്ത്തും” (ലൂക്കോ. 1:48) എന്നു മറിയം പറയുന്നു. അതുകൊണ്ട് മറിയത്തെ ഭാഗ്യവതിയെന്നു വാഴ്ത്തുന്നതിൽ എന്താണു തെറ്റ് എന്നു ചോദിക്കുന്നവരുണ്ട്? പക്ഷേ അതിനു മുൻപുള്ള ഭാഗംകൂടി നോക്കൂ: “അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ.” “താഴ്ചയിൽ (നമ്മെ) ഓർത്തവനെ”ക്കുറിച്ചാണ് (സങ്കീ. 136:23) മറിയം പറയുന്നത്. ദൈവം മറിയയുടെ താഴ്ചയെ ഓർത്തു. അതുകൊണ്ട് മറിയത്തെ സകലരും ഭാഗ്യവതി എന്നും വാഴ്ത്തും. മറിയം മാത്രമല്ല, ദൈവകൃപ പ്രാപിച്ചവരെല്ലാം ഭാഗ്യവാന്മാരോ ഭാഗ്യവതികളോ ആണ്. മറിയത്തെ സ്തുതിക്കയല്ല, മറിയത്തിനു ദൈവകൃപ ലഭിച്ചതിൽ അവളോടുചേർന്നു നാമും സന്തോഷിക്കയത്രേ ചെയ്യുന്നത് എന്നതും ശ്രദ്ധേയമാണ്. പക്ഷേ പ്രാർത്ഥനാസമയത്ത് മറിയത്തെ ഭാഗ്യവതിയെന്നു വാഴ്ത്തേണ്ട കാര്യമില്ല. കാരണം, പ്രാർത്ഥന എന്നത് നാം ദൈവമുൻപാകെ കഴിക്കുന്ന അപേക്ഷയാണ്. അതിനിടയിൽ മറിയത്തിന്റെ ഭാഗ്യമോ യൂദായുടെ പാപമോ കടന്നുവരേണ്ടതില്ല. ഒന്നാം നൂറ്റാണ്ടിലെ ദൈവമക്കൾ പ്രാർത്ഥിച്ചപ്പോൾ മറിയത്തേക്കുറിച്ചു പറഞ്ഞതായി ദൈവവചനത്തിൽ പറയുന്നുമില്ല. ദൈവത്തോടു പ്രാർത്ഥിക്കുക; ദൈവത്തെ സ്തുതിക്കുക, അതുമാത്രമാണ് പ്രാർത്ഥനയിൽ വേണ്ടത്. മറിയത്തേക്കുറിച്ചു ഗുണമോ ദോഷമോ പറയേണ്ട ആവശ്യമില്ല.

ലൂക്കോ. 11:27,28 നോക്കുക: “ഇതു പറയുമ്പോൾ പുരുഷാരത്തിൽ ഒരു സ്ത്രീ അവനോട്: നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുള്ളവ എന്നു പറഞ്ഞു. അതിന് അവൻ: അല്ല ദൈവത്തിന്റെ വചനംകേട്ടു പ്രമാണിക്കുന്നവരത്രേ ഭാഗ്യവാന്മാർ എന്നു പറഞ്ഞു.” മറിയത്തെ വാഴ്ത്തുവാൻ തിടുക്കം കൂട്ടുന്നവർ ഈ

വാക്യം കാണാപ്പാഠം പഠിക്കുക. അതോടൊപ്പം, കാനാവിലെ കല്യാണത്തിനു വീഞ്ഞുതീർന്ന കാര്യം യേശുവിനെ മറിയം അറിയിച്ചപ്പോൾ "സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക വന്നിട്ടില്ല" എന്നു പറഞ്ഞതും ഓർക്കുക. കാനാവിൽ വച്ച് മറിയം ശുശ്രൂഷകരോട്: "അവൻ വല്ലതും കല്പിച്ചാൽ അങ്ങനെ ചെയ്വിൻ" എന്നു പറയുകയും ചെയ്തു. മറിയത്തിന് ഇന്നും പറയാനുള്ളതിത്രമാത്രം: "യേശു കല്പിച്ചതു ചെയ്യുവിൻ". യേശുവിന്റെ നാഴിക വരുമ്പോൾ, യേശു പ്രവർത്തിക്കും. അതിന് ആരുടെയും ശുപാർശ വേണ്ട.

"ക്രൂശിൽ കിടന്ന സമയത്ത് യേശു മറിയത്തെ യോഹന്നാന്റെ കയ്യിൽ ഭരമേല്പിച്ചതെന്തിന്? മറിയം വിശ്വാസികളുടെ അമ്മയാണെന്നല്ലേ അതിനർത്ഥം?" മറിയം എല്ലാ വിശ്വാസികളുടേയും അമ്മയായതുകൊണ്ടല്ല, മറിച്ച്, യേശുവിന്റെ സഹോദരന്മാർ അപ്പോൾ അടുത്തില്ലാതിരുന്നതുകൊണ്ടാണ് യേശു മറിയത്തെ യോഹന്നാന്റെ കൈയ്യിൽ ഭരമേല്പിച്ചത്. "യേശുവിന്റെ സഹോദരന്മാരോ? അവർ ആരാണ്? അങ്ങനെ ബൈബിളിലുണ്ടോ?"

യേശു മറിയയുടെ മൂത്ത മകനായിരുന്നു (ലൂക്കോ. 2:7) എന്ന് ബൈബിൾ പറയുന്നു. യേശു ജനിക്കുന്നതുവരെ യോസേഫും മറിയയും ഭാര്യാഭർത്താക്കന്മാരേപ്പോലെ ജീവിച്ചിരുന്നില്ല എന്നതും ശരിതന്നെ (മത്താ. 1:25). യോസേഫ് വൃദ്ധനായിരുന്നെന്നും മറിയയുമായി ഒരിക്കലും ലൈംഗീകബന്ധത്തിൽ ഏർപ്പെട്ടില്ലെന്നും വരുത്തിത്തീർക്കാൻ പള്ളിമതം ശ്രമിക്കാറുണ്ട്. പക്ഷേ യോസേഫ് വൃദ്ധനായിരുന്നു എന്ന് ബൈബിളിൽ സൂചനപോലുമില്ല. യേശുവിന് യാക്കോബ്, യോസെ, യൂദാ, ശീമോൻ എന്നീ സഹോദരന്മാരും ചില സഹോദരിമാരും ഉണ്ടായിരുന്നു എന്ന് ബൈബിൾ വ്യക്തമാക്കുന്നുമുണ്ട് (മർക്കൊ. 6:3). ലേഖനങ്ങളെഴുതിയ യാക്കോബും യൂദയും കർത്താവിന്റെ സഹോദരന്മാരാണ്.

ഈ സഹോദരന്മാർ മറിയയുടെ മക്കളാണോ? തീർച്ചയായും. യേശുവിന്റെ അമ്മയ്ക്കു മറ്റു മക്കൾ ഉണ്ടായിരിക്കുമെന്ന് പ്രവചനമുണ്ടായിരുന്നു (സങ്കീ. 69:8). ഇവിടെ യേശുവിനെക്കുറിച്ചാണ് പറയുന്നതെന്ന് 69:9-ഉം ചേർത്തു പഠിച്ചാൽ മനസ്സിലാക്കാം.

"എന്റെ സഹോദരൻമാർക്കു ഞാൻ പരദേശിയും എന്റെ അമ്മയുടെ മക്കൾക്ക് അന്യനും ആയിത്തീർന്നിരിക്കുന്നു. നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളഞ്ഞു; നിന്നെ



നിന്ദിക്കുന്നവരുടെ നിന്ദ എന്റെ മേൽ വീണിരിക്കുന്നു." നിന്റെ ആലയത്തേക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളയുന്നു എന്ന് എഴുതിയിരിക്കുന്നത് യേശുവിനേക്കുറിച്ചാണെന്ന് യോഹന്നാൻ വ്യക്തമാക്കുന്നുണ്ട് (യോഹ.2:14-17). അതുകൊണ്ട് ഈ വാക്യങ്ങളിലെ 'ഞാൻ' യേശുവാണെന്നു വ്യക്തം. സഹോദരൻമാർ എന്നു പറഞ്ഞിട്ട് 'എന്റെ അമ്മയുടെ മക്കൾ' എന്ന് എടുത്തുപറയുന്നത് ശ്രദ്ധിക്കുക. യേശുവിന്റെ സഹോദരൻമാർ യേശുവിന്റെ അമ്മയായ മറിയത്തിന്റെ മക്കൾ തന്നെ.

മറിയം ദൈവഭക്തിയുള്ള ഒരു സ്ത്രീയായിരുന്നു. എങ്കിലും മറ്റു മനുഷ്യരെപ്പോലെ പാപം ചെയ്തിട്ടുണ്ട്. അവൾക്ക് യേശുവിന്റെ മാതാവാകാൻ കൃപ ലഭിച്ചു. അതു വലിയ ഭാഗ്യംതന്നെ. യേശു തന്റെ അമ്മയെ ബഹുമാനിച്ചിരുന്നു. നമുക്കും ബഹുമാനിക്കാം. പക്ഷേ പ്രാർത്ഥനയും ആരാധനയും മറിയത്തോടാകരുതെന്നു മാത്രം. വിദ്വാന്മാർ, യേശുവിനെ അമ്മയോടൊപ്പം കണ്ടിട്ടും യേശുവിനെ മാത്രമേ ആരാധിച്ചുള്ളൂ (മത്താ. 2:11). മറിയയും മറ്റു ശിഷ്യന്മാരോടൊപ്പം കാത്തിരിക്കയും പെന്തക്കോസ്തുനാളിൽ പരിശുദ്ധാത്മസ്നാനം പ്രാപിക്കയും ചെയ്തു (പ്രവൃ. 1:14).

ഈ സംഭവത്തിനുശേഷം മറിയത്തെപ്പറ്റി ബൈബിളിൽ പരാമർശിക്കുന്നതേയില്ല. ഇന്നു കത്തോലിക്കരും മറ്റും മറിയത്തിനു നൽകുന്നതുപോലുള്ള സ്ഥാനമാണു മറിയക്കു ദൈവസഭയിലുള്ളതെങ്കിൽ പെന്തക്കോസ്തു നാളിനുശേഷം മറിയത്തെ ശിഷ്യന്മാർ പ്രത്യേക പദവികൊടുത്തു മാനിക്കുമായിരുന്നു? പക്ഷേ അങ്ങനെയൊന്നും ദൈവവചനത്തിൽ കാണുന്നില്ല. സംശയമുള്ളവർ ദൈവവചനം പരിശോധിക്കൂ: അവളെ ശ്ലീഹന്മാരുടെ രാജ്ഞിയാക്കിയോ? മാലാഖമാരുടെ രാജ്ഞിയാക്കിയോ? മറിയത്തിന് എന്തെങ്കിലും സ്ഥാനം കൊടുത്തോ? സത്യം സത്യമായി പറഞ്ഞാൽ പെന്തക്കോസ്ത് നാളിനുശേഷം മറിയത്തെക്കുറിച്ചു ബൈബിളിൽ ഒന്നും പറയുന്നതേയില്ല. കാരണം, മറിയം ദൈവസഭയിലെ ഒരു വിശ്വാസി മാത്രമാണ്. അങ്ങനെയെങ്കിൽ മറിയത്തിന് ഇന്നുള്ള പ്രാധാന്യം എങ്ങനെയുണ്ടായി? ക്രിസ്തുമതം രാജകീയമായപ്പോൾ, പാഗൺ മതത്തിലെ ദൈവമാതാവിനെ മറിയമാക്കി സഭയിൽ കടത്തിയതാണ് ഇന്നത്തെ മറിയം. അത് യേശുവിന്റെ അമ്മയല്ല, സൂര്യദേവന്റെ അമ്മയാണ്. കൂടുതൽ അറിയേണ്ടവർ "മഹതിയാം ബാബിലോൺ" എന്ന പുസ്തകം നോക്കുക.

മറിയത്തിന്റെ പേരിൽ ലോകമെമ്പാടും നിരവധി അത്ഭുതങ്ങൾ നടക്കുന്നതായി പറഞ്ഞുകേൾക്കുന്നു. അതിന്റെ പിന്നിൽ സാത്താനാണു പ്രവർത്തിക്കുന്നത്. യേശുവിന്റെ അമ്മയായ മറിയം ദൈവസന്നിധിയിൽ വിശ്രമിക്കയാണ്. ഈ ലോകത്തു നടക്കുന്ന കാര്യങ്ങളിൽ ഇടപെടുന്നില്ല, ഇടപെടാൻ കഴിയുന്നതുമല്ല. മറിയം ആരുടേയും പ്രാർത്ഥന കേൾക്കുന്നുമില്ല. മറിയമെന്ന പേരിൽ ആരാധനയും വണക്കവും സ്വീകരിക്കുന്നത് പാഗൺ മതത്തിലെ സൂര്യദേവന്റെ മാതാവായ മഡോണയാണ്.

നാം ഈ അദ്ധ്യായത്തിൽ ചിന്തിച്ചു വന്നതിന്റെ ചുരുക്കമിതാണ്. പ്രാർത്ഥന ദൈവത്തോടാണു നടത്തേണ്ടത്. പ്രാർത്ഥിക്കുവാൻ യേശു എന്ന മദ്ധ്യസ്ഥൻ മാത്രം മതിയാകും. മരിച്ചുപോയവർ നമുക്കായി പ്രാർത്ഥിക്കുന്നില്ല; മരിച്ചവരോടു നാം പ്രാർത്ഥിച്ചാൽ അതു മരിച്ചവർക്കു കേൾക്കാനുമാവില്ല. വിശുദ്ധന്മാരുടെ പേരിൽ അത്ഭുതം പ്രവർത്തിക്കുന്നതു സാത്താനാണ്. മരിച്ചവരോടുള്ള പ്രാർത്ഥന സാത്താന്യവുമാണ്. ദൈവമക്കൾ ഈ മ്ലേച്ഛത പ്രവർത്തിക്കരുത്. ദൈവവചനം നന്നായി പഠിക്കുക. ബൈബിൾ മാത്രമായിരിക്കണം നമ്മുടെ ആധാരം. ദൈവവചനം സത്യമാണ്. സത്യം നമ്മെ ഇത്തരം ദുരാചാരങ്ങളിൽനിന്നും സ്വതന്ത്രരാക്കും.



# 12
# മരണാനന്തര അനുഭവങ്ങൾ

ജോലിക്കായും മറ്റും വിദേശരാജ്യങ്ങളിൽ പോയവർ മടങ്ങിവന്നു കഥകൾ പറയുന്നതുപോലെ മരിച്ചവരും മടങ്ങിവരുമായിരുന്നെങ്കിൽ, 'മരിച്ചവർ എവിടെ' എന്ന ചോദ്യം അർത്ഥശൂന്യമാകുമായിരുന്നു. എന്നാൽ മരണമെന്നത് മടങ്ങിവരാത്ത യാത്രയാണ്. കഥകൾ പറയാനായി മരിച്ചവർ മടങ്ങിവരാറില്ല. മരണാനന്തര ജീവിതം ഒരു വിവാദവിഷയമായി ഇന്നും തുടരുന്നത് ഇക്കാരണത്താലത്രേ. എന്നാൽ ചില മണിക്കൂറുകൾ മരിച്ചു കിടന്നവർ ജീവിച്ച സംഭവം ബൈബിളിൽത്തന്നെയുണ്ട്. ഏലിയാവ്, എലീശ, യേശു, പത്രോസ്, പൗലോസ് തുടങ്ങിയവർ മരിച്ചവരെ ഉയിർപ്പിച്ചിട്ടുണ്ടല്ലോ. ലാസറിനെ കർത്താവ് ഉയിർപ്പിച്ചത് 4-ാം ദിവസമാണ്. പക്ഷേ ഇവരാരും തങ്ങളുടെ അനുഭവം വിവരിച്ചിട്ടില്ല. ലാസർ തന്റെ അനുഭവകഥ പറഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരിക്കുമായിരുന്നു എന്ന് ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. പക്ഷേ, വിശ്വാസികൾ കാഴ്ചയാലല്ല, വിശ്വാസത്താലത്രേ ജീവിക്കേണ്ടത്. അതുകൊണ്ടാകാം ദൈവം മരിച്ചുയിർത്തവരെ തങ്ങളുടെ അനുഭവ വിവരണം നടത്താൻ അനുവദിക്കാതിരുന്നത്. ഒരുപക്ഷേ, അവർ തങ്ങളുടെ അനുഭവം ബന്ധുക്കളോടും സുഹൃത്തുക്കളോടും വിവരിച്ചിട്ടുണ്ടാകാം. എങ്കിലും ഇവയൊന്നും ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പൗലോസ് ഈ വിഷയത്തെപ്പറ്റി ചിലതെല്ലാം പറയുന്നുണ്ട് (2 കൊരി. 12:2-4):

"ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു; അവൻ പതിനാലു സംവത്സരം മുമ്പെ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു; ശരീരത്തോടെയോ എന്ന് ഞാൻ അറിയുന്നില്ല. ശരീരം കൂടാതെയോ എന്നുമറിയുന്നില്ല; ദൈവം അറിയുന്നു. ആ മനുഷ്യൻ പറുദീസയോളം എടുക്കപ്പെട്ടു. ശരീരത്തോടെയോ ശരീരം കൂടാതെയോ എന്നു ഞാൻ അറിയുന്നില്ല; ദൈവം അറിയുന്നു. മനു

ഷ്യന് ഉച്ചരിപ്പാൻ പാടില്ലാത്തതും പറഞ്ഞുകൂടാത്തതുമായ വാക്കുകളെ അവൻ കേട്ടു എന്നു ഞാൻ അറിയുന്നു."

"മനുഷ്യന് ഉച്ചരിപ്പാൻ പാടില്ലാത്തതും പറഞ്ഞുകൂടാത്തതും" എന്ന ഭാഗത്തിന് "പൗലോസിന് പുറത്തു പറയുവാൻ അനുവാദമില്ലാത്ത കാര്യങ്ങൾ" എന്നാണർത്ഥമെന്നു ചില വേദപണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. അങ്ങനെയെങ്കിൽ പൗലോസ് പറുദീസയിൽ – മൂന്നാം സ്വർഗ്ഗത്തിൽ – കണ്ടതെന്തെന്ന് വിവരിക്കുവാൻ ദൈവം അനുവദിച്ചില്ലെന്നുവേണം അനുമാനിക്കുവാൻ.

പൗലോസിന് ഈ അനുഭവമുണ്ടായത് എപ്പോഴാണെന്നു വ്യക്തമല്ല. എങ്കിലും പ്രവൃ. 14:19,20 വാക്യങ്ങളിൽ കാണുന്ന സംഭവവുമായി ഇതിനു ബന്ധമുണ്ടെന്നാണ് എന്റെ അനുമാനം. ലുസ്ത്രയിൽവെച്ചു പൗലോസ് കല്ലേറുകൊണ്ടു വീഴുന്നതാണു രംഗം.

"എന്നാൽ അന്ത്യൊക്ക്യയിൽ നിന്നും ഇക്കോന്യയിൽ നിന്നും യെഹൂദന്മാർ വന്നുകൂടി പുരുഷാരത്തെ വശത്താക്കി പൗലൊസിനെ കല്ലെറിഞ്ഞു; അവൻ മരിച്ചു എന്നു വിചാരിച്ചിട്ടു അവനെ പട്ടണത്തിനു പുറത്തേക്കു ഇഴെച്ചുകളഞ്ഞു. എന്നാൽ ശിഷ്യന്മാർ അവനെ ചുറ്റിനില്ക്കയിൽ അവൻ എഴുന്നേറ്റു പട്ടണത്തിൽ ചെന്നു; പിറ്റെന്നാൾ ബർന്നബാസിനോടുകൂടെ ദെർബ്ബെക്കു പോയി." പൗലൊസ് മരിച്ചെന്നു കരുതി അവനെ പട്ടണത്തിനു പുറത്തുകൊണ്ടിടുമ്പോൾ യഥാർത്ഥത്തിൽ പൗലോസ് മരിച്ചിരിക്കാം. വിശ്വാസികളുടെ പ്രാർത്ഥനയാൽ പൗലോസ് വീണ്ടും ജീവിച്ചു. ഇതിനിടയിലുണ്ടായ അനുഭവമാണ് പൗലൊസ് വിവരിക്കുന്നതെന്നു നമുക്ക് അനുമാനിക്കാം. മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടതു ശരീരത്തോടെയോ ശരീരം കൂടാതെയോ എന്ന് തീർത്തു പറയുവാൻ പൗലോസിനു കഴിയുന്നില്ല. എന്താണു കാരണം? ശരീരത്തോടെ പോകുമ്പോൾ ഉള്ള അനുഭവം തന്നെയാണുണ്ടായതെങ്കിലും ശരീരമില്ലെന്ന സത്യവും പൗലൊസ് അറിഞ്ഞിരുന്നു. കാണുക, കേൾക്കുക, അനുഭവിക്കുക തുടങ്ങി ശരീരത്തോടുകൂടിരിക്കുമ്പോൾ ചെയ്യുന്നതൊക്കെയുണ്ടെങ്കിലും അക്ഷരാർത്ഥത്തിലുള്ള ഒരു ശരീരമല്ല. അതുകൊണ്ടത്രേ പൗലോസ് മേൽപ്പറഞ്ഞ പ്രകാരം പ്രസ്താവിക്കുന്നത്.

മരണാനന്തരം എന്താണു സംഭവിക്കുന്നതെന്നു കണ്ടറിഞ്ഞതോടെ പൗലോസിന്റെ ജീവിതവീക്ഷണംതന്നെ മാറിപ്പോയി. "ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും" എന്നു പൗലോസ്



മനസ്സിലാക്കി. "വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെയിരിക്കുവാൻ" പൗലോസ് ആഗ്രഹിക്കുന്നു. തനിക്കായി ഒരുക്കിയിരിക്കുന്ന നീതിയുടെ കിരീടം പൗലോസ് വിശ്വാസക്കണ്ണാൽ കാണുകയാണ്. മരണത്തോടെ തന്റെ ജീവിതം അവസാനിക്കുന്നില്ലെന്നു പൗലോസ് മനസ്സിലാക്കി. "ഹേ മരണമേ, നിന്റെ ജയം എവിടെ" എന്ന് പൗലോസ് മൃത്യുവിനെ നോക്കി വെല്ലുവിളിക്കുന്നു. യേശുവിലൂടെയുള്ള രക്ഷ ഒരു മോഹന സങ്കല്പമല്ല, പച്ചയായ യാഥാർത്ഥ്യമാണെന്നു പൗലോസ് ഗ്രഹിച്ചു.

മരണാനന്തര അനുഭവങ്ങളെക്കുറിച്ച് വളരെയേറെ ഗവേഷണങ്ങൾ നടത്തിയിട്ടുള്ള ഒരു വ്യക്തിയാണ് റേമൊണ്ട് എ. മൂഡി. അദ്ദേഹത്തിന്റെ ഗവേഷണഫലങ്ങൾ "**Life after Life**" എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നാം പഠിച്ചുവരുന്ന വിഷയവുമായി ബന്ധമുള്ളതാകയാൽ ഇത്തരം അനുഭവങ്ങളെക്കുറിച്ചും ചിലതെല്ലാം പറയുന്നത് അനുചിതമാകയില്ലെന്നു കരുതുന്നു. (കൂടുതലറിയുവാൻ താല്പര്യമുള്ളവർ പ്രസ്തുത ഗ്രന്ഥം വായിക്കുക.)

ലോകത്തിന്റെ വിവിധ കോണുകളിൽനിന്നും ശേഖരിച്ച മരണാനന്തര അനുഭവങ്ങൾക്കെല്ലാം അത്ഭുതാവഹമായ സാമ്യങ്ങളുണ്ടെന്ന വസ്തുത കൗതുകകരമാണ്. (**Near Death Experience** എന്നു ടൈപ്പ് ചെയ്ത് ഇന്റർനെറ്റിൽ പരിശോധിച്ചാൽ ഇത്തരം ആയിരക്കണക്കിന് അനുഭവങ്ങൾ വായിക്കാൻ കഴിയും). ഏതെങ്കിലും അപകടത്താലോ ഗുരുതരമായ രോഗത്താലോ മരണമടയുന്ന വ്യക്തി തന്റെ മരണം നടന്നുകഴിഞ്ഞതായി മറ്റുള്ളവർ പറയുന്നതു കേൾക്കുന്നു. ശരീരത്തിനു പുറത്ത് – അന്തരീക്ഷത്തിൽ – അയാൾ നിൽക്കുകയാണ്. തന്റെ ശരീരം അതാ, താഴെ കിടക്കുന്നു. ബന്ധുമിത്രാദികളെല്ലാം അടുത്തുണ്ട്. അയാൾക്ക് എല്ലാം കാണാം. കേൾക്കാം, ചിന്തിക്കാം, മനസ്സിലാക്കാം; പക്ഷേ അയാൾ ശരീരത്തിനു പുറത്തായിക്കഴിഞ്ഞു. ഏതാനും നിമിഷങ്ങൾക്കകം ഒരു ഇരുണ്ട കുഴലിലൂടെ വളരെ വേഗത്തിൽ സഞ്ചരിക്കുന്നതായി അനുഭവപ്പെടുന്നു. ഇത്രയധികം വേഗത്തിൽ അയാൾ മുമ്പു സഞ്ചരിച്ചിട്ടില്ല. ഒടുവിൽ ഒരു ഇരുണ്ട താഴ്വരയിൽ എത്തുന്നു. അതാ, അങ്ങകലെ ഒരു വെളിച്ചം. അത് അടുത്തു വരുകയാണ്. തന്റെ ജീവിതത്തിലെ അനുഭവങ്ങളെല്ലാം പെട്ടെന്ന് ഓർമ്മവരുന്നു. കുട്ടിക്കാലത്തെ സംഭവങ്ങൾപോലും വളരെ വ്യക്തമായി ഓർക്കുന്നു. എല്ലാം, അതിവേഗം തന്റെ മനോമുകുരത്തിൽ മിന്നിമറയുന്നു. താൻ മുന്നോട്ടു പോകുക

യാണ്. ഒടുവിൽ എവിടെയോ എത്തുന്നു. ഇനി മുൻപോട്ടു പോകാനാവില്ല. ഒരു തടസ്സം അതാ മുന്നിൽ. പെട്ടെന്നു ബോധം മറയുന്നു. വീണ്ടും ബോധം തെളിയുമ്പോൾ അയാൾ ഈ ഭൂമിയിൽത്തന്നെയുണ്ട്. കഴിഞ്ഞുപോയ അനുഭവങ്ങൾ മനസ്സിൽ തങ്ങിനിൽക്കുന്നു. എത്ര ശ്രമിച്ചാലും അവ മറക്കാൻ കഴിയുന്നില്ല. ഈ ലോകത്തിനുതന്നെ ഒരു മാറ്റം വന്നതുപോലൊരു തോന്നൽ. എല്ലാറ്റിനും ഒരു പുതിയ പരിവേഷം. ചിലർ തങ്ങൾക്കുണ്ടായ അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കും. മറ്റുചിലർ എല്ലാം രഹസ്യമാക്കിവയ്ക്കും. പക്ഷേ രണ്ടുകൂട്ടർക്കും ഇഹലോക ജീവിതത്തെക്കുറിച്ചുണ്ടായിരുന്ന കാഴ്ചപ്പാടുകളൊക്കെ മാറും. ഈ സംഭവത്തോടെ അവർ പുതിയ മനുഷ്യരാകുന്നു എന്നു പറയാം.

## മരണം

മരണസമയത്ത് ചിലർക്കുണ്ടായ അനുഭവങ്ങൾ ആദ്യമായി നമുക്കുനോക്കാം. ഹൃദയസ്തംഭനംമൂലം മരിക്കയും അല്പസമയത്തിനുശേഷം വീണ്ടും ജീവിക്കുകയും ചെയ്ത ഒരു സ്ത്രീ തന്റെ അനുഭവം വിവരിക്കുന്നു: (“**Life after Life**”എന്ന പുസ്തകത്തിലുള്ള സംഭവങ്ങളാണ് ഉദ്ധരിക്കുന്നത്.)

എനിക്കു സഹിക്കവയ്യാത്ത നെഞ്ചുവേദന അനുഭവപ്പെട്ടു. ഞാൻ താഴെ വീഴുന്ന ശബ്ദം കേട്ട് എന്റെ ഭർത്താവും ഒരു സുഹൃത്തും ഓടിയെത്തി. അപ്പോഴേക്കും ഞാൻ ഒരു ഇരുണ്ടപ്രദേശത്ത് എത്തിയിരുന്നു. “ഇപ്രാവശ്യം രക്ഷയില്ല” എന്ന് എന്റെ ഭർത്താവു പറയുന്നത് ഞാൻ കേട്ടു (പേജ് – 27).

മറ്റൊരാളുടെ അനുഭവം ഇതാണ്:

“എനിക്ക് ഒൻപതു വയസ്സുള്ളപ്പോഴാണ് ഈ സംഭവമുണ്ടായത്. ഇരുപത്തിയേഴു വർഷങ്ങൾ കഴിഞ്ഞിട്ടും ഈ ഓർമ്മ എന്റെ മനസ്സിൽ നിലനിൽക്കുന്നു. ഒരു ദിവസം ഞാൻ കഠിനമായ രോഗത്താൽ ബാധിതനായി. ബന്ധുക്കൾ എന്നെ ആശുപത്രിയിലെത്തിച്ചു. എന്നെ ബോധം കെടുത്താനുള്ള ശ്രമത്തിനിടയിൽ ഞാൻ മരിച്ചു. എന്റെ ഹൃദയസ്പന്ദനം നിലച്ചു. ഒരു മണിയടി ശബ്ദം പോലെ എന്തോ എനിക്കു കേൾക്കാൻ കഴിഞ്ഞു. അതോടെ ഞാൻ ഒരു ഇരുണ്ട കുഴിയിലൂടെ സഞ്ചരിക്കുന്നതായി അനുഭവപ്പെട്ടു. മണിനാദം തുടർന്നു കൊണ്ടിരുന്നു” (പേജ് – 31).

മറ്റൊരാൾ ഇപ്രകാരം പറയുന്നു: “പെട്ടെന്ന് എന്റെ ശ്വാസം നിലച്ചു. ഞാൻ ഒരു ശൂന്യമായ തുരങ്കത്തിലൂടെ – അത്യധികമായ



വേഗത്തിൽ – സഞ്ചരിക്കുന്നതായി അനുഭവപ്പെട്ടു.”

മറ്റൊരനുഭവം: “ഞാൻ ഒരു ഇരുണ്ട കുഴലിലെത്തി. വാക്കുകൾകൊണ്ട് വിവരിക്കാനാവാത്ത ഒരനുഭവമായിരുന്നു അത്. വായുവില്ലാത്ത ഒരു തുരങ്കത്തിലൂടെ ഞാൻ കടന്നുപോയി. എന്റെ ബോധം മറഞ്ഞിരുന്നില്ല. എല്ലാം ഞാൻ നന്നായി ഓർമ്മിക്കുന്നു.”

## മരണനിഴൽ താഴ്വര

സങ്കീ. 23:4–ൽ “കൂരിരുൾ താഴ്വരയിൽക്കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല” എന്നു തർജ്ജമ ചെയ്തിരിക്കുന്ന ഭാഗം ഇംഗ്ലീഷിൽ ഇപ്രകാരമാണ്: “Yea, though I walk through the valley of the shadow of death, I will fear no evil.” “മരണനിഴൽ താഴ്വരയിൽക്കൂടി നടന്നാലും” എന്നത്രേ ഇത്. തമിഴിൽ ഈ ഭാഗം “മരണ ഇരുളിൻ പള്ളത്താക്കിലേ നടന്താലും” എന്നാണ്. ഈ വാക്യത്തിന്റെ യഥാർത്ഥ അർത്ഥം നാം മനസ്സിലാക്കിയിട്ടില്ല. ദൈവം പലതും നമുക്കു മറച്ചുവച്ചിരിക്കയാണല്ലോ. എങ്കിലും മരണാനന്തര അനുഭവങ്ങൾ വിവരിച്ച പലരും ഇത്തരമൊരു താഴ്വരയെക്കുറിച്ചു പറയുന്നുണ്ട്. ഒരു ഉദാഹരണം നോക്കൂ: (പേജ്. 33).

“ഒരു ഇരുണ്ട താഴ്വരയിലൂടെ സഞ്ചരിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. കഠിനമായ ഇരുട്ടായിരുന്നതിനാൽ എനിക്ക് ഒന്നും കാണുവാൻ കഴിഞ്ഞില്ല. പക്ഷേ തികച്ചും അത്ഭുതകരമായ ഒരു അനുഭവമായിരുന്നു അതെന്നു തീർത്തുപറയാം.”

മറ്റൊരാൾക്കും ഇതേ അനുഭവമുണ്ടായതായി മൂഡി രേഖപ്പെടുത്തുന്നു. “പെട്ടെന്ന് ഞാൻ ഒരു ഇരുണ്ട താഴ്വരയിലെത്തി. അവിടെ ഒരു നടപ്പാത ഉള്ളതുപോലെ എനിക്കു തോന്നി. ‘മരണനിഴൽ താഴ്വര’ എന്നു ബൈബിളിൽ പറയുന്നതെന്താണെന്ന് എനിക്കു മനസ്സിലായി.”

## ആത്മശരീരം

മനുഷ്യൻ ഒരു ത്രിത്വമാണെന്നു നാം കണ്ടുകഴിഞ്ഞല്ലോ. മരണശേഷം ദൂതന്മാർ ലാസറിനെ അബ്രഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി. ധനവാൻ യാതനാസ്ഥലത്തും എത്തി. ഇരുവരും മരണശേഷവും സുബോധത്തോടെതന്നെയിരുന്നു. സുഖവും ദുഃഖവും സന്തോഷവും വേദനയും എല്ലാമെല്ലാം അനുഭവിക്കുന്നു. ഭൗമിക ശരീരം അനുഭവിക്കുന്നതെല്ലാം ആത്മശരീരവും അനുഭവിക്കുന്നു. ഇക്കാലത്തും ഇതുതന്നെയാണു സംഭവിക്കുന്നത്. ഇതാ ചില അനുഭവങ്ങൾ: (പേജ്. 35).

"ഞാനും എന്റെ സഹോദരനുംകൂടി ആ തടാകത്തിനു കുറുകെ നീന്തി. പലവട്ടം ഞാൻ തടാകം നീന്തിക്കടന്നിട്ടുള്ളതാണ്. പക്ഷേ അന്ന് എങ്ങനെയോ ഞാൻ തടാകത്തിന്റെ മദ്ധ്യത്തിൽ മുങ്ങിത്താണു. ഞാൻ പലവട്ടം മുങ്ങുകയും പൊങ്ങുകയും ചെയ്തു. പെട്ടെന്ന് ഞാൻ എന്റെ ശരീരത്തിൽനിന്നും പുറത്തുകടന്നതായി അനുഭവപ്പെട്ടു. ഞാൻ തടാകത്തിനു മുകളിൽ, അന്തരീക്ഷത്തിൽ നിന്നുകൊണ്ട് എന്റെ ശരീരം വെള്ളത്തിൽ മുങ്ങിത്താഴുന്നതു കണ്ടു. ഞാൻ എന്റെ ശരീരത്തിനു പുറത്തായിരുന്നെങ്കിലും എനിക്ക് ഒരു ശരീരം ഉള്ളതായി ഞാൻ മനസ്സിലാക്കി."

ഒരാൾ തന്റെ സ്നേഹിതനെ അദ്ദേഹത്തിന്റെ വീട്ടിലാക്കുവാൻ പോയപ്പോൾ അപകടത്തിൽപ്പെട്ടു. അദ്ദേഹം പിൽക്കാലത്തു തന്റെ അനുഭവം വിവരിക്കുന്നു: "ഒരു വാഹനത്തിന്റെ ഹെഡ്ലൈറ്റ് ഞങ്ങളുടെ കാറിനുനേരെ ചീറിയടുക്കുന്നതു ഞാൻ കണ്ടു. അതു ഞങ്ങളുടെ കാറിന്റെ ഒരുവശം ഇടിച്ചുതകർത്തു. പെട്ടെന്ന് ഞാൻ ഒരു ഇരുണ്ട കുഴലിലൂടെ കടന്നുപോകുന്നതായി തോന്നി. ഞങ്ങളുടെ വാഹനത്തിൽനിന്നും അല്പം അകലെ, അന്തരീക്ഷത്തിൽ ഞാനെത്തി. ആളുകൾ ഓടിക്കൂടുന്നതു ഞാൻ കണ്ടു. എന്റെ സുഹൃത്തു കാറിൽനിന്നിറങ്ങി. എല്ലാവരുംചേർന്ന് എന്റെ ശവം കാറിൽനിന്നും വലിച്ചെടുക്കുന്നതു ഞാൻ കണ്ടുകൊണ്ടിരുന്നു. എന്റെ ശരീരം ആകെ തകർന്നിരുന്നു."

ആത്മശരീരമെന്നൊന്നുണ്ട്. ശാരീരിക മരണം നടന്നശേഷവും അതു ജീവിക്കുന്നു. മരണത്തോടെ എല്ലാം അവസാനിക്കുന്നില്ല. കാണുകയും കേൾക്കുകയും ചിന്തിക്കുകയും സുഖദുഃഖങ്ങൾ അനുഭവിക്കയും - എല്ലാമെല്ലാം ഈ ആത്മാവു ചെയ്യുന്നു. ബൈബിൾ വെറും കെട്ടുകഥയല്ല. നിത്യസന്തോഷമോ, നിത്യദുഃഖമോ - രണ്ടിലൊന്ന് നമ്മെ കാത്തിരിക്കുന്നു.

ഒരു കാറപകടത്തിൽപ്പെട്ട് അല്പസമയം മരിച്ചുകിടന്ന ഒരു പെൺകുട്ടി പറയുന്നു: (പേജ്. 40) "എനിക്ക് എന്റെ ശരീരം കാറിനുള്ളിൽ കിടക്കുന്നതു കാണുവാൻ കഴിഞ്ഞു. അനേകർ അവിടെ ഓടിക്കൂടിയിരുന്നു. മറ്റൊരാളുടെ ശവം നോക്കിക്കാണുന്നത്ര നിർവ്വികാരയായി ഞാൻ എന്റെ ശവം കണ്ടുകൊണ്ടിരുന്നു."

ഭൗമശരീരംപോലെ ഒരു വസ്തുവല്ല ആത്മശരീരമെന്ന വസ്തുതയും എടുത്തുപറയട്ടെ. മനുഷ്യബുദ്ധിക്കൊതുങ്ങാത്ത പലതും ഇതിലുണ്ട്. ഭൂതങ്ങളുടെ സ്ഥിതി ഉദാഹരണമായെടുക്കാം.



ഭൂതങ്ങൾ ആത്മാക്കളാണ് - അശുദ്ധാത്മാക്കൾ. പക്ഷേ ഭൂതങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നു. മറ്റു ജീവികളുടെ ശരീരത്തിൽ വസിക്കുവാൻ അവയ്ക്കു കഴിയും. മനുഷ്യാത്മാവിനു സ്വന്ത ശരീരത്തിലല്ലാതെ മറ്റൊരു ശരീരത്തിൽ വസിക്കുവാൻ കഴിയുകയില്ലെങ്കിലും ശരീരം വിട്ടാലും ആത്മാവു നശിക്കുന്നില്ല. എതിർക്രിസ്തുവിന്റെ കാലത്തു കൊല്ലപ്പെടുന്നവരുടെ ആത്മാക്കൾ സ്വർഗ്ഗീയ യാഗപീഠത്തിങ്കൽ നിന്നു നിലവിളിക്കുന്നതു നോക്കൂ:

"അവൻ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ; ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിങ്കൽ കണ്ടു; വിശുദ്ധനും സത്യവാനുമായ നാഥാ, ഭൂമിയിൽ വസിക്കുന്നവരോടു ഞങ്ങളുടെ രക്തത്തെക്കുറിച്ച് നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്നു അവർ ഉറക്കെ നിലവിളിച്ചു. അപ്പോൾ അവരിൽ ഓരോരുത്തനും വെള്ളനിലയങ്കി കൊടുത്തു; അവരെപ്പോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നുതികയുവോളം അല്പകാലംകൂടെ സ്വസ്ഥമായി പാർക്കേണം എന്നു അവർക്കു അരുളപ്പാടുണ്ടായി" (വെളി. 6:9-11).

മനുഷ്യന് അമർത്യമായൊരാത്മാവില്ലെന്നു പഠിപ്പിക്കുന്നവർ ദൈവവചനത്തെ കോട്ടിമാട്ടി സാധാരണക്കാരെ വഞ്ചിക്കയാണ്. ഈ ഭാഗം മാത്രമല്ല, മരണശേഷം മനുഷ്യാത്മാവു ജീവിക്കുന്നു എന്നു വ്യക്തമായി പറയുന്ന മറ്റു ഭാഗങ്ങളും ഇവർ ദുർവ്യാഖ്യാനം ചെയ്യും. ധനവാന്റെയും ലാസറിന്റെയും കഥ വെറും ഉപമയാണെന്നു പറയുന്നതുതന്നെ നല്ല ഉദാഹരണം. ദൈവവചനത്തെ തങ്ങളുടെ ധാരണവച്ചു വ്യാഖ്യാനിക്കുന്നതാണു പ്രശ്നം.

## അടുത്തുകൂടാത്ത വെളിച്ചം

മരണാനന്തര അനുഭവങ്ങൾ വിവരിക്കുമ്പോൾ മിക്കവരും ഒരു പ്രകാശം കണ്ടതായി പറയാറുണ്ട്. ചില അനുഭവങ്ങൾ ശ്രദ്ധിക്കുക: (പേജ് - 62).

"ഞാൻ മരിച്ചതായി ഡോക്ടർ പറയുന്നതു ഞാൻ കേട്ടു. അപ്പോൾ ഞാൻ അന്തരീക്ഷത്തിലൂടെ ഒഴുകിനടക്കുകയായിരുന്നു. വാക്കുകളാൽ വിവരിക്കുവാൻ സാധിക്കുന്നതിലും അപ്പുറത്തായിരുന്നു ആ അനുഭവങ്ങൾ. അങ്ങുദൂരെ ഞാൻ ഒരു വെളിച്ചം കണ്ടു. ആദ്യം അതു വളരെ ചെറിയതായി തോന്നിയെങ്കിലും ഞാൻ അതിനോടടുക്കുന്തോറും അതു വലുതാകാൻ തുടങ്ങി. ഞാൻ അങ്ങോട്ട്

അടുക്കുവാൻ ആഗ്രഹിച്ചു. എനിക്ക് ഒട്ടുംതന്നെ ഭയം തോന്നിയില്ല. അത് യേശുവാണെന്ന് ഞാൻ അറിഞ്ഞു."

ഇതാ മറ്റൊരനുഭവം: "ഞാൻ വളരെ വിവശനായി തളർന്നു വീണു. പെട്ടെന്നു ഞാൻ എന്റെ ശരീരത്തിനു പുറത്തായി. അന്തരീക്ഷത്തിലൂടെ ഞാൻ ഒഴുകി നടക്കുന്നതുപോലെ തോന്നി. ഞാൻ അങ്ങുദൂരെ ഒരു വെളിച്ചം കണ്ടു. അതു വളരെ ശക്തിയേറിയതായിരുന്നു. ഭൂമിയിൽ നാം കാണുന്ന വെളിച്ചത്തിൽനിന്നും വ്യത്യസ്തമായ ഒന്നായിരുന്നു അത്. അതൊരു വ്യക്തിയാണ്; തികഞ്ഞ സ്നേഹമുള്ള ഒരാൾ. "നീ എന്നെ സ്നേഹിക്കുന്നുവോ?" ആ വെളിച്ചം ചോദിച്ചു; വാക്കുകളാലല്ലതാനും. "നീ എന്നെ സ്നേഹിക്കുന്നുവെങ്കിൽ ഭൂമിയിലേക്കു മടങ്ങുക, നിന്റെ ജോലി പൂർത്തിയാക്കുക" എന്നു പറയുന്ന ശബ്ദവും ഞാൻ കേട്ടു.

പല മണിക്കൂറുകൾ മരിച്ചുകിടന്നവർ പറയുന്നതാണിതൊക്കെ എന്നു മറക്കരുത്. ഇവരെല്ലാം മരിച്ചതായി ഡോക്ടർമാർ പ്രഖ്യാപിച്ചതാണ്. ശവമടക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിനിടയിലാണ് മിക്കവർക്കും ജീവൻ തിരിച്ചുകിട്ടിയതും. ലോകത്തിന്റെ പലഭാഗങ്ങളിലുള്ളവർ പറഞ്ഞിട്ടുള്ള ഈ അനുഭവങ്ങളെല്ലാം നുണയാണെന്നു പറയുവാൻ കഴിയുമോ? മറ്റൊരനുഭവം ഇപ്രകാരമാണ്:

"ഞാൻ മരിക്കയാണെന്നു ഞാൻ അറിഞ്ഞിരുന്നു. പെട്ടെന്നു ഞാൻ ശരീരത്തിനു പുറത്തായി. ഓപ്പറേഷൻ ടേബിളിനു മുകളിൽ എന്റെ ശരീരം എനിക്കു കാണുവാൻ കഴിഞ്ഞു. ഞാൻ ആകെ പരിഭ്രമിച്ചു എന്നുപറയാം. പക്ഷേ ഈ സമയത്തു ഞാൻ അത്ഭുതകരമായ ഒരു കാഴ്ച കണ്ടു. ഒരു ചെറിയ വെളിച്ചം. അതു ക്രമേണ വലുതായി. അതിന്റെ ചൂട് ഞാൻ അറിഞ്ഞു. ആ പ്രകാശത്തെ വാക്കുകളാൽ വർണ്ണിക്കാനാവില്ല. ഞാൻ മരിക്കാൻ തയ്യാറായിട്ടുണ്ടോ എന്ന് അതെന്നോടു ചോദിക്കുന്നതുപോലെ തോന്നി. ഞാൻ ആരെയും കണ്ടില്ലെങ്കിലും ആ പ്രകാശം ഒരു വ്യക്തിയാണെന്നു ഞാൻ മനസ്സിലാക്കി. പ്രകാശത്തിന്റേയും സ്നേഹത്തിന്റേയും മൂർത്തിമത്ഭാവമായ ഒരു വ്യക്തി." ഈ വിധത്തിൽ ഒരു പ്രകാശം കണ്ടതായി നിരവധി ആളുകൾ സാക്ഷ്യം പറയുന്നു.

**മരിക്കാത്ത ഓർമ്മ**

അബ്രഹാം ധനവാനോട് പറയുന്നു: "മകനേ, നീ ഓർക്കുക." ഇഹലോക ജീവിതത്തിൽ നാം പലതും മറക്കും. ചെറുപ്പകാലം



ഓർമ്മിക്കുവാൻ മിക്കവർക്കും ബുദ്ധിമുട്ടാണ്. നമ്മുടെ ജീവിതത്തിലെ ഓരോ സംഭവങ്ങളും ഓർക്കുക എന്നത് തികച്ചു ദുഷ്ക്കരംതന്നെ. പക്ഷെ നാം ഈ ശരീരം വിടുന്നതോടെ മറവി എന്നത് എന്നെന്നേക്കുമായി നമ്മെ വിട്ടുപോകും. ചിലരുടെ അനുഭവങ്ങൾ നോക്കുക (പേജ്. 69):

"മണിനാദം, ഇടുങ്ങിയതും ഇരുണ്ടതുമായ കുഴിയിലൂടെയുള്ള യാത്ര എന്നിവയ്ക്കുശേഷം ഞാൻ ഒരു ഇരുണ്ട താഴ്വരയിലെത്തി. എന്റെ കഴിഞ്ഞകാല ജീവിതം മുഴുവൻ എന്റെ കൺമുൻപിൽ ഒരു സിനിമപോലെ ഞാൻ കണ്ടു. സിനിമയെന്നതിനേക്കാൾ ചിന്ത എന്ന് അതിനെ വിളിക്കയാകും നല്ലതെന്നു തോന്നുന്നു. എനിക്കു പൂർണ്ണമായി അതു വിവരിക്കാനുമാവില്ല. കഴിഞ്ഞകാലം ഒന്നൊന്നായി കണ്ണിനു മുൻപിൽ വന്നു എന്നു പറയുന്നതിനേക്കാൾ അവയെല്ലാം ഒരേ സമയം ഞാൻ കണ്ടു എന്നു പറയുകയാവും ശരി. കഴിഞ്ഞ കാലങ്ങളിൽ ഞാൻ ചെയ്ത തെറ്റുകൾ തിരുത്താൻ ഒരവസരം ലഭിച്ചിരുന്നെങ്കിൽ എന്നുപോലും ഞാൻ ആഗ്രഹിച്ചു."

ആറു വെടിയുണ്ടകൾ ശരീരത്തിൽ തറച്ച് മരണത്തെ മുഖാമുഖം കണ്ട ഒരാൾ ഇപ്രകാരം തന്റെ അനുഭവം വിവരിക്കുന്നു: "അപ്പോൾ ഞാൻ കുട്ടിക്കാലം മുതലുള്ള അനുഭവങ്ങൾ ഓർമ്മിച്ചു; അവ ഞാൻ എന്റെ കൺമുൻപിൽ കണ്ടു. എല്ലാം വളരെ വ്യക്തമായിരുന്നു. ഏതാനും നിമിഷങ്ങൾക്കകം ഞാൻ എന്റെ മുഴുവൻ ജീവിതവും ഒരിക്കൽക്കൂടി കണ്ടു."

## അതിർത്തി രേഖ

ഇത്തരം അനുഭവങ്ങൾ വിവരിച്ചവരിൽ പലരും ഒരു അതിർത്തി രേഖയിലെത്തിയതായി സാക്ഷീകരിച്ചിട്ടുണ്ട്. നദി, മൂടൽമഞ്ഞ്, വാതിൽ, വേലി, രേഖ - അങ്ങനെ വിവിധ തരത്തിലുള്ള അതിർത്തികളുണ്ട്. ഒരു ഉദാഹരണം നോക്കൂ (പേജ്. 73):

"ഹൃദയസ്തംഭനം മൂലം ഞാൻ മരിച്ചു. ഒരു താഴ്വരയിലാണ് ഞാൻ എത്തിച്ചേർന്നത്. വളരെ മനോഹരമായ താഴ്വര. സസ്യലതാദികൾക്കെല്ലാം അതിമനോഹരമായ പച്ചനിറം. ഇത്രനല്ല പച്ചനിറം ഞാൻ കണ്ടിട്ടില്ല. ചുറ്റും പ്രകാശം നിറഞ്ഞിരുന്നു. എന്റെ മുൻപിലായി ഒരു വേലിയുണ്ടായിരുന്നു. ഞാൻ ആ വേലിക്കരികിലേക്കു നീങ്ങി. എതിർദിശയിൽനിന്നും ഒരു മനുഷ്യൻ വരുന്നതു ഞാൻ കണ്ടു. ഞാൻ അവിടേക്ക് അടുക്കുവാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല."

വൃക്ക തകരാറിലായി മരിച്ച ഒരാൾ തന്റെ അനുഭവം വിവരിക്കുന്നു: "ഞാൻ ഭാരമില്ലാത്ത അവസ്ഥയിൽ അന്തരീക്ഷത്തിൽ ഉയർന്നുനിൽക്കുന്നതായി എനിക്കു തോന്നി. അതിശക്തമായ ഒരു പ്രകാശം ഞാൻ കണ്ടു. ഭൂമിയിൽവച്ച് അതുപോലെയൊന്നു ഞാൻ കണ്ടിട്ടില്ല. ആ പ്രകാശം ഇപ്രകാരം ചോദിക്കുന്നതായി എനിക്കനുഭവപ്പെട്ടു: "നീ മരിക്കാൻ ഒരുക്കമാണോ?" 'മരണമെന്തെന്ന് എനിക്കറിഞ്ഞുകൂടാ' എന്നു ഞാൻ മറുപടി പറഞ്ഞു. "ഈ രേഖ കടന്നുവരൂ" എന്ന് ആ പ്രകാശം എന്നോടു പറഞ്ഞു; ഞാൻ അനുസരിച്ചു. അതോടെ അവാച്യമായ ഒരു സമാധാനം, ഒരു ശാന്തത, ആകുലചിന്തകളകന്ന ഒരു അവസ്ഥ, ഞാൻ അനുഭവിച്ചു."

## മടങ്ങിവരവ്

നാം ഇതുവരെ കണ്ട അനുഭവങ്ങളിലെല്ലാം മരിച്ചവർ മടങ്ങിവന്നു. അതെങ്ങനെ സംഭവിച്ചു എന്ന് മിക്കവരും വിവരിക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ നോക്കൂ: (പേജ്. 78).

"മടങ്ങിവരണമോ എന്നു ഞാൻ ശങ്കിച്ചു. എന്റെ ഭർത്താവും മൂന്നു കുഞ്ഞുങ്ങളും എന്റെ ഓർമ്മയിലെത്തി. അവാച്യമായ ആ പ്രകാശത്തെ വിട്ടുപോരുവാൻ എനിക്കു മനസ്സായിരുന്നില്ല; എങ്കിലും എന്റെ കുടുംബത്തോടുള്ള സ്നേഹം എന്നെ മടങ്ങുവാൻ പ്രേരിപ്പിച്ചു."

മറ്റൊരനുഭവം ഇപ്രകാരമാണ്: "ഞാൻ എന്റെ കോളേജ് വിദ്യാഭ്യാസത്തിന്റെ മൂന്നു വർഷങ്ങൾ പൂർത്തിയാക്കിയിരുന്നു. ഒരു വർഷം ബാക്കിനിൽക്കുന്നു. 'ഇപ്പോൾ എനിക്കു മരിക്കേണ്ട' ഞാൻ ചിന്തിച്ചു. എങ്കിലും ആ പ്രകാശത്തോടൊപ്പം അല്പസമയംകൂടി ഞാൻ ചെലവഴിച്ചിരുന്നെങ്കിൽ മടങ്ങിവരുവാൻ ഞാൻ തീരുമാനിക്കുമായിരുന്നോ എന്നു സംശയമാണ്."

ഒരു സ്ത്രീ ഇപ്രകാരം പറയുന്നു: "കർത്താവ് എന്തുകൊണ്ടോ എന്നെ മടക്കി അയച്ചു. 'എന്തുകൊണ്ട്' എന്നതിന് എനിക്കു വ്യക്തമായ ഉത്തരമില്ല. ഞാൻ അവനെ തിരിച്ചറിഞ്ഞു. അവൻ എന്നെയും മനസ്സിലാക്കി. പക്ഷേ എന്റെ രണ്ടു കുഞ്ഞുങ്ങളെ ഓർത്തോ മറ്റോ ആയിരിക്കാം അവൻ എന്നെ മടക്കി അയച്ചത്." മടങ്ങിവരുന്നവർക്കെല്ലാം ഇത്തരം അനുഭവങ്ങൾ പറയാനുണ്ട്.

## അനുഭവ സാക്ഷ്യം

മരണത്തിൽനിന്നും മടങ്ങിവന്നവരിൽ നല്ലൊരുപങ്ക് തങ്ങളുടെ അനുഭവസാക്ഷ്യം മറ്റുള്ളവരോടു പറയുന്നതിൽ താല്പര്യമുള്ളവരായിരുന്നു. അതുകൊണ്ടത്രേ നമുക്ക് ഈ വിവരങ്ങളൊക്കെ കിട്ടുവാനിടയായത്. മടങ്ങിവന്നവർക്കെല്ലാം തങ്ങളുടെ അനുഭവം കേവലം സ്വപ്നമല്ല, തികഞ്ഞ യാഥാർത്ഥ്യമായിരുന്നു എന്നുറപ്പുണ്ട്. മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടതിനെക്കുറിച്ചു പൗലോസ് ഒട്ടും സംശയത്തോടെയല്ല സംസാരിക്കുന്നത്. ശരീരത്തോടെയോ ശരീരം കൂടാതെയോ എന്നു തീർത്തു പറയാനാവാത്തവിധം യഥാർത്ഥമായിരുന്നു ഈ അനുഭവം.



മറ്റുചിലരുടെ സാക്ഷ്യങ്ങൾ ശ്രദ്ധിക്കുക: "ഞാൻ ശരീരത്തിനു പുറത്തായിരുന്നു. വാസ്തവത്തിൽ എന്താണു സംഭവിക്കുന്നതെന്നു ഞാൻ ആശ്ചര്യപ്പെട്ടു. എനിക്കൊന്നും മനസ്സിലായില്ല. എങ്കിലും അതു തികച്ചും യാഥാർത്ഥ്യമായിരുന്നു."

മറ്റൊരാൾ ഇപ്രകാരം പറയുന്നു: "തികച്ചും സന്തോഷകരമായ ഒരനുഭവമായിരുന്നു അത്. പക്ഷെ, മറ്റുള്ളവർ എനിക്കു ഭ്രാന്താണെന്നു വിധിക്കുമോ എന്ന ഭയംകൊണ്ട് ഞാൻ അതു വിവരിക്കാറില്ല" (പേജ്. 85).

ഇതു തന്നെയാണ് എല്ലാവർക്കും പറയാനുള്ളത്. മരണം അനുഭവിച്ചവരുടെ വാക്കുകൾ മറ്റുള്ളവർ ഗൗരവമായി എടുക്കുന്നില്ല. പക്ഷേ മരണമാസ്വദിച്ചവരുടെ ജീവിതത്തിൽ അത്തരം അനുഭവങ്ങൾ വരുത്തിയ മാറ്റങ്ങൾ അത്ഭുതകരമാണ്. "ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും" എന്ന അവസ്ഥയിലായി പൗലോസ്. "പിൻപിലുള്ളതിനെ മറന്നുകൊണ്ട് മുൻപിലുള്ള പരമവിളിയുടെ ലാക്കിലേക്ക്" പൗലോസ് ഓടുന്നു. വിട്ടുപിരിഞ്ഞാൽ ക്രിസ്തുവിനോടുകൂടെയിരിക്കുമെന്നും സാക്ഷീകരിക്കുന്നു. ജീവിത സായാഹ്നത്തിൽ "നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു; ഇനി നീതിയുടെ കിരീടം എനിക്കായി ഒരുക്കിവച്ചിരിക്കുന്നു" എന്ന ഉറപ്പുണ്ടായിരുന്നു. ഇക്കാലത്തു മരണം രുചിച്ചറിഞ്ഞവരും ഈ വിഷയത്തിൽ വ്യത്യസ്തരല്ല. മിക്കവരും ദൈവത്തോടു കൂടുതൽ അടുത്തു. ആത്മീയ വിഷയങ്ങളിൽ താല്പര്യം വർദ്ധിച്ചു. ഇഹലോക സുഖങ്ങളിൽ ആസക്തിയില്ലാത്തവരായി. സുഖദുഃഖങ്ങളെ നിസ്സംഗമായി അഭിമുഖീകരിച്ചു. ചുരുക്കത്തിൽ മരിച്ചുജീവിച്ചവർ തികച്ചും പുതിയ മനുഷ്യരായി.

## ഇതു വിശ്വസനീയമോ?

ഇത്തരം മരണാനന്തര അനുഭവങ്ങൾ വിശ്വസനീയമോ? വിശ്വാസികൾ ഇവയെ ഏതു വിധത്തിൽ പരിഗണിക്കണം? നമ്മുടെ

വിശ്വാസജീവിതത്തിന് ഇവ ആധാരമാക്കാനാവുമോ? അത്യന്തം ഗൗരവമുള്ള ചോദ്യങ്ങളാണിവ എന്നതിനു സംശയമില്ല.

അറുപത്തിയാറു പുസ്തകങ്ങളടങ്ങിയ ബൈബിളല്ലാതെ മറ്റൊന്നും ക്രിസ്ത്യാനിക്കു പ്രമാണമായിക്കൂടാ. നമ്മുടെ അടിസ്ഥാനം ദൈവവചനം മാത്രമായിരിക്കണം. അനുഭവങ്ങളുടെ വെളിച്ചത്തിൽ തിരുവചനം വിശകലനം ചെയ്യുകയല്ല, മറിച്ച് തിരുവചന വെളിച്ചത്തിൽ അനുഭവങ്ങളുടെ നെല്ലും പതിരും തിരിക്കയത്രേ വേണ്ടത്. അതുകൊണ്ട് ഇത്തരം അനുഭവങ്ങളിലൂന്നി ഒരു വിധത്തിലുള്ള ദൈവശാസ്ത്രവും വിശ്വാസപ്രമാണവും രൂപീകരിക്കരുതെന്നും വ്യക്തമാക്കട്ടെ:

മരണാനന്തര അനുഭവങ്ങൾക്കു ഞാൻ കൊടുക്കുന്ന വിശദീകരണങ്ങൾ ഇവയാണ്.

**1. ഭോഷ്ക്:-** മരണാനന്തര അനുഭവങ്ങളിൽ ചിലതെങ്കിലും നുണയായിരിക്കാം. വിവിധ കാരണങ്ങളാൽ പലരും ഇത്തരം അനുഭവങ്ങൾ തങ്ങളുടെ ഭാവനാവിലാസമനുസരിച്ചു ചമയ്ക്കുന്നു. ആകയാൽ കേൾക്കുന്നതെന്തും മുഖവിലക്കെടുക്കരുത്. പക്ഷേ എല്ലാ അനുഭവങ്ങളും കള്ളമാണെന്നു പറയാനാവില്ല.

**2. വിഭ്രാന്തി:-** കഠിനമായ രോഗമോ, മറ്റ് അപകടങ്ങളോ മൂലം പലരും കുറച്ചു സമയത്തേക്ക് ഒരുവക മാനസിക വിഭ്രാന്തിക്കടിമപ്പെട്ടെന്നു വരാം. ഇത്തരം സന്ദർഭങ്ങളിൽ പല വിചിത്ര കാഴ്ചകളും കണ്ടെന്നും വരാം. പക്ഷേ ഇവയെല്ലാം സത്യമായി സംഭവിച്ചതായി രോഗി കണക്കാക്കുമെങ്കിലും വെറും മിഥ്യാബോധമെന്നതിൽ കവിഞ്ഞൊന്നുമല്ല ഇവ എന്നതാണ് സത്യം. മരണാനന്തര അനുഭവങ്ങളിൽ ചിലതെങ്കിലും ഈ ഗണത്തിലും പെടുത്താം.

**3. പൈശാചികം:-** ദൈവവചനം തെറ്റെന്നു തെളിയിക്കുവാനായി സാത്താൻ ഇത്തരം അനുഭവങ്ങളുണ്ടാക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. രക്ഷിക്കപ്പെടാത്ത വ്യക്തി സ്വർഗ്ഗത്തിലെത്തിയതായും മറ്റു ദർശനം കാണിക്കും. ദൈവവചനത്തേക്കാൾ അധികം പ്രാധാന്യം അനുഭവങ്ങൾക്കു കൊടുക്കുന്നവരെ വഞ്ചിക്കുവാൻ ഫലപ്രദമായ ഒരു പദ്ധതിയാണിത്. ക്രിസ്തീയ മാനസാന്തരം, വീണ്ടും ജനനം തുടങ്ങിയവയൊന്നും രക്ഷയ്ക്കാവശ്യമില്ലെന്ന ധാരണയിലേക്കു ചിലരെങ്കിലും വീഴും. അതുകൊണ്ടു മരണാനന്തര അനുഭവങ്ങളിൽ അമിതമായി ആശ്രയിക്കുന്നത് അപകടകരമാണ്. അനുഭവങ്ങളല്ല ദൈവവചനമാണു വിശ്വാസത്തിന്റെ ആധാരം.



**4. യാഥാർത്ഥ്യം:-** മനുഷ്യാത്മാവു മരണശേഷവും ജീവിക്കുന്നു എന്നതു സത്യമാണെന്ന് ധനവാന്റേയും ലാസറിന്റേയും കഥ തെളിയിക്കുന്നു. അങ്ങനെയെങ്കിൽ പലരും യഥാർത്ഥ മരണാനന്തര അനുഭവം പ്രാപിച്ചിരിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. നാലാം ദിവസം ഉയിർത്ത ലാസറുൾപ്പെടെ പലരും മരിച്ചുജീവിച്ചിട്ടുള്ളതിനാൽ മരിച്ചവർ വീണ്ടും ജീവിക്കയില്ലെന്നു വാദിക്കാനുമാവില്ല. അതുകൊണ്ടു മരണാനന്തര അനുഭവങ്ങളെല്ലാം നുണയാണെന്നു പറയാനാവുമോ? ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണിത്. ഈ വിഷയം വായനക്കാരുടെ വിധിക്കു വിട്ടുകൊണ്ടു ഞാൻ ചില അനുഭവ കഥകൾ കൂടി വിവരിക്കട്ടെ.

ചില വർഷങ്ങൾക്കു മുൻപ് ഒരു ദൈവദാസൻ വിവരിച്ച ഒരനുഭവം ഓർമ്മയിൽനിന്നും പകർത്തുന്നു. അദ്ദേഹം ഒരു സഭയിൽ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സഹോദരി നിലത്തു വീണു. എല്ലാവരും ഓടിക്കൂടി. പക്ഷേ ആ സഹോദരി മരിച്ചതായി തെളിഞ്ഞു. ഹൃദയം ചലിക്കുന്നില്ല. ശ്വാസവുമില്ല. എല്ലാവർക്കും ദുഃഖമായി. അവർ ചുറ്റുമിരുന്നു പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. “കർത്താവേ, ഈ സഹോദരിയുടെ ആത്മാവിനെ മടക്കി നൽകേണമേ”, അവർ ഒന്നു ചേർന്നു പ്രാർത്ഥിച്ചു. അല്പസമയത്തിനു ശേഷം ആ സഹോദരി കണ്ണുതുറന്നു.

തനിക്കുണ്ടായ അനുഭവം അവർ പിന്നീടു വിവരിച്ചു. അത് ഇപ്രകാരമായിരുന്നു: അവർക്കു പെട്ടെന്ന് നെഞ്ചിൽ അതികഠിനമായ വേദന അനുഭവപ്പെട്ടു. അവർ നിലത്തുവീണു. അതോടെ ആ സഹോദരി അവരുടെ ശരീരത്തിനു പുറത്തായി. അതാ തന്റെ ജഡം തറയിൽ കിടക്കുന്നു. എല്ലാവരും ഓടിക്കൂടുന്നു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ താൻ എങ്ങോട്ടോ അതിവേഗത്തിൽ സഞ്ചരിക്കുന്നതായി അനുഭവപ്പെട്ടു. ഒടുവിൽ അവർ ഒരു ഇരുണ്ട താഴ്വരയിലെത്തി. മുൻപിൽ ഒരു നദി ഒഴുകുന്നു. നദിയുടെ മറുകരയിൽ അതിശക്തമായ ഒരു പ്രകാശം. അവർ ആ നദി കടന്ന്, ആ പ്രകാശത്തിനുള്ളിലാകുവാൻ ആഗ്രഹിച്ചു. പെട്ടെന്ന് പ്രകാശത്തിൽ നിന്നും ഒരു ശബ്ദമുണ്ടായി: “എന്റെ ദാസന്മാർ നിനക്കായി പ്രാർത്ഥിക്കുന്നു; മടങ്ങിപ്പൊയ്ക്കൊള്ളുക; നിന്റെ സമയമായിട്ടില്ല.” കണ്ണുതുറന്നപ്പോൾ താൻ സഭാഹാളിലാണെന്ന് അവർ മനസ്സിലാക്കി. ഇത് ഒരു ദൈവദാസിയുടെ അനുഭവം. ഇനി, ഒരു അവിശ്വാസിയുടെ കഥകൂടി കേൾക്കൂ: (ഞാൻ വായിച്ച ഒരു പുസ്തക

ത്തിൽ കണ്ടത് ഓർമ്മയിൽനിന്നും പകർത്തുന്നു). ആന്ധ്രാ സ്വദേശിയായ ഒരു വിധവ തന്റെ ഏക മകനെ ഓമനിച്ചു വളർത്തി. ആ സ്ത്രീ വീണ്ടും ജനനം പ്രാപിച്ച ഒരു വിശ്വാസിയായിരുന്നെങ്കിലും അമിതലാളന ആ കുട്ടിയെ നശിപ്പിച്ചു. അവൻ ഒരു തെമ്മാടിയായി വളർന്നുവന്നു. ഒടുവിൽ മോഷണം തൊഴിലാക്കി. പലവട്ടം ജയിൽ ശിക്ഷയും അനുഭവിച്ചു. എങ്കിലും ആ മാതാവ് കണ്ണീരോടെ മകനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഒരിക്കൽ ഈ മകൻ ജയിലിൽനിന്നു തിരികെയെത്തിയത് ഒരു പുതിയ മനുഷ്യനായിട്ടായിരുന്നു. ആളാകെ മാറി. തികഞ്ഞ ആത്മീയൻ. ഏറെ താമസിയാതെ അയാൾ സ്നാനമേറ്റു. ആ മാതാവ് സന്തോഷിച്ചു. എങ്കിലും അവനെങ്ങനെയാണ് ഈ വിധത്തിൽ മാറ്റം ഉണ്ടായതെന്നു പലരും അന്വേഷിച്ചു. ഒടുവിൽ അവൻ ആ കഥ പറഞ്ഞു: ജയിലിൽവച്ച് ഒരു ദിവസം അവൻ രോഗബാധിതനായി. വേണ്ടത്ര ചികിത്സ ലഭിച്ചില്ല. ഒരു രാത്രിയിൽ താൻ ശരീരത്തിനു പുറത്തായതായി അവനു മനസ്സിലായി. കമ്പിയഴികൾക്കിടയിലൂടെ അവൻ പുറത്തേക്കു കടന്നു. തന്റെ ജഡം അവിടെ ഉപേക്ഷിച്ച് ഏതോ സ്ഥലത്തേക്ക് അവൻ അതിവേഗം സഞ്ചരിച്ചു. ഒടുവിൽ ഒരു താഴ്വരയിലെത്തി. അതാ രണ്ടുവഴികൾ. ഒരുവഴി വളരെ ഇടുങ്ങിയതായിരുന്നു. അതുകൊണ്ട് അവൻ വിശാലമായ വഴി തെരഞ്ഞെടുത്തു. കുറച്ചുദൂരം മുൻപോട്ടുപോയി. പെട്ടെന്ന് അഗാധമായ ഒരു കുഴിയിൽ അവൻ വീണു. ചുറ്റും അനേകരുണ്ട്. എല്ലാവരും വെള്ളം, വെള്ളം എന്നു നിലവിളിക്കുന്നു. അവനും അതിഭയങ്കരമായ ഒരു ദാഹം പിടിപെട്ടു. അപ്പോൾ അതാ ഒരു ശബ്ദം: "നീ വരേണ്ട സ്ഥലം ഇതാണ്. എങ്കിലും നിന്റെ മാതാവിന്റെ കണ്ണുനീർ നിമിത്തം ഞാൻ നിനക്ക് ഒരവസരം കൂടി തരുന്നു. മടങ്ങിപ്പൊയ്ക്കൊള്ളുക." ബോധം തിരിച്ചുകിട്ടുമ്പോൾ അവൻ ആശുപത്രിയിലാണ്. അന്നുമുതൽ അവൻ ഒരു പുതിയ മനുഷ്യനായി. ശിക്ഷയുടെ കാലം കഴിഞ്ഞപ്പോൾ ഇനിയൊരിക്കലും മോഷ്ടിക്കില്ലെന്ന തീരുമാനത്തോടെ പുറത്തുവന്നു. തന്റെ മാതാവിന്റെ ദൈവത്തെ സേവിക്കുവാൻ അവൻ തീരുമാനിച്ചു. ഒരിക്കലും ആ യാതനാസ്ഥലത്തേക്കു പോകാൻ ഇടയാകരുത്. ഓർക്കാൻകൂടി ഭയമാകുന്നത്ര ഭീകരമാണാസ്ഥലം. ആരും ഇനി അവിടെ വീഴരുത്. ഈ വസ്തുത മറ്റുള്ളവരെ അറിയിക്കാനായി അവൻ സുവിശേഷവേല ചെയ്യാൻ തുടങ്ങി. (യാതനാസ്ഥലത്തെത്തിയ ധനവാന്റെ അനുഭവവുമായി



താരതമ്യം ചെയ്തു പഠിച്ചാൽ ഈ അനുഭവം യാഥാർത്ഥ്യമല്ലെന്നു പറയാനാവുമോ?)

ഹിന്ദുവായി ജനിച്ച് നിരീശ്വരവാദിയായി വളർന്ന ഞാൻ കർത്താവായ യേശുക്രിസ്തുവിനെ കണ്ടെത്താൻ ഇടയായത് തോമസ് എന്നു പേരുള്ള ഒരു ദൈവദാസനിലൂടെയാണ്. 1992-ൽ അദ്ദേഹത്തിനുണ്ടായ ഒരനുഭവംകൂടി പറഞ്ഞുകൊണ്ട് ഈ അദ്ധ്യായം അവസാനിപ്പിക്കാം. ചിലരെ സ്നാനപ്പെടുത്തിയശേഷം കരയ്ക്കു കയറിയപ്പോൾ അദ്ദേഹം ബോധരഹിതനായി നിലത്തു വീണു. ഉടൻതന്നെ അദ്ദേഹത്തെ ആശുപത്രിയിലാക്കി. ചില ദിവസങ്ങൾ കഴിഞ്ഞാണ് ബോധം വീണ്ടുകിട്ടിയത്. തനിക്കുണ്ടായ അനുഭവം എന്തെന്നു പിന്നീടൊരിക്കൽ അദ്ദേഹം എന്നോടു പറഞ്ഞു: ബോധരഹിതനായി നിലത്തുവീണ സമയത്ത് അദ്ദേഹം തന്റെ ശരീരത്തിനു പുറത്തായി. അത്യധികമായ വേഗത്തിൽ എവിടേക്കോ പോകുന്നതായി അദ്ദേഹത്തിനുതോന്നി. ഈ യാത്രയ്ക്കിടയിൽ നിരവധി ദൈവദൂതൻമാരേയുംമറ്റും അദ്ദേഹം കണ്ടു. അതിനിടയിൽ ഒരു ശബ്ദം കേട്ടു: "ഇവന്റെ സമയമായിട്ടില്ലല്ലോ." ഉടൻ മറ്റാരോ പറയുന്നു: "ഇവനു നാം കൊടുത്ത വാഗ്ദത്തങ്ങളിൽ ചിലത് നിറവേറാനുണ്ടല്ലോ." അപ്പോൾ മറ്റൊരു ശബ്ദം കേട്ടു: "ഇവൻ മടങ്ങിപ്പോകട്ടെ." ബോധം വന്നപ്പോഴാണ് താൻ ആശുപത്രിയിൽ കിടക്കുകയാണെന്ന് അദ്ദേഹത്തിനു മനസ്സിലായത്.

മരണാനന്തര അനുഭവങ്ങളേക്കുറിച്ചു പറയാൻ തുടങ്ങിയാൽ ഇങ്ങനെ കുറച്ചധികം പറയേണ്ടതായിവരും. എങ്കിലും ഈ വിഷയം ഇവിടംകൊണ്ടു നിർത്തുകയാണ്. സത്യാന്വേഷികൾക്ക് വസ്തുതകൾ മനസ്സിലാക്കാൻ ഇത്രയുമൊക്കെ മതിയാകും. പക്ഷേ മരിച്ചവർ തിരിച്ചുവന്നു പറഞ്ഞാലും വിശ്വസിക്കാത്തവർക്ക് ഇതും സ്വീകാര്യമായി തോന്നുകയില്ല. വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യൻ വെളിച്ചത്തേക്കാളധികം ഇരുളിനെ സ്നേഹിക്കുന്നു. ദുഃഖകരമായ സ്ഥിതിവിശേഷമാണിത്.

# 13
# ഉയിർപ്പ്, ന്യായവിധി

മനുഷ്യജീവിതം മരണത്തോടെ അവസാനിക്കുന്നില്ലെന്നും ഒരു മരണാനന്തര ജീവിതമുണ്ടെന്നും കഴിഞ്ഞ അദ്ധ്യായങ്ങളിൽ നിന്നും മനസ്സിലായിരിക്കുമല്ലോ. ഇഹലോകജീവിതം ഒരു തെരഞ്ഞെടുപ്പിനുള്ള അവസരമാണ്. ഇടുങ്ങിയ വഴി തെരഞ്ഞെടുക്കുന്നവർ നിത്യസന്തോഷവും വിശാലമായ വഴിയിലൂടെ യാത്ര ചെയ്യുന്നവർ നിത്യനരകവും പ്രാപിക്കുന്നു. ഈ വിഷയം അടുത്ത അദ്ധ്യായങ്ങളിൽ വിശദീകരിക്കുന്നതാണ്. എന്നാൽ ഈ അദ്ധ്യായത്തിൽ നമുക്ക് ഉയിർപ്പ്, ന്യായവിധി എന്നിവയെക്കുറിച്ചു പഠിക്കാം.

മരിച്ചുപോയവരെല്ലാം ഒരു നാൾ ഉയിർത്തെഴുന്നേല്ക്കുമെന്നു പറഞ്ഞാൽ അത് അംഗീകരിക്കുവാൻ മിക്കവർക്കും കഴിഞ്ഞെന്നു വരികയില്ല. ശാസ്ത്രീയ സിദ്ധാന്തങ്ങൾ ശരിയെന്നു തെളിയിക്കുന്ന വിധത്തിൽ തെളിയിക്കാവുന്ന ഒരു സംഗതിയുമല്ല ഇത്. ബൈബിൾ പൂർണ്ണമായി ദൈവവചനമാണെന്നു വിശ്വസിക്കുന്നവർക്കു വിശ്വാസക്കണ്ണുകളാൽ കാണാവുന്ന കാര്യമാണ് ഉയിർപ്പ് എന്നു മാത്രമേ എനിക്കു പറയാനുള്ളൂ. അതിലധികമായ തെളിവുകൾ തൽക്കാലം ലഭ്യമല്ല. അതുകൊണ്ട് ഈ വിഷയത്തിൽ ബൈബിൾ എന്തുപറയുന്നു എന്നു വ്യക്തമാക്കുവാനാണ് ഞാൻ ഉദ്ദേശിക്കുന്നത്.

മരിച്ചവർ ഉയിർത്ത സംഭവങ്ങൾ ബൈബിളിലുണ്ട്. ഏലിയാവ്, ഏലീശ എന്നീ പ്രവാചകന്മാർ ഓരോ കുട്ടികളെ ഉയിർപ്പിച്ചു. ഏലീശയുടെ അസ്ഥിയിൽ തൊട്ട ഒരാളും ഉയിർത്തു. കർത്താവും ചിലരെ ഉയിർപ്പിച്ചു. അപ്പോസ്തലന്മാരായ പത്രോസ്, പൗലോസ് എന്നിവരും ഓരോ വ്യക്തികളെ ഉയിർപ്പിച്ചിട്ടുണ്ട്. ബൈബിൾ ദൈവവചനമാണെന്നു വിശ്വസിക്കുന്നവർക്ക് ഇതൊക്കെ സത്യമാണെന്നു വിശ്വസിക്കാം.

ആത്മീകമായി മരിച്ചുകിടന്ന യിസ്രായേൽ ജനത്തെ ദൈവം തന്റെ കൃപയാൽ വീണ്ടും ജീവിപ്പിക്കുന്നത് യെഹെസ്ക്കേൽ പ്രവാ



ചകൻ ആത്മാവിൽ ദർശിക്കുന്നത് ഇപ്രകാരമാണ്: “യഹോവയുടെ കൈ എന്റെമേൽ വന്നു യഹോവയുടെ ആത്മാവിൽ എന്നെ പുറപ്പെടുവിച്ചു താഴ്വരയുടെ നടുവിൽ നിറുത്തി; അതു അസ്ഥികൾകൊണ്ടു നിറഞ്ഞിരുന്നു. അവൻ എന്നെ അവയുടെ ഇടയിൽകൂടി ചുറ്റിച്ചുറ്റി നടക്കുമാറാക്കി. അവ താഴ്വരയുടെ പരപ്പിൽ എത്രയും അധികമായിരുന്നു; അവ ഏറ്റവും ഉണങ്ങിയുമിരുന്നു. അവൻ എന്നോട്: മനുഷ്യപുത്രാ, ഈ അസ്ഥികൾ ജീവിക്കുമോ എന്നു ചോദിച്ചു; അതിനു ഞാൻ: യഹോവയായ കർത്താവേ, നീ അറിയുന്നു എന്നു ഉത്തരം പറഞ്ഞു. അവൻ എന്നോടു കല്പിച്ചത്: നീ ഈ അസ്ഥികളെക്കുറിച്ച് പ്രവചിച്ചു അവയോടു പറയേണ്ടത്: ഉണങ്ങിയ അസ്ഥികളേ, യഹോവയുടെ വചനം കേൾപ്പിൻ! യഹോവയായ കർത്താവു ഈ അസ്ഥികളോട് ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾ ജീവിക്കേണ്ടതിനു ഞാൻ നിങ്ങളിൽ ശ്വാസം വരുത്തും. ഞാൻ നിങ്ങളുടെമേൽ ഞരമ്പുവെച്ചു മാംസം പിടിപ്പിച്ചു നിങ്ങളെ ത്വക്കുകൊണ്ടു പൊതിഞ്ഞു നിങ്ങൾ ജീവിക്കേണ്ടതിനു നിങ്ങളിൽ ശ്വാസം വരുത്തും; ഞാൻ യഹോവ എന്നു നിങ്ങൾ അറിയും. എന്നോടു കല്പിച്ചതുപോലെ ഞാൻ പ്രവചിച്ചു; ഞാൻ പ്രവചിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു മുഴക്കം കേട്ടു. ഉടനെ ഒരു ഭൂകമ്പം ഉണ്ടായി. അസ്ഥി അസ്ഥിയോടു വന്നു ചേർന്നു. പിന്നെ ഞാൻ നോക്കി; അവയുടെ മേൽ ഞരമ്പും മാംസവും വന്നതും അവയുടെ മേൽ ത്വക്കു പൊതിയുന്നതും കണ്ടു; എന്നാൽ ശ്വാസം അവയിൽ ഇല്ലായിരുന്നു. അപ്പോൾ അവൻ എന്നോടു കല്പിച്ചു: കാറ്റിനോടു പ്രവചിക്ക; മനുഷ്യപുത്രാ, നീ പ്രവചിച്ചു കാറ്റിനോടു പറയേണ്ടതു: യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: ശ്വാസമേ, നീ നാലു കാറ്റുകളിൽനിന്നും വന്നു ഈ നിഹതന്മാർ ജീവിക്കേണ്ടതിനു അവരുടെ മേൽ ഊതുക. അവൻ എന്നോട് കല്പിച്ചതുപോലെ ഞാൻ പ്രവചിച്ചപ്പോൾ ശ്വാസം അവരിൽ വന്നു; അവർ ജീവിച്ചു ഏറ്റവും വലിയ സൈന്യമായി നിവർന്നുനിന്നു”(യെഹ.37).

യിസ്രായേൽ ജനത്തിന്റെ ആത്മീയ ഉയിർപ്പാണ് ഇവിടെ വിവരിക്കുന്നത്. അതുകൊണ്ട് ഈ ദർശനം അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതില്ല എന്ന വസ്തുത ശ്രദ്ധിക്കുക. എങ്കിലും മരിച്ചവർ ഉയിർക്കുന്നതിന്റെ ഒരു ദൃഷ്ടാന്തമായി ഈ ഭാഗം പരിഗണിക്കാം.

ഏലിയാവ്, ഏലീശ, കർത്താവ്, പത്രോസ്, പൗലോസ് തുടങ്ങിയവർ ഉയിർപ്പിച്ചവരെല്ലാം പിൽക്കാലത്തു മരിച്ചു എന്ന

കാര്യവും എടുത്തുപറയട്ടെ. ഇവയൊന്നും നിത്യമായ ഉയിർത്തെഴുന്നേൽപ്പല്ലായിരുന്നു; മറിച്ച് ഒരു താൽക്കാലിക ഉയിർപ്പു മാത്രമായിരുന്നു. നാം കഴിഞ്ഞ അദ്ധ്യായങ്ങളിൽ കണ്ടതുപോലുള്ള അനുഭവങ്ങളും ഇത്തരത്തിലുള്ളവതന്നെ. എന്നാൽ അതല്ല യഥാർത്ഥ ഉയിർപ്പ്. വീണ്ടും മരിക്കാനാവാത്ത വിധമുള്ള ഉയിർപ്പാണ് ശരിയായ ഉയിർപ്പ്. ഈ വിഷയം അല്പംകൂടി ആഴത്തിൽ പഠിക്കാം.

**ഉയിർപ്പിന്റെ ഘട്ടങ്ങൾ**

മനുഷ്യവർഗ്ഗത്തിന്റെ ഉയിർപ്പ് രണ്ടുഘട്ടങ്ങളായാണു നടക്കുന്നത്. അതേപ്പറ്റി പൗലോസ് ഇപ്രകാരം പറയുന്നു: "ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ; പിന്നെ അവസാനം" (1 കൊരി. 15:23). മരിച്ചവരിൽനിന്നും ആദ്യമായി (യഥാർത്ഥമായി) ഉയിർത്തെഴുന്നേറ്റത് യേശുവാണ്. അടുത്തതായി, ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ ഉയിർത്തെഴുന്നേൽക്കും. പിന്നീടു ദുഷ്ടന്മാരുടെ ഉയിർപ്പുണ്ടാകും. "മരിച്ചവരിൽ ശേഷിപ്പുള്ളവർ ആയിരമാണ്ടു കഴിയുവോളം ജീവിച്ചില്ല; ഇത് ഒന്നാമത്തെ പുനരുത്ഥാനം" (വെളി. 20:5). രക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെടാത്തവരും ഒരുമിച്ചുയിർക്കുമെന്നൊരു ധാരണയുണ്ട്. അതു ശരിയല്ല. ഈ വിഷയം മനസ്സിലാക്കുവാൻ ദാനിയേൽ പ്രവചനം, വെളിപ്പാടു പുസ്തകം എന്നിവ ആഴത്തിൽ പഠിക്കേണ്ടിയിരിക്കുന്നു. പക്ഷേ, നാം ചിന്തിച്ചു വരുന്ന വിഷയം മനസ്സിലാക്കുവാൻ ആവശ്യമായ വിവരണം മാത്രമേ ഞാൻ ഇവിടെ നൽകുന്നുള്ളു. കർത്താവിന്റെ മടങ്ങിവരവും അനന്തരഫലങ്ങളും വളരെ വിശദമായി വിവരിക്കുന്ന നിരവധി പുസ്തകങ്ങൾ പുസ്തകശാലകളിലുണ്ടല്ലോ. കൂടാതെ, "വീട്ടിലൊരു ബൈബിൾ സ്ക്കൂൾ" എന്ന പേരിൽ ഞാൻ പുറത്തിറക്കിയിട്ടുള്ള എം.പി.3 സി.ഡികളിലും ഈ വിഷയം വിശദമായി പഠനവിധേയമാക്കുന്നുണ്ട്.

**ഭാവിയിൽ സംഭവിക്കുവാനുള്ളവ**

ഉയിർപ്പിനെപ്പറ്റി മനസ്സിലാക്കുന്നതിനു മുൻപായി ഈ ലോകത്തിന് എന്തുഭവിക്കുവാൻ പോകുന്നു എന്നറിഞ്ഞേ മതിയാകൂ. ഭാവികാല സംഭവങ്ങളിൽ ആദ്യമായി നടക്കാനുള്ളതു കർത്താവിന്റെ മടങ്ങിവരവാണ്. അത് ഏതു നിമിഷവും സംഭവിക്കാം. കർത്താവിന്റെ വരവിനു മുൻപായി നടക്കേണ്ട കാര്യങ്ങളെല്ലാം നടന്നുകഴിഞ്ഞു. യുദ്ധങ്ങൾ, ക്ഷാമങ്ങൾ, ഭൂകമ്പങ്ങൾ, പകർച്ചവ്യാധികൾ തുടങ്ങിയവയിലുണ്ടായ വർദ്ധനവുതന്നെ ഒരു ലക്ഷണം. 2500 വർഷത്തോളമായി, രാജ്യമില്ലാതെ, ലോകമെമ്പാടും ചിതറിപ്പാർത്തിരുന്ന യിസ്രായേൽ ജനത്തിന് സ്വന്തമായൊരു രാജ്യം ലഭിച്ചതും കർത്താവിന്റെ വരവ് ആസന്നമായെന്നതു സൂചിപ്പിക്കുന്നു (മത്താ. 24).



ദൈവസഭയിൽ ദൃശ്യമാകുന്ന വിശ്വാസത്യാഗം അധർമ്മമൂർത്തിയുടെ വെളിപ്പാടിന്റെ ലക്ഷണമാണ് (2 തെസ്സ. 2-ാം അദ്ധ്യായം). പ്രജാപതിയെന്ന ജാതീയ ദേവന് വേദത്തിലില്ലാത്ത ലക്ഷണങ്ങൾ ഉണ്ടെന്നു കളവുപറഞ്ഞ് ക്രിസ്തുവും രക്ഷകനുമാക്കി കൊണ്ടു നടക്കുന്നു ചിലർ. ദൈവവചനം പഠിപ്പിക്കേണ്ട സെമിനാരിയിൽ സ്തുതിഗീതങ്ങളുടെ സ്ഥാനത്ത് വേദമന്ത്രങ്ങൾ മുഴുങ്ങുന്നു. ബൈബിൾ ദൈവവചനമാണെന്നു വിശ്വസിക്കാത്ത മെത്രന്മാരും സഭാനേതാക്കന്മാരുമുണ്ട്.

എതിർക്രിസ്തുവിന്റെ കാലത്ത് ഉപയോഗത്തിൽ വരുന്ന 666 എന്ന സംഖ്യ പല കമ്പനികളും ഉപയോഗിച്ചു തുടങ്ങിക്കഴിഞ്ഞു (വെളി. 13:16-18). മാർപ്പാപ്പയുടെ കിരീടത്തിൽ എഴുതിയിരിക്കുന്ന **VICARIVS FILII DEI** (ദൈവത്തിന്റെ പുത്രന്റെ വികാരി) എന്ന സ്ഥാനപ്പേരിന്റെ വില കൂട്ടിനോക്കുമ്പോൾ **666** കിട്ടുമെന്നതും അത്ഭുതകരം തന്നെ. **(D = 500, C=100, L=50, V=5, 1=1** എന്നിങ്ങനെയാണല്ലോ റോമൻ അക്ഷരങ്ങളുടെ വില). കത്തോലിക്കാ സഭയുടെ തലസ്ഥാനം ഏഴുമലകളുടെ പട്ടണമായ റോമിലാണെന്നതും ശ്രദ്ധേയമായ വസ്തുതയാണ് (വെളി. 17:9).

സംഖ്യകളുപയോഗിച്ച് പണമിടപാടുകൾ നിയന്ത്രിക്കുന്ന രീതി ഇപ്പോൾ തന്നെ നിലവിലുണ്ട്. ബാങ്കിൽ അക്കൗണ്ട് നമ്പർ കൂടിയേ തീരു. ആറക്കമുള്ള പിൻകോഡുകൊണ്ട് ഇന്ത്യയിലെ എല്ലാ പോസ്റ്റോഫീസുകളെയും കോർത്തിണക്കിക്കഴിഞ്ഞു. ഏറെത്താമസിയാതെ എല്ലാ മനുഷ്യർക്കും ഓരോ നമ്പർ ലഭിക്കും. Permanent Account Number (PAN) ഇന്ത്യയിൽ ഇപ്പോൾത്തന്നെ നിലവിലുണ്ടല്ലോ. സകല വ്യാപാരവും കംപ്യൂട്ടറിലൂടെയാകും. എതിർക്രിസ്തുവിന്റെ ഭരണകാലത്ത് ഇതൊക്കെ ആവശ്യമായി വരും.

ടെലിവിഷന്റെ പ്രചാരവും കർത്താവിന്റെ വരവ് അടുത്തു എന്നതിന്റെ സൂചനയാണ്. യെരുശലേമിൽ കിടക്കുന്ന രണ്ടു സാക്ഷികളെ (വെളി. 14) ലോകമെമ്പാടുമുള്ളവർ കാണുവാൻ മറ്റു മാർഗ്ഗമൊന്നുമില്ല. കർത്താവിന്റെ മടങ്ങിവരവിനു മുൻപു നടക്കേണ്ടതെല്ലാം നടന്നുകഴിഞ്ഞു. നിറവേറാത്തതായി ഒരു പ്രവചനവും ഞാൻ കാണുന്നില്ല. അങ്ങനെയെങ്കിൽ ഏതു നിമിഷവും കർത്താ

വിന്റെ മടങ്ങിവരവുണ്ടാകാം. അപ്പോൾ ദൈവജനം ഈ ഭൂമിയിൽ നിന്നു മദ്ധ്യാകാശത്തേക്ക് എടുക്കപ്പെടും.

കർത്താവിന്റെ ജനം ഈ ഭൂമിയിൽനിന്നു മാറ്റപ്പെട്ടതിനു ശേഷമുളള ഏഴുവർഷം എതിർക്രിസ്തുവിന്റെ ഭരണകാലമാണ്. ഈ ഏഴുവർഷത്തെ മൂന്നരവർഷം വീതമുള്ള രണ്ടു ഭാഗങ്ങളായി തിരിച്ചു പഠിക്കണം. വെളി. 6-ാം അദ്ധ്യായം മുതൽ 19-ാം അദ്ധ്യായം വരെയുള്ള ഭാഗം ശ്രദ്ധിച്ചു പഠിക്കുക. എതിർ ക്രിസ്തുവിന്റെ കാലത്ത് ഈ ഭൂമിയിൽ സംഭവിക്കുവാനുള്ള കാര്യങ്ങളാണ് അവിടെ വിവരിച്ചിരിക്കുന്നത്.

പത്തുരാജ്യങ്ങളുടെ നേതാവായി ഉയർന്നുവരുന്ന എതിർ ക്രിസ്തു യിസ്രായേലുമായി ഒരു സമാധാന ഉടമ്പടിയുണ്ടാക്കും. തങ്ങൾ കാത്തിരുന്ന മിശിഹായാണ് എതിർക്രിസ്തുവെന്ന് യഹൂദന്മാർ ധരിക്കും. യെരുശലേമിൽ ദേവാലയം പണി ആരംഭിക്കും. ഇക്കാലത്തു മോശയും ഏലിയാവും ഈ ഭൂമിയിലെത്തി പ്രവചനം നടത്തും (വെളി. 11:2-12). "നീ എഴുന്നേറ്റു ദൈവത്തിന്റെ ആലയത്തെയും യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുക. ആലയത്തിനു പുറത്തുള്ള പ്രാകാരം അളക്കാതെ വിട്ടേക്ക; അതു ജാതികൾക്കു കൊടുത്തിരിക്കുന്നു; അവർ വിശുദ്ധ നഗരത്തെ നാല്പത്തിരണ്ടു മാസം ചവിട്ടും. അന്നു ഞാൻ എന്റെ രണ്ടു സാക്ഷികൾക്കും വരം നൽകും; അവർ രട്ടു ഉടുത്തുകൊണ്ട് ആയിരത്തിയിരുനൂററുപതു ദിവസം പ്രവചിക്കും. അവർ ഭൂമിയുടെ കർത്താവിന്റെ സന്നിധിയിൽ നില്ക്കുന്ന രണ്ട് ഒലിവ് വൃക്ഷവും രണ്ടു നിലവിളക്കും ആകുന്നു. ആരെങ്കിലും അവർക്കു ദോഷം ചെയ്‌വാൻ ഇച്ഛിച്ചാൽ അവരുടെ വായിൽനിന്നു തീ പുറപ്പെട്ടു അവരുടെ ശത്രുക്കളെ ദഹിപ്പിച്ചുകളയും; അവർക്കു ദോഷം വരുത്തുവാൻ ഇച്ഛിക്കുന്നവർ ഇങ്ങനെ മരിക്കേണ്ടിവരും. അവരുടെ പ്രവചനകാലത്തു മഴപെയ്യാതവണ്ണം ആകാശം അടച്ചുകളവാൻ അവർക്കു അധികാരം ഉണ്ട്. വെള്ളത്തെ രക്തമാക്കുവാനും ഇച്ഛിക്കുമ്പോഴൊക്കെയും സകലബാധകൊണ്ടും ഭൂമിയെ ദണ്ഡിപ്പിപ്പാനും അധികാരം ഉണ്ട്. അവർ തങ്ങളുടെ സാക്ഷ്യം തികച്ചശേഷം ആഴത്തിൽനിന്നു കയറിവരുന്ന മൃഗം അവരോട് പടവെട്ടി അവരെ ജയിച്ചു കൊന്നുകളയും. അവരുടെ കർത്താവ് ക്രൂശിക്കപ്പെട്ടതും ആത്മീകമായി സോദോം എന്നും മിസ്രയീം എന്നും പേരുള്ളതുമായ മഹാനഗരത്തിന്റെ വീഥിയിൽ അവരുടെ ശവം കിടക്കും. സകല വംശക്കാരും



ഗോത്രക്കാരും ഭാഷക്കാരും ജാതിക്കാരും അവരുടെ ശവം മൂന്നര ദിവസം കാണും; അവരുടെ ശവം കല്ലറയിൽ വെപ്പാൻ സമ്മതിക്കയില്ല. ഈ പ്രവാചകന്മാർ ഇരുവരും ഭൂമിയിൽ വസിക്കുന്നവരെ ദണ്ഡിപ്പിച്ചതുകൊണ്ട് ഭൂവാസികൾ അവർ നിമിത്തം സന്തോഷിച്ചു ആനന്ദിക്കയും അന്യോന്യം സമ്മാനം കൊടുത്തയക്കയും ചെയ്യും. മൂന്നര ദിവസം കഴിഞ്ഞശേഷം ദൈവത്തിൽനിന്നു ജീവശ്വാസം അവരിൽ വന്നു. അവർ കാൽ ഊന്നി നിന്നു-അവരെ കണ്ടവർ ഭയപരവശരായിത്തീർന്നു- ഇവിടെ കയറി വരുവിൻ എന്നു സ്വർഗ്ഗത്തിൽനിന്നു ഒരു മഹാശബ്ദം പറയുന്നതുകേട്ടു. അവർ മേഘത്തിൽ സ്വർഗ്ഗത്തിലേക്കു കയറി; അവരുടെ ശത്രുക്കൾ അവരെ നോക്കിക്കൊണ്ടിരുന്നു."

യിസ്രായേൽ ഉടമ്പടി ചെയ്തിരിക്കുന്നത് എതിർക്രിസ്തുവിനോടാണെന്നും അവൻ വ്യാജമിശിഹായാണെന്നും ഈ സാക്ഷികൾ മൂന്നര വർഷം പ്രവചിച്ചുകൊണ്ടുനടക്കും. എതിർക്രിസ്തുവും കൂട്ടരും ഇവരെ വധിക്കുവാൻ നോക്കുമെങ്കിലും സാധിക്കയില്ല. ഇവർ മൂന്നര വർഷത്തെ ശുശ്രൂഷ തികയ്ക്കുന്നതോടെ എതിർ ക്രിസ്തു ഇവരെ വധിക്കും. യെരുശലേമിൽ കിടക്കുന്ന ഈ ശവങ്ങൾ ടെലിവിഷനിലൂടെ ലോകമെങ്ങും കാണാൻ കഴിയും. പക്ഷേ മൂന്നരദിവസം കഴിയുമ്പോൾ ഇവർ ഉയിർത്തെഴുന്നേറ്റു സർവ്വമനുഷ്യരും കാൺകെ സ്വർഗ്ഗാരോഹണം ചെയ്യും. കർത്താവായ യേശുക്രിസ്തുവിന്റെ മടങ്ങിവരവു കഴിഞ്ഞു മൂന്നര വർഷത്തിനുശേഷം നടക്കുന്ന കാര്യമാണിത്. അഞ്ചാം നൂറ്റാണ്ടിലോ പത്താം നൂറ്റാണ്ടിലോ പതിനഞ്ചാം നൂറ്റാണ്ടിലോ കർത്താവു മടങ്ങിവന്നിരുന്നെങ്കിൽ ഈ പ്രവചനം നിറവേറുമായിരുന്നില്ല. എന്തിനേറെ പറയുന്നു, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽപ്പോലും ഇങ്ങനെയൊരു സംഭവം ഉണ്ടാകുമായിരുന്നില്ല. പക്ഷേ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഇതു തികച്ചും സാദ്ധ്യമാണെന്നു മാത്രമല്ല, അനുദിനം സംഭവിക്കയും ചെയ്യുന്നു. ലോകത്തിന്റെ ഏതു കോണിൽ നടക്കുന്ന സംഭവവും തത്സമയം പ്രദർശിപ്പിക്കാൻ ടിവിക്ക് ഇപ്പോൾ കഴിയുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ മടങ്ങിവരവ് ഏറ്റവും അടുത്തിരിക്കുന്നു എന്നതിന് ഇതും ഒരു തെളിവാണ്.

എതിർക്രിസ്തുവിന്റെ ഭരണത്തിന്റെ ആദ്യത്തെ മൂന്നര വർഷം കഴിയുമ്പോൾ യെരുശലേം ദേവാലയത്തിന്റെ നിർമ്മാണം പൂർത്തിയാകും. അപ്പോൾ എതിർക്രിസ്തുവിന്റെ സഹായിയായ

കള്ള പ്രവാചകൻ എതിർക്രിസ്തുവിന്റെ പ്രതിമ ദേവാലയത്തിൽ പ്രതിഷ്ഠിക്കും. വിഗ്രഹം ഉണ്ടാക്കയോ ആരാധിക്കയോ ചെയ്യരു തെന്ന കല്പന ലംഘിച്ചിരിക്കുന്ന എതിർക്രിസ്തു വ്യാജമിശിഹാ യാണെന്ന സത്യം അപ്പോൾ യഹൂദജാതി മനസ്സിലാക്കും. ഈ അവസരത്തിൽ യഹൂദന്മാർ എന്തുചെയ്യണമെന്ന് കർത്താവ് പറ യുന്നുണ്ട് (മത്താ. 24:15-22 നോക്കുക).

"എന്നാൽ ദാനിയേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെ യ്തതുപോലെ ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്തിൽ നില്ക്കു ന്നതു നിങ്ങൾ കാണുമ്പോൾ - വായിക്കുന്നവൻ ചിന്തിച്ചുകൊ ള്ളട്ടെ - അന്നു യെഹൂദ്യയിലുള്ളവർ മലകളിലേക്കു ഓടിപ്പോക ട്ടെ. വീട്ടിന്മേൽ ഇരിക്കുന്നവൻ വീട്ടിലുള്ളതു എടുക്കേണ്ടതിനു ഇറ ങ്ങരുത്; വയലിലുള്ളവൻ വസ്ത്രം എടുപ്പാൻ മടങ്ങിപ്പോകരുത്; ആ കാലത്ത് ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം! എന്നാൽ നിങ്ങളുടെ ഓടിപ്പോക്കു ശീതകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ. ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവി ക്കാത്തതും ആയ വലിയ കഷ്ടം അന്നുണ്ടാകും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും."

ജീവരക്ഷയ്ക്കായി ഇപ്രകാരം ഓടിപ്പോകുന്ന യിസ്രായേൽ ജനം മൂന്നര വർഷം മരുഭൂമിയിൽ കഴിച്ചുകൂട്ടും (വെളി. 12). സൂര്യനെ അണിഞ്ഞും ചന്ദ്രനെ കാൽക്കീഴാക്കിയും തലയിൽ 12 നക്ഷത്ര ങ്ങൾകൊണ്ടുള്ള കിരീടം ചൂടിയും നിൽക്കുന്ന സ്ത്രീ യിസ്രായേൽ തന്നെ. യോസേഫ് കണ്ട സ്വപ്നം ഓർക്കുക (ഉല്പ. 37:9,10). മോശ യുടെയും ഏലിയാവിന്റെയും പ്രസംഗംകേട്ട് മാനസാന്തരപ്പെട്ടവരും എതിർക്രിസ്തുവിനു കീഴ്പ്പെടാത്തവരുമായ 1,44,000 യഹൂദന്മാരെ പ്രതീകാത്മകമായി ഒരാൺകുട്ടിയുടെ രൂപത്തിൽ ഇവിടെ കാണാം. (വെളി. 7:4; 14:1). യഥാർത്ഥ മിശിഹായായ യേശുവിന്റെ മൂന്നര വർഷത്തെ ശുശ്രൂഷയനുഭവിച്ചശേഷം അവനെ തള്ളിക്കളഞ്ഞ യഹൂദന്റെ പിൻതലമുറ ആദ്യ മൂന്നര വർഷം ഒരു വ്യാജ മിശിഹാ യുടെ കീഴിലും അവസാന മൂന്നരവർഷം മരുഭൂമിയിൽ വിലപിച്ചു കൊണ്ടും കഴിക്കേണ്ടിവരും. എതിർക്രിസ്തുവിന്റെ ഭരണകാലമായ ഏഴുവർഷം തികയുമ്പോൾ യേശു വിശുദ്ധന്മാരുമായി ഒലിവു മല യിൽ പ്രത്യക്ഷനാകും. അങ്ങനെ യഹൂദൻ 'കുത്തിയവങ്കലേക്കു



നോക്കും' എന്ന പ്രവചനം നിവൃത്തിയാകും (സെഖ. 12:10).

വെളിപ്പാട് 13-ാം അദ്ധ്യായത്തിലെ ആദ്യത്തെ മൃഗം എതിർ ക്രിസ്തുവും രണ്ടാമത്തെ മൃഗം അവന്റെ പ്രധാനമന്ത്രിയുടെ സ്ഥാന മുള്ള കള്ളപ്രവാചകനുമാണ്. എതിർക്രിസ്തുവിന്റെ മണവാട്ടിയായ കത്തോലിക്കാസഭയെന്ന ആത്മീക വേശ്യയാണ് വെളി. 17-ൽ കാണുന്നത്. (കൂടുതൽ അറിയേണ്ടവർ 'മഹതിയാം ബാബിലോൺ' എന്ന പുസ്തകം നോക്കുക). യേശു തന്റെ മണവാട്ടിയായ സഭ യ്ക്കുവേണ്ടി ജീവൻ വെടിഞ്ഞു. എതിർക്രിസ്തു തന്റെ മണവാട്ടി യായ സഭയെ തന്റെ ഭരണകാലത്തു നാമാവശേഷമാക്കും. വെളി പ്പാട് 18-ലെ നഗരം അക്ഷരാർത്ഥത്തിലുള്ള ബാബിലോൺ നഗര മാണെന്നതും മറക്കരുത്.

എതിർക്രിസ്തുവിന്റെ ഭരണം ഈ ഭൂമിയിൽ നടക്കുമ്പോൾ ക്രിസ്തു തന്റെ ജനത്തിന് അവരവരുടെ പ്രവൃത്തികൾക്കനുസരിച്ചു പ്രതിഫലം നൽകുകയായിരിക്കും (1 കൊരി. 3:10-15 നോക്കുക). "എനിക്കു ലഭിച്ച ദൈവ കൃപക്കു ഒത്തവണ്ണം ഞാൻ ജ്ഞാനമു ള്ളോരു പ്രധാനശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു; മറ്റൊ രുത്തൻ മീതെ പണിയുന്നു; താൻ എങ്ങനെ പണിയുന്നു എന്നു ഓരോരുത്തനും നോക്കിക്കൊള്ളട്ടെ. യേശുക്രിസ്തു എന്ന ഇട്ടിരി ക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴിക യില്ല. ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ല്, മരം, പുല്ല്, വൈക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടുവരും; ആ ദിവസം അതിനെ തെളിവാക്കും; അതു തീയോടെ വെളിപ്പെട്ടുവരും; ഓരോ രുത്തന്റെ പ്രവൃത്തി ഇന്നവിധം എന്നു തീ തന്നെ ശോധന ചെയ്യും. ഒരുത്തൻ പണിത പ്രവൃത്തി നിലനില്ക്കും എങ്കിൽ അവനു പ്രതി ഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവനു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽക്കൂടി എന്നപോലെ അത്രേ." യജമാനനായ യേശു തന്റെ ദാസൻമാർക്കു പ്രതിഫലം നൽകുന്ന കാര്യമാണ് പൗലോസ് പറയുന്നത്. ദൈവ ജനം പ്രാപിക്കുന്ന പ്രതിഫലം ഏതുവിധത്തിലുള്ളതായിരിക്കു മെന്നു വിശദമായി ബൈബിളിൽ കാണുന്നില്ല. എങ്കിലും തരുന്നതു കർത്താവായതുകൊണ്ട് അവയെല്ലാം അതിശ്രേഷ്ഠങ്ങളായിരിക്കു മെന്നതിനു സംശയമില്ല. ഉദാഹരണമായി കർത്താവ് നൽകുന്ന ചില കിരീടങ്ങൾ ഏവയെന്നു നോക്കൂ:

1. വാടാത്ത കിരീടം - 1 കൊരി. 9:24,25
2. പ്രശംസാ കിരീടം - 1 തെസ്സ. 2:19
3. ജീവകിരീടം - യാക്കോ. 1:12, വെളി. 2:10
4. തേജസ്സിന്റെ വാടാത്ത കിരീടം - 1 പത്രോ. 5:4
5. നീതിയുടെ കിരീടം - 2 തിമോ. 4:8

എതിർക്രിസ്തുവിന്റെ ഏഴുവർഷ ഭരണം പൂർത്തിയാകുന്നതോടെ യേശു ഒലിവുമലയിൽ പ്രത്യക്ഷനാകും. അപ്പോൾ എന്തു നടക്കുമെന്നു വെളിപ്പാട് 19:19-21-ൽ നിന്നു മനസ്സിലാക്കാം.

"കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്‌വാൻ മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചു വന്നു കൂടിയത് ഞാൻ കണ്ടു. മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കയും അതിന്റെ പ്രതിമയെ നമസ്ക്കരിപ്പിക്കയും ചെയ്ത കള്ള പ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു. ശേഷിച്ചവരെ കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽ നിന്നു പുറപ്പെടുന്ന വാൾകൊണ്ടു കൊന്നു. അവരുടെ മാംസം തിന്നു സകല പക്ഷികൾക്കും തൃപ്തി വന്നു." എതിർക്രിസ്തുവും കള്ളപ്രവാചകനും ജീവനോടെ നരകത്തിൽ വീഴുന്നു. പിശാചിനെ ആയിരമാണ്ടേക്കു ചങ്ങലയിടുകയും ചെയ്യുന്നു (വെളി. 20:1-3).

"അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങുന്നതു ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു. ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്കു അഴിച്ചുവിടേണ്ടതാകുന്നു."

എതിർക്രിസ്തുവിന്റെ ഭരണകാലത്ത് യിസ്രായേൽ ജനത്തിനു നന്മ ചെയ്ത ജാതികളെ സഹസ്രാബ്ദത്തിൽ പ്രവേശിക്കുവാൻ കർത്താവ് അനുവദിക്കുന്നു. യിസ്രായേലിനെ പീഡിപ്പിച്ചവരെ നിത്യനരകത്തിലേക്കും വിടുന്നു . "ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്ക് ന്യായവിധിയുടെ അധികാരം കൊടുത്തു. യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം



തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്ക്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു; അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു. മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല. ഇതു ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിനു അധികാരം ഇല്ല; അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും" (വെളി. 20:4-6).

ഏറ്റവും അധികം തെറ്റിദ്ധരിപ്പിക്കപ്പെട്ടിട്ടുള്ള ഒരു ഭാഗമാണിത്. ആകയാൽ ശ്രദ്ധിക്കുക; ഇത് അന്ത്യന്യായവിധിയല്ല. യോവേൽ 3:1-3ൽ പ്രവചിക്കപ്പെട്ടിരിക്കുന്ന ന്യായവിധിയത്രേ ഇത്.

"ഞാൻ യഹൂദന്മാരുടെയും യെരുശലേമിന്റെയും സ്ഥിതി മാറ്റുവാനുള്ള നാളുകളിലും കാലത്തിലും ഞാൻ സകല ജാതികളെയും കൂട്ടി യഹോശാഫാത്ത് താഴ്വരയിൽ ചെല്ലുമാറാക്കുകയും എന്റെ ജനം നിമിത്തവും എന്റെ അവകാശമായ യിസ്രായേൽ നിമിത്തവും അവരോടു വ്യവഹരിക്കയും ചെയ്യും; അവർ അവരെ ജാതികളുടെ ഇടയിൽ ചിതറിച്ചു എന്റെ ദേശത്തെ വിഭാഗിച്ചു കളഞ്ഞുവല്ലോ." ഇതേ സംഭവമാണ് മത്തായി 25:31-46 ൽ ഉള്ളതെന്നു മിക്കവർക്കും അറിഞ്ഞുകൂടാ. "മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ചു, ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിറുത്തും. രാജാവു തന്റെ വലത്തുള്ളവരോടു അരുളിചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു, നിങ്ങളെന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങളെന്നെ കാണ്മാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു. അതിനു നീതിമാന്മാർ

അവനോടു: കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നുക ണ്ടിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചു കണ്ടിട്ടു കുടിപ്പാൻ തരികയോ ചെയ്തു? ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ടു ചേർത്തുകൊൾകയോ നഗ്നനായി കണ്ടിട്ടു ഉടുപ്പിക്കയോ ചെയ്തു? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ടു ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്നു ഉത്തരം പറയും. രാജാവു അവരോട്: എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും. പിന്നെ അവൻ ഇടത്തുള്ളവരോട് : ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. എനിക്കു വിശന്നു. നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നില്ല. അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടില്ല; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല; രോഗിയും തടവിലും ആയിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നില്ല എന്നു അരുളിച്ചെയ്യും. അതിനു അവർ: കർത്താവേ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ ദാഹിക്കുന്നവനോ അതിഥിയോ നഗ്നനോ രോഗിയോ തടവിലോ ആയി എപ്പോൾ കണ്ടു നിനക്കു ശുശ്രൂഷ ചെയ്യാതിരുന്നു എന്നു ഉത്തരം പറയും. അവൻ അവരോട്: ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്യാഞ്ഞേടത്തോളമെല്ലാം എനിക്കു ആകുന്നു ചെയ്യാഞ്ഞതു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു ഉത്തരം അരുളും. ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യ ജീവങ്കലേക്കും പോകും." അന്ത്യന്യായവിധിയാണിതെന്ന ധാരണയാണു പലർക്കുമുള്ളത്. എന്നാൽ മരിച്ചവർ ഉയിർത്തു ന്യായവിധി പ്രാപിക്കയല്ല, ജീവനുള്ളവർ വിധിക്കപ്പെടുകയാണിവിടെ ചെയ്യുന്നത്. ഇത് അന്ത്യന്യായവിധിയാണെന്നു ധരിച്ച് പട്ടത്വ സഭകൾ പാടുന്നു:

"മഹിമയോടന്തിമ വിധിനാളിൽ
കർത്താവേ നീ അണയുമ്പോൾ
കരുണയോടെന്നെ നിറുത്തണമേ
നല്ലവരൊത്തുവലംഭാഗേ". ദൈവവചനം വസ്തുനിഷ്ഠമായി പഠിക്കാത്തതുകൊണ്ടാണ് ഇത്തരം വിഡ്ഢിത്തങ്ങൾ പറയുന്നതും പാടുന്നതും. പള്ളിമതത്തിനു ദൈവവചനത്തിന്റെ അടിസ്ഥാന ഉപദേശങ്ങൾപോലും അറിഞ്ഞുകൂടാ.



യഹൂദന്മാരുടെ രാജാവായി പിറന്നവൻ സർവ്വലോകത്തിന്റെയും അധിപതിയായി ആയിരമാണ്ടു വാഴുന്ന കാലമാണ് അടുത്തത്. ഈ കാലത്തെ യെശയ്യാവ് ഇപ്രകാരം ദർശിക്കുന്നു.

"അവൻ ദരിദ്രന്മാർക്ക് നീതിയോടെ ന്യായം പാലിച്ചുകൊടുക്കയും ദേശത്തിലെ സാധുക്കൾക്ക് നേരോടെ വിധികല്പിക്കയും ചെയ്യും; തന്റെ വായ് എന്ന വടികൊണ്ടു അവൻ ഭൂമിയെ അടിക്കും; തന്റെ അധരങ്ങളുടെ ശ്വാസംകൊണ്ടു ദുഷ്ടനെ കൊല്ലും. നീതി അവന്റെ നടുക്കെട്ടും വിശ്വസ്തത അവന്റെ അരക്കച്ചയും ആയിരിക്കും. ചെന്നായ് കുഞ്ഞാടിനോടുകൂടെ പാർക്കും; പുള്ളിപ്പുലി കോലാട്ടുകുട്ടിയോടുകൂടെ കിടക്കും; പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ചു പാർക്കും; ഒരു ചെറിയകുട്ടി അവയെ നടത്തും. പശു കരടിയോടുകൂടെ മേയും; അവയുടെ കുട്ടികൾ ഒരുമിച്ചു കിടക്കും; സിംഹം കാള എന്ന പോലെ വൈക്കോൽ തിന്നും. മുലകുടി മാറിയ പൈതൽ അണലിയുടെ പൊത്തിൽ കൈ ഇടും. സമുദ്രം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ടു പൂർണ്ണമായിരിക്കയാൽ എന്റെ വിശുദ്ധ പർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല. അന്നാളിൽ വംശങ്ങൾക്ക് കൊടിയായി നില്ക്കുന്ന യിശ്ശായിയുടെ വേരായവനെ ജാതികൾ അന്വേഷിച്ചുവരും; അവന്റെ വിശ്രാമസ്ഥലം മഹത്വമുള്ളതായിരിക്കും" (യെശ.11:4-10).

ആയിരമാണ്ടുനീളുന്ന ഈ ഭരണത്തിന്റെ അവസാനത്തിങ്കൽ സാത്താനെ തടവിൽ നിന്ന് അഴിച്ചുവിടും (വെളി. 20:7-10). "ആയിരം ആണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽനിന്നു അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടൽപ്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നിവരെ യുദ്ധത്തിനായി കൂട്ടിച്ചേർക്കേണ്ടതിനു വശീകരിപ്പാൻ പുറപ്പെടും. അവർ ഭൂമിയിൽ പരക്കെ ചെന്നു വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയും; എന്നാൽ ആകാശത്തുനിന്നു തീ ഇറങ്ങി അവരെ നശിപ്പിച്ചു കളയും. അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും" (വെളി. 20:7-10).

അന്ത്യന്യായവിധിയാണ് അടുത്തതായി നടക്കുന്നത് (വെളി. 20:11-15). "ഞാൻ വലിയൊരു വെള്ളസിംഹാസനവും അതിൽ

ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽ നിന്ന് ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിന്റെ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിനു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു. ഓരോരുത്തനു അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്കയാണു രണ്ടാമത്തെ മരണം. ജീവന്റെ പുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും." അന്ത്യന്യായവിധിക്കു ശേഷം ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോകും. പുതിയ ആകാശവും പുതിയ ഭൂമിയും പ്രത്യക്ഷമാകും. പുതിയ യരുശലേം സ്വർഗ്ഗത്തിൽനിന്ന് ഈ ഭൂമിയിലേക്കിറങ്ങിവരും. തുടർന്നുള്ള കാര്യങ്ങൾ വിശദീകരണമൊന്നും കൂടാതെ ഗ്രഹിക്കാവുന്ന വിധത്തിൽ വെളി. 21-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ.

ഉയിർപ്പ് രണ്ടു ഘട്ടങ്ങളിലായിട്ടാണു നടക്കുന്നതെന്ന് മേല്പറഞ്ഞ വാക്യങ്ങളിൽനിന്നു വ്യക്തമാണല്ലോ. ആസന്നഭാവിയിൽ കർത്താവ് തന്റെ ജനത്തെ ചേർക്കുവാൻ മദ്ധ്യാകാശത്തിൽ വരും. അപ്പോൾ ദൈവജനത്തിന്റെ ഉയിർപ്പുണ്ടാകും (1 കൊരി. 15:51-53). "ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം; നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്തെയും ധരിക്കേണം."

ഇതേ വിഷയം പൗലോസ് മറ്റൊരിടത്ത് ഇപ്രകാരം വിവരിക്കുന്നു: 1 തെസ്സ. 4:16-18. "കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുകയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും."



'മരിച്ചവർ എപ്രകാരം ഉയിർത്തെഴുന്നേൽക്കും' എന്ന് സംശയിച്ചവർ ഇന്നെന്നപോലെ അന്നുമുണ്ടായിരുന്നു. പൗലോസ് അവർക്കു കൊടുക്കുന്ന ഉത്തരം 1 കൊരി. 15:35-49-ൽ വായിക്കാം.

കർത്താവിന്റെ രഹസ്യവരവിൽ എടുക്കപ്പെടാത്തവർ എതിർക്രിസ്തുവിന്റെ ഭരണകാലത്തു കഷ്ടം സഹിക്കേണ്ടിവരും. രണ്ടാമത്തെ ഉയിർപ്പ് ആയിരമാണ്ടു വാഴ്ചയ്ക്കു ശേഷമാണ്. കർത്താവ് വെള്ള സിംഹാസനത്തിൽ ന്യായാധിപതിയായി ഇരിക്കും. രക്ഷിക്കപ്പെടാത്ത സകല മനുഷ്യരും ഉയിർത്തെഴുന്നേറ്റ് അവന്റെ മുൻപിൽ എത്തും. ഓരോ മനുഷ്യനും അവന്റെ പ്രവൃത്തിയ്ക്കനുസരിച്ചു ശിക്ഷ ലഭിക്കും. യേശുവിന്റെ രക്തത്താൽ പാപമോചനം പ്രാപിച്ച വ്യക്തികളല്ല ഇവിടെ വിധിക്കപ്പെടുന്നത്. വീണ്ടും ജനനം പ്രാപിക്കാത്ത സകല മനുഷ്യരും ശിക്ഷാവിധി പ്രാപിക്കുവാനായിട്ടത്രെ വെള്ള സിംഹാസനത്തിന്റെ മുൻപിൽ എത്തുന്നത്. സമുദ്രം, പാതാളം തുടങ്ങിയവ തങ്ങളിലുള്ള മരിച്ചവരെ തിരികെ നൽകും. ജീവന്റെ പുസ്തകം, ഓർമ്മയുടെ പുസ്തകം, ബൈബിൾ തുടങ്ങിയ പുസ്തകങ്ങൾ തുറക്കപ്പെടും. ഓരോ പാപിയും ഈ ലോകത്തിലായിരിക്കുമ്പോൾ ചെയ്ത എല്ലാ പ്രവൃത്തികളും ഓർമ്മയുടെ പുസ്തകത്തിൽ ഉണ്ടാകും. അവയുടെ ന്യായാന്യായങ്ങൾ ബൈബിളിന്റെ വെളിച്ചത്തിൽ വിലയിരുത്തും. ഓരോ തെറ്റിനും തക്ക ശിക്ഷാവിധിയുണ്ടാകും.

എല്ലാ പാപികളും ഉയിർത്തെഴുന്നേറ്റു കഴിഞ്ഞിട്ടാണ് ഈ ന്യായവിധി. അവർക്ക് ഇന്നുള്ളതുപോലെ ദേഹം, ദേഹി, ആത്മാവ് എന്നിവ ഉണ്ടായിരിക്കും. മനുഷ്യന്റെ ആത്മാവു മാത്രമാണ് നിത്യനരകത്തിലേക്കു പോകുന്നതെന്നു കരുതുന്നവർ ശ്രദ്ധിക്കുക, ബൈബിൾ അങ്ങനെയല്ല പറയുന്നത്. നരകത്തിൽ തള്ളപ്പെടുന്നതും നിത്യയാതന അനുഭവിക്കുന്നതും ഇന്നുള്ളതുപോലെ ദേഹം, ദേഹി, ആത്മാവ് എന്നിവയുള്ള പൂർണ്ണമനുഷ്യനായിട്ടായിരിക്കും. കഴിഞ്ഞതെല്ലാം ഓർമ്മയുണ്ടായിരിക്കും. മനുഷ്യർ അന്യോന്യം തിരിച്ചറിയും. പാപം ചെയ്യുവാൻ കൂട്ടുകൂടിയവർ അതിനുള്ള ശിക്ഷയും ഒരേ നരകത്തിൽ അനുഭവിക്കും.

വീണ്ടെടുക്കപ്പെട്ടവരുടെ നിത്യത ത്രീയേക ദൈവത്തോടൊപ്പമായിരിക്കും. അവർ എന്നെന്നും സന്തോഷമനുഭവിക്കും.

കർത്താവായ യേശുക്രിസ്തു അവരുടെ വിളക്കായിരിക്കും. ദൈവം അവരുടെ കണ്ണിൽനിന്നു കണ്ണുനീരെല്ലാം തുടച്ചുകളയും. അതിനു ശേഷം മരണം ഉണ്ടായിരിക്കയില്ല. സാത്താനും അവന്റെ ദൂതൻമാരും പാപികളായ മനുഷ്യരും നിത്യനരകത്തിലേക്കു തള്ളപ്പെട്ടു കഴിഞ്ഞിരിക്കയാൽ ഭൂമിയിൽ നിന്നു പാപവും ദോഷവും രോഗവും മരണവും ശാശ്വതമായി മാറിപ്പോകും.

ഉയിർപ്പ്, ന്യായവിധി എന്നിവയെക്കുറിച്ചു വളരെ ചുരുക്കി പറയുകയായിരുന്നു ഇതുവരെ. ഈ വിഷയങ്ങൾ വിശദമായി വിവരിക്കുന്ന പുസ്തകങ്ങൾ മലയാളത്തിൽ ലഭ്യമാണ്. ഇത്തരം വിഷയങ്ങളേക്കുറിച്ചു കൂടുതലായി അറിയേണ്ടവർ അങ്ങനെയുള്ള പുസ്തകങ്ങൾ വാങ്ങി വായിക്കുക. വീട്ടിലൊരു ബൈബിൾ സ്ക്കൂൾ, പുതിയനിയമത്തിൽ നിന്നു നൂറു പ്രസംഗങ്ങൾ തുടങ്ങി ഞാൻ പുറത്തിറക്കിയിട്ടുള്ള സി.ഡികളും ദൈവവചനപഠനത്തിനു സഹായകമാകും. (പേജ് 160 നോക്കുക). ഏതായാലും ഉയിർപ്പ്, ന്യായവിധി തുടങ്ങിയ വിഷയങ്ങൾ നിസ്സാരമായി തള്ളികളയരുതെന്ന് ഓർമ്മിപ്പിക്കട്ടെ. കാരണം, ഇതുവരെ പറഞ്ഞുവന്നതൊക്കെ പച്ചയായ യാഥാർത്ഥ്യങ്ങളാണ്. ഏറെ താമസിയാതെ ഇതൊക്കെ സംഭവിക്കയും ചെയ്യും.



# 14
# നിത്യരക്ഷ

മരണാനന്തര ജീവിതത്തെപ്പറ്റി സാമാന്യമായ അറിവ് കഴിഞ്ഞ അദ്ധ്യായങ്ങളിൽനിന്നും വായനക്കാർക്കു ലഭിച്ചിരിക്കുമല്ലോ. സ്വർഗ്ഗം, നരകം, പാതാളം തുടങ്ങിയവയേക്കുറിച്ചും പഠിച്ചു കഴിഞ്ഞു. മരണാനന്തര ജീവിതത്തെപ്പറ്റി ബൈബിൾ പഠിപ്പിക്കുന്നത് തികച്ചും ശരിയാണെന്നു 12-ാം അദ്ധ്യായത്തിൽ നാം കണ്ട അനുഭവങ്ങൾ തെളിയിക്കയും ചെയ്യുന്നു. അതുകൊണ്ട് നിത്യനരകത്തിൽ നിന്നും എങ്ങനെ രക്ഷപ്രാപിക്കാമെന്ന് ഇനി പഠിക്കാം.

എങ്ങനെയാണു രക്ഷിക്കപ്പെടുന്നത് എന്ന വിഷയം ബൈബിളിൽ വളരെ വ്യക്തമായി വിവരിക്കുന്നുണ്ട്. ഉദാഹരണമായി യോഹ. 3:16 നോക്കുക: “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.” യേശുവിലുള്ള വിശ്വാസത്താൽമാത്രം ലഭിക്കുന്നതാണ് രക്ഷ. “മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിനു കീഴിൽ മനുഷ്യരുടെയിടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല” (പ്രവ. 4:12). ഏതെങ്കിലും ലോകഗുരുക്കന്മാരിലോ പുണ്യവാളന്മാരിലോ വിശ്വസിച്ചാൽ രക്ഷിക്കപ്പെടുകയില്ല. നാം രക്ഷിക്കപ്പെടുവാൻ മറ്റുള്ളവരുടെ ശുപാർശയും വേണ്ട. നമ്മുടെ പാപം ക്ഷമിച്ചു നമ്മെ രക്ഷിക്കുവാൻ നാം തന്നെ ദൈവത്തോടപേക്ഷിക്കണം. “അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു” എന്ന് ദൈവവചനം വ്യക്തമാക്കുന്നു (യോഹ. 1:12).

ദൈവമക്കളാകണമോ വേണ്ടയോ എന്നു തീരുമാനിക്കുവാനുള്ള അധികാരം നമുക്കുതന്നെയാണ്. അതിനു മറ്റാരുടെയും അനുവാദം ആവശ്യമില്ല. നാം നിത്യനരകത്തിലെത്തിയാൽ അതിനു മറ്റാരേയും പഴിച്ചിട്ടു കാര്യവുമില്ല. “എന്റെ അടുക്കൽ വരുന്നവനെ

ഞാൻ ഒരുനാളും കൈവിടുകയില്ല" എന്ന് യേശു വ്യക്തമാക്കുന്നുമുണ്ട്. നമ്മുടെ പാപം രക്താംബരംപോലെ കടും ചുവപ്പായിരുന്നാലും അതിനെ ഹിമംപോലെ വെളുപ്പിക്കുവാൻ യേശുവിന്റെ രക്തത്തിനു കഴിയും. യേശുവിന്റെ രക്തത്താൽ കഴുകപ്പെടാനാവാത്ത ഒരു പാപവുമില്ല. പക്ഷേ നാം നമ്മെ യേശുവിനായി സമർപ്പിക്കുമോ എന്നതുമാത്രമാണ് പ്രശ്നം. ആദാം എന്ന ഏകമനുഷ്യന്റെ പാപത്താൽ സകല മനുഷ്യരും പാപികളായിത്തീർന്നു. അതുകൊണ്ട് യേശു എന്ന ഏകമനുഷ്യൻ സകല മനുഷ്യരുടേയും പാപപരിഹാരത്തിനായി സ്വയം അർപ്പിച്ചു. ആ പരമയാഗത്തിലൂടെയുള്ള പാപമോചനത്തിൽ വിശ്വസിക്കുകയും കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കയും ചെയ്യുന്നവർ തികച്ചും സൗജന്യമായി രക്ഷിക്കപ്പെടും.

ദൈവം മനുഷ്യന്റെ രക്ഷയ്ക്കായി ഒരുക്കിയിരിക്കുന്ന വഴി വളരെ എളുപ്പമുള്ളതാണ്. അതികഠിനമായ വ്രതാനുഷ്ഠാനങ്ങളോ സർവ്വസംഗപരിത്യാഗമോ രക്ഷയ്ക്കാവശ്യമില്ല. രക്ഷിക്കപ്പെടുവാൻ ഒരു പ്രവൃത്തിയും ആവശ്യമില്ലെന്നതാണു സത്യം. "കൃപയാലല്ലോ വിശ്വാസംമൂലം നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്" എന്നത്രെ ദൈവവചനം പറയുന്നത്. "കൃപയാൽ" എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? ബൈബിൾ തന്നെ സംസാരിക്കട്ടെ: "കൃപയാലെങ്കിൽ പ്രവൃത്തിയാലല്ല; അല്ലെങ്കിൽ കൃപ കൃപയല്ല" (റോമർ. 11:6). പ്രവൃത്തിക്കു ലഭിക്കുന്ന പ്രതിഫലത്തെ കൃപയെന്നു വിളിക്കാനാവില്ല. തികച്ചും സൗജന്യമായ ദാനമാണ് രക്ഷ. അതു പ്രാപിക്കുവാൻ നമ്മുടെ ഒരു പ്രവൃത്തിയും കാരണമാകുന്നില്ല. അങ്ങനെയെങ്കിൽ എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമല്ലോ?! ഈ വിഷയം അല്പം കൂടി വിശദമാക്കേണ്ടിയിരിക്കുന്നു.

സകല മനുഷ്യർക്കും രക്ഷ തികച്ചും സൗജന്യമായി നൽകുവാൻ ദൈവം ഒരുക്കമാണ്. അതിനായി തന്റെ ദാസന്മാരെ ലോകമെമ്പാടും അയച്ച് ദൈവം ഈ സുവിശേഷം ഘോഷിച്ചുകൊണ്ടിരിക്കയുമാണ്. പക്ഷേ ഭൂരിപക്ഷം മനുഷ്യരും ഈ ആഹ്വാനം നിസ്സാരമായി തള്ളിക്കളയുന്നു. ഈ പുസ്തകം വായിച്ചശേഷവും ഇത്തരക്കാർ രക്ഷയ്ക്കായി സമർപ്പിക്കയില്ല. ഏതെങ്കിലും മനുഷ്യൻ നശിച്ചുപോയാൽ ദൈവത്തെ പഴിക്കാനാവാത്തത് ഇക്കാരണത്താലത്രേ. രക്ഷ ദൈവത്തിന്റെ കൃപയാൽ വരുന്നു. പക്ഷേ അതു വിശ്വാസത്താൽ നാം പ്രാപിച്ചേ മതിയാകൂ.



യേശുവിൽ വിശ്വസിക്കുന്ന ഏവർക്കും രക്ഷ ലഭിക്കുമെന്നു പറയുന്നതും അല്പംകൂടി വിശദമാക്കട്ടെ. യേശു ഉണ്ടെന്നു വിശ്വസിച്ചതുകൊണ്ടുമാത്രം നാം രക്ഷിക്കപ്പെടുകയില്ല. സാത്താനും യേശുവിനെപ്പറ്റി ഇത്തരമൊരു വിശ്വാസമുണ്ട്. യേശു പാപികളെ രക്ഷിക്കുന്നു എന്നോ യേശുവിലൂടെ മാത്രമേ രക്ഷയുള്ളൂ എന്നോ വിശ്വസിക്കുന്നതുകൊണ്ടും രക്ഷിക്കപ്പെടുകയില്ല. ദാഹിച്ചുവലയുന്ന ഒരാൾ വെള്ളം കണ്ടതുകൊണ്ടു ദാഹം തീരുമോ? വെള്ളം കുടിച്ചാൽ ദാഹം മാറുമെന്നു വിശ്വസിച്ചാലും മതിയാകയില്ല. ദാഹം മാറണമെങ്കിൽ ആർത്തി തീരുവോളം വെള്ളം കുടിക്കയേ വഴിയുള്ളൂ. അതുപോലെയാണ് യേശുവിലൂടെയുള്ള രക്ഷയും. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചാൽ മാത്രമേ രക്ഷിക്കപ്പെടൂ.

യേശു സകല മനുഷ്യവർഗ്ഗത്തിന്റേയും പാപപരിഹാരത്തിനായി മരിച്ചു എന്നും യേശുവിന്റെ പരമയാഗത്തിലൂടെയല്ലാതെ രക്ഷപ്രാപിക്കുവാൻ സാധിക്കയില്ലെന്നും വിശ്വസിക്കുക. "യേശുവിനെ ഞാൻ എന്റെ രക്ഷിതാവായി സ്വീകരിക്കുന്നു" എന്ന് ഏറ്റുപറയുക. മാനസാന്തരപ്പെടുക. "ഇനി ഞാൻ യേശുവിനായി ജീവിക്കും" എന്നു തീരുമാനിക്കുക. നിങ്ങൾ രക്ഷിക്കപ്പെട്ടു കഴിഞ്ഞു.

എന്നാൽ രക്ഷിക്കപ്പെട്ട വ്യക്തിക്ക് എന്നെന്നും പഴയപടി ജീവിക്കാനാവില്ല. പ്രവൃത്തിയാലല്ല രക്ഷിക്കപ്പെടുന്നതെങ്കിലും രക്ഷിക്കപ്പെട്ടവനിൽ അതിനനുസൃതമായ പ്രവൃത്തിയുണ്ടാകും. മാവിൽ മാങ്ങയുണ്ടാകുന്നതു മാവാകാൻ വേണ്ടിയല്ല, മറിച്ച് മാവ് ആയതുകൊണ്ടാണ്. പട്ടി കുരയ്ക്കുന്നതു പട്ടിയാകാൻ വേണ്ടിയല്ല പട്ടിയായതുകൊണ്ടാണ്. രക്ഷിക്കപ്പെടുവാൻ വേണ്ടി സൽപ്രവൃത്തി ചെയ്യുകയല്ല, രക്ഷിക്കപ്പെട്ടതുകൊണ്ടു സൽപ്രവൃത്തി ചെയ്യുകയാണ്. പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതാണ്. രക്ഷിക്കപ്പെട്ടവനെന്നു പറയപ്പെടുന്നവനിൽ അതിനനുസൃതമായ പ്രവൃത്തിയുണ്ടാകുന്നില്ലെങ്കിൽ അവൻ രക്ഷിക്കപ്പെട്ടവനല്ല. രക്ഷിക്കപ്പെട്ട വ്യക്തിയിൽ കാണുന്ന ചില പ്രവൃത്തികൾ ഇനി പറയാം.

**1. മാനസാന്തരം**

ഏറെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു വാക്കാണ് മാനസാന്തരം എന്നത്. പുകവലി, മദ്യപാനം, വെറിക്കൂത്ത്, അസന്മാർഗ്ഗികത തുടങ്ങിയവയിൽനിന്നു വിട്ടു നിൽക്കുന്നതു മാനസാന്തരമാണ്. തെറ്റു ചെയ്തിരുന്ന വ്യക്തി അവ ചെയ്യുകയില്ലെന്നു തീരുമാനിക്കുന്നതും മാനസാന്തരം തന്നെ. പക്ഷേ ഇത്തരമൊരു മാനസാന്തരം

രക്ഷയ്ക്കു കാരണമാകുന്നില്ല. എന്നാൽ ക്രിസ്തീയ മാനസാന്തരം രക്ഷയ്ക്ക് അനിവാര്യമാണുതാനും.

**എന്താണു ക്രിസ്തീയ മാനസാന്തരം?**

പാപത്തെ ദൈവം വെറുക്കുന്നെങ്കിലും പാപിയെ സ്നേഹിക്കുന്നു. പാപത്തെ ഹൃദയപൂർവ്വം ഉപേക്ഷിക്കയും ചെയ്തുപോയ പാപത്തെയോർത്ത് അനുതപിക്കയും ചെയ്യുക. അവ ഒന്നൊന്നായി പിതാവായ ദൈവത്തോട് ഏറ്റുപറയുക. യേശുവിന്റെ രക്തത്താൽ ദേഹം, ദേഹി, ആത്മാവ് എന്നിവ പൂർണ്ണമായി കഴുകപ്പെടുവാൻ ഏല്പിച്ചുകൊടുക്കുക. ഇനി പാപം ചെയ്യുകയില്ലെന്നു ദൃഢമായി തീരുമാനിക്കുക. യേശുവിനെ ഹൃദയത്തിൽ സ്വീകരിക്കുക. ഇതാണ് ക്രിസ്തീയ മാനസാന്തരം. തിന്മയായി കണക്കാക്കപ്പെടുന്നവയെ ഉപേക്ഷിക്കുന്നതു സാധാരണ മാനസാന്തരമാണ്. എന്നാൽ ഇങ്ങനെ മാനസാന്തരപ്പെട്ട വ്യക്തി യേശുവിനെ ഉള്ളിൽ സ്വീകരിക്കയും യേശുവിന്റെ രക്തത്താൽ പാപമോചനം പ്രാപിക്കയും യേശുവിനായി ജീവിതം സമർപ്പിക്കയും കൂടി ചെയ്താൽ ക്രിസ്തീയ മാനസാന്തരമായി. വെറും മാനസാന്തരം രക്ഷക്കു കാരണമാകുന്നില്ല. ക്രിസ്തീയ മാനസാന്തരമാണു രക്ഷയ്ക്കാവശ്യം. യേശുമാത്രമാണു വഴിയും സത്യവും ജീവനും. എത്ര വിശുദ്ധനായി ജീവിച്ചാലും യേശുവിലൂടെയല്ലാതെ ആരും രക്ഷപ്രാപിക്കയില്ല.

**2. ക്രിസ്തീയ ജലസ്നാനം**

യേശുവിന്റെ രക്തത്താൽ പാപമോചനം പ്രാപിച്ച വ്യക്തി അടുത്തപടിയായി ചെയ്യേണ്ടതു സ്നാനപ്പെടുക എന്നതാണ്. വളരെയേറെ വിവാദങ്ങൾക്കു വഴിവച്ചിട്ടുള്ള ഒരു വിഷയമാണിത്. ഈ പുസ്തകത്തിന്റെ പരിധിയിൽനിന്നുകൊണ്ട് എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം തരാനുമാവില്ല. എങ്കിലും വളരെ ചുരുക്കി ഈ വിഷയം ചർച്ചചെയ്യാം.

**സ്നാനം ആവശ്യമാണോ?**

- കർത്താവ് സ്നാനമേറ്റു (മത്താ. 3:16).
- കർത്താവ് ശിഷ്യന്മാരെക്കൊണ്ട് സ്നാനം കഴിപ്പിച്ചു (യോഹ. 3:22, 4:1–3). സ്നാനപ്പെടുത്തുവാൻ കല്പിച്ചു (മത്താ. 28:19).
- ആദിമസഭയിൽ സ്നാനം ഉണ്ടായിരുന്നു.
- ലേഖനങ്ങളിൽ വ്യക്തവും വിശദവുമായ ഉപദേശവുമുണ്ട്.

ഇത്രയും പ്രാധാന്യമുള്ള ഒരു കർമ്മം വേണമോ എന്നു വായനക്കാർ തന്നെ വിധിക്കുക. സാൽവേഷൻ ആർമിപോലുള്ള



ചില ക്രൈസ്തവ വിഭാഗങ്ങളിലൊഴികെ എല്ലായിടത്തും ക്രിസ്തീയ സ്നാനം ഉണ്ടെന്ന സത്യം സ്നാനത്തിന്റെ പ്രാധാന്യത്തിലേക്കു വിരൽ ചൂണ്ടുന്നു. പക്ഷേ സ്നാനപ്പെടുന്നതു രക്ഷിക്കപ്പെടുവാനല്ല, രക്ഷിക്കപ്പെട്ടതുകൊണ്ടാണെന്ന് എടുത്തുപറയട്ടെ.

**സ്നാനം ആർക്ക്?**

- പാപസംബന്ധമായി മരിച്ചവർക്ക് (റോമർ. 6:1–3).
- മാനസാന്തരപ്പെട്ടവർക്ക് (പ്രവൃ. 2:38–40)
- വിശ്വസിക്കുന്നവർക്ക് (മർക്കോ. 16:16).

**സ്നാനം എന്തിന്?**

- ക്രിസ്തുവിനോടു ചേരുവാൻ (റോമ. 6:3).
- ക്രിസ്തുവിനെ ധരിക്കുവാൻ (ഗലാ. 3:27).
- ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ (റോമ. 6:5).
- ദൈവത്തോടു നല്ല മനഃസാക്ഷിക്ക് (1 പത്രോ. 3:21).
- ക്രിസ്തുവിന്റെ മരണത്തോടും ഉയിർപ്പിനോടും ഏകീഭവിക്കുവാൻ (റോമ. 6:3–9).

**സ്നാനം എപ്പോൾ?**

- വിശ്വസിച്ചശേഷം (മർക്കോ. 16:16, പ്രവൃ. 8:37).
- മാനസാന്തരപ്പെട്ടശേഷം (പ്രവൃ. 2:38–40).
- പാപസംബന്ധമായി മരിച്ചശേഷം (റോമ. 6:3).
- കാലതാമസം കൂടാതെ (പ്രവൃ. 8:36, 37).

സ്നാനത്തെ സംബന്ധിച്ച് നാം അറിയേണ്ടതെല്ലാം ദൈവവചനത്തിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. അതിൽനിന്നു വള്ളിയെങ്കിലും പുള്ളിയെങ്കിലും മാറ്ററുത്. അതിനോട് ഒന്നും കൂട്ടിച്ചേർക്കയുമരുത്.

ശിശുസ്നാനം ദൈവവചനാനുസൃതമാണോ എന്നൊരു ചോദ്യം ഈ അവസരത്തിൽ ഉയർന്നു വന്നേക്കാം. മേൽക്കാണുന്ന വാക്യങ്ങൾ ഒരിക്കൽക്കൂടി പരിശോധിച്ചുനോക്കൂ. ശിശുസ്നാനം, മുതിർന്നവരുടെ സ്നാനം എന്നിവയൊന്നും ബൈബിളിൽ പഠിപ്പിക്കുന്നില്ല. ക്രിസ്തീയ ജലസ്നാനം എന്നതു വിശ്വാസസ്നാനമാണ്; രക്ഷിക്കപ്പെട്ടവർക്കുള്ളതാണ്. “യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നു” എന്ന് ഏറ്റുപറയുന്ന ഏവരേയും സ്നാനപ്പെടുത്താം. അതിനു പ്രായം പ്രശ്നമല്ല. വിശ്വസിക്കാത്തവരെ, (അവരുടെ പ്രായം എന്തുതന്നെ ആയാലും) സ്നാനപ്പെടുത്തരുത്. വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുവാൻ താമസിക്കയുമരുത്.

**3. പരിശുദ്ധാത്മാഭിഷേകം**

രക്ഷിക്കപ്പെടുകയും സ്നാനമേൽക്കുകയും ചെയ്യുന്ന വ്യക്തി പരിശുദ്ധാത്മസ്നാനം പ്രാപിക്കണം. "നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" എന്ന ചോദ്യം (പ്രവൃ. 19:1-5) ഇന്നും പ്രസക്തമാണ്. ആദിമനൂറ്റാണ്ടിലെ അനുഭവംപോലെതന്നെ ഇന്നും പരിശുദ്ധാത്മ പ്രവർത്തനമുണ്ട്. ആത്മാഭിഷേകം പ്രാപിച്ചവർ അന്യഭാഷകളിൽ സംസാരിക്കും. രോഗശാന്തി, പ്രവചനം, അന്യഭാഷാവ്യാഖ്യാനം തുടങ്ങിയ കൃപാവരങ്ങളും പ്രാപിക്കാം. ശത്രുവായ സാത്താനോടു ഫലപ്രദമായി പോരാടുവാനും സുവിശേഷപ്രവർത്തനം യഥാവിധി നടത്തുവാനും പരിശുദ്ധാത്മ ശക്തി അത്യന്താപേക്ഷിതമത്രേ. ഈ വിഷയങ്ങളെക്കുറിച്ചു കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ കോശി വൈദ്യന്റെ 'പരിശുദ്ധാത്മാവ് - ഒരു പഠനം,' കെ.ഇ.ഏബ്രഹാമിന്റെ 'പരിശുദ്ധാത്മസ്നാനം' എന്നീ പുസ്തകങ്ങൾ നോക്കുക.

**4. ക്രിസ്തീയ കൂട്ടായ്മ**

പല മതങ്ങളിലും ഏകാന്തജീവിതം വളരെ ശ്രേഷ്ഠമായ അനുഭവമായി കണക്കാക്കിവരുന്നു. സർവ്വസംഗ പരിത്യാഗികളായി വനങ്ങളിലും മറ്റുംപോയി ജീവിക്കുന്നത് ആത്മീയതയുടെ അങ്ങേയറ്റമായാണു കണക്കാക്കപ്പെടുന്നത്. പക്ഷേ അതല്ല ക്രിസ്തീയ മാർഗ്ഗം. രക്ഷിക്കപ്പെടുന്നതു വ്യക്തിപരമായ വിശ്വാസത്താലാണെങ്കിലും ക്രിസ്തീയ ജീവിതം ക്രിസ്തീയ കൂട്ടായ്മയിലൂടെയായിരിക്കണം. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ ഒന്നുചേർന്ന് ദൈവത്തെ ആരാധിക്കുക, പ്രാർത്ഥിക്കുക, ദൈവവചനം പഠിക്കുക തുടങ്ങിയവ ചെയ്യുവാനാണു കൂട്ടായ്മ ആചരിക്കുന്നത്. പൗലോസ് ഈ വിഷയത്തെപ്പറ്റി ഇപ്രകാരം പറയുന്നു: 1 കൊരി. 14:26 "ആകയാൽ എന്ത്? സഹോദരന്മാരേ, നിങ്ങൾ കൂടിവരുമ്പോൾ ഓരോരുത്തനും സങ്കീർത്തനമുണ്ട്, ഉപദേശമുണ്ട്, വെളിപ്പാടുണ്ട്, അന്യഭാഷയുണ്ട്, വ്യാഖ്യാനമുണ്ട്. സകലവും ആത്മികവർദ്ധനക്കായി ഉതകട്ടെ."ദൈവസഭയിൽ എന്തൊക്കെയുണ്ടായിരിക്കുമെന്നാണ് പൗലോസ് ഇവിടെ വ്യക്തമാക്കുന്നത്.

**സങ്കീർത്തനം**:- സങ്കീർത്തനപ്പുസ്തകത്തിൽനിന്ന് ഒരു ഭാഗമെടുത്തു വായിക്കുന്ന കാര്യമല്ല ഇത്. ദൈവത്തെ സ്തുതിക്കുന്ന ഗീതങ്ങൾ സഭായോഗങ്ങളിൽ പാടുന്ന കാര്യമാണിവിടെ പറയുന്നത്.

**ഉപദേശം**:- വിശ്വാസിയെന്നും ശുശ്രൂഷകനെന്നുമുള്ള വ്യത്യാസം ആദിമസഭയിലില്ലായിരുന്നു. ഓരോ സഭയ്ക്കും ഇടയന്മാരും മൂപ്പന്മാരുമൊക്കെ ഉണ്ടായിരുന്നെങ്കിലും സഭാശുശ്രൂഷകളിൽ വിശ്വാസികളൊന്നടങ്കം പങ്കെടുത്തിരുന്നു. അവർ അന്യോന്യം പ്രബോധിപ്പിക്കയും പഠിപ്പിക്കയും ചെയ്തിരുന്നു.



**വെളിപ്പാട്:-** ദൈവത്തിൽനിന്നും അരുളപ്പാട് പ്രാപിക്കുന്നവരായിരുന്നു അന്നുള്ള ദൈവമക്കൾ. ഇന്നും യഥാർത്ഥ സഭായോഗങ്ങളിൽ ഈ അനുഭവമുണ്ട്. ദർശനം, വെളിപ്പാട് തുടങ്ങിയവ ദൈവസഭയിൽ തീർച്ചയായും ഉണ്ടായിരിക്കണം.

**അന്യഭാഷയും വ്യാഖ്യാനവും:-** അന്യഭാഷ എന്നതു രണ്ടുവിധമുണ്ട് (1) മനുഷ്യൻ ദൈവത്തോടു സംസാരിക്കുന്നത് (1 കൊരി. 14:2). ഒരു പ്രാർത്ഥനാഭാഷ എന്ന നിലയിലാണ് ഇതിന്റെ ഉപയോഗം. ഇതിനെപ്പറ്റി പൗലോസ് ഇപ്രകാരം പറയുന്നു: റോമർ 8:26-28 "അവ്വണ്ണംതന്നെ ആത്മാവു നമ്മുടെ ബലഹീനതയ്ക്കു തുണനില്ക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവുതന്നെ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്നു ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കുതന്നേ, സകലവും നന്മയ്ക്കായിക്കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു." (2) ദൈവം മനുഷ്യനോടു സംസാരിക്കുന്നത് (1 കൊരി. 14:21). "അന്യഭാഷയിലും അന്യന്മാരുടെ അധരങ്ങളാലും" ദൈവം ജനത്തോട് സംസാരിക്കുന്നതാണിത്. അന്യഭാഷാ വ്യാഖ്യാനത്തിനു വരമുള്ളവൻ നമുക്കു മനസ്സിലാകുന്ന ഭാഷയിലേക്ക് ഈ അന്യഭാഷ വ്യാഖ്യാനിക്കുന്നതിനെയാണ് 'അന്യഭാഷാവ്യാഖ്യാനം' എന്നു പറയുന്നത്. പ്രവചനത്തോടു സാമ്യമുള്ള ഒരു കൃപാവരമാണിത്. വ്യാഖ്യാനിയില്ലാത്ത സന്ദർഭങ്ങളിൽ ഇത്തരത്തിലുള്ള അന്യഭാഷാ ഭാഷണം സഭയിൽ നടത്തുന്നതിനെ പൗലോസ് നിരുത്സാഹപ്പെടുത്തുന്നു. എന്നാൽ ഒന്നാമത്തെ ഇനത്തിൽപ്പെട്ട അന്യഭാഷ, ശബ്ദം കുറച്ച്, മറ്റു ശുശ്രൂഷകൾക്കു തടസ്സം വരാതെ പറയുന്നതിൽ തെറ്റില്ലതാനും.

നാം ആയിരിക്കുന്ന സഭയിൽ ഇതൊന്നുമില്ലെങ്കിൽ അത് യഥാർത്ഥ ദൈവസഭയല്ലെന്നു തീർച്ചയാക്കിക്കൊള്ളുക. ഒന്നാം നൂറ്റാണ്ടിലെ ദൈവസഭയിൽ ഉണ്ടായിരുന്ന എല്ലാ അനുഭവങ്ങളും ഇന്നത്തെ ദൈവസഭയിലും ഉണ്ടായിരിക്കും. ഉണ്ടായേ മതിയാകൂ.

മാനസാന്തരം, സ്നാനം, പരിശുദ്ധാത്മാഭിഷേകം തുടങ്ങിയ അടിസ്ഥാന വേദോപദേശങ്ങളിൽ വിശ്വസിക്കാത്ത സഭ ദൈവസഭയല്ല. നമ്മൾ അംഗങ്ങളായിരിക്കുന്ന സഭയിൽ ഇവയൊന്നുമില്ലെങ്കിൽ ആ സഭ നാം വിട്ടേ മതിയാകൂ. മാനസാന്തരപ്പെട്ടവനു മാനസാന്തരത്തിൽ വിശ്വസിക്കാത്തവരുമായി കൂട്ടായ്മ ആചരിക്കാൻ കഴിയുമോ? ക്രിസ്തീയ ജലസ്നാനം സ്വീകരിച്ചവനു സ്നാനത്തിൽ വിശ്വസിക്കാത്തവരുമായി ആത്മീയബന്ധം തുടരുവാൻ കഴിയുമോ? പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചശേഷം ഈ അനുഭവത്തിൽ വിശ്വാസമില്ലാത്തവരോടൊപ്പം ആരാധിക്കുന്നതെങ്ങനെ? ഒരു ഉദാഹരണം കൊണ്ടിതു വ്യക്തമാക്കാം.

ദൈവസഭ എന്നതു സാക്ഷാൽ ദൈവാലയമാണ്. ക്രിസ്തുവാകുന്ന പാറമേൽ അപ്പൊസ്തലന്മാർ, പ്രവാചകന്മാർ തുടങ്ങിയ കല്ലുകൾ അടിസ്ഥാനമായിട്ടു പണിതുവരുന്ന കെട്ടിടമാണു ദൈവസഭ. യരൂശലേം ദൈവാലയം വെട്ടുകുഴിയിൽ വെച്ചുതന്നെ കുറവുതീർന്ന കല്ലുകളാൽ പണിതതുപോലെ ദൈവസഭയും ആറുമുഖമുള്ള ചതുരകല്ലുകളാൽ പണിയപ്പെടുന്നു. വെളിമ്പറമ്പിൽ എറിയപ്പെട്ട കല്ലുകളായിരുന്ന നമ്മെ ദൈവം തന്റെ കൃപയാൽ തെരഞ്ഞെടുത്തു; ചെത്തിവെടിപ്പാക്കി; ചതുരക്കല്ലുകളാക്കി. ഇനി പഴയ ഉരുളൻ കല്ലുകളുമായി നാം യോജിക്കുന്നതെങ്ങനെ?

ചതുരക്കല്ലുകൾകൊണ്ടു പണിതിരിക്കുന്ന ഒരു കെട്ടിടം ഭാവനയിൽ കണ്ടു നോക്കൂ. അതിലോരോ കല്ലുകളാണ് നാം ഓരോരുത്തരും. നമുക്കു മുൻപേ ആ കെട്ടിടത്തിന്റെ ഭാഗമായ രണ്ടു കല്ലുകളിന്മേലാണ് നമ്മുടെ ഇരുപ്പ്. അതായത് രണ്ടുപേർ നമ്മെ ആത്മീയമായി താങ്ങുന്നു. നമ്മുടെ ഇരുവശവും ഓരോ കല്ലുകളുണ്ട്. അവ നമ്മോടൊപ്പം കെട്ടിടത്തിന്റെ ഭാഗമായ സഹവിശ്വാസികളാണ്. നമ്മുടെ മുകളിലും രണ്ടു കല്ലുകളുണ്ട്. അവരെ നാം താങ്ങുന്നു. നമുക്കുശേഷം വിശ്വാസത്തിൽ വന്നവരാണവർ. ശ്രദ്ധിക്കുക: നമുക്കു ചുറ്റും ചതുരക്കല്ലുകളേയുള്ളു. വിശ്വാസിക്ക് അവിശ്വാസിയുമായി കൂട്ടായ്മയില്ല. കല്ലിന്റെ ഒരുവശം പുറംലോകവുമായി ബന്ധപ്പെടുന്നു. അതേ സമയം മറുവശം ദേവാലയത്തിനകത്തുള്ള തേജസ് കണ്ടുകൊണ്ടിരിക്കുന്നു. ഇതാണ് സാക്ഷാൽ ക്രിസ്തീയ ജീവിതം. ഇങ്ങനെയല്ലാത്തതു ക്രിസ്തീയജീവിതമല്ല.

കുഞ്ഞാടിന്റെ രക്തത്താൽ സംഹാര ദൂതനിൽനിന്നും രക്ഷപ്പെട്ട ജനം ചെങ്കടൽ കടന്നു മരുഭൂമിയിലെത്തി. അവർ ദൈവം



തുറന്ന വഴിയിലൂടെയാണു ചെങ്കടൽ കടന്നത്. എന്നാൽ അവർക്കു പിന്നിൽ ചെങ്കടൽ അടഞ്ഞു. ഇനി മിസ്രയീമിലേക്കു തിരിച്ചുപോകുവാൻ ദൈവം തുറന്ന ഒരു വഴി ശേഷിച്ചിട്ടില്ല. എന്തെങ്കിലും കൃത്രിമ മാർഗ്ഗത്തിലൂടെ മാത്രമേ ചെങ്കടൽ കടന്നു മിസ്രയീമിലെത്താനാവൂ. മാനസാന്തരപ്പെട്ട് ക്രിസ്തീയ ജലസ്നാനം സ്വീകരിച്ചവർ ശ്രദ്ധിക്കുക: മാനസാന്തരം, സ്നാനം എന്നിവയിൽ വിശ്വസിക്കാത്ത സംഘടനയിലെ അംഗങ്ങളായി തുടരുവാൻ ദൈവം തുറന്ന വഴിയില്ലതന്നെ. ചതുരക്കല്ലുകൾ മറ്റു ചതുരക്കല്ലുകളുമായി മാത്രമേ യോജിക്കയുള്ളു. സ്നാനമേറ്റശേഷം സ്നാനത്തിൽ വിശ്വസിക്കാത്ത സഭയിൽ അംഗമായി തുടരുന്നവർ പിൻമാറ്റത്തിലാണ്. മടങ്ങി വരിക. കർത്താവിനോട് തെറ്റ് ഏറ്റു പറയുക.

പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചശേഷം പരിശുദ്ധാത്മാഭിഷേകത്തെ നഖശിഖാന്തം എതിർക്കുന്ന സഭയിലേക്കു പോയവരും തികഞ്ഞ പിൻമാറ്റത്തിലാണ്. ഇത്തരക്കാരെ ബുദ്ധിജീവികളുടെ മേലങ്കിയണിയിച്ച് എഴുന്നള്ളിച്ചുകൊണ്ടു നടക്കുന്ന പരിപാടി നിർത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സ്ഥാനമാനങ്ങൾക്കു വേണ്ടി സത്യത്തെ വിറ്റുകളഞ്ഞ ഇത്തരക്കാരെ സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായയുടെ കൂട്ടത്തിൽ പരിഗണിക്കേണ്ടതാണ്.

യേശുവിലൂടെ ലഭിക്കുന്ന രക്ഷയെക്കുറിച്ചു പറയുമ്പോൾ പലരും യേശുവിൽ വിശ്വസിക്കുവാൻ തയ്യാറാകുന്നു. പക്ഷേ തങ്ങൾ വിശ്വസിക്കുന്ന അനേക ദൈവങ്ങളുടെ കൂട്ടത്തിൽ മറ്റൊരു ദൈവമെന്ന നിലയ്ക്കാണു മിക്കവരും യേശുവിനെ കണക്കാക്കുന്നത്. യേശു രക്ഷിക്കുമെന്നോ യേശുവും രക്ഷിക്കുമെന്നോ അല്ല യേശുവല്ലാതെ മറ്റാരും രക്ഷിക്കയില്ലെന്നാണു വിശ്വസിക്കേണ്ടത്. യേശുവിലല്ലാതെ മറ്റാരിലും രക്ഷയില്ല. രക്ഷക്കായി യേശുവിൽ മാത്രം ആശ്രയിക്കുന്നതാണു രക്ഷയ്ക്കാധാരമായ വിശ്വാസം.

രക്ഷിക്കപ്പെടുവാനല്ല, രക്ഷിക്കപ്പെട്ടതുകൊണ്ടാണു സ്നാനം ഏൽക്കുന്നത്. പരിശുദ്ധാത്മാഭിഷേകം, പ്രാർത്ഥന, കൂട്ടായ്മ തുടങ്ങിയവയൊന്നും രക്ഷിക്കപ്പെടുവാനുള്ള വഴിയല്ല, രക്ഷിക്കപ്പെട്ടവർ പരപ്രേരണകൂടാതെ ചെയ്യുന്നവയത്രേ. ഇവ കൂടാതെ വിശ്വാസിക്കു ജീവിക്കാനാവില്ല. കൂട്ടായ്മ, പ്രാർത്ഥന തുടങ്ങിയവ ശ്വാസോഛ്വാസംപോലെയാണ്. ശ്വാസോഛ്വാസം ചെയ്യുവാൻ വേണ്ടിയല്ല നാം ജീവിക്കുന്നത്; മറിച്ച് ജീവിക്കുവാൻവേണ്ടി ശ്വാസോഛ്വാസം ചെയ്യുകയത്രേ ചെയ്യുന്നത്. പക്ഷേ ശ്വാസം നിലച്ച

വ്യക്തി മരിച്ചിരിക്കയാണ്. കൂട്ടായ്മ, പ്രാർത്ഥന തുടങ്ങിയവയി ല്ലാതെ വിശ്വാസിക്കു നിലനിൽപ്പില്ല. യേശുവിൽ വിശ്വസിച്ചു നിത്യ രക്ഷ പ്രാപിക്കുന്നതോടെ ദൈവം നമ്മുടെ പിതാവായിത്തീരുന്നു. പിതാവായ ദൈവത്തെ സമീപിക്കുവാൻ മക്കൾക്കു മറ്റാരുടേയും മദ്ധ്യസ്ഥത ആവശ്യമില്ല. ദൈവത്തിനും മനുഷ്യനും മദ്ധ്യേ ഒരു മദ്ധ്യസ്ഥൻ മാത്രമേയുള്ളൂ; അതു സ്വന്ത രക്തത്താൽ നമ്മെ വീണ്ടെ ടുത്ത യേശുവാണ്. മദ്ധ്യസ്ഥന്മാരുടെ വേഷം ധരിച്ചുവരുന്ന ഇതര വ്യക്തികൾ സാത്താന്റെ ഏജന്റുമാരാണ്. ഇത്തരക്കാരുമായി രക്ഷി ക്കപ്പെട്ടവർക്കു ബന്ധമുണ്ടാകാൻ പാടില്ല.

രക്ഷിക്കപ്പെട്ട വ്യക്തി ദൈവവചന വ്യവസ്ഥപ്രകാരം ജീവിതം ക്രമീകരിക്കണം. വിഗ്രഹ വണക്കം, നാമധേയ പൗരോ ഹിത്യം, ശിശുസ്നാനം, മൂറോൻ പൂശൽ തുടങ്ങിയവയെല്ലാം ദൈവ വചന വിരുദ്ധമാണ്. ഇവയെല്ലാം ഉപേക്ഷിക്കണം. ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുക, വിശ്വാസ സ്നാനം സ്വീക രിക്കുക, നിർമ്മല സുവിശേഷം പ്രസംഗിക്കുക തുടങ്ങിയവയെല്ലാം ദൈവവചനത്തിലുള്ളവയാണ്. ഇവയൊക്കെ പ്രമാണിക്കുക. നാം ചെയ്യുന്നതൊക്കെ ദൈവവചന വ്യവസ്ഥപ്രകാരമാണോ എന്നു നിര ന്തരം പരിശോധിച്ചുകൊണ്ടിരിക്കുക.

യേശുവിനായി ജീവിതം സമർപ്പിച്ചവർ സാത്താന്റെ കെണി യിൽ അകപ്പെട്ടു തെറ്റിപ്പോകാതിരിക്കുവാനും ഏറെ ശ്രദ്ധിക്കേണ്ടി യിരിക്കുന്നു. സാത്താൻ അലറുന്ന സിംഹംപോലെ ആരെ വിഴു ങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുകയാണ്. ദുരുപദേശ സംഘ ടനകൾ ലോകമെങ്ങും കൂണുപോലെ മുളച്ചുപൊങ്ങുന്നു. അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുകൊണ്ടും ഇരിക്കുന്നു. എന്നാൽ ഇവയൊന്നും ശ്രദ്ധിക്കാതെ, വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിൽ മാത്രം പ്രത്യാ ശവച്ചുകൊണ്ട് നമ്മുടെ ഓട്ടം ഓടിത്തീർക്കുവാൻ ശ്രദ്ധിക്കണം. ഓർക്കുക: ക്രിസ്ത്യാനി ഒരു യുദ്ധക്കളത്തിലാണ്. നേരിയ അശ്രദ്ധപോലും മാരകമായേക്കാം. കർത്താവിലും അവന്റെ അമിത ബലത്തിലും ആശ്രയിച്ച് സാത്താനെ ജയിക്കുക. നല്ലപോർ പൊരു തുക; ഓട്ടം തികയ്ക്കുക; വിശ്വാസം കാക്കുക; നീതിയുടെ കിരീടം നമ്മെ കാത്തിരിക്കുന്നു.



# 15
# രണ്ടുവഴികൾ

മരണത്തിന്റെ കറുത്ത തിരശ്ശീലക്കപ്പുറം അനന്തമായ ഒരു ജീവിതമുണ്ടെന്ന സത്യം ബൈബിളിന്റെ വെളിച്ചത്തിൽ നാം കണ്ടു കഴിഞ്ഞു. ഇനി ഒരു പ്രശ്നം അവശേഷിക്കുന്നു. മരണമെന്ന ക്ഷണി ക്കപ്പെടാത്ത അതിഥി അപ്രതീക്ഷിതമായി നമ്മെ തേടിവരുമ്പോൾ എന്തായിരിക്കും നമ്മുടെ അവസ്ഥ? യേശുവിലൂടെ മാത്രം ലഭ്യമാ കുന്ന നിത്യരക്ഷ നാം സ്വന്തമാക്കിയിട്ടുണ്ടോ? അതോ, ഇന്നും നമ്മുടെ അകത്തെ മനുഷ്യൻ നിർജ്ജീവമായി കിടക്കുന്നുവോ?

ആദാം പാപം ചെയ്തപ്പോൾ അവന്റെ ആത്മാവ് മരിച്ചു. അന്നുമുതൽ സകല മനുഷ്യരും ജന്മനാ (ആത്മീകമായി) മരിച്ച അവസ്ഥയിലാണ്. നാം വീണ്ടും ജനിക്കുന്നില്ലെങ്കിൽ ദൈവരാജ്യം കാണുവാൻ കഴിയുകയില്ല. ദൈവവുമായി ബന്ധപ്പെടുവാൻ നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്കോ കൈകാലുകൾക്കോ സാദ്ധ്യമല്ല. എത്ര ഉച്ച ത്തിൽ വിളിച്ചാലും ദൈവം മറുപടി തരികയുമില്ല. ദേഹിയുടെ ഭാഗ ങ്ങളായ വികാരം, ബുദ്ധി എന്നിവകൊണ്ടും ദൈവത്തെ കണ്ടെ ത്താനാവില്ല. വികാരപ്രകടനങ്ങൾ വ്യർത്ഥമാണ്. മനുഷ്യബുദ്ധിക്ക് ഒതുക്കാവുന്നതിലും എത്രയോ മടങ്ങു വലുതാണ് ദൈവത്തിന്റെ പൂർണ്ണത! ഇച്ഛകൊണ്ടു ദൈവത്തെ കണ്ടെത്താനാവുമോ? സാധി ക്കുമെങ്കിൽ നാം ഇച്ഛിക്കുമ്പോഴൊക്കെയും ദൈവവുമായി ബന്ധ പ്പെടാമായിരുന്നു.

ദൈവം ആത്മാവാകുന്നു. ആത്മാവായ ദൈവവുമായി നമ്മുടെ ആത്മാവിനു മാത്രമേ ബന്ധപ്പെടുവാൻ കഴിയുകയുള്ളൂ. പക്ഷേ, ജീവദായകനായ - ജീവന്റെ ഉറവിടമായ - യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും അവന്റെ രക്തത്താൽ കഴുകപ്പെ ടുകയും ചെയ്യുന്നതുവരെ നാം ആത്മീയമായി മരിച്ച അവസ്ഥയി ലാണ് - നമ്മുടെ ആത്മാവു മരിച്ചുകിടക്കുകയാണ്. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതുവരെ നമുക്കു ദൈവത്തോടു ബന്ധ

പ്പെടാനാവാത്തത് ഇക്കാരണത്താലത്രേ. ആകയാൽ 'വീണ്ടും ജനിക്കുക' എന്നതാണ് ആത്മീയ ജീവിതത്തിന്റെ ആദ്യപടി.

ദേഹം, ദേഹി, ആത്മാവ് എന്നിവ 'വീണ്ടും ജനനം' പ്രാപിക്കുന്നതിൽ വഹിക്കുന്ന പങ്കെന്തെന്നു വിശദീകരിക്കാം. "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദംകേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെയടുക്കൽചെന്ന് അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും" എന്ന് യേശു പറയുന്നു. (വെളി. 3:20). യേശു നമ്മുടെ ഹൃദയത്തിന്റെ കവാടത്തിൽനിന്നു മുട്ടിവിളിക്കയാണ്. പാപം ചെയ്തതോടെ മനുഷ്യവർഗ്ഗത്തിന്റെ ഹൃദയം അടയ്ക്കപ്പെട്ടു. ഇപ്പോൾ മനുഷ്യന് അവന്റെ ഉള്ളിൽനിന്നുമാത്രം തുറക്കാവുന്ന വിധത്തിലാണു ഹൃദയം സ്ഥിതിചെയ്യുന്നത്. സാത്താനും അവന്റെ ദൂതന്മാർക്കുമായി നാം ഹൃദയം തുറന്നുകൊടുത്താൽ നിത്യനാശമായിരിക്കും ഫലം. എന്നാൽ മാന്യനായ ഒരതിഥിയെപ്പോലെ നമ്മുടെ ഹൃദയത്തിന്റെ കവാടത്തിൽ മുട്ടി വിളിച്ചുകൊണ്ടിരിക്കുന്ന യേശുവിനായി ഹൃദയം തുറന്നുകൊടുക്കുമെങ്കിൽ നാം നിത്യജീവൻ പ്രാപിക്കും. അതിനു നാം തയ്യാറാകുമോ എന്നതാണു പ്രശ്നം. നമ്മുടെ ഇച്ഛ പ്രവർത്തിക്കുന്നതിവിടെയാണ്. "വരിക എന്നു ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും വരിക എന്നു പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ" (വെളി. 22:17).

ദാഹിക്കുന്നവർക്കെല്ലാം സൗജന്യമായി കൊടുക്കുവാൻ ജീവജലവുമായി യേശുനിന്നു വിളിക്കയാണ്. പക്ഷേ അതു വാങ്ങിക്കുടിക്കുവാൻ നാം തയ്യാറുണ്ടോ എന്നതാണു പ്രശ്നം. 'ഇച്ഛ' വിഷയമാകുന്നതിവിടെയാണ്. ജീവജലം വാങ്ങുവാൻ നാം ഇച്ഛിക്കണം. നമ്മുടെ ദേഹിയുടെ ഭാഗങ്ങളായ വികാരവും ബുദ്ധിയും ദൈവത്തിനു കീഴടങ്ങണം. പ്രാണൻ, ഇച്ഛയാൽ ദൈവത്തിനു വിധേയപ്പെടണം. അപ്പോൾ പ്രാണന്റെ നിയന്ത്രണത്തിലുള്ള ദേഹം അതിന്റെ പഞ്ചേന്ദ്രിയങ്ങൾ, കൈകാലുകൾ എന്നിവയോടെ ദൈവഹിതത്തിനു കീഴടങ്ങും. രക്ഷക്കായി ഹൃദയംകൊണ്ടു വിശ്വസിക്കയും വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്യും. ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിക്കുന്നതിൽ നിർണ്ണായകമായ പങ്കു വഹിക്കുവാൻ ശബ്ദത്തിനു കഴിയുന്നത് ഈ സന്ദർഭത്തിലാണ്.

ഒരു ദൈവമേയുള്ളു എന്നു വിശ്വസിച്ചതുകൊണ്ടുമാത്രം രക്ഷിക്കപ്പെടുകയില്ല. യേശുവല്ലാതെ രക്ഷകനില്ലെന്നു വിശ്വസിച്ചാലും മതിയാകയില്ല. യേശു സകല മനുഷ്യവർഗ്ഗത്തിന്റേയും പാപപരിഹാരത്തിനായി മരിച്ചു എന്നു വിശ്വസിക്കയും ആ രക്ഷ വിശ്വാസത്താൽ സ്വന്തമാക്കുകയും ചെയ്യുമ്പോഴാണു രക്ഷിക്കപ്പെടുന്നത്. അപ്പോഴാണു വീണ്ടും ജനനം പ്രാപിക്കുന്നത്. യേശുവിനെ ആരാധിക്കുന്നവരെല്ലാം രക്ഷിക്കപ്പെട്ടവരായിരിക്കുമെന്ന് ഉറപ്പായി പറയുവാനാവില്ല. യേശുവിനെ രക്ഷിതാവായി സ്വീകരിക്കാത്തവർക്കും യേശുവിനെ ആരാധിക്കുവാൻ കഴിഞ്ഞേക്കാം. ആകയാൽ വഞ്ചിക്കപ്പെടരുത്. നാം യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ട വ്യക്തിയാണോ എന്നു ശോധന ചെയ്യേണ്ടത് തികച്ചും ആവശ്യമാണ്.



നാം രക്ഷിക്കപ്പെട്ട വ്യക്തിയാണോ അല്ലയോ എന്ന് എങ്ങനെ തിരിച്ചറിയാം? ഏറെ ബുദ്ധിമുട്ടൊന്നും കൂടാതെ ഇത് അറിയുവാൻ കഴിയും. "നിങ്ങൾ വിവാഹിതനാണോ?" എന്നു ചോദിച്ചാൽ എന്തുത്തരം തരും? "അതെ" എന്നോ "അല്ല" എന്നോ വ്യക്തമായി പറയുവാൻ കഴിയുകയില്ലേ? "വിവാഹിതനാണെന്ന് ഞാൻ വിശ്വസിക്കുന്നു" എന്നു പറയാമോ? "ഞാൻ വിവാഹിതനാണോ എന്നൊരു സംശയം" എന്ന് സുബോധമുള്ള വ്യക്തിക്കു പറയാനാവുമോ? നിങ്ങൾ വിവാഹിതനാണെങ്കിൽ എവിടെ വച്ചാണ് വിവാഹം നടന്നത്? എന്നാണ് വിവാഹം നടന്നത്? ഇതിനൊക്കെ വ്യക്തമായ ഉത്തരം പറയാനാവും. എന്തുകൊണ്ട്? വിവാഹം കഴിക്കുക എന്നത് ഒരു യഥാർത്ഥ സംഭവമാണ്; കേവലം വിശ്വാസം മാത്രമല്ല. "രക്ഷിക്കപ്പെടുക" എന്നതും ഇത്തരമൊരു സംഭവമാണ്. അത് എന്നു നടന്നു, എങ്ങനെ നടന്നു, എവിടെവച്ചു നടന്നു എന്നൊക്കെ പറയുവാനാകും. ഇതൊന്നും പറയുവാനാവില്ലെങ്കിൽ നിങ്ങൾ രക്ഷിക്കപ്പെട്ടവനല്ല. "ഞാൻ വിവാഹിതനാണ്; പക്ഷേ എവിടെവച്ചാണു വിവാഹം നടന്നതെന്നു പറയാനാവില്ല" എന്നു പറഞ്ഞാൽ എന്താണു മനസ്സിലാക്കേണ്ടത്? വിവാഹിതന്, താൻ എവിടെവച്ചാണു വിവാഹം കഴിച്ചത്, ആരാണു വിവാഹം നടത്തിയത്, ആരെയാണ് വിവാഹം കഴിച്ചത് എന്നൊക്കെ പറയാനാവുമെന്നതിനു സംശയമില്ല. അഥവാ, ഈ വിശദാംശങ്ങൾ പറയാൻ കഴിയുന്നില്ലെങ്കിൽ അയാൾ വിവാഹിതനല്ലെന്നു വ്യക്തം.

ഞാൻ രക്ഷാനിർണ്ണയം പ്രാപിച്ച സംഭവം ഇന്നും എനിക്ക് ഓർമ്മയുണ്ട്. നിരീശ്വരവാദിയായി, ജീവിതത്തിൽ സമാധാനമില്ലാത്തവനായി, ഒരു ഭ്രാന്തനെപ്പോലെ നടന്ന കാലത്താണ് ദൈവം എന്നെ രക്ഷിച്ചത്. ദൈവമുണ്ടെന്നും, ബൈബിൾ ദൈവവചനമാ

ണെന്നും, യേശുവിലൂടെയല്ലാതെ നിത്യരക്ഷ പ്രാപിക്കുവാൻ കഴികയില്ലെന്നും ഞാൻ ഒന്നരവർഷം നീണ്ട അന്വേഷണത്തിലൂടെ മനസ്സിലാക്കി. (സ്ഥലപരിമിതിമൂലം വിശദാംശങ്ങളിലേക്കു കടക്കുന്നില്ല). പക്ഷേ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചില്ല. ഒരു ദിവസം ഒരു ദൈവദാസനിലൂടെ കർത്താവ് എന്നോട് സംസാരിച്ചു. "എനിക്കുവേണ്ടി മരിക്കേണ്ടിവന്നാലും നീ എന്റെ വചനത്തിൽ ഉറച്ചു നിൽക്കുമോ? നിന്റെ ജീവിതം എനിക്കായി ഏൽപ്പിച്ചു തരുമോ?" ഞാൻ മറുപടി പറഞ്ഞില്ല. അന്നു രാത്രി എന്റെ ഭവനത്തിൽ ഞാൻ ഏകനായിരുന്ന സമയത്ത് ഈ ചോദ്യം എന്റെ ഹൃദയത്തിൽ വീണ്ടും പ്രതിധ്വനിച്ചു. ഞാൻ വളരെനേരം ചിന്തിച്ചു. ഒടുവിൽ ഒരു തീരുമാനമെടുത്തു. "കർത്താവേ, ദൈവനാമത്തിനുവേണ്ടി മരിക്കേണ്ടിവന്നാലും നിന്റെ വചനത്തിൽ ഞാൻ ഉറച്ചുനിൽക്കും. എന്റെ ജീവിതം ഞാൻ നിനക്കായി മാറ്റിവയ്ക്കുന്നു. യേശുവിനെ എന്റെ കർത്താവും രക്ഷിതാവുമായി ഞാൻ സ്വീകരിക്കുന്നു." ഈ വാചകങ്ങൾ ഞാൻ പറഞ്ഞുതീർന്നയുടൻ അത്യധികമായ ശക്തി എന്റെ ശരീരത്തിൽ വ്യാപിച്ചു. എന്റെ ശരീരം എന്റെ നിയന്ത്രണത്തിൽനിന്നും വിട്ടുപോയി. ഏതാനും മിനിട്ടുകൾക്കു ശേഷമാണ് എനിക്ക് എന്റെ ശരീരത്തെ നിയന്ത്രിക്കാൻ കഴിഞ്ഞത്. ദൈവശക്തിയെന്തെന്ന് അന്നു ഞാൻ രുചിച്ചറിഞ്ഞു. പരിശുദ്ധാത്മാവ് എന്നെ അന്നു മുദ്രയിട്ടു. ഞാൻ അന്നുമുതൽ യേശുവിന്റെ വകയായിത്തീർന്നു. ഇപ്പോൾ ജീവിക്കുന്നതു ഞാനല്ല; യേശുവാണ്. എന്റെ ദേഹവും ദേഹിയും ആത്മാവും യേശുവിന്റെ വകയാണ്. ഞാൻ കർത്താവിന്റെ അടിമയാണ്. രക്ഷിക്കപ്പെട്ടവർക്കെല്ലാം ഇങ്ങനെ പറയുവാൻ കഴിയും. ഇനി നിങ്ങളോടൊരു ചോദ്യം. നിങ്ങൾ രക്ഷിക്കപ്പെട്ടവനാണോ? ആണെങ്കിൽ എവിടെവച്ചാണ് രക്ഷിക്കപ്പെട്ടത്? ആ സംഭവം ഒന്നു വിശദീകരിക്കൂ: അതിനു നിങ്ങൾക്കു കഴിയുന്നില്ലെങ്കിൽ നിങ്ങൾ രക്ഷിക്കപ്പെട്ട വ്യക്തിയല്ല.

ഇരുപതുനൂറ്റാണ്ടു കാലത്തെ പാരമ്പര്യമുള്ള ക്രിസ്തീയ കുടുംബത്തിലെ അംഗമായിരിക്കാം നിങ്ങൾ. പക്ഷേ ജഡത്താൽ ജനിച്ചതു ജഡമാകുന്നു. നിങ്ങൾ വീണ്ടും ജനിക്കണം. ക്രിസ്ത്യാനിയായി ആരും ജനിക്കുന്നില്ല; ക്രിസ്ത്യാനിയായി വീണ്ടുംജനിക്കുവാനേ കഴിയൂ. വീണ്ടുംജനനം പ്രാപിക്കാത്തവൻ ക്രിസ്ത്യാനിയല്ല, നിത്യരക്ഷയ്ക്കവകാശിയുമല്ല. ആകയാൽ കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുക.



ദൈവം നമ്മെ സ്നേഹിക്കുന്നു. ദൈവം സ്നേഹമാകുന്നു. അതുകൊണ്ടത്രേ നമ്മെ തികച്ചും സൗജന്യമായി രക്ഷിക്കുവാൻ ദൈവം തയ്യാറായിരിക്കുന്നത്. യേശുവിലൂടെ ദൈവം ഒരുക്കിയിരിക്കുന്ന നിത്യരക്ഷ വിശ്വാസത്താൽ സ്വന്തമാക്കുവാനുള്ള അധികാരം ദൈവം നമുക്കു തന്നിരിക്കയാണ്. യേശു ഹൃദയകവാടത്തിൽ മുട്ടിവിളിക്കുക മാത്രമേ ചെയ്യുന്നുള്ളു. ഹൃദയം തുറക്കേണ്ടതു നമ്മൾ തന്നെയാണ്.

"നമുക്കു നാമേ പണിവതു നാകം

നരകവുമതുപോലെ" എന്ന് ഉള്ളൂർ പാടിയതു തികച്ചും ശരിയാണ്. ദൈവം നമ്മുടെ മുൻപിൽ രണ്ടുവഴികൾ വച്ചിരിക്കയാണ്. നാം ഏതു തിരഞ്ഞെടുക്കും? ഇടുക്കവും ഞെരുക്കവുമുള്ള വഴി സ്വർഗ്ഗത്തിലേക്കുള്ളതാണ്. വിശാലമായ വഴി നാശത്തിലേക്കുള്ളതും. അതിൽ ഏതു തെരഞ്ഞെടുക്കും?

എന്റെ ഒരു സ്നേഹിതനോട് ഞാൻ ഒരിക്കൽ നിത്യരക്ഷയെക്കുറിച്ചു സംസാരിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ഇതായിരുന്നു: "എന്റെ ആയുസ്സിന്റെ പകുതിപോലുമായിട്ടില്ലല്ലോ. ഇപ്പോഴേ ഞാൻ ആത്മീയത്തിലേക്കു തിരിയുന്നതെന്തിന്?" താൻ പറഞ്ഞത് ഒരു വലിയ വിഡ്ഢിത്തമാണെന്ന് അദ്ദേഹം അറിഞ്ഞില്ല. "നിങ്ങളുടെ ആയുസ്സ് എത്രയാണ്? അത് അറിഞ്ഞാലല്ലേ ആയുസ്സിന്റെ പകുതിയായോ എന്ന് അറിയാൻ പറ്റൂ" ഞാൻ അദ്ദേഹത്തോടു ചോദിച്ചു. അപ്പോൾ മാത്രമാണ് താൻ എത്ര വലിയ മഠയത്തരമാണു പറഞ്ഞതെന്ന് അദ്ദേഹത്തിനു മനസ്സിലായത്. മരണമെന്നതു വളരെക്കാലത്തിനുശേഷം സംഭവിക്കുവാനിടയുള്ള ഒരു വിദൂര സാദ്ധ്യത മാത്രമായാണു മിക്കവരും പരിഗണിക്കുന്നത്.

വൃദ്ധന്മാർക്കു മാത്രമുള്ളതാണു മരണമെന്നു മിക്കവരും ധരിച്ചു വച്ചിരിക്കയാണ്. നിങ്ങൾ ഒരു ശവപ്പറമ്പിലേക്കു ചെല്ലൂ. അവിടെ ആറടി നീളമുള്ള മൺകൂനകളുണ്ട്. നാലടി നീളമുള്ളവയുണ്ട്. കേവലം രണ്ടടി നീളമുള്ളവയും കണ്ടേക്കാം. ഏതു പ്രായത്തിൽനിന്നും മരണത്തിലേക്കുള്ള വഴിയുണ്ട്. ജനിക്കുന്നതു മുതൽ നമ്മോടൊപ്പം – നിഴൽപോലെ – മരണം സഞ്ചരിക്കയാണ്; കൈയെത്താവുന്ന ദൂരത്തിൽ മരണം നിൽക്കുന്നു. എത്രവട്ടം മരണം നമ്മെ ഉരസിക്കടന്നുപോയി! എത്രവട്ടം മരണത്തെ നാം മുഖാമുഖം കണ്ടു! എന്നിട്ടും നാം പഠിച്ചിട്ടില്ല. എല്ലാ പത്രങ്ങളിലും മരണവാർത്തകൾക്കു മാത്രമായി ഒരു പേജുണ്ടാകും. അതൊന്നു വായിച്ചുനോ

ക്കൂ. തൊണ്ണൂറും നൂറും വയസ്സായവർ മരിച്ചിട്ടുണ്ട്. അൻപതും അറുപതും ഒക്കെ പ്രായമായവരും മരിക്കുന്നു. നിറഞ്ഞ യൗവനത്തിൽ മരിച്ചവരേയും കാണാം. വിടരുംമുമ്പേ കൊഴിഞ്ഞ പൂവുകളില്ലേ അവിടെ? ഇവരിലൊരാൾ നിങ്ങളാകാഞ്ഞതെന്തേ? ദൈവത്തിന്റെ കൃപ-സ്നേഹം-കരുണ-ദീർഘക്ഷമ. അതിൽക്കവിഞ്ഞൊരു വിശദീകരണവും അതിനില്ല.

ഞാൻ നിരീശ്വരവാദിയായിരുന്ന കാലത്ത് അല്പം രാഷ്ട്രീയപ്രവർത്തനവുമുണ്ടായിരുന്നു. എവിടെ സമരമുണ്ടോ, അവിടെ ഞാനും എന്റെ സുഹൃത്തുക്കളുമുണ്ട്. ഒരു ദിവസം എന്റെ സുഹൃത്തുക്കളോടൊപ്പം പോകാൻ എനിക്കു കഴിഞ്ഞില്ല. അവരോടൊത്ത് അന്നുഞാനുണ്ടായിരുന്നെങ്കിൽ എന്താകുമായിരുന്നു എന്റെ ഭാവിയെന്നു പറയാനാവില്ല. കാരണം, അന്നത്തെ സമരം അക്രമാസക്തമായി. എന്റെ സുഹൃത്തുക്കളിലൊരാൾ ശത്രുവിനെ കുത്തിക്കൊന്നു. രങ്കസ്വാമി എന്നുപേരുള്ള എന്റെ ഒരു സ്നേഹിതനും വെട്ടേറ്റു. അദ്ദേഹം പോലീസ് കസ്റ്റഡിയിലായി. മറ്റുള്ളവർ ഓടി രക്ഷപ്പെട്ടു. രങ്കസ്വാമിക്കു വേണ്ടത്ര ചികിത്സ ലഭിച്ചില്ല. അദ്ദേഹം ഒരാഴ്ചയ്ക്കകം മരിച്ചു. വണ്ടൻമേട്ടിൽ, ലക്ഷം വീടുകോളനിക്കടുത്തുള്ള വഴിവക്കിൽ ഇന്നും അദ്ദേഹത്തിന്റെ രക്തസാക്ഷി മണ്ഡപം കാണാം. കുറ്റിക്കാടുകൾക്കിടയിൽ ആ ജഡം ഇന്നും അന്ത്യന്യായവിധി കാത്തു കഴിയുന്നു. മൂന്നു പ്രതികൾ ശേഷിച്ചു. അവർ ഒളിവിലായിരുന്നു. അവരിലൊരാൾ മഞ്ഞപ്പിത്തം ബാധിച്ചു മരിച്ചു. വഴിയോരത്ത് അദ്ദേഹത്തെയും അടക്കി. രക്തസാക്ഷി മണ്ഡപമില്ല. ഇന്ന് ആ മൺകൂനപോലുമില്ല. അയാളുടെ അമ്മയും മൂന്നു സഹോദരിമാരും മാത്രം വിലപിച്ചു. ആ പെൺകുട്ടികളെ വിവാഹംകഴിക്കാനാളുണ്ടായില്ല. അവർ വഴി പിഴച്ചു. അങ്ങനെ ആ കുടുംബം നശിച്ചു. മറ്റു രണ്ടു പ്രതികൾ പോലീസിനു കീഴടങ്ങി. ഒരാൾക്കു ശിക്ഷകിട്ടി. ഇന്ന് ഇരുവരും രാഷ്ട്രീയമൊന്നുമില്ലാതെ കഴിയുന്നു. എന്താണ് അവർ നേടിയത്? അറിഞ്ഞുകൂടാ.

"എന്തുനേടി അറിഞ്ഞീല-
ന്നിളംതലമുറ പക്ഷേ
എന്തു നഷ്ടപ്പെടാനുണ്ടെ-
ന്നറിഞ്ഞേ പറ്റൂ" എന്ന് ഇടശ്ശേരി പാടിയത് ഇവിടെ അന്വർത്ഥമാകുന്നു. അവർക്കു നഷ്ടമായത് നിത്യരക്ഷയാണ്. അവർ നേടിയതു നിത്യനാശവും. അവരിലൊരാളാകാമായിരുന്നു ഞാൻ.



അതിൽ നിന്ന് എന്നെ കാത്തു സൂക്ഷിച്ച എന്റെ കർത്താവിന്റെ സ്നേഹം എങ്ങനെയാണു വർണ്ണിക്കുക! എന്നേക്കാൾ നല്ലവർ, വിദ്യാസമ്പന്നർ, ഈശ്വരഭക്തർ-ഒക്കെ ആ ദേശത്തുണ്ടായിരുന്നിട്ടും എന്നെത്തേടിവന്ന ആ സ്നേഹം! ആടുകൾക്കുവേണ്ടി സ്വന്ത ജീവനെ കൊടുക്കുന്ന നല്ലയിടയനല്ലാതെ ആരും എന്നെ ഇത്രമാത്രം സ്നേഹിച്ചിട്ടില്ല. എനിക്ക് അഞ്ചു വയസ്സുള്ളപ്പോൾ എന്റെ പിതാവു മരിച്ചു. എന്റെ ഇളയ സഹോദരിയെയും സഹോദരനെയും എന്നെയും വളരെ കഷ്ടപ്പെട്ടാണ് എന്റെ അമ്മ വളർത്തിയത്. പക്ഷേ ലക്ഷ്യബോധമില്ലാത്ത ജീവിതമായിരുന്നു എന്റേത്. സമാധാനമില്ലാത്തവനായി ഞാൻ അലഞ്ഞുനടന്നു. എന്നാൽ ഞാൻ 1975-ൽ എന്റെ രക്ഷകനെ കണ്ടെത്തി. നിത്യരക്ഷയ്ക്കുള്ള വഴി ദൈവം എനിക്കു കാണിച്ചുതന്നു. അപ്പോൾ ഞാൻ അറച്ചുനിന്നില്ല. ലോകം എന്തു പറയുമെന്നു ചിന്തിച്ചില്ല. പുരാതനനായ ദൈവത്തിന്റെ ബലമുള്ള കരങ്ങളിൽ എന്നെത്തന്നെ സമർപ്പിച്ചു. അത് എന്റെ കുടുംബത്തിന്റെ രക്ഷയ്ക്കു കാരണമായി.

ക്ഷണിക്കപ്പെടാത്ത അതിഥിയായി മരണം കടന്നുവരുന്നതിനേക്കുറിച്ചു പറയുമ്പോഴെല്ലാം എന്റെ ഓർമ്മയിലെത്തുന്ന ഒരു സംഭവം പറയട്ടെ. ഞാൻ നാഗാലാന്റിൽ ഒരു സ്കൂളിന്റെ ഹെഡ്മാസ്റ്ററായി ജോലിനോക്കിയിരുന്ന കാലത്താണ് ഈ സംഭവമുണ്ടായത്. 1987-ഡിസംബർ മാസം, വർഷാവസാന പരീക്ഷ കഴിഞ്ഞ് റിസൾട്ട് കൊടുക്കുകയാണ്. 7-ാം ക്ലാസ്സിൽ ഒന്നാം സ്ഥാനം തങ്ബനി എന്ന പെൺകുട്ടി കരസ്ഥമാക്കിയിരുന്നു. റിസൾട്ടറിയാൻ കുട്ടികളെല്ലാം എത്തിയിട്ടുണ്ട്. "തങ്ബനി എഴുന്നേൽക്കൂ" ഞാൻ പറഞ്ഞു. ആരും എഴുന്നേറ്റില്ല. കുട്ടികളുടെ മുഖത്ത് ദുഃഖഭാവം. ഒടുവിൽ ഞാൻ സത്യം അറിഞ്ഞു. ആ കുട്ടി അന്നു രാവിലെ മരിച്ചു. ഒരു ചെറിയ പനിയുണ്ടായിരുന്നു. ആരും അത്ര കാര്യമാക്കിയില്ല. പക്ഷേ രോഗം പെട്ടെന്നു ഗുരുതരമായി. തങ്ബനി മരിച്ചു. അവളുടെ മാർക്ക് ഷീറ്റ് എന്റെ കൈയ്യിലിരിക്കുമ്പോൾ അവളുടെ ശവം ആശുപത്രിയിൽനിന്നു വീട്ടിലേയ്ക്കു കൊണ്ടുവരുകയായിരുന്നു. ജയത്തിനും തോല്വിക്കും പ്രാധാന്യമില്ലാത്ത ലോകത്തിലേക്ക് അവൾ പൊയ്പ്പോയിരുന്നു. ഭാവിയെപ്പറ്റി എന്തെല്ലാം മോഹന സ്വപ്നങ്ങൾ ആ കുട്ടിക്കുണ്ടായിരുന്നിരിക്കാം. വിടരും മുൻപേ ആ കുട്ടിയുടെ ജീവിതം കൊഴിയുമെന്ന് ആരും കരുതിയിരുന്നില്ല. ഈ ഭാഗം നിങ്ങൾ വായിക്കുമ്പോൾ അവൾ മണ്ണോടു

മണ്ണായിക്കഴിഞ്ഞു. അവളെ ആരെങ്കിലും ഇപ്പോൾ ഓർക്കുന്നുണ്ടാകുമോ? അറിഞ്ഞുകൂടാ.

ഇതുപോലുള്ള മറ്റൊരു സംഭവം പറയാം:

ഞാൻ നാഗാലാന്റിൽനിന്നും വാർഷികാവധിക്കു നാട്ടിൽ വരുമ്പോൾ എന്റെ പിതാവിന്റെ അനുജനെ സന്ദർശിക്കുക പതിവായിരുന്നു. ഇത്തരമൊരു സന്ദർശനത്തിനായി ഞാൻ ഒരിക്കൽ കടയനിക്കാട്ടുള്ള അദ്ദേഹത്തിന്റെ വീട്ടിലെത്തി. അതാ, അവിടെയൊരു ജനക്കൂട്ടം. അല്പം അകലെ ഒരു ചിത കത്തുന്നു. അത് എന്റെ ചിറ്റപ്പന്റെ ചിതയായിരുന്നു. തലേദിവസം വൈകിട്ട് കടയനിക്കാടു കവലയിലേക്ക് അദ്ദേഹം പോകവേ ഒരു വാഹനം ഇടിച്ച് ആ ജീവിതം അവസാനിച്ചു. ഒരു വീടുണ്ടാക്കുന്ന തിരക്കിലായിരുന്നു അദ്ദേഹം. പണി പകുതിയോളമായി. അതേപ്പറ്റി ചിന്തിച്ചുകൊണ്ടു നടന്നതിനാലാകാം വാഹനം വരുന്നതു ശ്രദ്ധയിൽപെടാതെ പോയത്. പണി പൂർത്തിയായിവരുന്ന ഭവനം അദ്ദേഹത്തിന്റെ ഭാവനയിൽ നിറഞ്ഞുനിന്നിരിക്കാം. അവിടെ ഭാര്യയോടും കുഞ്ഞുങ്ങളോടുമൊപ്പം ദീർഘകാലം വസിക്കുന്നതും സ്വപ്നം കണ്ടിരിക്കാം. പക്ഷേ ഒരു നിമിഷംകൊണ്ട് എല്ലാം തകർന്നു തരിപ്പണമായി. മനുഷ്യജീവിതം എത്ര ക്ഷണഭംഗുരമാണ്!

തൊണ്ണൂറ്റിയേഴു വയസ്സുവരെ ജീവിക്കുമെന്നു ജ്യോതിഷക്കാർ പറഞ്ഞത് അതേപടി വിശ്വസിച്ച എൻ.ടി.രാമറാവു തന്റെ രണ്ടാം ഭാര്യയെ തനിച്ചാക്കിക്കൊണ്ട്, തികച്ചും അപ്രതീക്ഷിതമായ സമയത്ത് കടന്നുപോയി. ആദ്യഭർത്താവിനെ ഉപേക്ഷിച്ച് രാമറാവുവിനോടൊപ്പം ഇറങ്ങിത്തിരിച്ച ലക്ഷ്മീപാർവ്വതിയുടെ അതിമോഹങ്ങളും വാടിക്കരിഞ്ഞു. അവരും ഒരുനാൾ മരിക്കും.

“രാജീവിനെ വിളിക്കൂ, ഇന്ത്യയെ രക്ഷിക്കൂ” എന്നതായിരുന്നു തൊണ്ണൂറുകളുടെ ആരംഭത്തിൽ മുഴങ്ങിക്കേട്ട മുദ്രാവാക്യം. പക്ഷേ ആ പൊതുതെരഞ്ഞെടുപ്പിന്റെ അന്ത്യം കാണാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ശ്രീലങ്കൻ തമിഴ്ജനതയുടെ ക്രോധാഗ്നിയിൽ രാജീവ് ഗാന്ധി കത്തിയമർന്നു. ഇന്ത്യയെ രക്ഷിക്കാൻ രാജീവിനു കഴിഞ്ഞില്ല. എങ്കിലും ഇന്ത്യ ഇന്നും നിലനിൽക്കുന്നു. ഇതൊക്കെ നമ്മുടെ കണ്ണിനു മുൻപിൽ നടന്നവയാണ്; പക്ഷേ നാം ഇന്നും മരണത്തെ ഗൗരവമായി എടുത്തിട്ടില്ല. വിചിത്രമെന്നേ പറയേണ്ടൂ.

ഒരു സയൻസ് എക്സിബിഷനിൽ ഞാൻ ഒരു അസ്ഥിപഞ്ജരം കണ്ടു. ആരോ ഒരാൾ, ചില വർഷങ്ങൾക്കു മുൻപ്, ആ



അസ്ഥിപഞ്ജരമടങ്ങുന്ന ശരീരവുമായി നടന്നിരുന്നു. സ്ത്രീയോ, പുരുഷനോ? അറിഞ്ഞുകൂടാ. എത്ര വയസ്സുവരെ ജീവിച്ചു? അതും അറിഞ്ഞുകൂടാ. ജീവിതത്തിൽ എന്തുനേടി? ആർക്കറിയാം. ആ വ്യക്തി രക്ഷിക്കപ്പെട്ടതായിരുന്നോ? അതും അറിഞ്ഞുകൂടാ. പക്ഷേ ഇപ്പോഴിതാ സകലർക്കും ഒരു കൗതുക കാഴ്ചയായി, വെറും അസ്ഥികൂടമായി, എക്സിബിഷൻ ഹാളിൽ നിൽക്കുന്നു. പഴയ ഒരു സിനിമാഗാനമാണ് ഓർമ്മയിലെത്തുന്നത്:

“തിലകം ചാർത്തി, ചീകിയുമഴകായ്
പലനാൾ പോറ്റിയ പുണ്യശിരസ്സേ,
ഉലകം വെല്ലാൻ ഉഴറിയ നീയോ
വിലപിടിയാത്തൊരു തലയോടായി”

ലോകത്തിന്റെ നിസ്സാരത്വത്തെ നോക്കി പരിഹസിച്ചു ചിരിക്കുന്ന ആ തലയോട്ടിയുടെ ചിരി ഞാൻ ഇന്നും ഓർമ്മിക്കുന്നു. പൊട്ടുതൊട്ട്, പൗഡറിട്ടു മിനുക്കി, ഭംഗിയായികൊണ്ടു നടന്ന ആ മുഖം ഇന്ന് എത്ര ഭയാനകമായിരിക്കുന്നു. “ഞാനാരാണെന്നറിയാമോ” എന്നു നെഞ്ചുവിരിച്ചുനിന്നു ചോദിച്ച ആ മനുഷ്യനിതാ കേവലം അസ്ഥികൂടമായി, കുട്ടികളുടെ കാഴ്ചവസ്തുവായി, കണ്ണാടിക്കൂടിനുള്ളിലിരിക്കുന്നു. അതു നമ്മുടെ അസ്ഥികൂടമാണെന്നു സങ്കല്പിച്ചുനോക്കൂ. ചിന്തിക്കുവാൻകൂടി ഭയം തോന്നുന്നുണ്ടാകാം.

ചില വർഷങ്ങൾക്കു മുൻപ് - അത് ഇരുപതോ അൻപതോ എൺപതോ ആകട്ടെ- നിങ്ങൾ ഈ ലോകത്തിലില്ലായിരുന്നു. പക്ഷേ ഈ ലോകം എത്രയോ കോടി വർഷം മുൻപു മുതൽ നിലനിന്നു വരുന്നു. ലോകത്തെ കിടുകിടെ വിറപ്പിച്ച എത്രയെത്ര മഹാരാജാക്കന്മാർ ഇവിടെയുണ്ടായിരുന്നു. അവരെല്ലാം ഇന്നെവിടെ? അന്നുണ്ടായിരുന്ന സാധാരണക്കാർ ആരൊക്കെയായിരുന്നു? അറിഞ്ഞുകൂടാ. ചില വർഷങ്ങൾക്കുശേഷം നിങ്ങൾ ഉണ്ടായിരില്ല. അന്നും ഈ ലോകമുണ്ടായിരിക്കും. പക്ഷേ നിങ്ങളെ ആരും ഓർക്കില്ല. ഇതെഴുതുന്ന റ്റി.എസ്.ബാലനും മരിക്കും. ഏതാനും വർഷം കഴിയുമ്പോൾ റ്റി.എസ്.ബാലൻ എന്ന പേരുപോലും ഓർക്കാൻ ആളുണ്ടാകില്ല. നാം എത്ര നിസ്സാരന്മാരാണ്! അനന്തനും അപ്രമേയനുമായ ദൈവത്തിന്റെ മുൻപിൽ നാം വെറും പൊടിയാകുന്നു, പൊടിയിലേക്കു തിരികെച്ചേരും. സഭാപ്രസംഗി പറയുന്നതു നോക്കൂ: (സഭാ. 12:1-8). “നിന്റെ യൗവ്വനകാലത്ത് നീ സ്രഷ്ടാവിനെ ഓർത്തുകൊൾക; ദുർദ്ദിവസങ്ങൾ വരികയും എനിക്കു ഇഷ്ട

മില്ല എന്നു നീ പറയുന്നകാലം സമീപിക്കയും സൂര്യനും വെളിച്ചവും ചന്ദ്രനും നക്ഷത്രങ്ങളും ഇരുണ്ടുപോകയും മഴ പെയ്ത ശേഷം മേഘങ്ങൾ മടങ്ങിവരികയും ചെയ്യുംമുമ്പു തന്നെ. അന്നു വീട്ടുകാവല്ക്കാർ വിറയ്ക്കും. ബലവാൻമാർ കുനിയും. അരയ്ക്കുന്നവർ ചുരുക്കമാകയാൽ അടങ്ങിയിരിക്കും; കിളിവാതിലിൽക്കൂടി നോക്കുന്നവർ അന്ധന്മാരാകും; തെരുവിലെ കതകുകൾ അടയും; അരയ്ക്കുന്ന ശബ്ദം മന്ദമാകും; പക്ഷികളുടെ ശബ്ദത്തിൽ പോലും ഉണർന്നുപോകും; പാട്ടുകാരത്തികൾ ഒക്കെയും തളരുകയും ചെയ്യും; അന്നു അവർ കയറ്റത്തെ പേടിക്കും; വഴിയിൽ ഭീതികൾ ഉള്ളതായി തോന്നും; ബദാംവൃക്ഷം പൂക്കും; തുള്ളൻ ഇഴഞ്ഞുനടക്കും; രോചനക്കുരു ഫലിക്കാതെ വരും; മനുഷ്യൻ തന്റെ ശാശ്വതഭവനത്തിലേക്ക് പോകും; വിലാപം കഴിക്കുന്നവർ വീഥിയിൽ ചുറ്റി സഞ്ചരിക്കും. അന്നു വെള്ളിച്ചരടു അറ്റുപോകും; പൊൻകിണ്ണം തകരും; ഉറവിങ്കലെ കുടം ഉടയും; കിണറ്റിങ്കലെ ചക്രം തകരും. പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്ക് ചേരും; ആത്മാവ് അതിനെ നല്കിയ ദൈവത്തിങ്കലേക്കു മടങ്ങിപ്പോകും. ഹാ മായ, സകലവും മായ അത്രേ എന്നു സഭാപ്രസംഗി പറയുന്നു." മനുഷ്യന്റെ വാർദ്ധക്യവും മരണവും സഭാപ്രസംഗി എത്ര മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു എന്നു നോക്കൂ.

"രണ്ടു കരച്ചിലുകൾക്കിടയിലുള്ള ഒരു നെടുവീർപ്പാണു ജീവിതം" എന്ന് ഒരു മഹാൻ ജീവിതത്തെ നിർവ്വചിച്ചു. നിത്യത എവിടെ ചെലവഴിക്കണമെന്നു തീരുമാനിക്കാനായി ദൈവം നമുക്കു തന്നിരിക്കുന്ന ഒരവസരമാണിത്. അതു ബുദ്ധിപൂർവ്വം വിനിയോഗിക്കുക. "നാളെ" എന്ന ദിവസം നമുക്കായി ഉണ്ടോ എന്നു നാം അറിയുന്നില്ല. വിവാഹം കഴിഞ്ഞ് ഭവനത്തിലേക്കു മടങ്ങുമ്പോൾ വാഹനാപകടത്തിൽപെട്ട് വധൂവരന്മാർ മരിച്ചവാർത്ത എന്റെ ഓർമ്മയിൽ വരുന്നു. ആരംഭിക്കും മുമ്പേ അവസാനിച്ചു ആ കുടുംബജീവിതം. ഗൾഫിൽ പോകാനായി പേപ്പറുകൾ ശരിയാക്കിക്കൊണ്ടു വരുംവഴിയിൽ പൊലിഞ്ഞ ജീവിതമുണ്ട്. വിവാഹിതയാകുവാൻ പോകുംവഴിയിൽ ഒടുങ്ങിപ്പോയ പെൺകുട്ടിയില്ലേ? ഓവർസ്പീഡിൽ പോയ ബസ്സിൽനിന്നും ഭയന്നിറങ്ങിയ വ്യക്തി സുഹൃത്തിന്റെ സ്കൂട്ടറിന്റെ പിന്നിലിരുന്നു യാത്ര തുടരുമ്പോൾ അതേ ബസ്സുമുട്ടി മരിച്ചില്ലേ? പറഞ്ഞുതീരാത്ത ദുരന്തകഥകൾ. ഇവരിലൊരാളാകാമായിരുന്നു നിങ്ങൾ. എങ്കിലും കരുണാമയനായ ദൈവം



ഇതുവരെ നമ്മെ കാത്തു. കൃപയാൽ; വെറും കൃപയാൽ. പക്ഷേ ആ ദൈവത്തെ നാം മറന്നുകളയുന്നു. ആ സ്നേഹം കണ്ടില്ലെന്നു നടിക്കുന്നു.

ഏതാനും വർഷം മുൻപ് എന്റെ വീടിനു സമീപത്തുണ്ടായ ഒരു സംഭവം എന്റെ ഓർമ്മയിൽ വരുന്നു. അന്നു മൂന്നാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന എന്റെ മകൾ അനിത, സ്കൂളിനു സമീപമുള്ള കുളത്തിനരികിൽ പശുവിനെ കുളിപ്പിച്ചുകൊണ്ടിരുന്ന ഒരാൾക്ക് ഒരു ലഘുലേഖ കൊടുത്തു. "കൊണ്ടുപോടീ" എന്നലറിക്കൊണ്ട് അയാൾ ആ ട്രാക്ട് തിരിച്ചുകൊടുത്തു. അന്നു രാത്രിയായിട്ടും അദ്ദേഹം വീട്ടിൽ തിരിച്ചെത്തിയില്ല. അന്വേഷണമായി. പിറ്റേ ദിവസം ആ കുളത്തിൽനിന്നും ശവം ലഭിച്ചു. നന്നായി നീന്താൻ അറിയാമായിരുന്ന ആ മനുഷ്യൻ എങ്ങനെ മുങ്ങിമരിച്ചു? അറിഞ്ഞുകൂടാ? മോഹാലസ്യമോ മറ്റോ ഉണ്ടായി വെള്ളത്തിൽ വീണതാകാം. പക്ഷേ, മരിക്കുന്നതിന് ഏതാനും നിമിഷങ്ങൾക്കു മുൻപ് അദ്ദേഹത്തിന് മാനസാന്തരപ്പെടുവാൻ ഒരവസരം ദൈവം കൊടുത്തു; ഒരു കുട്ടിയിലൂടെ. പക്ഷേ, അതും അദ്ദേഹം തള്ളിക്കളഞ്ഞു. ഉപശാന്തിയില്ലാത്ത പ്രശ്നമാണിത്. നടുക്കത്തോടെയല്ലാതെ ഈ സംഭവം എനിക്ക് ഓർമ്മിക്കുവാൻ കഴിയുന്നില്ല.

വീണ്ടും ഞാൻ ചോദിക്കട്ടെ; "നിങ്ങൾ രക്ഷിക്കപ്പെട്ട വ്യക്തിയാണോ?" 'അതെ' എന്നാണുത്തരമെങ്കിൽ ഒരു ചോദ്യംകൂടി: "നിങ്ങൾ ഇന്നും വിശ്വാസത്തിൽ നിലനിൽക്കുന്നുവോ?" 'ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല' എന്നാണു ദൈവവചനം പറയുന്നത് (റോമർ 8:1).

കാൽവറിയിലേക്കു നോക്കൂ. അവിടെ മൂന്നു കുരിശുകളുണ്ട്. രണ്ടുവശത്തും കള്ളന്മാർ. നടുവിൽ യേശു. കർത്താവായ യേശുക്രിസ്തുവിൽ പാപമില്ല; പക്ഷേ സകല മനുഷ്യവർഗ്ഗത്തിന്റെയും പാപം അവന്റെ തലമേലുണ്ട്. യേശു ലോകത്തിന്റെ പാപം ചുമന്നൊഴിച്ച ദൈവകുഞ്ഞാടാണ്. കള്ളന്മാരിൽ ഒരുവൻ മാനസാന്തരപ്പെട്ടു. അവനിൽ പാപമുണ്ട്; എങ്കിലും അവന്റെമേൽ പാപമില്ല. അവന്റെ പാപം യേശുവിന്റെ മേലായി. മാനസാന്തരപ്പെടാത്ത കള്ളന്റെ ഉള്ളിൽ പാപമുണ്ട്. അവന്റെ പാപം അവന്റെമേൽ തന്നെ ഇരിക്കുന്നു. അതിന്റെ ശിക്ഷ അവൻ തന്നെ അനുഭവിക്കും.

നിങ്ങൾ ഇതിൽ ഏതു ഗ്രൂപ്പിൽ വരുന്നു? നിങ്ങളുടെ പാപങ്ങൾ ഇന്നും നിങ്ങളുടെമേൽതന്നെ ഇരിക്കുന്നെങ്കിൽ നിങ്ങൾ

അതിന്റെ ശിക്ഷ അനുഭവിച്ചേ മതിയാകൂ. വിശ്വാസത്താൽ അത് യേശുവിന്റെമേൽ ചുമത്തൂ, നിങ്ങൾ ശിക്ഷാവിധിയിൽനിന്നും രക്ഷപ്പെടും. തീരുമാനിക്കേണ്ടതു നിങ്ങൾ തന്നെയാണ്. സ്വർഗ്ഗം, നരകം, പാതാളം, മരണാനന്തര ജീവിതം തുടങ്ങിയവയെക്കുറിച്ചെല്ലാം ഇത്ര വിശദമായി അറിഞ്ഞതിനുശേഷവും നിങ്ങൾ മാനസാന്തരപ്പെടാൻ മടിക്കുന്നെങ്കിൽ നിങ്ങളുടെ നാശത്തിനു നിങ്ങൾതന്നെ ഉത്തരവാദിയായിരിക്കും.

രക്ഷിക്കപ്പെടാത്തവരെല്ലാം അന്ത്യന്യായവിധി ദിവസം വെള്ള സിംഹാസനത്തിനു മുൻപിൽ വന്നുനില്ക്കും. അന്നു ദൈവവചനമായ ബൈബിൾ തുറക്കും. ഓർമ്മയുടെ പുസ്തകവും ജീവന്റെ പുസ്തകവും തുറക്കും. രക്ഷിക്കപ്പെടാത്തവരുടെ പേരുകൾ ജീവന്റെ പുസ്തകത്തിലുണ്ടാകയില്ല. ഓരോ വ്യക്തിയും ചെയ്ത പാപങ്ങളുടെ പട്ടിക - കുറ്റപത്രം - അവിടെ വെളിപ്പെടും. അവയൊക്കെ ഏതുവിധത്തിലാണു പാപമായതെന്ന് ദൈവവചനത്തിലെ വ്യവസ്ഥകൾ ചൂണ്ടിക്കാട്ടി തെളിയിക്കും. ആവശ്യമായ സാക്ഷികൾ ഉണ്ടാകും. ആർക്കും ഒന്നും ഒളിക്കാനാവാത്ത ഒരു കോടതിയാണു വെള്ളസിംഹാസനത്തിന്റെ മുമ്പിലെ കോടതി. അവിടെ സകല രഹസ്യങ്ങളും വെളിപ്പെടും. ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കനുസരിച്ചുള്ള ശിക്ഷാവിധിയുണ്ടാകും.

രക്ഷിക്കപ്പെട്ടവർ ഇവിടെ വിധിക്കപ്പെടുന്നില്ല. രക്ഷിക്കപ്പെട്ടവർക്കു ശിക്ഷാവിധിയില്ല എന്നതുതന്നെ കാരണം (റോമർ 8:1). രക്ഷിക്കപ്പെട്ടവരേയും രക്ഷിക്കപ്പെടാത്തവരേയും ഒരേ സ്ഥലത്തു വച്ചു വിധിക്കുന്ന ആശയം തന്നെ ബൈബിളിലില്ല. ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതു പോലെ യേശു മനുഷ്യരെ വേർതിരിക്കുന്ന സംഭവം യോവേൽ 3-ാം അദ്ധ്യായവുമായി ചേർത്തു പഠിക്കണമെന്നു നാം കണ്ടുകഴിഞ്ഞല്ലോ. രക്ഷിക്കപ്പെട്ടവർക്കു തങ്ങൾ ചെയ്ത പ്രവൃത്തിക്കനുസരിച്ചു പ്രതിഫലം പ്രാപിക്കുക മാത്രമേ ചെയ്യേണ്ടതുള്ളു.

പാതാളത്തിലെ യാതനാ സ്ഥലത്തു കിടക്കുന്ന പാപികളും ഭൂമിയിൽ ജീവനോടെയിരിക്കുന്ന പാപികളും വെള്ളസിംഹാസനത്തിനു മുൻപിൽ ദേഹം, ദേഹി, ആത്മാവ് എന്നിവയുള്ളവരായി വന്നു നില്ക്കും. ശിക്ഷാവിധി ലഭിച്ചു കഴിഞ്ഞാൽ ഇക്കൂട്ടർ തീയും ഗന്ധകവും കത്തുന്ന പൊയ്കയിലേക്കു തള്ളപ്പെടും. ഈ തീപ്പൊയ്കയാണു സാക്ഷാൽ നരകം. പാതാളത്തിലെ യാതനാസ്ഥലം



താൽക്കാലിക നരകം മാത്രമാണ്. പക്ഷേ ഈ താത്ക്കാലിക യാതനാസ്ഥലത്തെ സ്ഥിതിതന്നെ ഭീകരമാണെങ്കിൽ തീയും ഗന്ധകവും കത്തുന്ന പൊയ്കയെന്ന യഥാർത്ഥ നരകത്തിലെ സ്ഥിതി എത്ര ഭയാനകമായിരിക്കും എന്ന് ഊഹിക്കാവുന്നതാണ്.

പാതാളത്തിലായിരിക്കുന്ന ധനവാൻ ദാഹംകൊണ്ടു വലഞ്ഞെങ്കിൽ സാക്ഷാൽ നരകത്തിലെ അവസ്ഥ അതിലും കഠിനമായിരിക്കും. മരിക്കുന്നതോടെ നമ്മുടെ ഓർമ്മ അതിശക്തമാകുമെന്നു നാം കണ്ടുകഴിഞ്ഞല്ലോ. അബ്രഹാം ധനവാനോട് ഓർമ്മിക്കുവാൻ പറയുന്നതും ശ്രദ്ധിക്കുക. ഈ ലോകത്തിലായിരിക്കുമ്പോൾ ചെയ്തതെല്ലാം നരകത്തിലായിരിക്കുമ്പോൾ ഓർമ്മിക്കും. കഴിഞ്ഞുപോയ നല്ലകാലം; ഭാര്യയും കുട്ടികളുമായി സന്തോഷത്തോടെ കഴിഞ്ഞിരുന്ന ആ കാലത്ത് മരണത്തെക്കുറിച്ചോർത്തില്ല. ദൈവത്തെക്കുറിച്ചോർത്തില്ല. മാനസാന്തരപ്പെടുവാൻ ദൈവംകൊടുത്ത നൂറുനൂറു സന്ദർഭങ്ങൾ അവഗണിച്ചു. ദൈവം ചെയ്ത ഉപകാരങ്ങൾ മറന്നു ജീവിച്ചു. ഒരിക്കലും അവസാനിക്കാത്തതാണു ജീവിതമെന്നു ചിന്തിച്ചിരുന്നു. എന്നാൽ, തികച്ചും അപ്രതീക്ഷിതമായ സമയത്ത് മരണത്തിന്റെ തണുത്ത കരം സ്പർശിച്ചു. ശരീരംവിട്ടു താൻ പുറത്തായി. ഇരുണ്ട താഴ്വരയിലൂടെ സഞ്ചരിച്ചു യാതനാസ്ഥലത്തെത്തി. വളരെക്കാലം യാതനയനുഭവിച്ചശേഷം വീണ്ടുമിതാ ഏറെ കഠിനമായ നിത്യനരകത്തിൽ എത്തിയിരിക്കുന്നു. ഇനി ഇവിടെ നിന്നും മോചനമില്ല. നടുക്കുന്ന ഓർമ്മകൾ; പ്രത്യാശയ്ക്കു വകയില്ലാത്ത അവസ്ഥ. ഇതാണു നരകത്തിലുള്ളവരുടെ സ്ഥിതി.

നിങ്ങൾ നിത്യനരകത്തിലെത്തുന്നതു നിങ്ങളുടെമാത്രം കുറ്റംകൊണ്ടാണ്. നിങ്ങളുടെ പാപം എത്ര വലിയതാണെങ്കിലും അതു തികച്ചും സൗജന്യമായി ക്ഷമിക്കുവാൻ പിതാവായ ദൈവം തയ്യാറായിരുന്നു. പക്ഷേ പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാനും യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കാനും നിങ്ങൾക്കു മനസ്സായില്ല. ഈ ലോകം തരുന്ന താത്ക്കാലിക സുഖഭോഗങ്ങളിലായിരുന്നു നിങ്ങളുടെ കണ്ണ്. പാപം ചെയ്യുന്നതിൽ നിങ്ങൾ ആനന്ദം കണ്ടെത്തി. സ്വർഗ്ഗവും നരകവും മറ്റും കെട്ടുകഥകളാണെന്നു പറഞ്ഞുനടന്നു. ബന്ധുമിത്രാദികളുടെ മുൻപിൽ കേമനാകാൻ ശ്രമിച്ചു. ഈ ലോകം തരുന്ന മാന്യതയായിരുന്നു നിങ്ങൾക്കു വേണ്ടിയിരുന്നത്. ക്ഷണഭംഗുരമായ ആ മാന്യതയുടെ കുമിളയ്ക്കുള്ളിൽ നിങ്ങൾ സന്തോഷം കണ്ടെത്തി.

ലോകമാകുന്ന ഈ മരുഭൂമിയിൽ നിങ്ങൾ മരീചികയുടെ പിന്നാലെ അലഞ്ഞുനടന്നപ്പോൾ നിങ്ങളുടെ ഹൃദയത്തിന്റെ കവാടത്തിൽ യേശു നിരന്തരം മുട്ടിക്കൊണ്ടിരുന്നു. പക്ഷേ ആ മൃദുസ്വരം ശ്രദ്ധിക്കുവാൻ നിങ്ങൾക്കു മനസ്സുണ്ടായില്ല. കുടംബ ബന്ധങ്ങൾ നിങ്ങൾക്കു വലുതായിത്തോന്നി. യേശുവിന്റെ പിന്നാലെ ഇറങ്ങുന്നതു ലജ്ജാകരമായിത്തോന്നി. നമ്മെ നിത്യനരകത്തിൽ നിന്നും രക്ഷിക്കാനായി കാൽവറിമലയിലെ പാതയോരത്ത് സ്വയം ബലിയായിത്തീർന്ന യേശുവിനെ ഓർക്കാൻ സമയമില്ലാതെപോയി. നോക്കുന്നവരൊക്കെ മുഖം തിരിക്കത്തക്കവിധം വിരൂപനായി ആ വഴിയോരത്തു ക്രൂശിൽ കിടക്കുവാൻ യേശുവിനു ലജ്ജതോന്നിയില്ല. പക്ഷേ ഈ കർത്താവിന്റെ പിന്നാലെ ഇറങ്ങുവാൻ നമുക്കു ലജ്ജതോന്നുന്നു. യേശുവിന്റെ പിന്നാലെ ഇറങ്ങിയാൽ വീട്ടുകാർ തള്ളിക്കളയില്ലേ? നാട്ടുകാർ പരിഹസിക്കില്ലേ? ഇതൊക്കെയാണ് നമ്മുടെ ചിന്ത. ഈ ബന്ധുക്കൾക്കോ നാട്ടുകാർക്കോ നിങ്ങളെ നിത്യനാശത്തിനിന്നു വിടുവിക്കാൻ കഴിയുന്നതല്ല.

മാന്യതയെന്നു നാം കരുതുന്നതെല്ലാം വെറും മായയാണ്. വിലയേറിയതെന്നു നാം കരുതുന്നവയ്ക്ക് അത്ര വിലയൊന്നുമില്ല. നിങ്ങളെ നിത്യനരകത്തിൽ നിന്നു വീണ്ടെടുക്കാനുള്ള മൂല്യം ഇവയ്ക്കൊന്നുമില്ല. സ്നേഹംകൊണ്ടു നിങ്ങളെ വീർപ്പുമുട്ടിക്കുന്നവർ നിങ്ങളെ വെറുക്കാനും മറക്കാനും ഏറെ സമയം വേണ്ടിവരില്ല. ഇപ്പോൾ അവർക്കു നിങ്ങളേക്കൊണ്ടു പ്രയോജനമുണ്ട്. അതുകൊണ്ട് അവർ നിങ്ങളെ സ്നേഹിക്കുന്നു. പക്ഷേ നാളെ നിങ്ങൾ അവർക്കു ഭാരമായാൽ സ്നേഹം ഇല്ലാതാകും. ശാശ്വതമായ സ്നേഹം ദൈവത്തിന്റെ സ്നേഹം മാത്രമാണ്. നമ്മെ നേടാനായി സ്വന്തം ജീവൻപോലും നൽകിയ യേശുവിന്റെ സ്നേഹത്തിനു തുല്യം മറ്റൊന്നില്ല. ആ സ്നേഹം തള്ളിക്കളയരുതേ.

നമ്മുടെ നിത്യത എവിടെയായിരിക്കണം? സ്നേഹസ്വരൂപനായ കർത്താവിനോടൊപ്പം എന്നെന്നും ജീവിക്കണോ? അതോ കർത്താവിൽ നിന്നു നിത്യമായി വേർപിരിഞ്ഞ് നരകത്തിൽ കഴിയണമോ? സ്വയം തിരഞ്ഞെടുക്കുക. നിത്യസന്തോഷമോ നിത്യനരകമോ, ഏതുവേണമെന്നു തീരുമാനിച്ചുകൊള്ളുക. "ഞാൻ ഇതൊന്നും അറിഞ്ഞിരുന്നില്ല കർത്താവേ" എന്ന് ഇനി പറയുവാനാവില്ല. രക്ഷിക്കപ്പെടുവാൻ ആവശ്യമായതെല്ലാം ഈ ഗ്രന്ഥത്തിലൂടെ നിങ്ങൾ അറിഞ്ഞുകഴിഞ്ഞു. നിത്യരക്ഷ തികച്ചും സൗജന്യമായി തരുവാൻ സ്നേഹസ്വരൂപനായ ദൈവം കാത്തുനിൽക്കുന്നു. യേശുവിനായി ഹൃദയം തുറന്നുകൊടുക്കുമോ? നമുക്കു നഷ്ടപ്പെടുവാൻ ഏറെയൊന്നുമില്ല; കിട്ടുവാനുള്ളതു നിത്യരക്ഷയാണ്. ഇപ്പോഴാണ് അതു പ്രാപിക്കുവാനുള്ള സമയം. ഇപ്പോൾത്തന്നെ ഹൃദയം യേശുവിനായി തുറന്നുകൊടുക്കുക. നിത്യരക്ഷപ്രാപിക്കുക.



ഈ പുസ്തകം വായിച്ചവരിൽ ആരെങ്കിലും നിത്യനാശത്തിലേക്കു പോകുവാൻ ഇടയായാൽ അവരുടെ നാശത്തിന് അവർ തന്നെ ഉത്തരവാദികൾ. കാരണം, നിത്യരക്ഷ പ്രാപിക്കാനുള്ള മാർഗ്ഗം തികച്ചും ലളിതമായ ഭാഷയിൽ ഞാൻ പറഞ്ഞുകഴിഞ്ഞു. നിത്യജീവൻ പ്രാപിക്കുവാൻ ഇതിലധികമായി ഒന്നും അറിയേണ്ടതില്ല. പക്ഷേ സത്യം അറിഞ്ഞശേഷം നിങ്ങൾ പാപത്തെ സ്നേഹിക്കുകയാണെങ്കിൽ, യേശുവിനെ തള്ളിക്കളയുകയാണെങ്കിൽ, നിത്യനാശത്തിൽനിന്നു രക്ഷപ്പെടാനാവില്ല. ഇത്രവലിയ രക്ഷയെ ഗണ്യമാക്കാതെപോയാൽ എങ്ങനെ തെറ്റിയൊഴിയും?

ഈ ഗ്രന്ഥം നിങ്ങൾക്ക് എത്രത്തോളം പ്രയോജനപ്പെട്ടു എന്നറിയാൻ എനിക്ക് ആഗ്രഹമുണ്ട്. ദയവായി അടുത്ത പേജിൽ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക. **Phone: 0484-3232356. Mob: 09447414608**

# ദൈവവചനമായ ബൈബിൾ ആഴത്തിൽ പഠിക്കുവാൻ ആഗ്രഹമുണ്ടോ?

### എങ്കിൽ ഈ സി.ഡികൾ നിങ്ങൾക്കു പ്രയോജനം ചെയ്യും

## 1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ

**വിഷയങ്ങൾ**: 1. അടിസ്ഥാന വേദോപദേശങ്ങൾ. 2. കൾട്ടുകൾ 3. ആത്മലോകം. 4. ദുരുപദേശങ്ങൾ. 5. ലോക മതങ്ങൾ 6. വ്യാഖ്യാനശാസ്ത്രം. 7. ഭാവികാലശാസ്ത്രം. 8, 9, 10. സംശയങ്ങൾക്കുള്ള മറുപടികൾ.

**എം.പി.3 ഫോർമാറ്റിലുള്ള 10 സി.ഡികൾ. 100 ക്ലാസ്സുകൾ.**

**ആകെ സമയം: 100 മണിക്കൂർ. വില: 900/–രൂപ**

## 2. പുതിയനിയമത്തിൽനിന്നു 100 പ്രസംഗങ്ങൾ

**എം.പി.3 ഫോർമാറ്റിലുള്ള 10 സി.ഡികൾ. 100 പ്രസംഗങ്ങൾ.**

**ആകെ സമയം: 100 മണിക്കൂർ. വില: 900/– രൂപ**

**രണ്ടു സി.ഡികളും ഒന്നിച്ചു ലഭിക്കുവാൻ 1800/– രൂപ.**
**(ഇന്ത്യയിൽ പോസ്റ്റേജ് സൗജന്യം)**
**വിദേശത്തുള്ളവർ 100 ഡോളർ അയയ്ക്കുക.**

ചെക്ക്/ഡി.ഡി തുടങ്ങിയവ റ്റി.എസ്.ബാലൻ എന്ന പേരിൽ മാത്രം എടുത്ത് താഴെ കാണുന്ന വിലാസത്തിൽ (പണം അയയ്ക്കുന്ന ആളുടെ ഫോൺ നമ്പർ സഹിതം) അയയ്ക്കുക.

വിലാസം:
**T.S.Balan, Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam. Pin. 683542.**
**Phone: 0484-3232356. Mob: 09447414608**
**Email: tsbalan@yahoo.com. Website: www.tsbalan.com**
**To make payments by PayPal: tsbalan@yahoo.com**

**ഈ പ്രസംഗങ്ങളും മറ്റു സുവിശേഷകരുടെ പ്രസംഗങ്ങളും ആത്മീയ ഗാനങ്ങളും സൗജന്യമായി ശ്രവിക്കുവാൻ**

**www.thebibleradio.com**